# നിയമപാഠം

( സ്കൂൾ വിദ്യാർത്ഥികൾക്ക് )

കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ)
നിയമ സഹായഭവൻ, ഹൈക്കോടതി കോമ്പൗണ്ട്,
എറണാകുളം – 682 031 Tele/Fax : 0484 - 2396717

കേരള സംസ്ഥാന നിയമ സേവന അതോറിറ്റി

# നിയമപാഠം

## സ്ക്കൂൾ വിദ്യാർത്ഥികൾക്ക്

ഒരു കെൽസ സംരംഭം

For circulation in the Legal Literacy Classes
conducted by Kerala State Legal Services Authority

| | | |
|---|---|---|
| Title | : | **Niyamapadam School Vidyardhikalkku (Malayalam)** |
| Copyright | : | ©Reserved |
| Thirteenth Edition | : | July, 2018 |
| Copies | : | 3,40,000 |
| Layout & Printed at | : | KBPS, Kakkanad, Kochi-30 |
| Published by | : | KERALA STATE LEGAL SERVICES AUTHORITY (KeLSA), Niyama Sahaya Bhavan, High Court Compound, Kochi - 682 031. |

# ആമുഖം

ഭാരതം ഒരു മതേതര ജനാധിപത്യ രാഷ്ട്രമാണ്. ഏതൊരു ജനാധിപത്യ രാഷ്ട്രത്തിന്റെയും ഏറ്റവും വലിയ സമ്പത്ത് തികഞ്ഞ രാജ്യസ്നേഹവും സാമൂഹ്യ പ്രതിബദ്ധതയും ഉള്ള നല്ല പൗരന്മാരാണ്. അങ്ങനെയുള്ള ഒരു പൗരാവലിയെ വാർത്തെടുക്കുവാൻ സാധിച്ചാൽ ഏതൊരു സമൂഹത്തിന്റെയും ഭാവി ശോഭനമായിരിക്കും.

സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ രാജ്യം ഏഴു ദശകങ്ങൾ പിന്നിട്ടു കഴിഞ്ഞു. എന്നാൽ നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന വ്യവസ്ഥിതിയും ഉറപ്പുതരുന്ന സുരക്ഷയും അവകാശങ്ങളും വലിയ ഒരു വിഭാഗം ഭാരതീയർക്ക് ഇന്നും മിഥ്യയായാണ് നിലകൊള്ളുന്നത്. ഇവരിൽ ഭൂരിഭാഗവും സമൂഹത്തിന്റെ താഴേ തട്ടിലുള്ള, എല്ലാവരാലും അവഗണിക്കപ്പെടുന്ന വിഭാഗങ്ങളാണ്. ഭരണഘടന ഉറപ്പ് തരുന്ന അവകാശങ്ങളും സുരക്ഷയും ഓരോ ഭാരതീയനും ലഭ്യമായാൽ മാത്രമേ നമ്മുടെ ഭരണഘടനയുടെ അന്തഃസത്ത പ്രാവർത്തിക തലത്തിൽ ഫലവത്താകുകയുള്ളൂ. ഇതിന് ഓരോ പൗരനും ഭരണഘടന ഉറപ്പുതരുന്ന സുരക്ഷയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും പൂർണ്ണബോധം ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

അവകാശങ്ങളെക്കുറിച്ചുള്ള ധാരണ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവകാശ ലംഘനങ്ങളെ ചെറുക്കുന്നതിനും സഹായകമായിരിക്കും. പക്ഷെ ബോധവല്ക്കരണം മുതിർന്നവരിൽ മാത്രം ഒതുങ്ങിയാൽ പോരാ വരുംതലമുറയെ ബോധവല്ക്കരിക്കേണ്ടത് ഏറെ പ്രാധാന്യം അർഹിക്കുന്ന ഒരു ആവശ്യമാണ്. നല്ല ചുമതലാ ബോധമുള്ള കർത്തവ്യനിരതരായ ഒരു പുതുതലമുറയെ സൃഷ്ടിക്കുന്നതിന് അവരെ ചെറുപ്പം മുതൽക്കേ ബോധവല്ക്കരിച്ചേ മതിയാകൂ. ഈ ഒരു ബോധ്യമാണ് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ്സസ് അതോറിറ്റിയെ വിദ്യാർത്ഥികളിലേക്ക് നിയമ പരിജ്ഞാനം എത്തിക്കുക എന്ന ദൗത്യം ഏറ്റെടുക്കുവാൻ പ്രേരിപ്പിച്ചത്. ഈ ഉദ്ദേശ്യത്തോടെയാണ് 'നിയമപാഠം' എന്ന ചെറിയ പുസ്തകത്തിന് രൂപം നൽകിയിട്ടുള്ളത്.

ഒരു സാധാരണ പൗരൻ അറിഞ്ഞിരിക്കേണ്ട നിയമങ്ങളെക്കുറിച്ചും നമ്മുടെ ഭരണഘടനയെക്കുറിച്ചും വളരെ ലളിതമായ ഭാഷയിൽ ഏതൊരു വായനക്കാരനും എളുപ്പം മനസ്സിലാകും വിധമുള്ള ഒരു വിവരണമാണ് ഈ പുസ്തകത്തിൽ ഉള്ളത്. സ്കൂൾ കുട്ടികൾക്ക് നിയമ പഠനത്തിനുള്ള ഒരു പാഠാവലിയായിട്ടാണ് ഇതിനെ രൂപകല്പന ചെയ്തിട്ടുള്ളത്. കഴിഞ്ഞ കുറേ വർഷങ്ങളായി ഈ പുസ്തകം സ്കൂൾ കുട്ടികൾക്ക് നിയമബോധന ക്ലാസ്സുകൾ നടത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വരും കാലങ്ങളിലും ഈ പുസ്തകം അതിന്റെ ഉദ്ദേശ്യലക്ഷ്യം നിറവേറ്റട്ടെ എന്ന് പ്രത്യാശിക്കുന്നു.

തികഞ്ഞ ദിശാബോധവും രാജ്യസ്നേഹവും തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി നിലകൊള്ളുവാനും കർത്തവ്യനിരതരായി

പൊതുജന നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും അനീതിയെ ചെറുക്കുവാൻ കരുത്തുള്ളവരുമായ ഒരു പുതിയ തലമുറയെ സൃഷ്ടിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ 'നിയമപാഠം' എന്ന പുസ്തകത്തിന്റെ ഈ പുതിയ പതിപ്പ് ഞങ്ങൾ വിനയപുരസരം സമർപ്പിക്കുന്നു. ഈ പ്രസിദ്ധീകരണം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച എല്ലാവരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

**ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ**
എക്സിക്യൂട്ടീവ് ചെയർമാൻ
കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി

# ഉള്ളടക്കം

## ഭാഗം ഒന്ന്
## നമ്മുടെ ഇന്ത്യ


പാഠം 1. ഇന്ത്യയിലെ ജനങ്ങളായ നാം 10
പാഠം 2 അവകാശങ്ങളും കടമകളും 12
പാഠം 3 ജനാധിപത്യവും അധികാര വിഭജനവും 20
പാഠം 4 രാജ്യഭരണം 24
പാഠം 5 തിരഞ്ഞെടുപ്പും ജനങ്ങളും 28
പാഠം 6 കോടതികൾ 30
പാഠം 7 സർക്കാർ സർവീസ് 38
പാഠം 8 അധികാരം ജനങ്ങളിലേക്ക് 40
പാഠം 9 മനുഷ്യാവകാശങ്ങൾ 47


## ഭാഗം രണ്ട്
## എത്രയെത്ര നിയമങ്ങൾ!


പാഠം 10 നിയമങ്ങളിലേക്ക് ഒരു എത്തിനോട്ടം 52
പാഠം 11 കുറ്റവും ശിക്ഷയും 55
പാഠം 12 നിയമവും പ്രകൃതിസംരക്ഷണവും 68
പാഠം 13 ഉപഭോക്താവും നിയമവും 74
പാഠം 14 മോട്ടോർ വാഹന നിയമങ്ങൾ 77
പാഠം 15 റാഗിംങ്ങ് നിരോധന നിയമം 81
പാഠം 16 വിവരസാങ്കേതിക നിയമം 83
പാഠം 17 പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്ന നിയമം 88
പാഠം 18 പൊതുസ്ഥലങ്ങളിലെ പുകവലി ശിക്ഷാർഹമാണ് 90
പാഠം 19 മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ജീവനാംശത്തിനും ക്ഷേമത്തിനുമായുള്ള നിയമം 2007 93
പാഠം 20 നിയമവും സാമൂഹ്യപരിഷ്ക്കരണവും 96
പാഠം 21 ബാലനീതി നിയമം 100
പാഠം 22 തർക്കങ്ങൾ പറഞ്ഞു തീർക്കൽ 102
പാഠം 23 വിനോദയാത്രയ്ക്ക് ഒരുങ്ങുമ്പോൾ 108
പാഠം 24 ലൈംഗീകാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം 2012 111
പാഠം 25 സേവനാവകാശനിയമം 115
പാഠം 26 ക്രിമിനൽ നിയമ ഭേദഗതികൾ 118
പാഠം 27 വിവരാവകാശ നിയമം 128
പാഠം 28 മയക്കുമരുന്നിനും ലഹരിവസ്തുക്കൾക്കുമെതിരെയുള്ള നിയമം 131
പാഠം 29 നാഷണൽ ട്രസ്റ്റ് ആക്ട് 132

# പ്രതിജ്ഞ

## “ജനങ്ങൾക്കുവേണ്ടി രാഷ്ട്രം<br>രാഷ്ട്രത്തിനുവേണ്ടി ജനങ്ങൾ”

ഞാൻ എന്റെ രാഷ്ട്രത്തെ സ്നേഹിക്കുന്നു. രാഷ്ട്രത്തിന്റെ ഭരണഘടനയെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും പഠിക്കാൻ ഞാൻ ശ്രമിക്കും. ഭരണഘടനയുടെ മഹത്തായ ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കാൻ ഞാൻ യത്നിക്കും. രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ ഞാൻ എന്റേതായ പങ്കുവഹിക്കും. ജാതിയുടെയോ മതത്തിന്റെയോ ഭാഷയുടെയോ പ്രദേശത്തിന്റെയോ പേരിൽ ഞാൻ ഒരു ഇന്ത്യക്കാരനോടും അകൽച്ച കാണിക്കുകയില്ല. ഒരു മഹത്തായ പൈതൃകത്തിന്റെ ഉടമകളാണ് നാം എന്ന് ഞാൻ മനസ്സിലാക്കുന്നു. അതുപോലെ ഒരു മഹത്തായ ജനാധിപത്യത്തിന്റെ സൂക്ഷിപ്പുകാരുമാണ് നാമെന്ന് ഞാൻ മനസ്സിലാക്കുന്നു.

ജനങ്ങൾക്കുവേണ്ടി രാഷ്ട്രം;<br>രാഷ്ട്രത്തിനുവേണ്ടി ജനങ്ങൾ.

## ഭാഗം ഒന്ന്

# നമ്മുടെ ഇന്ത്യ

## പാഠം - 1

# ഇന്ത്യയിലെ ജനങ്ങളായ നാം

"ഇന്ത്യയിലെ ജനങ്ങളായ നാം"ഈ വാചകത്തോടെയാണ് നമ്മുടെ ഭരണഘടന തുടങ്ങുന്നത്.

ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കായി കെട്ടിപ്പടുക്കുകയും എല്ലാ പൗരന്മാർക്കും സമത്വവും നീതിയും സ്വാതന്ത്ര്യവും ലഭ്യമാക്കുകയും സാഹോദര്യം വളർത്തുകയുമാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് ഭരണഘടനയുടെ ആമുഖത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

ആമുഖത്തിൽ പ്രഖ്യാപിക്കപ്പെട്ട ലക്ഷ്യത്തിലേക്ക് ഇന്ത്യയെ നയിക്കാനുള്ള കടമ ആർക്കാണ്? ഇന്ത്യയിലെ ജനങ്ങളായ നമുക്കുതന്നെ. ഭരണഘടനയിലെ കെട്ടും മട്ടും ഉള്ളടക്കവും നമ്മുടെ കടമകൾ വ്യക്തമാക്കുന്നുമുണ്ട്.

ഭരണഘടനയുടെ ഒന്നാംഭാഗത്തിൽ ഇന്ത്യയിൽ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുമെന്ന് വിവരിച്ചിരിക്കുന്നു. രണ്ടാംഭാഗം നമ്മുടെ പൗരത്വത്തിന്റെ അടിസ്ഥാനങ്ങൾ എന്തൊക്കെയാണെന്ന് പറയുന്നു. മൂന്നാംഭാഗത്തിൽ നമ്മുടെ മൗലികാവകാശങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. നാലാം ഭാഗത്തിൽ നിർദ്ദേശകതത്വങ്ങളും ഭാഗം 4 എയിൽ മൗലിക ചുമതലകളും എന്തൊക്കെയെന്ന് പറഞ്ഞിരിക്കുന്നു. അതുകഴിഞ്ഞാൽ, നമ്മുടെ ഭരണസംവിധാനത്തിന്റെ ഘടനയാണ്. യൂണിയൻ, സ്റ്റേറ്റുകൾ, പഞ്ചായത്ത് മുനിസിപ്പാലിറ്റികൾ എന്നിങ്ങനെ മൂന്ന് തട്ടുകളുള്ളതാണ് ഇന്ത്യൻ ഭരണസംവിധാനം.

നിർമ്മാണസമിതി ഭരണഘടന പാസാക്കിയത് 1949 നവംബർ 26ാം തീയതിയായിരുന്നു. ആ ചരിത്രമുഹൂർത്തത്തിൽ ഭരണഘടനയുടെ പ്രധാന ശിൽപ്പിയായിരുന്ന ഡോ. അംബേദ്കർ ഇങ്ങനെ പറയുകയുണ്ടായി. "ഇന്നലെവരെ ഇന്ത്യയുടെ കുറ്റങ്ങൾക്കും കുറവുകൾക്കും നമുക്കു പഴി പറയാൻ ബ്രിട്ടീഷുകാരുണ്ടായിരുന്നു. ഇന്നുമുതൽ അതിന് പ്രസക്തിയില്ലാതെയായിരിക്കുന്നു. ഇനിയങ്ങോട്ട് നമ്മുടെ കുറ്റങ്ങൾക്കും കുറവുകൾക്കും നാം നമ്മെത്തന്നെയാണ്

കുറ്റം പറയേണ്ടത്''. ഇന്ത്യയിലെ ജനങ്ങളായ നമ്മെ ഉദ്ദേശിച്ചായിരുന്നു അംബേദ്കർ മേൽപ്രകാരം പറഞ്ഞത്. ജനാധിപത്യ ഭരണക്രമത്തിന്റെ വിജയപരാജയങ്ങൾ ജനങ്ങളുടെ ജാഗ്രതയെ ആശ്രയിച്ചാണ് നിർണ്ണയിക്കപ്പെടുക. ഈ മർമ്മപ്രധാനമായ ജനാധിപത്യതത്വത്തിലേക്ക് വിരൽചൂണ്ടുന്നതാണ് അംബേദ്കറുടെ വാക്കുകൾ. അതായത് ഇവിടെ എന്തുനടന്നാലും അത് മറ്റുള്ളവരുടെ കുറ്റംകൊണ്ടാണെന്നുപറഞ്ഞ് ഒരു പൗരനും അവയുടെയൊക്കെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ പറ്റുകയില്ല. അതിന്റെ പാപഭാരത്തിൽ ഒരു പങ്ക് ഓരോ പൗരനുമുണ്ട്. ബ്രിട്ടനിലെ ജനാധിപത്യത്തിന്റെ അടിത്തറ ബ്രിട്ടനിലെ ജനങ്ങളുടെ പൗരബോധമാണെന്ന് പ്രസിദ്ധമാണ്. അവിടെ പാർലമെന്ററിനെ നിയന്ത്രിക്കാൻ ഇന്ത്യയിലെയും അമേരിക്കയിലെയും മറ്റും ഭരണഘടനകളിലുള്ളതുപോലെ മൗലികാവകാശങ്ങളൊന്നും ഇതേവരെ വ്യവസ്ഥ ചെയ്തിട്ടില്ല. ബ്രിട്ടനിൽ എഴുതപ്പെട്ട ഒരു ഭരണഘടനയും ഇല്ല. എന്നിട്ടും ബ്രിട്ടീഷ് ജനാധിപത്യം ശക്തമായി നിലനിൽക്കുന്നത് ജനങ്ങളുടെ പൗരബോധംകൊണ്ടും ജനാധിപത്യസ്ഥാപനങ്ങളുടെ കാര്യക്ഷമതകൊണ്ടുമാണ്.

ഇന്ത്യയിലെ വിദ്യാസമ്പന്നർപോലും നാട്ടിൽ നടക്കുന്ന എല്ലാ കൊള്ളരുതായ്മകളുടെയും നേർക്ക് കണ്ണടയ്ക്കുകയാണ് ചെയ്യുന്നത്. പ്രതികരിക്കാൻ മുന്നോട്ടുവരുന്നവർ വിരലിലെണ്ണാൻ മാത്രമേയുള്ളൂ. ഇതിനൊരു പ്രധാന കാരണം നിയമപരമായ നിരക്ഷരതയാണ്. വിദ്യാസമ്പന്നരിൽപോലും അധികംപേരും നിയമപരമായി നിരക്ഷരരാണ്. ഈ വസ്തുതയിലേക്ക് സുപ്രീംകോടതി നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഇങ്ങനെയാണ്.

''മനുഷ്യരുടെ പെരുമാറ്റം നിയന്ത്രിക്കുന്ന ശക്തിയാണ് നിയമം എന്നാണ് നിയമജ്ഞന്മാരുടെ അഭിപ്രായം. എന്നാൽ, നിയമം സമൂഹത്തിലെ ആളുകൾ ഒരളവിൽ കൈക്കൊള്ളണം. അല്ലാത്തപക്ഷം ഒരു നിയമത്തിനും ഫലപ്രദമായി പ്രവർത്തിക്കുവാൻ പറ്റുകയില്ല. ജനങ്ങളും നിയമങ്ങളും തമ്മിൽ പൊരുത്തപ്പെടണം അത് സ്വാഭാവികമായി സംഭവിക്കണം. എങ്കിലേ നിയമങ്ങൾക്ക് സുഗമമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ജനങ്ങൾ നിയമമനുസരിക്കണം. അതുകൊണ്ട് ജനങ്ങൾക്ക് നിയമങ്ങളെ സംബന്ധിച്ച അവബോധം ആവശ്യമാണ്. നിയമങ്ങൾ ആര് ഉണ്ടാക്കുന്നു? എന്തിനുവേണ്ടിയാണ് നിയമങ്ങൾ? ഇക്കാര്യങ്ങൾ ജനങ്ങളറിയണം. അതനുസരിക്കണമെന്ന് പറയുന്നതിന്റെ പിന്നിലുള്ള തത്വം അവർക്ക് മനസ്സിലാകണം. ഇവിടെയാണ് ജനങ്ങൾക്ക് നിയമബോധം നൽകാനുള്ള നടപടികളുടെ പ്രസക്തി. തങ്ങളുടെ പെരുമാറ്റം നിയമങ്ങളനുസരിച്ച് ചിട്ടപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന ബോധം ജനങ്ങളിൽ സൃഷ്ടിക്കണം''.

ചുരുക്കത്തിൽ, രാജ്യം പുരോഗമിക്കണമെങ്കിൽ നിയമവാഴ്ചയും നിയമാവബോധവും ഉണ്ടാകണം. ഇവ രണ്ടുമില്ലെങ്കിൽ നാം പ്രാകൃതലോകത്തേക്ക് കൂപ്പുകുത്തി വീണുപോകും. സംസ്കാരത്തിന്റെയും പുരോഗതിയുടെയും അടിസ്ഥാനംതന്നെയാണ് നിയമം എന്നർത്ഥം.

## പാഠം 2

# അവകാശങ്ങളും കടമകളും

## സാധാരണ അവകാശങ്ങളും മൗലികാവകാശങ്ങളും

ഒരാൾ ഒരു വഴി 20 വർഷമായി തുടർച്ചയായി ഉപയോഗിച്ചു വരുന്നു. ആ വഴി നിൽക്കുന്ന സ്ഥലത്തിൻെറ ഉടമസ്ഥാവകാശം മറ്റൊരാൾക്കാണ്. എന്നിരുന്നാലും വഴി ഉപയോഗിക്കാൻ അയാൾക്കവകാശമുണ്ടെന്ന് നിയമം പറയുന്നു. ഈസ്മെൻറ് അവകാശം അഥവാ സൗകര്യാവകാശം എന്നാണിതിൻെറ പേര്. സ്ഥലമുടമ വഴിയുപയോഗിക്കുന്നതിൽനിന്ന് സൗകര്യാവകാശക്കാരനെ തടസ്സപ്പെടുത്തരുത്. ഇത് സ്ഥലമുടമയുടെ കടമയാണ്. ഈ അവകാശവും കടമയും സൗകര്യാവകാശനിയമത്തിൻെറ സൃഷ്ടിയാണ്. നിയമം മുഖേന അവ എടുത്തുകളയുകയോ അവയിൽ മാറ്റം വരുത്തുകയോ ചെയ്യാം. അതിന് പാകത്തിൽ നിയമം നിർമ്മിക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്താൽ മതി.

18 വയസ്സ് പൂർത്തിയായ ഏതൊരു പൗരനും മറ്റ് അയോഗ്യതകളൊന്നുമില്ലാത്തപക്ഷം വോട്ടറായി രജിസ്ട്രർചെയ്തു കിട്ടാൻ അവകാശമുണ്ടെന്ന് ഭരണഘടനയിൽ പറയുന്നുണ്ട്. (അനുഛേദം 326) നേരത്തെ നിർദ്ദേശിച്ച വയസ്സ് 21 ആയിരുന്നു. ഇത് ഭരണഘടനയുടെ സൃഷ്ടിയായ ഒരു സാധാരണ അവകാശമാണ്. ഇങ്ങനെ സാധാരണ നിയമാവകാശങ്ങളും ഭരണഘടനാപരമായ അവകാശങ്ങളുമുണ്ട്. അവ ബന്ധപ്പെട്ട നിയമമോ ഭരണഘടനയോ നൽകുന്നതാണ്.

നമ്മുടെ ഭരണഘടന ആരും നമുക്ക് ദാനമായിനൽകിയതല്ല. നാം തന്നെസൃഷ്ടിച്ച് നമുക്കു തന്നെ സമർപ്പിച്ചതാണ്.

മഹത്തായൊരു ചരിത്രമാണ് ഇന്ത്യയുടേത്. സ്വാതന്ത്ര്യസമരം ആ ചരിത്രത്തിലെ ഉജ്ജ്വലമായ അധ്യായമാണ്. ദേശീയനേതാക്കൾ നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നു. ഒരു സ്വതന്ത്ര രാഷ്ട്രമെന്ന നിലയിൽ നമുക്ക് മുന്നോട്ടു പോകണം. ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കണം. ഇന്ത്യക്കാർക്ക് ശാന്തിയും സമൃദ്ധിയും ഉണ്ടാകണം. നമുക്ക് അവകാശങ്ങൾ ഉണ്ട്, കടമകൾ ഉണ്ട്, സ്വപ്നങ്ങളും ഉണ്ട്. ഇവയെക്കുറിച്ചെല്ലാം

പറയുന്ന, ഇവയെല്ലാം അടങ്ങിയ, രാജ്യത്തിന്റെ അടിസ്ഥാന നിയമമാണ് ഭരണഘടന.

എന്തെല്ലാമാണ് നമ്മുടെ ഭരണഘടനയുടെ ലക്ഷ്യങ്ങൾ? എങ്ങനെയായിരിക്കണം നമ്മുടെ രാജ്യം? ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽതന്നെ ഇതിനുള്ള ഉത്തരം ഉണ്ട്.

- ഇന്ത്യ ഒരു പരമാധികാരരാജ്യമാകണം.
- സോഷ്യലിസ്റ്റ് രാജ്യമാകണം
- മതേതരരാജ്യമാകണം
- ജനാധിപത്യ രാജ്യമാകണം
- സ്വതന്ത്രരാജ്യമായി നിലനിൽക്കണം.

പലപ്പോഴും പത്രങ്ങളിൽ നിന്നും പുസ്തകങ്ങളിൽനിന്നും പ്രസംഗങ്ങളിൽ നിന്നും നിങ്ങൾക്ക് ഈ പദങ്ങളും പ്രയോഗങ്ങളും പരിചിതമായിരിക്കും. വലിയ അർത്ഥങ്ങൾ ഉള്ളവയാണ് ഇവയോരോന്നും. അതിനാൽ ഇവയോരോന്നും പ്രധാനമാണ്.

## മൗലികാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ

മൗലികാവകാശങ്ങൾ ലംഘിച്ചുകൊണ്ടുള്ള എന്തെങ്കിലും നടപടി എടുക്കാൻ കേന്ദ്ര സർക്കാറിനോ സംസ്ഥാന സർക്കാറിനോ സർക്കാർ സ്ഥാപനങ്ങൾക്കോ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ അധികാരമില്ല. മൗലികാവകാശം ലംഘിക്കപ്പെട്ടാൽ ഏതൊരാൾക്കും നേരിട്ട് സുപ്രീം കോടതിയെയോ, ഹൈക്കോടതിയെയോ സമീപിക്കാൻ അവകാശമുണ്ട്. യുക്തമായ നിർദ്ദേശങ്ങളോ റിട്ടുകളോ പുറപ്പെടുവിച്ച് പ്രതിവിധി നൽകാൻ ഈ കോടതികൾക്ക് അധികാരമുണ്ട്.

രാഷ്ട്രത്തിന് നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിനിർവ്വഹണം എന്നീ മൂന്ന് അവയവങ്ങളുണ്ടെന്ന് പറയാം. ഈ അവയവങ്ങൾ പ്രവർത്തിപ്പിക്കേണ്ടത് മൗലികാവകാശങ്ങളെ സ്പർശിക്കാതെവേണം.

ഇനി നമുക്ക് മൗലികാവകാശങ്ങളെക്കുറിച്ച് ചിന്തിക്കാം. അവ പൗരന്മാരുടെ അടിസ്ഥാനപരമായ അവകാശങ്ങളാണ്. മൗലികം എന്നുവച്ചാൽ 'അടിസ്ഥാനപരം' 'അടിത്തറയായിട്ടുള്ളത്' എന്നെല്ലാമാണ് അർത്ഥം. പൗരത്വത്തിന്റെയും സമൂഹത്തിന്റെയും അങ്ങനെ രാഷ്ട്രത്തിന്റെയും അടിത്തറതന്നെയാണ് മൗലികാവകാശങ്ങൾ എന്നു പറയാം.

## എന്താണ് മൗലികാവകാശങ്ങൾ?

നിങ്ങൾ അടുത്ത വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നു. ഒരു പ്രത്യേകതരം സിലബസാണ് നിങ്ങൾ പഠിക്കുന്നത്. നിങ്ങൾ പഠിക്കുന്ന പാഠ്യഭാഗങ്ങൾ കേരളത്തിലെ ലക്ഷക്കണക്കിന് കുട്ടികൾ പഠിക്കുന്നു. അവരെല്ലാം ഒരേ പരീക്ഷ എഴുതുന്നു. ഒരേ

ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നു. ഉത്തരകടലാസുകൾ ഒരേ രീതിയിലുള്ള മൂല്യ നിർണ്ണയത്തിന് വിധേയമാകുന്നു. ഭരണഘടന പറയുന്ന സമത്വത്തിനുള്ള അവകാശം ആണ് ഇതുറപ്പുവരുത്തുന്നത്. നേരെമറിച്ച് ഒരേതരം വിദ്യാഭ്യാസം നേടിയ കുട്ടികൾക്ക് വിവിധതരം ചോദ്യങ്ങളടങ്ങിയ വിവിധതരം പരീക്ഷകൾ നടത്തിയാലോ? ചിലർക്ക് എളുപ്പമുള്ള ചോദ്യങ്ങൾ കിട്ടും. വേറേ ചിലർക്ക് ബുദ്ധിമുട്ടുള്ള ചോദ്യങ്ങൾ. അവിടെ അസമത്വം ഉണ്ടാകും. എന്നുവെച്ചാൽ സമത്വത്തിനായുള്ള മൗലികാവകാശം നിഷേധിക്കപ്പെടും.

ജോലിക്കായുള്ള ഒരു മത്സരപരീക്ഷയുടെ കാര്യം എടുക്കുക. അതിൽ നേടുന്ന മാർക്കിൻെറ അടിസ്ഥാനത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കാം. ഉയർന്ന മാർക്കുള്ളവർ ലിസ്റ്റിനു മുകളിലുണ്ടാകും. കുറഞ്ഞ മാർക്കുള്ളവർ താഴെ. ഉയർന്ന മാർക്കുള്ളയാൾക്ക്, ജോലികൊടുക്കാതെ കുറഞ്ഞ മാർക്കുള്ളവർക്ക് ജോലി കൊടുക്കാമോ? സാധാരണഗതിയിൽ പാടില്ല. അങ്ങനെ ചെയ്യുന്നത് നിയമത്തിനുമുന്നിലെ തുല്യതയ്ക്ക്, അതായത് നിയമസമത്വത്തിന്, എതിരായിരിക്കും. എന്നാൽ, സാമൂഹികമായും മറ്റും പിന്നോക്കക്കാരായ വിഭാഗങ്ങൾക്ക് പ്രത്യേകമായ ആനുകൂല്യമുണ്ട്. പതിറ്റാണ്ടുകളായി ചൂഷണം ചെയ്യപ്പെട്ടുപോരുന്ന പിന്നോക്കവിഭാഗങ്ങളെ മറ്റുള്ളവർക്കൊപ്പം എത്തിക്കാൻ വേണ്ടിയാണിങ്ങനെ ചെയ്യുന്നത്. സംവരണം എന്നാണിതിനു പറയുക. സംവരണം, സമത്വത്തിനായുള്ള പരിശ്രമത്തിൻെറ ഭാഗമാണ് എന്നർത്ഥം. സംവരണത്തിൻെറ അടിസ്ഥാനത്തിൽ പിറകിലുള്ള ഒരാൾക്ക് മുകളിലുള്ളയാളെ അപേക്ഷിച്ച് തൊഴിൽസാദ്ധ്യത കൂടുതലായി ഉണ്ടാകും. ഇതേക്കുറിച്ച് വഴിയേ കൂടുതൽ വിശദമാക്കാം.

എന്താണ് നിയമസമത്വം? നന്നായി പഠിക്കുന്ന കുട്ടിക്കും പഠിക്കാത്ത കുട്ടിക്കും ഒരുപോലെ മാർക്ക് നൽകണമെന്നാണോ? അല്ല, പഠിക്കാനുള്ള അവസരം എല്ലാവർക്കും തുല്യമായി നൽകണമെന്നാണ്. അതായത് സമന്മാർക്കിടയിലാണ് സമത്വം.

നിങ്ങളുടെ നാട്ടിലും നഗരത്തിലും ആളുകൾ സംഘടിച്ച് ജാഥയായി പോകുന്നത് കാണാം. തൊഴിലാളികൾ സംഘടിക്കാറുണ്ട്, സർക്കാർ ജീവനക്കാരും അധ്യാപകരും സംഘടിക്കാറുണ്ട്. യുവജനങ്ങളും സ്ത്രീകളും മറ്റും സംഘടനകൾ രൂപീകരിക്കാറുണ്ട്. അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാനും ലക്ഷ്യങ്ങൾ കൈവരിക്കാനുമാണിങ്ങനെ ചെയ്യുന്നത്. സംഘടിക്കുവാനുള്ള അവകാശം മൗലികാവകാശമാണ്. (19-ാം അനുച്ഛേദം) എന്നാൽ ഒരാളിന്റെ മൗലിക അവകാശത്തിന്റെ ഉപയോഗം മറ്റൊരാളിന്റെ മൗലികാവകാശത്തെ നിഷേധിക്കുന്ന വിധത്തിലാവരുത്. അതുകൊണ്ടാണ് ജാഥയും പ്രകടനങ്ങളും നടത്താൻ അവകാശമുള്ളപ്പോൾ തന്നെ അത് അപരന്റെ സഞ്ചാര സ്വാതന്ത്ര്യത്തെ ഹനിക്കാൻ പാടില്ലെന്ന വിധി ഹൈക്കോടതി പുറപ്പെടുവിച്ചത്.

നേരെ വിപരീതമായൊരു അവസ്ഥയെക്കുറിച്ച് ചിന്തിച്ചുനോക്കൂ. ചെറിയ കൂലിമാത്രം കൊടുത്ത് ഒരു മുതലാളി തൊഴിലാളികളെ ചൂഷണം ചെയ്തു എന്നുവെയ്ക്കുക. ന്യായമായ കൂലി കിട്ടാൻവേണ്ടി സംഘടിക്കാൻ തൊഴിലാളികൾ തീരുമാനിക്കുന്നു. അപ്പോൾ തൊഴിലാ

ളികൾ സംഘടിക്കാൻപോലും പാടില്ല എന്ന നിലയിൽ ഒരു നിയമം വന്നാലോ? എന്തു കഷ്ടമായിരിക്കും തൊഴിലാളികളുടെ സ്ഥിതി?

എന്നാൽ, അങ്ങനെയൊരു നിയമം വരില്ല. നമ്മുടെ ഭരണഘടന നിലനിൽക്കുന്നിടത്തോളം. സംഘടിക്കുവാനുള്ള അവകാശം മൗലികാവകാശമാണല്ലോ. അതിനെതിരായ നിയമം ഭരണഘടനാവിരുദ്ധമായിരിക്കും. ഭരണഘടനയ്ക്കെതിരായ നിയമം നിർമ്മിക്കാൻ ആർക്കും അവകാശമില്ല. അത്തരം നിയമങ്ങളുണ്ടെങ്കിൽ അവ റദ്ദാക്കാൻ സുപ്രീം കോടതിക്കും ഹൈക്കോടതികൾക്കും അധികാരമുണ്ട്.

നിങ്ങൾ ഇപ്പോൾ എവിടെയാണ് താമസിക്കുന്നത്? 10 വർഷം കഴിഞ്ഞ് നിങ്ങൾ പഠിക്കാനോ തൊഴിൽ ചെയ്യാനോ കച്ചവടത്തിനോ മറ്റൊരു നാട്ടിലെത്തുന്നു. അവിടെ നിങ്ങൾ വീടുവെച്ചോ വീട് വാടകയ്ക്ക് വാങ്ങിയോ താമസിക്കുന്നു. "അതു പറ്റില്ല. നിങ്ങൾ ഈ നാട്ടുകാരനല്ല. ഇവിടെനിന്നും നിങ്ങൾ വിട്ടുപോകണം'' എന്ന് ആ നാട്ടിലുള്ളവർ പറഞ്ഞാലോ?

അങ്ങനെ പറയാൻ ആർക്കും അധികാരമില്ല. ഇന്ത്യയിലെവിടെയും താമസിക്കാനും ജീവിതം കെട്ടിപ്പടുക്കാനും നിങ്ങൾക്കവകാശമുണ്ട്. അത് ഭരണഘടന നൽകുന്ന മറ്റൊരു മൗലികാവകാശമാണ്.

19ാം അനുച്ഛേദം ആറുതരം സ്വാതന്ത്ര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. അവ ഇങ്ങനെ:

1. അഭിപ്രായപ്രകടന സ്വാതന്ത്ര്യം
2. സമാധാനപരമായി ഒരുമിച്ചുചേരാനുള്ള സ്വാതന്ത്ര്യം.
3. സംഘടനകളും യൂണിയനുകളും രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം
4. ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം
5. ഇന്ത്യയിലെവിടെയും താമസിക്കാനും ജീവിക്കാനുമുള്ള സ്വാതന്ത്ര്യം
6. ഒരാൾ തെരഞ്ഞെടുക്കുന്ന തൊഴിലോ കച്ചവടമോ ചെയ്യാനുള്ള സ്വാതന്ത്ര്യം.

## ജാതി, മതം, വിവേചനം

നിയമസമത്വം എന്നുമാത്രം പറയുമ്പോൾ അത് സാമാന്യമായ ഒരാശയം മാത്രമേ ആകുന്നുള്ളൂ. അതോടൊപ്പം വിവേചനത്തിന് വിലക്ക് കൽപ്പിക്കുകയും വേണം. പന്തിയിൽ പക്ഷഭേദം പാടില്ല എന്ന പഴമൊഴി കേട്ടിട്ടില്ലേ? ''എല്ലാവരും നിയമത്തിൻെറ മുമ്പിൽ തുല്യരാണ്, നിയമത്തിൻെറ തുല്യസംരക്ഷണത്തിനർഹരുമാണ്'' ഇങ്ങനെയാണ് മനുഷ്യാവകാശ പ്രഖ്യാപനത്തിലെ വാക്കുകൾ. നമ്മുടെ ഭരണഘടനയിൽ വിവേചനമരുതെന്ന് പറയുന്നതോടൊപ്പം മതം, ജാതി, വർഗ്ഗം, ലിംഗം, ജനനസ്ഥലം'' എന്നിവയുടെ പേരിൽ വിവേചനം അരുതെന്ന് എടുത്തുപറഞ്ഞിരിക്കുന്നു. ( അനു: 15 (1) ).

## മതേതരത്വം

നമ്മുടെ രാഷ്ട്രത്തിൻെറ ആധാരശിലയാണ് മതേതരത്വം.

നാനാ മതങ്ങളുള്ള രാജ്യമാണ് ഇന്ത്യ. നാനാതരം ജീവിതരീതികൾ; നാനാതരം സംസ്കാരങ്ങൾ. "നാനാത്വത്തിൽ ഏകത്വം" - ഇതാണ് നമ്മുടെ മാർഗ്ഗവും ലക്ഷ്യവും.

ഒരാൾ ഇന്നിടത്ത് ഇന്നയാളുടെ മകനായി / മകളായി ജനിക്കണം എന്നത് അയാളുടെ തീരുമാനം അല്ല. നാം വ്യത്യസ്ത മതങ്ങളിൽ ജനിച്ചവരാണ്. നാമെല്ലാം മനുഷ്യരാണ്. എല്ലാ മതങ്ങളും സ്നേഹത്തെക്കുറിച്ചും സത്യത്തെക്കുറിച്ചും ദൈവകാരുണ്യത്തെക്കുറിച്ചും ആണ് പറയുന്നത്. മതതത്വങ്ങളുടെ അന്തസ്സത്ത മനസിലാക്കിയവർ അന്യമതങ്ങളെ സ്നേഹിക്കുന്നു; ബഹുമാനിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ നാം ദൈവത്തെതന്നെയാണ് ആരാധിക്കുന്നത്. ഗാന്ധിജിയുടെ സനാതനധർമ്മത്തെക്കുറിച്ച് കേട്ടിട്ടില്ലേ? സർവ്വമത പ്രാർത്ഥനപോലുള്ള കർമ്മങ്ങളിലൂടെ മഹാത്മജി ഒരു ദരിദ്രരാഷ്ട്രത്തിന് ആത്മീയചൈതന്യം നൽകി. "ലോകാ സമസ്താ സുഖിനോ ഭവന്തുഃ" എന്നതാണ് ആർഷഭാരതമന്ത്രം. യേശുദേവൻെറ മഹത്തായ ത്യാഗത്തെക്കുറിച്ച് ബൈബിൾ പറയുന്നു. ശ്രീബുദ്ധൻ അഹിംസയെ ക്കുറിച്ച് പറഞ്ഞു. ഏക ദൈവത്തിൻെറ അളവറ്റ കാരുണ്യത്തെക്കുറിച്ചും അപാരമായ അറിവിനെക്കുറിച്ചും ഇസ്ലാം പറയുന്നു. ഇവയുടെയെല്ലാം സാരാംശം സ്നേഹമാണ്. കവി പാടിയതുപോലെ, 'സ്നേഹമാണഖിലസാരമൂഴിയിൽ".

ഇനി, ഭരണഘടനയിലേക്ക് വരിക. മതേതരത്വം ഭരണഘടനയുടെ ആധാരശിലയാണെന്നതിന് ആമുഖം തന്നെ തെളിവ്. 1976-ലെ ഭേദഗതിയിലൂടെയാണ് ആമുഖത്തിൽ മതേതരത്വം കൂടി ചേർത്തത്. മതപരമായ സ്വാതന്ത്ര്യങ്ങൾ എല്ലാവർക്കും ഉണ്ട്. മതത്തിൽ/ മതങ്ങളിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ മതത്തിൻെറ പേരിൽ ആരും ആരെയും പീഡിപ്പിക്കരുത്; വിവേചനം കാട്ടരുത്; വിദ്വേഷം സൃഷ്ടിക്കരുത്. മതേതരത്വം കേവലം ഒരു ചിന്താഗതി മാത്രമല്ല, ഇന്ത്യയുടെ നയവും നിയമവും ആണ്. നമുക്ക് ഔദ്യോഗികമതം ഇല്ല. വിശ്വാസത്തിൻെറയും ആരാധനയുടെയും സ്വാതന്ത്ര്യമാണ് നാം ആഘോഷിക്കുന്നത്. ഭരണഘടനയുടെ 25 മുതൽ 28 വരെ അനുഛേദങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നു. രാഷ്ട്രത്തിൻെറ 'ഔദ്യോഗിക മതങ്ങൾ' ഇന്നിന്നവയാണെന്നു പറയുന്ന ഭരണഘടനയാണ് പല രാജ്യങ്ങളിലും ഉള്ളത്. നാം അവരെക്കാൾ മുന്നോട്ടുപോയവരാണ്. മതേതരത്വം നമ്മുടെ ജനാധിപത്യത്തിൻെറ തന്നെ ഉൾക്കരുത്താണ്.

അതിനാൽ, മതത്തിൻെറ പേരിൽ ചോരചിന്താൻ പാടില്ല; നെറ്റി ചുളിയാൻപോലും പാടില്ല.

മതേതരത്വം തകരുന്നു എന്നുവെച്ചാൽ ഇന്ത്യ തകരുന്നു എന്നാണർത്ഥം. അങ്ങനെ സംഭവിച്ചുകൂടാ.

## തൊട്ടുകൂടായ്മ

നിർഭാഗ്യകരമെന്നുപറയട്ടെ, ഇന്നും പല സ്ഥലങ്ങളിലും മനുഷ്യരെ രണ്ടാംകിടക്കാരായി കാണുന്ന സമ്പ്രദായം തുടരുന്നുണ്ട്. പ്രശ്നം

''തൊട്ടുകൂടായ്മ'' എന്ന അനാചാരമാണ്. കേരളത്തിൽ ഇന്ന് ഇതിന് അറുതിവന്നിട്ടുണ്ട്. എന്നാൽ ചില വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇന്നും ജാതിയുടെ പേരിലുള്ള വിവേചനം തുടരുന്നുണ്ട്. ചിലേടങ്ങളിൽ കിണർ അശുദ്ധമാക്കിയതിലും മറ്റും 'താഴ്ന്ന' ജാതിക്കാർ കൂട്ടത്തോടെ കൊല ചെയ്യപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ട്. അത്തരം വാർത്ത കൾ നിങ്ങൾ പത്രത്തിൽ വായിച്ചിട്ടുണ്ടാകും. ചായപ്പീടികക ളിൽ മറ്റു ള്ളവരോടൊപ്പം ഇരുന്ന് ഭക്ഷണപാനീയങ്ങൾ കഴിക്കാൻ കീഴ്ജാതി ക്കാരെ അനുവദിച്ചിരുന്നില്ല. അവർക്ക് പുറത്ത് മൺപാത്രങ്ങളിൽ ഭക്ഷ ണം കൊടുക്കുകയായിരുന്നു പതിവ്. അതും നിലത്തുവെച്ച് കൊടുക്കു കയേ ഉള്ളൂ. കേരളത്തിലും പണ്ട് ചില പ്രധാന ഹിന്ദുക്ഷേത്രങ്ങളിൽ താണ ജാതിക്കാർക്ക് കടക്കാൻ പാടില്ലായിരുന്നു. ക്ഷേത്രപരിസരത്തുള്ള പൊതുവഴികൾപോലും അവർക്ക് ഉപയോഗിക്കാൻ പാടില്ലായിരുന്നു. ഇതിനെതിരെയായിരുന്നുവല്ലോ വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും മറ്റും നടന്നത്. ഇതൊന്നും ഈ നാട്ടിൽ ഇനി ആവർ ത്തിക്കരുത് എന്ന ഉദ്ദേശ്യത്തോടെ രൂപം കൊടുത്തതാണ് വിവേചനത്തി നെതിരെയുള്ള മേലുദ്ധരിച്ച വ്യവസ്ഥകൾ. ഇത്രയും കൊണ്ടുമതി വരാ തെ നമ്മുടെ ഭരണഘടനാശില്പികൾ തൊട്ടുകൂടായ്മയെ സംബന്ധി ച്ച് ഒരു പ്രത്യേക അനുച്ഛേദം തന്നെ ഭാഗം 3-ൽ ഉൾപ്പെടുത്തിയിരി ക്കുന്നു. അതിപ്രകാരമാണ്

''തൊട്ടുകൂടായ്മ ഇല്ലായ്മ ചെയ്തിരിക്കുന്നു. ഏതെങ്കിലും രൂപത്തിലുള്ള അതിന്റെ ആചരണം നിരോധിച്ചിരിക്കുന്നു. ഇനിമേൽ അതിന്റെ ആചരണം ശിക്ഷാർഹമായ ഒരു കുറ്റകൃത്യമാണ്''. (അനു: 17).

ഈ നിലയിലുള്ള ഒരു പ്രത്യേക നിയമം അധികം താമസിയാതെ പാർലമെന്റ് പാസാക്കി, 1955-ലെ സിവിൽ അവകാശനിയമം. പക്ഷേ, അതും വിചാരിച്ച ഫലം ചെയ്തില്ല. 1989-ൽ കുറേക്കൂടി കർശനമായ ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം പാസാക്കി. അതനുസരിച്ച് മേൽവിവരച്ച വിവേചനങ്ങൾ ഗുരുതരമായ കുറ്റമാണ്. കുറ്റം ആരോപി ക്കപ്പെട്ടവർക്ക് ജാമ്യംപോലും ലഭിക്കുക എളുപ്പമല്ല.

## സ്ത്രീകൾ, കുട്ടികൾ

മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം ഇവയുടെ അടിസ്ഥാന ത്തിൽ പൗരന്മാരെ തമ്മിൽ തരംതിരിച്ചുകാണരുതെന്നാണല്ലോ പറഞ്ഞി രിക്കുന്നത്. ലിംഗത്തിന്റെ അടിസ്ഥാനത്തിൽ വിവേചിക്കരുത് എന്നു പറഞ്ഞാൽ സ്ത്രീപുരുഷ പക്ഷപാതം കാണിക്കരുത് എന്നർത്ഥം. എന്നാൽ സ്ത്രീകൾക്കും ദുർബലവിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നതിന് ഭരണഘടന എതിരല്ല. വിവേചനം അരുതെന്നു പറയുന്ന അനുച്ഛേദം 15 ൽ തന്നെ ഒരു പ്രത്യേക വ്യവസ്ഥയുണ്ട്. അതിങ്ങനെ:

''ഈ അനുച്ഛേദത്തിലുള്ള യാതൊന്നും സ്ത്രീകൾക്കും കുട്ടി കൾക്കും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിന് തടസ്സമല്ല''. അതായത്,

പ്രത്യേക ശ്രദ്ധയും പരിചരണവും വേണ്ടവർക്ക് അവ നൽകണമെന്ന താണ് ഭരണഘടനയുടെ താൽപര്യം.

## സംവരണം

വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കാവസ്ഥ യിലുള്ളവർക്കും പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കും പ്രത്യേക വ്യവ സ്ഥകളാകാം. സംവരണത്തെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചുവല്ലോ. അതേ ക്കുറിച്ച് കുറച്ചുകൂടി പറയാം. ഇന്ത്യയിൽ വലിയൊരു വിഭാഗം ജനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയ്ക്ക് പുറത്താണ് ഇന്നുമുള്ളത്. ഗാന്ധിജി അവരെ ഹരിജനങ്ങൾ എന്ന് വിശേഷിപ്പിച്ചു.അവർക്ക് പ്രത്യേക പരിഗണന നൽകി. നൂറ്റാണ്ടുകളായി അനുഭവിച്ചുവരുന്ന പിന്നോക്കാ വസ്ഥ കാരണം വിദ്യാഭ്യാസപരവും സാമ്പത്തികവും സാമൂഹിക വുമായ പുരോഗതിയുടെ ഫലം അനുഭവിക്കാൻ അവർക്ക് സാധ്യ മല്ലാത്ത ഒരവസ്ഥയാണുള്ളത്. മറ്റുള്ളവരോട് മത്സരിച്ച് ഉയർന്നുവരാൻ അവർക്ക് കഴിവില്ല. അതുകൊണ്ട് അവർ പ്രത്യേക പരിഗണന അർഹി ക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രത്യേകാനുകൂല്യങ്ങൾ അവർക്ക് നൽകണം. സർക്കാരുദ്യോഗങ്ങളിൽ അവർക്ക് ഏതാനും തസ്തികകൾ നീക്കിവെയ്ക്കണം. എങ്കിലേ അവരെ ഉയർത്തിക്കൊണ്ടു വരാൻ കഴിയുകയുള്ളൂ. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് വർഗ്ഗത്തി ന്റെയും ജാതിയുടെയും പേരിൽ വിവേചനം അരുതെന്നു പറയുന്നതോ ടൊപ്പം പിന്നോക്കവിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകുന്നതിന് തടസ്സമില്ല എന്നും ഭരണഘടന പറയുന്നുണ്ട്.

## നിർദ്ദേശക തത്ത്വങ്ങൾ

രാഷ്ട്രം പിന്തുടരേണ്ടുന്ന മഹത്തായ ആദർശങ്ങളും മാർഗ്ഗങ്ങളും ലക്ഷ്യങ്ങളുമാണ് നിർദ്ദേശകതത്ത്വങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. മറ്റൊരു വിധേനപറഞ്ഞാൽ രാഷ്ട്രത്തിന്റെ “മാനിഫെസ്റ്റോ” ആണവ. 38 മുതൽ 51 വരെയുള്ള അനുഛേദങ്ങളിൽ ഇവ വിവരിക്കപ്പെട്ടിരിക്കുന്നു. ക്ഷേമരാഷ്ട്ര നിർമ്മിതിയാണ് നമ്മുടെ ലക്ഷ്യം. അതിന് സാമ്പത്തികവുംസാമൂഹികവുമായ നടപടികൾ വേണം. വിഭവങ്ങളെ ശരിയായും നീതിയുക്തമായും ഉപയോഗിക്കണം. തുല്യജോലിക്ക് തുല്യവേതനം തുടങ്ങിയ തത്ത്വങ്ങൾ നടപ്പിലാവണം. തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കപ്പെടണം. കുട്ടികളെ നല്ല രീതിയിൽ വളർത്താൻ കഴിയണം. അവരുടെ കഴിവുകളെ വികസിപ്പിക്കണം. തുല്യനീതി നടപ്പിൽ വരണം. ആവശ്യമുള്ളവർക്ക് സൗജന്യമായി നിയമസഹായം ലഭിക്കണം. തൊഴിൽ അന്തരീക്ഷം മെച്ചപ്പെടണം. തൊഴിലാളികൾക്ക് മാന്യമായ വേതനം കിട്ടണം. സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം വേണം. പൊതുജനാരോഗ്യം മെച്ചപ്പെടണം. പിന്നോക്കവിഭാഗങ്ങളെ മുന്നിലെത്തിക്കണം. പ്രകൃതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കണം - ഇവയ്ക്കെല്ലമൊപ്പം മറ്റു പലതും, നിർദ്ദേശകതത്ത്വങ്ങളിൽപ്പെടുന്നു. അവ ഒരു രാഷ്ട്രത്തിന്റെ മഹത്തായ അഭിലാഷങ്ങളാണ്. നമ്മെ മുന്നോട്ടു നയിക്കുന്ന പ്രതീക്ഷകളും.

## മൗലിക കടമകൾ

1976-ലെ ഭേദഗതിയിലൂടെയാണ് മൗലിക കടമകളെ സംബന്ധിച്ച 4-എ ഭാഗം ഭരണഘടനയിൽ കൂട്ടിച്ചേർത്തത്. അവ 1977 മുതൽ പ്രാബല്യത്തിൽ വന്നു. ദേശീയ പതാകയേയും ദേശീയഗാനത്തേയും ബഹുമാനിക്കണമെന്നും സ്വാതന്ത്ര്യസമരത്തിന്റെ മഹത്തായ ആദർശങ്ങളെ പിൻതുടരണമെന്നും രാഷ്ട്രത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കണമെന്നും മറ്റും ഇതിൽ പറയുന്നു. പൗരന്മാർക്കിടയിൽ സാഹോദര്യം വളർത്തണമെന്നും സാംസ്കാരിക പൈതൃകവും പ്രകൃതിസമ്പത്തും ശാസ്ത്രാവബോധവും മാനവികതയും മറ്റും കാത്തുസൂക്ഷിക്കാൻ ഓരോ പൗരനും ചുമതലയുണ്ടെന്നും ഈ ഭാഗം പറയുന്നു. സർവ്വതോന്മുഖമായ പുരോഗതിക്കായി കൂട്ടായി ശ്രമിക്കാനുള്ള ഭരണഘടനാപരമായ ആഹ്വാനമാണിത്. ഇവയുടെ സാഫല്യത്തിനായി യത്നിക്കാൻ നാം ബാധ്യസ്ഥരാണ്.

## പാഠം 3

# ജനാധിപത്യവും അധികാരവിഭജനവും

**നി**യമങ്ങൾ ധാരാളമുണ്ട്. നിയമങ്ങൾ അനുസരിക്കാനുള്ളതാണ്. ലംഘിക്കാനുള്ളതല്ല. നിയമങ്ങൾ നിർമ്മിക്കുന്നത് നാം തന്നെയാണ്. നാം എന്നാൽ?

ഇന്ത്യയിലെ ജനങ്ങൾ

ഇന്ത്യയിലെ ജനങ്ങളായ നാം എങ്ങനെയാണ് നമുക്കുവേണ്ടിയുള്ള നിയമങ്ങൾ നിർമ്മിക്കുന്നത്. നിയമനിർമ്മാണവിഭാഗം രാഷ്ട്രത്തിന്റെ മൂന്ന് അടിസ്ഥാനവിഭാഗങ്ങളിൽ ഒന്നാണ്. മറ്റു രണ്ട് വിഭാഗങ്ങൾ കാര്യനിർവഹണവകുപ്പും നീതിന്യായവകുപ്പും. ഈ മൂന്ന് വിഭാഗങ്ങളെക്കുറിച്ച് നമുക്കൊരു ധാരണ വേണം.അതിനുശേഷം നിയമനിർമ്മാണത്തെക്കുറിച്ച് പ്രത്യേകമായി പഠിക്കാം. ഇക്കാര്യങ്ങൾ താഴെ കാണിച്ചിരിക്കുന്ന വിധത്തിൽ ചിത്രീകരിക്കാം.



മുകളിൽ വിവരിച്ച പട്ടികയിൽനിന്ന് നിങ്ങൾക്ക് ഒരു കാര്യം മനസ്സിലാക്കാം. മൂന്ന് വിഭാഗങ്ങൾ ഇന്ത്യൻ യൂണിയനു മാത്രമല്ല ഓരോ സംസ്ഥാനത്തിനും വെവ്വേറെയായിത്തന്നെ ഉണ്ടെന്ന കാര്യം. ഇനി നിയമനിർമ്മാണവിഭാഗത്തെക്കുറിച്ച് പ്രത്യേകമായി പഠിക്കാം. നിയമനിർമ്മാണസഭകളാണ് നിയമങ്ങൾ നിർമ്മിക്കുന്നതെന്ന് മനസ്സിലായല്ലോ. നിയമനിർമ്മാണസഭയിലെ അംഗങ്ങളെ ആരാണ് തെരഞ്ഞെടുക്കുന്നത്?

നാം ഇന്ത്യയിലെ ജനങ്ങൾ. അതിനാൽ നമ്മുടെ നിയമങ്ങൾ നിർമ്മിക്കുന്നതും ഇന്ത്യയിലെ ജനങ്ങളായ നാംതന്നെ. അല്ലാതെ ഏതെങ്കിലും രാജാവോ പട്ടാളമേധാവിയോ വിദേശശക്തിയോ അല്ല. നമ്മുടെ രാഷ്ട്രത്തലവനേയും സർക്കാരിനേയും ഇതുപോലെ നാം തന്നെ തെരഞ്ഞെടുക്കുന്നു.

## നിയമനിർമ്മാണം

മുകളിലെ പട്ടിക ഒരിക്കൽകൂടി ശ്രദ്ധിക്കുക.

രാഷ്ട്രപതിയും ലോകസഭയും രാജ്യസഭയും ചേർന്നതാണ് കേന്ദ്രത്തിലെ നിയമനിർമ്മാണവിഭാഗം എന്നു മനസ്സിലായല്ലോ. ഇതാണ് പാർലമെൻറ്. സംസ്ഥാനങ്ങളിലും നിയമനിർമ്മാണവിഭാഗമുണ്ട്. ബീഹാർ, മഹാരാഷ്ട്ര, കർണ്ണാടക, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിയമസഭയ്ക്ക് രണ്ട് മണ്ഡലങ്ങളുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഒരു മണ്ഡലമേയുള്ളൂ. ഗവർണറും രണ്ടു മണ്ഡലങ്ങളുള്ള സംസ്ഥാനങ്ങളിൽ നിയമസഭയുടെ രണ്ടു മണ്ഡലങ്ങളും മറ്റു സംസ്ഥാനങ്ങളിൽ ഗവർണറും നിയമസഭയും ചേർന്നതാണ് സംസ്ഥാന നിയമനിർമ്മാണവിഭാഗം. ഇങ്ങനെയാണ് ഭരണഘടനയിൽ പറയുന്നത്.

ലോകസഭയിലേയും സംസ്ഥാന നിയമസഭകളിലേയും അംഗങ്ങളുടെ കാലാവധി അഞ്ചുവർഷമാണ്. അഞ്ചുവർഷം പൂർത്തിയായാൽ സഭ പിരിച്ചുവിടണം. രാജ്യസഭയും സംസ്ഥാന നിയമ കൗൺസിലും പിരിച്ചുവിടലിന് വിധേയമല്ല. അംഗങ്ങളുടെ 3 ൽ 1 ഭാഗം ഈ രണ്ട് വർഷം പൂർത്തിയാകുമ്പോഴും പിരിഞ്ഞു പോകണം. ഒഴിവുവന്ന സ്ഥാനങ്ങൾ തിരഞ്ഞെടുപ്പിലൂടെ നികത്തും.

ഒരു ബിൽ നിയമനിർമ്മാണസഭയിലെ ഏതൊരംഗത്തിനും അവതരിപ്പിക്കാവുന്നതാണ്. പക്ഷേ, സഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ പിൻബലമുണ്ടെങ്കിലേ അത് പാസാവുകയുള്ളൂ. അതുകാരണം അധികം നിയമങ്ങളും അധികാരത്തിലുള്ള സർക്കാരിനെ പ്രതിനിധീകരിച്ച് മന്ത്രിമാരാണ് അവതരിപ്പിക്കാറ്. ഈ ഘട്ടത്തിൽ അതിന് 'ബില്ല്' എന്നാണ് പറയുക. ബില്ല് സഭ പാസാക്കിയാൽ അത് ആക്ട് (നിയമം) ആയി.

പാർലമെൻറ് പാസാക്കുന്ന നിയമങ്ങൾക്ക് കേന്ദ്രനിയമങ്ങൾ എന്നും സംസ്ഥാന നിയമസഭ പാസാക്കുന്നവയ്ക്ക് സംസ്ഥാന നിയമങ്ങൾ എന്നുമാണ് പേര്. കേന്ദ്രനിയമങ്ങളിൽ രാഷ്ട്രപതിയും സംസ്ഥാന നിയമങ്ങളിൽ ഗവർണറും ഒപ്പിടണം.

ഒരു കേന്ദ്രബിൽ രാജ്യസഭയിലോ ലോകസഭയിലോ അവതരിപ്പിക്കാം. ഇരുസഭകളും അത് പാസാക്കണം. പക്ഷേ, ധനകാര്യബില്ലുകൾ ലോകസഭയിൽ മാത്രമേ അവതരിപ്പിച്ചുകൂടൂ. സംസ്ഥാന നിയമസഭകളെ സംബന്ധിച്ച വ്യവസ്ഥകളും സദൃശങ്ങളാണ്.

രാഷ്ട്രപതിക്കും ഗവർണർമാർക്കും സഭ പാസാക്കിയ ബിൽ മുഴുവനായോ അതിലെ ഏതെങ്കിലും വ്യവസ്ഥയോ ഒന്നുകൂടി പരിഗണിക്കണമെന്നാവശ്യപ്പെട്ട് ഒരിക്കൽ തിരിച്ചയയ്ക്കാം. സഭ അത് സ്വീകരിച്ചോ സ്വീകരിക്കാതെയോ വീണ്ടും പാസാക്കി തിരിച്ചയച്ചാൽ ഒപ്പിടണമെന്ന് നിർബന്ധമാണ്.

**നിങ്ങൾക്ക് ചെയ്യാവുന്നവ:**

ഇനി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തുനോക്കുക
രേഖപ്പെടുത്തുക:

- നിങ്ങളുടെ വീട്ടിൽ എത്ര വോട്ടർമാരുണ്ട്?
- അവർ അവസാനമായി വോട്ടുചെയ്തത് എപ്പോഴാണ്?
- നിങ്ങളുടെ പ്രദേശം ഏത് ലോകസഭാമണ്ഡലത്തിൽ വരുന്നു? ഏത് നിയമസഭാമണ്ഡലത്തിൽ വരുന്നു?
- നിങ്ങളുടെ എം.പി ആരാണ്?
- നിങ്ങളുടെ എം.എൽ.എ ആരാണ്?
- സംസ്ഥാന നിയമസഭ അടുത്തകാലത്ത് നിർമ്മിച്ച രണ്ടു നിയമങ്ങൾ ഏവ?
- പാർലമെൻറ് അടുത്തകാലത്ത് പാസാക്കിയ ഏതെങ്കിലും ഒരു നിയമത്തിൻെറ പേരുപറയുക.

## ഇൻറർവ്യൂ നടത്തുക

- സ്ഥലത്തെ ഒരു രാഷ്ട്രീയ പ്രവർത്തകൻ
- സ്ഥലത്തെ ഒരു അഭിഭാഷകൻ

ചുരുങ്ങിയത് 10 ചോദ്യങ്ങളെങ്കിലും അവരോട് ചോദിക്കുക. അവർ പറയുന്ന ഉത്തരങ്ങൾ രേഖപ്പെടുത്തുക.

രേഖപ്പെടുത്തിയ ഉത്തരങ്ങൾ അധ്യാപകനെ കാണിച്ച് ചർച്ച ചെയ്യുക.

## ഉത്തരം എഴുതുക

താഴെ പറയുന്നവർ രാഷ്ട്രത്തിൻെറ ഏതു രംഗത്താണ് വരുന്നത്? അവർ ബന്ധപ്പെട്ടിരിക്കുന്നത് ഏതു മേഖലയോടാണ്?

1. നിയമനിർമ്മാണവിഭാഗം
2. ഭരണനിർവ്വഹണവിഭാഗം
3. നീതിന്യായവിഭാഗം

ഓരോന്നിനുംനേരെ ഉത്തരത്തിനനുസരിച്ച് (1) (2) (3) എന്നിവയിൽ നിന്നും തെരഞ്ഞെടുത്ത് അക്കം ചേർക്കുക.

- പോലീസ് സബ് ഇൻസ്പെക്ടർ
- സുപ്രീംകോടതി ജഡ്ജി
- വിദ്യാഭ്യാസ ഓഫീസർ
- എം.പി. (പാർലമെൻറ് മെമ്പർ)
- ജില്ലാ ജഡ്ജി
- തഹസിൽദാർ
- എം.എൽ.എ
- ജില്ലാകളക്ടർ
- നിയമസഭാസ്പീക്കർ
- നിങ്ങളുടെ ക്ലാസിൽ ഒരു അസംബ്ലി രൂപീകരിക്കുക
- നിങ്ങളുടെ ക്ലാസിനുവേണ്ടി മൂന്നു നിയമങ്ങൾ ആ അസംബ്ലിയിലൂടെ നിർമ്മിക്കുക.

## പാഠം 4

# രാജ്യഭരണം

നമ്മുടെ തലസ്ഥാന നഗരമായ ഡൽഹിയിൽ 304 മുറികളുള്ള അതിപ്രൗഢമായ ഒരു മന്ദിരമുണ്ട്. അതിൻെറ മുകളിൽ നമ്മുടെ ത്രിവർണ പതാക പാറിക്കളിക്കുന്നുണ്ടാകും. അതാണ് നമ്മുടെ രാഷ്ട്രപതിഭവൻ. രാഷ്ട്രപതി താമസിക്കുന്നതും രാജ്യകാര്യങ്ങൾ നോക്കുന്നതും അവിടെവെച്ചാണ്. അത് കഴിഞ്ഞാൽ മന്ത്രിമന്ദിരങ്ങളിലും സെക്രട്ടറിയേറ്റിലെ തങ്ങളുടെ വിശാലമായ മുറികളിലും ഇരുന്ന് ജോലിചെയ്യുന്ന മന്ത്രിമാരുടെ ഒരു വലിയ സംഘം. പിന്നെയുള്ളത് ഉയർന്ന ഉദ്യഗസ്ഥന്മാരുടെ ബംഗ്ലാവുകളും ആഫീസുമുറികളുമാണ്. അവർക്കുകീഴിൽ നിരനിരയായി മേശയ്ക്കുമുമ്പിലിരുന്ന് ജോലി ചെയ്യുന്ന അനവധി പേർ. ഇങ്ങനെ എത്രയെത്ര ആഫീസുകൾ. ഇവയെല്ലാം ചേർന്നതാണ് കേന്ദ്രസർക്കാർ. കേന്ദ്രഭരണം നടത്തുന്നത് ഇവരാണ്.

ഇതുപോലെ ഓരോ സംസ്ഥാനത്തും ഉണ്ട്. ഗവർണർമാരും മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരും. ജില്ലകളിൽ ഭരണകേന്ദ്രം കലക്ടറാഫീസുകളാണ്. അനവധി വകുപ്പുകൾ അവിടെയുമുണ്ട്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഭരണത്തിന് നേതൃത്വംനൽകുന്നത് ജനങ്ങൾ തെരഞ്ഞെടുക്കുന്നവരാണ്. കാര്യങ്ങൾ ചെയ്യുന്നത് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരുപറ്റം ഉദ്യോഗസ്ഥന്മാരാണ്. ഏറ്റവും താഴെ വില്ലേജ് ഓഫീസുകൾ. തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തുന്ന രാഷ്ട്രപതി, മന്ത്രിമാർ, പഞ്ചായത്ത്മുനിസിപ്പാലിറ്റികളിലെ പ്രസിഡൻറുമാർ, അംഗങ്ങൾ തുടങ്ങിയവരാണ് ഭരണത്തിൻെറ തലപ്പത്തുള്ളത്. പക്ഷേ, അവരെല്ലാവരും കൂടിച്ചേർന്നാലും സർക്കാർ ആവില്ല. രാഷ്ട്രപതിയും ഗവർണർമാരും ഒപ്പിട്ടു ജോലിയിൽ നിയമിച്ചവർ കൂടിച്ചേർന്നതാണ് സർക്കാർ. മറ്റൊരുവിധേന പറഞ്ഞാൽ ഉദ്യോഗസ്ഥവിഭാഗം (ബ്യൂറോക്രസി) നമ്മുടെ ഭരണത്തിൻെറ നട്ടെല്ലാണ്. തെരഞ്ഞെടുപ്പിൽ നിന്ന് ജയിക്കുന്നതുപോലെയല്ല സർക്കാർ സർവീസിൽ ഉദ്യോഗം ലഭിക്കുന്നത്. ഓരോ ഉദ്യോഗത്തിനും ഇന്നിന്ന യോഗ്യത വേണമെന്ന്

നിയമങ്ങളിൽ പറയും. നിയമനത്തിന് തെരഞ്ഞെടുക്കേണ്ട രീതിയും നിയമങ്ങളിലുണ്ട്. ഐ.എ.എസ്, ഐ.പി.എസ് തുടങ്ങിയ പരീക്ഷകളിലൂടെയാണ് ഉയർന്ന ഉദ്യോഗങ്ങളിലേക്ക് ആളുകളെ തെരഞ്ഞെടുക്കുന്നത്. അത് നടത്തേണ്ട രീതി പാർലിമെൻറ് പാസാക്കിയ നിയമങ്ങളിലുമുണ്ട്. പരീക്ഷകൾ എഴുതി പാസാകണം. നിയമപ്രകാരമുള്ള പരിശീലനവും പൂർത്തിയാക്കണം. നിർദ്ദിഷ്ട വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് നിശ്ചിത പ്രായപരിധിക്കുള്ളിൽ മത്സര പ്പരീക്ഷകളിൽ പങ്കെടുക്കാം.

ഭരണം നടത്തുന്നവരെപ്പറ്റിയാണ് ഇതുവരെ പറഞ്ഞത്. എങ്ങനെയാണത് നടത്തേണ്ടതെന്നല്ലേ? രാഷ്ട്രപതി, മന്ത്രിമാർ, ഗവർണർമാർ എന്നിവരുടെ ചുമതലകൾ ഭരണഘടനയിൽ പറയുന്നുണ്ട്. അവരോരോരുത്തരും ഭരണഘടനയിലും നിയമങ്ങളിലും പറയുന്നതനുസരിച്ചു വേണം ഭരണംനടത്തുവാൻ. ഉദ്യോഗസ്ഥന്മാരുടെ ചുമതലകൾ അതാത് നിയമങ്ങളിൽ പറഞ്ഞിരിക്കും. മന്ത്രിസഭയുടെ തീരുമാനങ്ങൾ നടപ്പാക്കുന്ന ചുമതലയും ഉദ്യോഗസ്ഥന്മാർക്കാണ്. മന്ത്രിസഭയ്ക്ക് എന്തു തീരുമാനവും ഇഷ്ടംപോലെ എടുക്കാൻ അധികാരമില്ല. ഭരണഘടനയിലും നിയമത്തിലും പറയുന്നതിനെ അക്ഷരംപ്രതി അനുസരിച്ചുള്ള തീരുമാനങ്ങളേ എടുക്കാവൂ.

## ധനകാര്യം

എന്തിനും പണം മുന്നിൽനടക്കണമെന്ന് പറയാറുണ്ട്. നമ്മുടെ ഓരോരുത്തരെ സംബന്ധിച്ചുമാത്രമല്ല രാജ്യകാര്യങ്ങളെ സംബന്ധിച്ചും ഇത് ശരിയാണ്. രാജ്യകാര്യങ്ങൾക്ക് വൻതുക വേണമെന്ന് പറയേണ്ടതില്ലല്ലോ. ശമ്പളവും പെൻഷനും കൊടുക്കാൻതന്നെ ഒരുപാട് പണം വേണം. പിന്നെ ആശുപത്രികളും സ്കൂളുകളുംമറ്റും നടത്തണം. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ആശ്വാസനടപടികളെടുക്കണം. നിരത്തുകൾ നിർമിക്കുകയും സംരക്ഷിക്കുകയും വേണം. അങ്ങനെ പറഞ്ഞാലവസാനമില്ലാത്തതാണ് രാജ്യകാര്യങ്ങൾ.

## നികുതി : ജനങ്ങളുടെ പണം

ചെലവുചെയ്യാൻ വരുമാനം കണ്ടെത്തണം. നികുതികളും ചുങ്കങ്ങളും ലൈസൻസ് ഫീസുകളുമാണ് ഗവൺമെൻറിൻെറ പ്രധാന വരുമാനമാർഗങ്ങൾ. ''നിയമത്തിൻെറ ആധികാരികതയോടെയല്ലാതെ ഒരു നികുതിയും ചുമത്തരുത്'' എന്ന് ഭരണഘടന വിലക്കുന്നു. അപ്പോൾ നികുതി ചുമത്തണമെങ്കിൽ ആദ്യം ചെയ്യേണ്ടത് ഒരു നിയമം നിർമിക്കുകയാണ്. ആദായനികുതിക്ക് പാർലിമെൻറ് പാസാക്കിയ ആദായ നികുതി നിയമമുണ്ട്. വിൽപ്പനനികുതിക്ക് സംസ്ഥാന നിയമങ്ങളുണ്ട്. ഒരു പാസ്പോർട്ട് ലഭിക്കാൻ ഫീസ് കൊടുക്കേണ്ടതുണ്ട്. ഒരു വ്യവസായം തുടങ്ങാൻ ലൈസൻസ് വേണമെന്ന് നിർബന്ധിക്കുന്ന നിയമങ്ങളുണ്ട്. വാഹനങ്ങൾ പൊതുനിരത്തുകളിൽ ഓടിക്കുവാൻ വാഹനനികുതി കൊടുക്കണം. കേന്ദ്രവും സംസ്ഥാനങ്ങളും പഞ്ചായ

ത്തുകളും മുനിസിപ്പാലിറ്റികളും എല്ലാം നികുതിപിരിച്ചാണ് നിത്യചെലവിന് വകയുണ്ടാക്കുന്നത്.

മേൽപറഞ്ഞപ്രകാരം പിരിഞ്ഞുകിട്ടുന്ന പണം സൂക്ഷിക്കുന്ന സ്ഥാപനങ്ങളാണ് ട്രഷറികൾ. സർക്കാരിൻെറ പണപ്പെട്ടികളാണവ. ഈ പണപ്പെട്ടിയിൽ എത്തുന്ന പണം രണ്ടു വകയിൽ കണക്കുവെയ്ക്കണമെന്നാണ് ഭരണഘടനയിൽ പറയുന്നത്. സിംഹഭാഗവും'സഞ്ചിതനിധി' എന്നപേരിൽ വെയ്ക്കണം. കുറച്ച് പണം അപ്പപ്പോൾ വേണ്ടിവരുന്ന ചെലവുകൾക്ക് നീക്കിവെയ്ക്കാം. കൈച്ചെലവിന് കുറച്ച് കാശ് കീശയിൽ വെക്കാറില്ലേ? അതുപോലെ.

## എന്താണ് ബജറ്റ്?

സഞ്ചിതനിധിയിൽ കണക്കെഴുതിയ പണം നിയമത്തിൻെറ ആധികാരികതയോടെ മാത്രമേ തിരിച്ചെടുക്കാൻ പാടുള്ളൂവെന്ന് ഭരണഘടനയിൽ പ്രത്യേകം പറയുന്നുണ്ട്. എന്തെല്ലാം ആവശ്യങ്ങൾക്ക് എത്ര പണം എടുക്കാമെന്ന് മുൻകൂട്ടി കണക്കാക്കണം. അതിന് ഭരണഘടന നിർദ്ദേശിക്കുന്നത് ഓരോ വർഷാരംഭത്തിലും സർക്കാർ ആദ്യം ചെയ്യേണ്ടത് വരവുചെലവുകളുടെ ഒരു മതിപ്പ് കണക്കുണ്ടാക്കുകയാണ്. ഇത് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും മുടങ്ങാതെ ചെയ്യണം. എന്നിട്ടത് പാർലിമെൻറിലും നിയമസഭയിലും ചർച്ചയ്ക്ക് അവതരിപ്പിക്കണം. ചർച്ചചെയ്ത് പാസാക്കണം. വാർഷിക ധനകാര്യ നിർദ്ദേശം എന്നാണ് ഭരണഘടനയിലെ പ്രയോഗം. ബജറ്റ് എന്നാണ് പൊതുവിൽ പറയപ്പെടുന്നത്. ചെലവുചെയ്യുന്നത് ഈ കണക്കിൻെറ അടിസ്ഥാനത്തിൽ മാത്രമേ പാടുള്ളൂ. ചെലവുചെയ്യാനും സഭയുടെ അനുമതി വാങ്ങണം. അതായത് കണക്ക് സഭയിലവതരിപ്പിക്കണം. സഭ പാസാക്കണം. പെട്ടെന്ന് അപ്രതീക്ഷിതമായ ഒരു ചെലവ് വന്നാൽ അതിനാവശ്യമായ തുകയും സഭയെക്കൊണ്ട് അംഗീകരിപ്പിച്ച് വാങ്ങണം. സർക്കാരിൻെറ മർമപ്രധാനമായ ഒരു വകുപ്പാണ് ധനകാര്യവകുപ്പ്. പണപ്പെട്ടിയുടെ താക്കോൽ സൂക്ഷിക്കുന്നത് ഈ വകുപ്പാണ്. പണം തികയാതെ വരുമ്പോൾ കടംവാങ്ങുന്നത് സർക്കാരിൻെറ ഒരു പതിവാണ്. കടപ്പത്രം മുഖേന ജനങ്ങളോട് കടംവാങ്ങാറുണ്ട്. ആ വകയിൽ വൻതുക കിട്ടാൻ സാധ്യത കുറവാണ്. ഇവിടെയാണ് ലോകബാങ്കും ഏഷ്യൻ വികസന ബാങ്കും സഹായധനം നൽകാൻ തയ്യാറുള്ള വിദേശരാജ്യങ്ങളും രംഗത്തുവരുന്നത്. ഇങ്ങനെ കിട്ടുന്ന തുകകളും കണക്കിൽ ചേർക്കണം.

## വരവുചെലവുകളുടെ കണക്കപ്പിള്ള

വരവും ചെലവും സർക്കാരിൻെറ വിവിധ വകുപ്പുകൾ കണിശമായി കണക്കുവെയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഒരുദ്യോഗസ്ഥനുണ്ട്. ഭരണഘടനയിൽ ഈ ഉദ്യോഗസ്ഥനെപ്പറ്റി പ്രത്യേകം പറയുന്നുണ്ട്. അദ്ദേഹത്തെ പ്രസിഡൻറ് നിയമിക്കണമെന്നാണ് ഭരണഘടനാനിർദ്ദേശം. ഒരിക്കൽ നിയമിച്ചുകഴിഞ്ഞാൽ പുറത്താക്കാൻ പാർലിമെൻറിൽ ഒരു പ്രമേയം പാസാക്കണം. സുപ്രീം

കോടതി, ഹൈക്കോടതി ജഡ്ജിമാരെ പുറത്താക്കാനുള്ള അതേ നടപടി. ഭരണഘടനയിൽ കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ എന്നാണ് പേര് പറഞ്ഞിരിക്കുന്നത്. സർക്കാരിൻെറ എല്ലാ വകുപ്പുകളുടെയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന ചുമതല ഈ ഉദ്യോഗസ്ഥൻെറ കീഴിലുള്ള വകുപ്പിനാണ്. വല്ല തുകയും വകമാറി ചെലവുചെയ്താൽ അത് ഈ കണക്കപ്പിള്ളയുടെ ആൾക്കാർ കണ്ടുപിടിച്ച് റിപ്പോർട്ടു ചെയ്യും. വകമാറി ചെലവുചെയ്തവർ സമാധാനം ബോധിപ്പിക്കാൻ നിർബന്ധിതരാകും. അങ്ങനെ ചെയ്തവരിൽനിന്ന് അധികം ചെലവാക്കിയ തുക ഈടാക്കാൻ നടപടിയും ഉണ്ടാകും. ഈവക കാര്യങ്ങളൊന്നും ജനങ്ങൾക്കറിയാത്തതുകൊണ്ടാണ് പല ഉദ്യോഗസ്ഥന്മാർക്കും സർക്കാരിൻെറ പണം ദുർവ്യയംചെയ്യാൻ ധൈര്യമുണ്ടാകുന്നത്. ജനങ്ങൾ ജാഗ്രതപാലിച്ചാൽ മതി. കാര്യങ്ങളെല്ലാം കഴിയുന്നത്ര ഭരണഘടനയിലും നിയമങ്ങളിലും എഴുതിവെച്ചതുപോലെ മുറയ്ക്ക് നടക്കും.

## നിങ്ങൾക്ക് ചെയ്യാവുന്നവ:

1. നിങ്ങളുടെ നാട്ടിലെ ഒരു പഞ്ചായത്ത് അംഗത്തെ / മുനിസിപ്പാലിറ്റി കൗൺസിലറെ നേരിൽകാണുക. പഞ്ചായത്തിലെ / മുനിസിപ്പാലിറ്റിയിലെ ഭരണം ഏതുനിലയിലാണ് നടക്കുന്നതെന്ന് ചോദിച്ചു മനസ്സിലാക്കുക. കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് ആരായുക. അവയുടെ പണം കണ്ടെത്തിയതെങ്ങനെയെന്ന് മനസ്സിലാക്കുക. പഞ്ചായത്ത് / മുനിസിപ്പാലിറ്റി ബജറ്റിൻെറ ഒരു കോപ്പി ശേഖരിക്കുക; പരിശോധിക്കുക.

2. ഒരു സർക്കാർ ഉദ്യോഗസ്ഥനുമായി അഭിമുഖം നടത്തുക. അയാളുടെ വകുപ്പിൻെറ ഘടനയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും അന്വേഷിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

## പാഠം 5

# തിരഞ്ഞെടുപ്പും ജനങ്ങളും

തെരഞ്ഞെടുപ്പുകൾ എന്താണെന്ന് നിങ്ങൾക്കറിയാമല്ലോ. ലോകസഭയിലേക്കും നിയമസഭയിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടക്കുന്നു. നിങ്ങളുടെ വീട്ടിലെ മുതിർന്നവർ ആ തെര ഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യാറുണ്ട്. നിങ്ങൾക്ക് പക്ഷെ വോട്ടുചെയ്യാൻ കഴി ഞ്ഞിട്ടില്ല. എന്തുകൊണ്ട്?

എന്തെന്നാൽ വോട്ടുചെയ്യണമെങ്കിൽ 18 വയസ്സ് തികയണം.

പ്രായപൂർത്തി വോട്ടവകാശം ആണ് നമ്മുടെ നാട്ടിൽ. ഭരണഘടനയുടെ 326-ാം അനുഛേദം അതേക്കുറിച്ച് പറയുന്നു. അതിനാൽ ഭരണഘടന പ്രകാരം നിങ്ങൾക്ക് വോട്ടുചെയ്യാൻ കഴിയില്ല. നിയമം മറ്റു തരത്തിൽ അയോഗ്യരാക്കിയിട്ടില്ലെങ്കിൽ 18 വയസ്സ് പൂർത്തിയായ ഒരാളുടെ വോട്ടവകാശം നിഷേധിക്കുവാനും ഒരാൾക്കും കഴിയില്ല. അതാണ് ഭരണഘടനയുടെ അനുശാസനം.

## ആരാണ് തെരഞ്ഞെടുപ്പുകൾ നടത്തുന്നത്?

മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണറെ കൂടാതെ മറ്റു രണ്ട് കമ്മീഷണറെ കൂടി നിയമിക്കാമെന്ന് 324-ാം അനുഛേദം പറയുന്നുണ്ട്. അങ്ങനെയെങ്കിൽ കമ്മീഷൻെറ അദ്ധ്യക്ഷൻ ചീഫ് ഇലക്ഷൻ കമ്മീഷണർ തന്നെയായിരിക്കും. 1989-ൽ ആണ് ആദ്യമായി ഒന്നിൽകൂടുതൽ തെരഞ്ഞെടുപ്പു കമ്മീഷണർ ഉണ്ടായത്.

തെരഞ്ഞെടുപ്പു നടത്തിപ്പ്, അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകൽ ഉത്തരവുകൾ പുറപ്പെടുവിക്കൽ, തർക്കങ്ങളിൽ തീരുമാനമെടുക്കൽ എന്നിങ്ങനെ പോകുന്നു തെരഞ്ഞെടുപ്പു കമ്മീഷൻെറ ചുമതലകളും അധികാരങ്ങളും. കമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

തെരഞ്ഞെടുപ്പ് നടത്തിപ്പിനെ സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ ഉണ്ട്. അവയിൽ കോടതികൾ സാധാരണഗതിയിൽ ഇടപെടുകയില്ല. (329-ാം അനുഛേദം).

എന്നാൽ, നിയമപ്രകാരം കൊടുക്കുന്ന തെരഞ്ഞെടുപ്പു ഹർജികൾവഴി തെരഞ്ഞെടുപ്പു രീതികളെയും ഫലത്തെയും കോടതിയിൽ ചോദ്യം ചെയ്യാം.

നിയമപ്രകാരം എന്നുവെച്ചാലോ?

തെരഞ്ഞെടുപ്പു സംബന്ധിച്ച നിയമങ്ങൾ പ്രകാരം എന്നർത്ഥം.

എന്താണ് ആ നിയമങ്ങൾ?

1950–ലെയും 1951–ലെയും ജനപ്രാതിനിധ്യ നിയമങ്ങൾ.

1962–ലെയും 1972–ലെയും അതിർത്തി നിർണയനിയമങ്ങൾ. നിയോജക മണ്ഡലങ്ങളുടെ രൂപവും പരിധിയും നിശ്ചയിക്കുന്നതു സംബന്ധിച്ച നിയമങ്ങളാണ് ഇവ.

തെരഞ്ഞെടുപ്പ് ഹർജികൾ എവിടെയാണ് ഫയൽ ചെയ്യേണ്ടത്?

ഹൈക്കോടതികൾക്കാണ് അവ പരിശോധിക്കാനധികാരം. ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകാം.

'സ്വതന്ത്രമായ തെരഞ്ഞെടുപ്പു കമ്മീഷൻ' അതാണ് ഭരണഘടനയുടെ ലക്ഷ്യം. അതിന്റെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ഭരണകക്ഷിക്കോ രാഷ്ട്രീയ പാർട്ടികൾക്കോ അവകാശമില്ല. സ്വതന്ത്രമായ തെരഞ്ഞെടുപ്പുകൾ നടന്നാൽ മാത്രമേ ജനാധിപത്യം അർത്ഥവത്താകൂ. ബൂത്തുപിടുത്തം, ആള് മാറി വോട്ടുചെയ്യൽ, പോളിംഗ് ബൂത്തുകൾക്കടുത്ത് ആക്രമണം നടത്തൽ, മറ്റുള്ളവർ വോട്ടുചെയ്യുന്നത് തടയൽ–ഇവയെല്ലാം കുറ്റകൃത്യങ്ങളാണ്: ശിക്ഷാർഹവുമാണ്.

സത്യസന്ധമായി നിർവഹിക്കേണ്ട ഒരു അവകാശവും കടമയും ആണ് വോട്ടുചെയ്യൽ.

ശരിയായ തെരഞ്ഞെടുപ്പുകളിൽനിന്നുമാത്രമേ ശരിയായ ജനാധിപത്യം ഉണ്ടാകൂ.

## നിങ്ങൾക്ക് ചെയ്യാവുന്നവ

ഈ നിയമ പഠനക്ലാസിൽ സംബന്ധിക്കുന്ന കുട്ടികൾ ചേർന്ന് ഒരു തെരഞ്ഞെടുപ്പു കമ്മീഷൻ രൂപീകരിച്ച് ഒരു തെരഞ്ഞെടുപ്പു നടത്തി നോക്കുക. നിങ്ങളുടെ ക്ലാസിനെ ഒരു നിയോജകമണ്ഡലമായി സങ്കൽപ്പിക്കുക. ഒരു അംഗത്തെ സ്കൂൾ പാർലമെന്റിലേക്ക് തെരഞ്ഞെടുക്കുന്നതായി വിഭാവനം ചെയ്യുക. അതിനായി രൂപീകരിക്കുന്ന കമ്മീഷൻ എന്തെല്ലാം ചെയ്യണം? നിങ്ങളാണ് മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണറെങ്കിൽ എന്തുചെയ്യും? ഒരു കുറിപ്പ് എഴുതുക.

## പാഠം 6

# കോടതികൾ

## നീതിന്യായ വകുപ്പ്

സുപ്രീംകോടതിയും ഹൈക്കോടതിയും കീഴ്ക്കോടതികളും ഉൾക്കൊള്ളുന്നതാണ് നീതിന്യായ സംവിധാനം. ഒരു പിരമിഡിൻെറ മാതൃകയിലാണ് കോടതികളുടെ സംവിധാനം. ഏറ്റവും മുകളിൽ സുപ്രീംകോടതി. സംസ്ഥാനങ്ങളിലെ ഉന്നത നീതിപീഠങ്ങൾ ഹൈക്കോടതികളാണ്. ഓരോ ഹൈക്കോടതിയുടെയും താഴെ ജില്ലാ – സെഷൻസ് കോടതികൾ. അവയ്ക്ക് താഴെ സബോർഡിനേറ്റ് – അസിസ്റ്റൻറ് സെഷൻസ് ജഡ്ജിമാർ. ഏറ്റവും അടിത്തട്ടിൽ മുൻസിഫ് കോടതികളും മജിസ്ട്രേറ്റു കോടതികളും. പ്രത്യേക ട്രൈബ്യൂണലുകൾ വേറെയുണ്ട്. ഇവയെല്ലാം ചേർന്നതാണ് ഇന്ത്യയിലെ നീതിന്യായ സംവിധാനം.

## സുപ്രീംകോടതി

ഒരു ചീഫ് ജസ്റ്റിസും ഇരുപത്തഞ്ച് ജഡ്ജിമാരുമടങ്ങുന്നതാണ് സുപ്രീംകോടതി. മൗലികാവകാശങ്ങൾ നടപ്പാക്കികിട്ടാൻ ഏതൊരു പൗരനും സുപ്രീംകോടതിയെ നേരിട്ട് സമീപിക്കാമെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. മൗലികാവകാശ സംരക്ഷണമാണ് സുപ്രീംകോടതിയുടെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം. ഏതൊരാൾക്കും ഏറ്റവും വിലപ്പെട്ടത് സ്വന്തം ജീവനും സ്വാതന്ത്ര്യവുമാണല്ലോ. ഭരണഘടന ഉറപ്പുനൽകുന്ന ഏറ്റവും പ്രധാനം മൗലികവകാശവും ജീവൻെറയും സ്വാതന്ത്ര്യത്തിൻെറയും സംരക്ഷണമാണ്. ഈ കാര്യത്തിൽ സുപ്രീംകോടതി സ്വയം നടപടികളെടുത്തതിന് ഉദാഹരണങ്ങളുണ്ട്. ബീഹാറിൽ പോലീസുകാർ കളവുകേസുകൾ ആരോപിച്ച് ഏതാനുംപേരെ അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കി. അവർ സ്ഥിരം കുറ്റവാളികളാണെന്ന് സംശയിച്ച് അവരുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു. ഇതിനെ സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെടുത്തിയതിൻെറ അടിസ്ഥാനത്തിൽ സുപ്രീംകോടതി സർക്കാരിനെതിരെ കേസ്സെടുത്തു നഷ്ടപരിഹാരം

നൽകാൻ കൽപ്പിക്കുകയുണ്ടായി. മനുഷ്യ ജീവന്റെയും സ്വാതന്ത്ര്യത്തിന്റെയും കാര്യത്തിൽ ഔപചാരികമായ ഒരു ഹർജി ബോധിപ്പിക്കപ്പെടണമെന്നുപോലും ഇല്ല. വിവരം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെട്ടാൽമതി. കോടതി യുക്തമായ നടപടികളെടുത്തേക്കാം.

സർക്കാരുകൾ തമ്മിലുള്ള അവകാശത്തർക്കങ്ങൾ വിചാരണ ചെയ്യുവാൻ സുപ്രീംകോടതിക്ക് മാത്രമേ അധികാരമുള്ളു. മറ്റു കോടതികളുടെ വിധികൾക്കും ഉത്തരവുകൾക്കും എതിരെ സാധാരണ നിലയിൽ സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതല്ല. ഹൈക്കോടതി വിധിച്ച കേസ്സുകളിൽ സുപ്രീംകോടതി പരിഗണിക്കേണ്ട ഒരു നിയമപ്രശ്നം അതിലുണ്ടെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ സാധാരണഗതിയിൽ അപ്പീൽ സ്വീകരിക്കപ്പെടൂ. ക്രിമിനൽ കേസ്സുകളിൽ കീഴ്ക്കോടതി വെറുതെവിട്ട ഒരാളെ അപ്പീലിൽ ഹൈക്കോടതി മരണശിക്ഷക്ക് വിധിച്ചാൽ അയാൾക്ക് സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ അവകാശമുണ്ട്. സുപ്രീംകോടതിയുടെ മറ്റൊരു പ്രധാനപ്പെട്ട അധികാരം ഇന്ത്യയിലെ ഏതൊരു കോടതിയുടെയും ഏത് വിധിയും ഉത്തരവും തീരുമാനവും പുനഃപരിശോധിക്കുന്നതിന് പ്രത്യേകാനുമതി കൊടുക്കാവുന്നതാണ്. അത് ആവശ്യമാണെന്ന് സുപ്രീംകോടതിക്ക് ബോദ്ധ്യപ്പെടണം. നീതി ആർക്കും നിഷേധിക്കപ്പെടാതിരിക്കാനുള്ള ഒരു മുൻകരുതലാണിത്. രാഷ്ട്രപതിക്ക് പ്രധാന പ്രശ്നങ്ങളിൽ സുപ്രീംകോടതിയുടെ ഉപദേശം തേടാവുന്നതാണ്. പ്രശ്നത്തിന്റെ എല്ലാവശങ്ങളും കേസ്സ് വിചാരണയുടെ അതേ രീതിയിൽ അഭിപ്രായം രൂപീകരിച്ച് പ്രസിഡണ്ടിനെ അറിയിക്കും.

ഇന്ത്യയിൽ നിയമകാര്യങ്ങളിൽ അവസാനവാക്ക് സുപ്രീം കോടതിയുടേതാണ്. സുപ്രീംകോടതി വിധികളും അവയിലെ തത്ത്വങ്ങളും ഇന്ത്യയിലെ എല്ലാ കോടതികളും അനുസരിക്കണം. ഒരു സുപ്രീംകോടതിവിധി പുനഃപരിശോധിക്കാനുള്ള അധികാരം സുപ്രീംകോടതിക്ക് മാത്രമേയുള്ളൂ. ലോകത്തെ ഏറ്റവും അധികാരമുള്ള സുപ്രീംകോടതി ഇന്ത്യയിലേതാണെന്ന് പറയാറുണ്ട്.

## ഹൈക്കോടതി

ഓരോ സംസ്ഥാനത്തിനും ഓരോ ഹൈക്കോടതിയുണ്ട്. ഒരു ഹൈക്കോടതിവിധിയിലെ നിയമങ്ങൾ ആ ഹൈക്കോടതിയുടെ അധികാരാതിർത്തിയിലുള്ള പ്രദേശങ്ങളിലെ കോടതികൾ നിർബന്ധമായും അനുസരിക്കണം. മൗലികാവകാശങ്ങൾ നടപ്പിലാക്കാൻ റിട്ടുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതികൾക്കും അധികാരമുണ്ട്. മൗലികാവകാശങ്ങൾക്കു മാത്രമല്ല മറ്റാവശ്യങ്ങൾക്കും റിട്ടുകൾ പുറപ്പെടുവിക്കാവുന്നതാണ്. കൊലക്കുറ്റങ്ങൾ വിചാരണ ചെയ്ത് ശിക്ഷിക്കാനുള്ള അധികാരം സെഷൻസ് കോടതികൾക്കാണ്. എന്നാൽ, സെഷൻസ് കോടതി മരണശിക്ഷ നൽകിയാൽ അത് ഹൈക്കോടതി സ്ഥിരീകരിക്കണം. ഹൈക്കോടതിയുടെ അപ്പീലധികാരം വളരെ വിപുലമാണ്. പലതരം സിവിൽ കേസുകളിലും ക്രിമിനൽ കേസുകളിലും

കീഴ്ക്കോടതി വിധികൾക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാൻ വ്യവസ്ഥയുണ്ട്. ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം എന്ന് ഒരു നിയമത്തിൽ പറഞ്ഞിരിക്കണം. കുടുംബകോടതികളുടെ വിധികൾക്കെതിരെ ഹൈക്കോടതിക്കാണ് അപ്പീൽ അധികാരമെന്ന് കുടുംബകോടതി നിയമത്തിൽ പറയുന്നുണ്ട്. അതുപോലെ ചിലയിനം സിവിൽകേസുകളിൽ കീഴ്കോടതിയുടെ വിധിക്കെതിരെ അപ്പീൽ അധികാരം ഹൈക്കോടതിക്കാണെന്ന് കേരളസിവിൽ കോടതിനിയമത്തിൽ പറയുന്നുണ്ട്. ക്രിമിനൽ കേസ്സുകളിലും, അതിൻെറ സ്വഭാവമനുസരിച്ച് ഹൈക്കോടതിക്ക് അപ്പീൽ അധികാരം ഉണ്ട്.

ഒരു ഹൈക്കോടതിയുടെ കീഴിലുള്ള എല്ലാ കോടതികളുടേയും മേൽനോട്ടാധികാരം ഹൈക്കോടതിക്കാണ്. ഓരോ ജില്ലയിലേയും കോടതി കളുടെ മേൽനോട്ടം ഓരോ ജഡ്ജിയെ ചുമതലപ്പെടുത്തുകയാണ് ഹൈക്കോടതി ചെയ്യുന്നത്.

## റിട്ടധികാരം

'റിട്ട്' എന്ന വാക്കിൻെറ അർത്ഥം 'കൽപ്പന' എന്നാണ്. ഇന്നത് ചെയ്യണം എന്നോ ചെയ്യരുത് എന്നോ കോടതി കൽപ്പിക്കുന്നതിനാണ് റിട്ടു പുറപ്പെടുവിക്കുക എന്ന് പറയുക. ഇന്ത്യയിൽ റിട്ട് അധികാരം സുപ്രീംകോടതിക്കും ഹൈക്കോടതികൾക്കും മാത്രമേയുള്ളു. ഇംഗ്ലണ്ടിലെ കോടതികളിലായിരുന്നു റിട്ടധികാരത്തിൻെറ ഉത്ഭവം. ഹേബിയസ് കോർപ്പസ്, മാൻഡമസ്, ക്വോവാറൻേറാ, പ്രൊഹിബിഷൻ, സെർഷ്യോറാറി എന്നീ അഞ്ചുതരം റിട്ടുകളുണ്ട്.

## ഹേബിയസ് കോർപസ്

'ഹേബിയസ് കോർപസ്' എന്നതിൻെറ അർത്ഥം 'ശരീരം ഹാജരാക്കുക' എന്നാണ്. അന്യായമായി തടവിലാക്കപ്പെട്ട ഒരാളെ വിടുവിക്കുവാൻ ഉപയോഗിക്കുന്ന ഒരു റിട്ടാണിത്. തടവിലാക്കപ്പെട്ട ആളുടെ ബന്ധുകൾക്കോ സുഹൃത്തുക്കൾക്കോ ആയാളുടെ സ്വാതന്ത്ര്യത്തിൽ താൽപര്യം ഉള്ള ഏതെങ്കിലും ഒരാൾക്കോ ഈ റിട്ടുഹർജി ബോധിപ്പിക്കാവുന്നതാണ്. തടഞ്ഞുവെക്കപ്പെട്ട ആളെ കോടതിയിൽ ഹാജരാക്കാനാവശ്യമായ ഉത്തരവുകൾ കോടതി പുറപ്പെടുവിക്കും. ഹാജരാക്കപ്പെട്ടതിനുശേഷം അന്യായമായിട്ടാണ് തടവിലാക്കിയതെന്ന് കണ്ടാൽ കോടതി അയാളെ സ്വതന്ത്രനാക്കും. പോലീസ് അന്യായമായി കസ്റ്റഡിയിലെടുത്ത ആളെ വിടുവിക്കാൻ ഫലപ്രദമായ ഒരു മാർഗ്ഗമാണ് ഈ റിട്ട്.

## മാൻഡമസ് റിട്ട്

'മാൻഡമസ്' എന്നാൽ കൽപ്പന എന്നാണ് അർത്ഥം. ഒരു വ്യക്തിയോ സ്ഥാപനമോ നിയമപരമായി നിർവ്വഹിക്കേണ്ട ഒരു കടമ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ മാൻഡമസ് റിട്ടാണ് അതിൻെറ

പ്രതിവിധി. ഈ റിട്ട് സർക്കാരിനെതിരെയും ഉപയോഗിക്കാവുന്നതാണ്. എല്ലാ സംസ്ഥാന സർക്കാരുകളും ഉപഭോക്തൃതർക്കപരിഹാരത്തിന് നിർദ്ദേശിച്ച ഉപഭോക്തൃ തർക്കപരിഹാര സംസ്ഥാന കമ്മീഷനുകളും ജില്ലാ ഫോറങ്ങളും സ്ഥാപിക്കണമെന്ന് നിഷ്കർഷിക്കുന്ന ഒരു വകുപ്പ് 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലുണ്ട്. അപ്രകാരം ചെയ്യുന്നത് ഇന്ത്യയിലെ എല്ലാ സംസ്ഥാന സർക്കാരുകളും നീട്ടിക്കൊണ്ടുപോയി. പ്രശ്നം ഒരു മാൻഡമസ് റിട്ട് മുഖേന സുപ്രീം കോടതിയിൽ ഉന്നയിക്കപ്പെട്ടു. സമയപരിധി നിശ്ചയിച്ചുകൊണ്ട് സംസ്ഥാന കമ്മീഷനുകളും ജില്ലാ ഫോറങ്ങളും സ്ഥാപിക്കാൻ സുപ്രീംകോടതി മാൻഡമസ് റിട്ട് പുറപ്പെടുവിച്ചു.

## ക്വോവാറാൻേറാ റിട്ട്

തനിക്ക്  അവകാശമില്ലാത്ത ഒരു സ്ഥാനത്തോ പദവിയിലോ ഒരാൾ കയറിപറ്റുകയോ ഇല്ലാത്ത അധികാരം പ്രയോഗിക്കുകയോ മറ്റോ ചെയ്താൽ അതിനെതിരെ അതിൽ പരാതിയുള്ളവർക്ക് ഉപയോഗിക്കാവുന്ന ഒരു പ്രതിവിധിയാണ് ക്വോവാറാൻേറാ റിട്ട്. നിയമസഭയിൽ അംഗമല്ലാത്ത ഒരാളെ മന്ത്രിയാക്കാം. പക്ഷേ, ആറു മാസത്തിനുള്ളിൽ അയാൾ നിയമസഭാംഗത്വം നേടണം. എങ്കിലേ മന്ത്രിസ്ഥാനത്ത് തുടരാൻ അവകാശമുള്ളൂ. അംഗത്വം നേടാതെ ഒരാൾ ആറു മാസത്തിന്നപ്പുറവും മന്ത്രിയായി തുടർന്നാൽ ഏതൊരു പൗരനും ക്വോവാറാൻേറാ റിട്ടിനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. അയാളുടെ മന്ത്രിസ്ഥാനം നഷ്ടപ്പെട്ടതായി കോടതി വിധിക്കും.

## പ്രൊഹിബിഷൻ റിട്ടുകൾ

ഇവ സുപ്രീംകോടതിയും ഹൈക്കോടതികളും കീഴ്ക്കോടതികൾക്ക് നൽകുന്ന നിരോധന ഉത്തരവുകൾ ആണ്. ഒരു പ്രശ്നം ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കവേ അതേ പ്രശ്നം ഒരു കീഴ്ക്കോടതി പരിഗണിക്കുന്നുവെന്ന് വെക്കുക. അപ്പോൾ കീഴ്ക്കോടതിയോട് കേസ് വിചാരണ അഥവാ കേസ് പരിഗണന നിർത്തിവെക്കണമെന്ന് ഹൈക്കോടതിക്ക് ആവശ്യപ്പെടാം. അതിനായി പ്രൊഹിബിഷൻ റിട്ടു പുറപ്പെടുവിക്കുകയും ചെയ്യാം.

കീഴ്ക്കോടതികൾക്ക് പുറമെ മറ്റ് അധികാരികൾ അവരുടെ പരിധി ലംഘിക്കുന്നപക്ഷം, ആവശ്യമെങ്കിൽ, ഉചിതമായ സന്ദർഭങ്ങളിൽ പ്രൊഹിബിഷൻ റിട്ടുകൾ പുറപ്പെടുവിക്കാമെന്ന് നമ്മുടെ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

## സെർഷ്യോറാറി റിട്ടുകൾ

ഒരു സർക്കാർ ഉദ്യോഗസ്ഥൻ നിയമവിരുദ്ധമോ ഭരണഘടനാ വിരുദ്ധമോ ആയ ഒരു ഉത്തരവ് പുറപ്പെടുവിച്ചു എന്നു വെക്കുക. ഹൈക്കോടതിക്ക് അതിൽ ഇടപ്പെട്ട് ആ ഉത്തരവ് റദ്ദാക്കാം. ഒരു

ഉദാഹരണം പറയാം. സ്ഥലത്തെ ഒരു പൊതുവഴി ഒരു പ്രത്യേക സമുദായത്തിൽപ്പെട്ടവർ ഉപയോഗിക്കരുതെന്ന് ജില്ലാ കലക്ടർ ഉത്തരവിറക്കിയെന്നുവെക്കുക. ഹൈക്കോടതിക്ക് സെർഷ്യോറാറി റിട്ടുപയോഗിച്ച് അത് റദ്ദാക്കാം.

## കീഴ്ക്കോടതികൾ

ഹൈക്കോടതിയുടെ തൊട്ടു താഴെയുള്ളത് ജില്ലാ കോടതികളും സെഷൻസ് കോടതികളുമാണ്. ജില്ലാ കോടതി ഒരു സിവിൽകോടതിയും സെഷൻസ് കോടതി ഒരു ക്രിമിനൽ കോടതിയുമാണ്. ഓരോ ജില്ലയിലും ഓരോ ജില്ലാകോടതിയും സെഷൻസ് കോടതിയും സംസ്ഥാന സർക്കാർ സ്ഥാപിക്കണം. ഈ രണ്ടു കോടതികൾക്കും കൂടി ഒരു ജഡ്ജിയാണ്. ജില്ലാ ആൻറ് സെഷൻസ് ജഡ്ജി. ഏതെങ്കിലും ജില്ലയിൽ ആവശ്യമായി വന്നാൽ ഒന്നിലധികം ജില്ലാ കോടതികളും സെഷൻസ് കോടതികളും സ്ഥാപിക്കാവുന്നതാണ്. അഡീഷണൽ ജില്ലാകോടതി അഡീഷണൽ സെഷൻസ്കോടതി എന്നാണ് അവക്ക് പറയുക.

ജില്ലാ - സെഷൻസ് ജഡ്ജിയുടെ തൊട്ടു താഴെയായി സബോർഡിനേറ്റ് ജഡ്ജിമാരേയും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരേയും നിയമിച്ചിരിക്കുന്നു. ക്രിമിനൽകേസ്സുകളാണ് സെഷൻസ് കോടതിയുടെ അധികാരപരിധിയിൽ വരുന്നത്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഏതെല്ലാം വകുപ്പുകളനുസരിച്ചുള്ള കുറ്റങ്ങളാണ് സെഷൻസ് കോടതിയിൽ വിസ്തരിക്കേണ്ടതെന്ന് കാണിക്കുന്ന ഒരു പട്ടിക ക്രിമിനൽ നടപടി നിയമത്തിലുണ്ട്. കൊലപാതകം, രാജ്യദ്രോഹം, കലാപമുണ്ടാക്കൽ തുടങ്ങിയ ഗുരുതരമായ കുറ്റങ്ങളുടെ വിചാരണാധികാരം സെഷൻസ് കോടതികൾക്കാണ്. ജീവപര്യന്തം തടവും മരണശിക്ഷയുമാണ് ഇന്ത്യയിൽ നിലവിലുള്ള ശിക്ഷകളിൽ ഏറ്റവും കൂടിയത്. ഇതു രണ്ടും നൽകാൻ സെഷൻസ് കോടതികൾക്ക് അധികാരമുണ്ട്. ജില്ലാ കോടതികൾക്കും സെഷൻസ് കോടതികൾക്കും അവയ്ക്ക് താഴെയുള്ള കോടതികളിൽനിന്നുള്ള അപ്പീലുകൾ വിചാരണചെയ്യാൻ അധികാരമുണ്ട്.

## സബോർഡിനേറ്റ് ജഡ്ജിമാർ

ജില്ലാ ജഡ്ജിയുടെ തൊട്ടുതാഴെയുള്ള കോടതി സബോർഡിനേറ്റ് ജഡ്ജിയുടെ കോടതികളാണ്. സബ്കോടതികൾ എന്ന ചുരുക്കപ്പേരിലും അവ അറിയപ്പെടുന്നു. സിവിൽ കേസുകളിൽ തർക്കവിഷയത്തിന്റെ മൂല്യം ഒരുലക്ഷം രൂപയിൽ അധികം വന്നാൽ സബ്കോടതിക്കാണ് വിചാരണാധികാരം. ജില്ലാ കോടതിക്കും ഇതേ അധികാരമുണ്ട്. കേരളത്തിൽ ജില്ലാ കോടതികൾ ഈ വിഭാഗത്തിൽപ്പെട്ട കേസ്സുകൾ

കൈകാര്യം ചെയ്യാറില്ല. അതുകൊണ്ട് തർക്കവിഷയത്തിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽ കൂടുതൽ എത്രയായാലും സബ്കോടതിയിലാണ് കേസ്സുകൊടുക്കേണ്ടത്.

സബ്കോടതിയിലും അസിസ്റ്റൻഡ് സെഷൻസ് കോടതിയിലും ഒരേ ആളെ തന്നെയാണ് ജഡ്ജിയായി നിയമിക്കാറ്. അസിസ്റ്റൻഡ് സെഷൻസ് കോടതിക്ക് മരണശിക്ഷയും ജീവപര്യന്തം തടവും 10 വർഷം കവിയുന്ന തടവും ഒഴികെയുള്ള എല്ലാ ശിക്ഷകളും നൽകാൻ അധികാരമുണ്ട്.

## മുൻസിഫ് കോടതികൾ

സിവിൽകോടതികളിൽ ഏറ്റവും താഴെ തട്ടിലുള്ളതാണ് മുൻസിഫ് കോടതികൾ. തർക്കവിഷയം ഒരുലക്ഷം രൂപയിൽ കവിയാത്ത എല്ലാ കേസുകളും മുൻസിഫ് കോടതികളിലാണ് ബോധിപ്പിക്കേണ്ടത്. മുൻസിഫ് കോടതിവിധികൾക്കെതിരെ ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ഏതെല്ലാം വില്ലേജുകളാണ് ഓരോ സബ്കോടതിയുടേയും മുൻസിഫ് കോടതിയുടേയും അധികാര പരിധിയിൽ എന്ന് സർക്കാർ വിജ്ഞാപനം മുഖേന തീരുമാനിക്കണം. മുൻസിഫ്മാരിൽ നിന്ന് സീനിയോറിട്ടിയടി സ്ഥാനത്തിൽ പ്രമോഷൻ നൽകിയാണ് സബോർഡിനേറ്റ് ജഡ്ജിമാരെ നിയമിക്കുക.

## മജിസ്ട്രേറ്റ് കോടതികൾ

ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളാണ് മജിസ്ട്രേറ്റു കോടതികൾ. ദേഹോപദ്രവം, കളവ്, അശ്രദ്ധമായി വാഹനമോടിച്ചോ മറ്റോ പരിക്കേൽപ്പിക്കൽ മുതലായ ഇന്ത്യൻ പീനൽകോഡിലെ ഒട്ടേറെ കുറ്റങ്ങൾക്ക് വിചാരണാധികാരം മജിസ്ട്രേറ്റുകോടതികൾക്കാണെന്ന് ക്രിമിനൽ നടപടിയിനത്തിലെ ഒരു പട്ടികയിൽ കൊടുത്തിട്ടുണ്ട്. ഓരോ ജില്ലയിലും ഒരു മജിസ്ട്രേറ്റിനെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായി നിയമിക്കും. ഏതെല്ലാം പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിലാണ് ഓരോ മജിസ്ട്രേറ്റ് കോടതിയുടെയും അധികാരപരിധിയെന്ന് സർക്കാർ വിജ്ഞാപനം മുഖേന പ്രഖ്യാപിക്കണം. ഒരു മജിസ്ട്രേറ്റിന് പരമാവധി മൂന്നു വർഷം തടവും അയ്യായിരം രൂപയിൽ കവിയാത്ത പിഴയും ശിക്ഷയായി വിധിക്കാൻ അധികാരമുണ്ട്. ചീഫ് ജുഡീഷൽ മജിസ്ട്രേറ്റിന് മരണശിക്ഷയും ജീവപര്യന്തം തടവും ഏഴുവർഷം കവിയുന്ന തടവും ഒഴികെ ഏതു ശിക്ഷയും നൽകാം. മജിസ്ട്രേറ്റ് കോടതി കൽപ്പിച്ച ശിക്ഷക്കെതിരെ സെഷൻസ് കോടതിയിൽ അപ്പീലുണ്ട്.

ഇന്ത്യയിൽ കൽക്കത്ത, ബോംബെ, മദിരാശി (ഇപ്പോൾ ചെന്നൈ) എന്നീ നഗരങ്ങൾ മെട്രോപ്പോളിറ്റൻ നഗരങ്ങളെന്ന പേരിൽ അറിയപ്പെടുന്നു. മെട്രോപോളിറ്റൻ നഗരങ്ങളിൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റുമാർക്കുപകരം മെട്രോപോളിറ്റൻ മജിസ്ട്രേറ്റുമാരാണ്.

അതുപോലെ ഒരു ചീഫ് മെട്രോ പോളിറ്റൻ മജിസ്ട്രേറ്റും. പേരിലേ വ്യത്യാസമുള്ളൂ. അധികാരങ്ങൾ ഒന്നുതന്നെയാണ്.

## ട്രൈബ്യൂണലുകൾ

കാലതാമസം ഒഴിവാക്കിക്കൊണ്ട് പെട്ടെന്ന് തീരുമാനിക്കേണ്ട വിഭാഗത്തിൽപ്പെട്ട കേസ്സുകളുണ്ട്. വാഹന അപകടത്തിൽ പരിക്ക്പറ്റി അവശനായിത്തീർന്ന ആൾക്കുള്ള നഷ്ടപരിഹാരം. ഈ വക കാര്യങ്ങൾക്ക് ട്രൈബ്യൂണലുകളാണ് ഇന്നുള്ളത്. ട്രൈബ്യൂണലുകൾ കോടതികളല്ല. പക്ഷേ, അവിടെ ഹർജി എഴുതിക്കൊടുക്കണം. വാദിയും എതിർ വാദിയുമുണ്ട്. തെളിവെടുപ്പ് നടക്കും. പ്രശ്നത്തിൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് വിധിയെഴുതും. അതിനെതിരെ കക്ഷികൾക്ക് അപ്പീൽ നൽകാൻ വ്യവസ്ഥയുമുണ്ട്. അതായത് കോടതിയുടെ കെട്ടും മട്ടും ഉണ്ട്. പക്ഷേ, സിവിൽ നടപടി നിയമത്തിലെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ ബാധകമല്ല. അതിനുപകരം ചട്ടങ്ങൾ മുഖേന നിർദ്ദേശി ച്ചിരിക്കുന്ന ലളിതമായ നടപടികളാണുള്ളത്. തൊഴിൽ തർക്കങ്ങൾ മുഴുവനും കൈകാര്യം ചെയ്യുന്നത് ട്രൈബ്യൂണലുകളാണ്. ലേബർകോടതി എന്ന പേരിലുള്ളതും ഒരു ട്രൈബ്യൂണൽ തന്നെ.

## നടപടി ക്രമങ്ങളും കാലതാമസവും

സിവിൽ കോടതിയിൽ കേസു നൽകിക്കഴിഞ്ഞാൽ ആദ്യം അത് കോടതിയിൽ സ്വീകരിക്കപ്പെടണം. എതിർകക്ഷികൾക്ക് സമൻസ് അയക്കണം. പിന്നീട് എതിർകക്ഷി തന്റെ വാദം എഴുതി ബോധിപ്പിക്കണം. സാക്ഷികളുടെ പട്ടിക കൊടുക്കണം. രേഖകൾ ഹാജരാക്കണം. ചിലപ്പോൾ കമ്മീഷൻ റിപ്പോർട്ടുകൾ വേണ്ടിവരും. ഇങ്ങനെ ഒട്ടേറെ നടപടികൾ എടുക്കേണ്ടതായുണ്ട്. നടപടിക്രമങ്ങൾ കോടതിരേഖയിൽ ഉണ്ടാകും. വാദിക്കും പ്രതിക്കും പറയാനുള്ളത് മുഴുവൻ കോടതി കേൾക്കണം. ഇതിനായാണ് നടപടിക്രമങ്ങൾ. കേസുകൾക്ക് കാലതാമസം വരാനുള്ള ഒരു കാരണവും നടപടിക്രമങ്ങൾ തന്നെ.

### നിങ്ങൾക്ക് ചെയ്യാവുന്നവ:

- കഴിഞ്ഞ ഒരു മാസത്തെ പത്രങ്ങൾ പരിശോധിക്കുക. അതിൽ റിപ്പോർട്ടു ചെയ്തിട്ടുള്ള സുപ്രീംകോടതിയുടെയും ഹൈക്കോടതികളുടെയും ഇടക്കാല ഉത്തരവുകളും അന്തിമവിധികളും ഏതെല്ലാമാണെന്ന് രേഖപ്പെടുത്തുക. അവയിൽനിന്നും ഏതെല്ലാം കാര്യങ്ങളിലാണ് റിട്ടുകൾ പുറപ്പെടുവിച്ചതെന്നു പരിശോധിക്കുക. അവ മുകളിൽ പറഞ്ഞവയിൽ ഏതുവിഭാഗം റിട്ടായിരിക്കുമെന്ന് രേഖപ്പെടുത്തുക.
- വാർത്തയുടെ ചുരുക്കത്തിനു നേരെ നിങ്ങൾ എഴുതി ഉത്തരങ്ങൾ നിങ്ങളുടെ അദ്ധ്യാപകനെ/അടുത്തുള്ള അഭിഭാഷകനെ കാണിക്കുക.

ശരിയോ തെറ്റോ എന്നു നോക്കുക. തെറ്റുവന്നതെങ്ങനെയെന്ന് ആലോചിക്കുക. തിരുത്തുക.

- നിങ്ങളുടെ സമീപത്തുള്ള ഒരു സിവിൽ കോടതി സന്ദർശിക്കുക. രണ്ടു മണിക്കൂർ നേരമെങ്കിലും അവിടെയിരുന്ന് കാര്യങ്ങൾ ശ്രദ്ധിക്കുക. നടപടി ക്രമങ്ങൾ മനസിലാക്കുക. നിങ്ങൾ കോടതിയിൽ നിന്നും മനസ്സി ലാക്കിയ കാര്യങ്ങൾ കുറിച്ചുവെക്കുക. കഴിയുമെങ്കിൽ കുറച്ചുകൂടി ദിവസ ങ്ങളിൽ കോടതിയിൽ പോവുക. കൂടുതൽ കാര്യങ്ങൾ മനസിലാക്കാൻ ശ്രമിക്കുക.
- നിങ്ങൾ കുറച്ചുപേർ ചേർന്ന് ഒരു കോടതി രൂപീകരിക്കുക. ഒരു തർക്കവിഷയം എടുത്ത് വിചാരണ ചെയ്ത്, വാദങ്ങൾ ഉന്നയിച്ച്, പരിശോധിച്ച് വിധിപറയുക. ജഡ്ജിയും അഭിഭാഷകരും കക്ഷികളും സാക്ഷികളും എല്ലാം നിങ്ങളിൽ നിന്നുമാകട്ടെ.

## പാഠം 7

# സർക്കാർ സർവീസ്

**കാ**ര്യനിർവഹണം അഥവാ ഭരണനിർവഹണത്തെക്കുറിച്ച് 4-ാം പാഠത്തിൽ പറഞ്ഞു. ഇതിനെല്ലാം മന്ത്രിമാർമാത്രം മതിയോ? നിങ്ങളുടെ നാട്ടിൽ ഒരു കുറ്റകൃത്യം നടക്കുന്നു. അതെക്കുറിച്ച് നേരിട്ട് അന്വേഷിച്ച് കേസെടുക്കേണ്ടത് ആരാണ്? ആഭ്യന്തരമന്ത്രിയോ അതോ സ്ഥലത്തെ പോലീസ് സബ് ഇൻസ്പെക്ടറോ?

ഉത്തരം വ്യക്തം. സ്ഥലത്തെ സബ് ഇൻസ്പെക്ടർ.

അതുപോലെ നിങ്ങളുടെ നാട്ടിൽ ഒരാൾക്ക് രോഗംവന്നാൽ സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ അടുത്തേക്കാണ് അയാൾ പോവുക. അല്ലാതെ ആരോഗ്യമന്ത്രിയുടെ അടുത്തേക്കല്ല.

പോലീസ് ഇൻസ്പെക്ടർ, സർക്കാർ ഡോക്ടർമാർ, സർക്കാർ ഓഫീസുകളിലെ ക്ലർക്കുമാർ, ഇതര ഉദ്യോഗസ്ഥന്മാർ, കലക്ടർ ഇവരെല്ലാം കാര്യനിർവഹണത്തിൽ പങ്കെടുക്കുന്നവർതന്നെ.

ഇവരെ ആരാണ് തെരഞ്ഞെടുക്കുന്നത്?

എം.എൽ.എമാരെയും എം.പിമാരെയും തെരഞ്ഞെടുക്കുന്നതുപോലെ നിങ്ങളുടെ ജില്ലയിലെ കലക്ടറെ നിങ്ങൾക്ക് തെരഞ്ഞെടുക്കാൻ കഴിയുമോ?

ഇല്ല. ഉദ്യോഗസ്ഥന്മാരെ, സർക്കാർ ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് ജനങ്ങളല്ല. പബ്ലിക് സർവീസ് കമ്മീഷനാണ്. അവരെ 'ഇലക്ട്' ചെയ്യുകയല്ല, 'സെലക്ട്' ചെയ്യുകയാണ്. അതിന് വ്യക്തമായ മാനദണ്ഡം വേണം. സർക്കാർ ഉദ്യോഗസ്ഥർ കാര്യനിർവഹണ മേഖലയിലെ 'സ്ഥിരവിഭാഗം' ആണ്. രാഷ്ട്രീയവിഭാഗം (മന്ത്രിമാർ) ഭരണം മാറുന്നതനുസരിച്ച് മാറിവരും. എന്നാൽ, ഭരണംമാറുന്നതനുസരിച്ച് സർക്കാർ ജീവനക്കാർ മാറുന്നുണ്ടോ? അങ്ങനെയെങ്കിൽ എന്തായിരിക്കും അവസ്ഥ?

ഒരു സർക്കാരിൻെറ കാലത്ത് സർക്കാർ ജോലി നേടിയവരെയൊക്കെ വേറൊരു സർക്കാർ വന്നാൽ പിരിച്ചുവിട്ടാലത്തെ സ്ഥിതി എന്തായിരിക്കും?

അതു നടപ്പില്ല. സർക്കാർ ജീവനക്കാരുടെ സേവനകാലം നിശ്ചയിക്കാനും അവരെ പിരിച്ചുവിടുന്നതിനുമെല്ലാം വ്യക്തമായ നിയമങ്ങളും വ്യവസ്ഥകളും വേണം. അതെക്കുറിച്ചെല്ലാമാണ് ഭരണഘടനയുടെ 309, 310, 311 അനുഛേദങ്ങൾ പറയുന്നത്. എന്നാൽ, സർക്കാർ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനോ?

അതറിയാൻ 320-ാം അനുഛേദം നോക്കണം. അതാണ് പബ്ലിക് സർവീസ് കമ്മീഷൻ സംബന്ധിച്ച അനുഛേദം.

കേന്ദ്ര യൂണിയന് ഒരു പബ്ലിക് സർവീസ് കമ്മീഷൻ - യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ. സംസ്ഥാനങ്ങൾക്ക് വെവ്വേറെ സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകൾ.

കേരള സംസ്ഥാനത്തിലെ പബ്ലിക് സർവീസ് കമ്മീഷൻെറ പേര്- കേരള പബ്ലിക് സർവീസ് കമ്മീഷൻ (കെ.പി.എസ്.സി). ചില സംസ്ഥാനങ്ങൾക്ക് പൊതുവായും പബ്ലിക് സർവീസ് കമ്മീഷനാകാം.

കമ്മീഷനിൽ ചെയർമാൻ ഉണ്ടാകും. അംഗങ്ങളും ഉണ്ടാകും. അവരെ നിയമിക്കുന്നത് യൂണിയൻ കമ്മീഷൻെറ കാര്യത്തിൽ രാഷ്ട്രപതി. സംസ്ഥാന കമ്മീഷനുകളുടെ കാര്യത്തിൽ ഗവർണറും. പബ്ലിക് സർവീസ് കമ്മീഷനുകൾ സ്വതന്ത്രമായ ഭരണഘടനാ സ്ഥാപനങ്ങളാണ്. അതിൻെറ പ്രവർത്തനങ്ങൾ സുഗമമായി നടന്നാൽമാത്രമേ രാജ്യത്തെ സിവിൽ സർവീസ് രംഗം ശക്തവും വിശ്വസനീയവുമാകൂ.

ശരിയായ വിധത്തിൽ മത്സര പരീക്ഷകൾ നടക്കണം. ശരിയായ വിധത്തിൽ മൂല്യനിർണയവും ഇൻറർവ്യൂവും ഉണ്ടാവണം. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കണം.

സർക്കാർ സർവീസിലേക്ക് മാത്രമല്ല നിയമാനുസൃതം ഉണ്ടാക്കിയിട്ടുള്ള മറ്റു സംവിധാനങ്ങളിലും ഉദ്യോഗാർത്ഥികളിൽനിന്നും യോഗ്യരായ ആളുകളെ തെരഞ്ഞെടുക്കേണ്ടത് പബ്ലിക് സർവീസ് കമ്മീഷനാണ്. (321ാം അനുഛേദം)

ഉദാഹരണം.

- കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
- കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
- ജില്ലാ സഹകരണ ബാങ്ക്

**നിങ്ങൾക്ക് ചെയ്യാവുന്നവ:**

- അടുത്തകാലത്ത് പത്രങ്ങളിൽ വന്ന പബ്ലിക് സർവീസ് കമ്മീഷനുകളുടെ രണ്ട് വിജ്ഞാപനങ്ങൾ ഏതെങ്കിലും ശേഖരിക്കുക.
- അവയിൽ പറഞ്ഞ പ്രധാന കാര്യങ്ങൾ എന്തൊക്കെ എന്ന് രേഖപ്പെടുത്തുക.
- പബ്ലിക് സർവീസ് കമ്മീഷനിലേക്ക് ജോലിക്കായി സമർപ്പിക്കുന്ന അപേക്ഷയുടെ ഒരു മാതൃക സംഘടിപ്പിക്കുക. അത് പരിശോധിച്ചു നോക്കുക. അവയിൽ ആവശ്യപ്പെട്ട പ്രധാന വിവരങ്ങൾ എന്തെല്ലാമെന്ന് രേഖപ്പെടുത്തുക.

## പാഠം 8

# അധികാരം ജനങ്ങളിലേക്ക്

## പഞ്ചായത്തി രാജ്

"സ്വാതന്ത്ര്യം അടിത്തട്ടിൽനിന്നാരംഭിക്കണം.

ഓരോ ഗ്രാമവും പൂർണ അധികാരങ്ങളുള്ള ഓരോ റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം." ഇത് പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി. സ്വാതന്ത്ര്യത്തിലേക്ക് രാജ്യത്തെ നയിക്കുന്നതിൽ മാത്രമായിരുന്നില്ല അദ്ദേഹം നമുക്ക് മാർഗദർശനം നൽകിയത്. സ്വതന്ത്ര ഭാരതം എങ്ങനെ കെട്ടിപ്പടുക്കണമെന്ന കാര്യത്തിലും അദ്ദേഹത്തിന് സുനിശ്ചിതമായ അഭിപ്രായങ്ങളുണ്ടായിരുന്നു. അവയുടെ കൂട്ടത്തിൽ അതിപ്രധാനമായ ഒന്നായിരുന്നു പഞ്ചായത്തിരാജ് എന്ന സങ്കൽപ്പം. ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്ന ഗാന്ധിയൻ ദർശനം പ്രസിദ്ധമാണല്ലോ. 'ഗ്രാമസ്വരാജ്' ആണ് ഗാന്ധിയുടെ സ്വപ്നം. ഈ വഴിക്കും ഉണ്ടായി നിയമങ്ങൾ.

## പഞ്ചായത്തിരാജ് ഭരണഘടനാ ഭേദഗതികൾ

ഇന്ത്യൻ ഭരണഘടന 1950-ൽ നടപ്പാക്കപ്പെടുമ്പോൾ 'പഞ്ചായത്തിരാജ്' സംവിധാനത്തിന് അതിൽ സ്ഥാനംകൊടുക്കാൻ നമുക്ക് കഴിയാതെപോയി. പകരം 'സംസ്ഥാനങ്ങളുടെ യൂണിയൻ' ആയ ഒരിന്ത്യക്ക് രൂപംകൊടുക്കുകയാണ് നാം ചെയ്തത്. ഇതൊരു പോരായ്മയായിരുന്നു. അമേരിക്കൻ രീതിയിൽ സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ എന്നനിലയിൽ മാത്രം നമ്മുടെ രാജ്യത്തെ കാണാവുന്നതല്ല. ഗാന്ധിജി പറഞ്ഞതുപോലെ ഗ്രാമങ്ങൾ എന്ന കൊച്ചു റിപ്പബ്ലിക്കുകളിലേക്ക് അധികാരങ്ങൾ വികേന്ദ്രീകരിക്കപ്പെടണം.

ഗാന്ധിജിയുടെ 'ഗ്രാമസ്വരാജ്' എന്ന ആശയത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ. 1992-ൽ നാം അംഗീകരിച്ച് നടപ്പാക്കിയ പഞ്ചായത്തീരാജ് ഭരണഘടനാ ഭേദഗതികൾ അധികാരവികേന്ദ്രീകരണത്തിനായുള്ള ഭരണഘടനാപരമായ പരിശ്രമമാണ്. ഭരണഘടനയിൽ രണ്ടു ഭാഗങ്ങൾ എഴുതിച്ചേർക്കുകയാണ് ഇതിനായി നാം ചെയ്തത്.

പഞ്ചായത്തുകൾ 9ാംഭാഗമായും മുനിസിപ്പാലിറ്റികൾ 9എ

ഭാഗമായും ഭരണഘടനയിൽ എഴുതിച്ചേർത്തു. അതോടെ ഇന്ത്യയുടെ രൂപഘടനതന്നെ അടിസ്ഥാനപരമായ മാറ്റത്തിന് വിധേയമായി. അതിനുമുമ്പ് രാഷ്ട്രത്തിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും 'യൂണിയൻ', 'സംസ്ഥാനങ്ങൾ' എന്നീ രണ്ടു ഘടകങ്ങൾക്കിടയിൽ വീതിക്കപ്പെട്ടിരിക്കയായിരുന്നു. ഇപ്പോൾ അടിസ്ഥാനതലത്തിൽതന്നെ അധികാര വികേന്ദ്രീകരണം വിഭാവനംചെയ്യപ്പെട്ടിരിക്കുന്നു. ജനകീയാസൂത്രണത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ.

## ഗ്രാമങ്ങളും നഗരങ്ങളും

ഗ്രാമങ്ങൾ, നഗരങ്ങളായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന ഗ്രാമങ്ങൾ, ചെറിയ നഗരങ്ങൾ, വലിയ നഗരങ്ങൾ എന്നിവയ്ക്കുകൂടി ഭരണഘടനയിൽ സ്ഥാനംനൽകിക്കൊണ്ടാണ് ഭരണഘടനാ ഭേദഗതി ഉണ്ടായത്. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പേരുവിവരം കാണിക്കുന്ന ഒരു പട്ടിക ഭരണഘടനയിലുണ്ട്. ഒന്നാം പട്ടിക ഇന്ത്യയിലെ ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും പേര് ഭരണഘടനയിൽ ഉൾപ്പെടുത്തണമെങ്കിൽ അതിന് അനവധി പേജുകൾ വേണ്ടിവരും. അവയുടെ പേരുകൾ ഉൾപെടുത്തുന്നതിനുപകരം അവയെ പേരെടുത്തു പറഞ്ഞുകൊണ്ട് ഗവർണർമാർ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് വ്യവസ്ഥചെയ്തിരിക്കുകയാണ്. ഗ്രാമങ്ങൾക്ക് പഞ്ചായത്തുകളും നഗരങ്ങൾക്ക് മുനിസിപ്പാലിറ്റികളുമാണ് ഭരണഘടന നിർദ്ദേശിക്കുന്നത്.

## പഞ്ചായത്തുകൾ മൂന്ന് തലങ്ങളിൽ

ഒന്നോ അതിലധികമോ ഗ്രാമങ്ങൾക്ക് ഒരു ഗ്രാമപഞ്ചായത്ത്, ഒരു ജില്ലയിലെ മുഴുവൻ ഗ്രാമപ്രദേശങ്ങളും ഉൾപ്പെടുന്ന ഒരു ജില്ലാപഞ്ചായത്ത്. ഇവ രണ്ടിനുമിടയിൽ ഏതാനും ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ഇടനില പഞ്ചായത്തുകൾ. ഇങ്ങനെയാണ് പഞ്ചായത്തുകളുടെ സംവിധാനം. കേരള പഞ്ചായത്തിരാജ് നിയമത്തിൽ ഇടനില പഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്ത് എന്നാണ് പേര് നൽകിയിരിക്കുന്നത്.20 ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽ ഇടനില പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല.

ഓരോ ജില്ലയിലെയും ഗ്രാമപ്രദേശങ്ങൾ മുഴുവനും ജില്ലാപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരും. അവശേഷിക്കുന്നത് നഗരങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഗ്രാമങ്ങളോ, ചെറിയ നഗരങ്ങളോ, വലിയ നഗര ങ്ങളോ ആയിരിക്കും. ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങൾ ഓരോ ജില്ലയിലും കൈവിരലിൽ എണ്ണാൻമാത്രമേ ഉണ്ടാവുകയുള്ളൂ. ഇന്ത്യ മുഴുവനായി എടുത്താൽ 80 ശതമാനത്തിലധികം പ്രദേശങ്ങളും ഗ്രാമങ്ങളാണ്. മുനിസിപ്പാലിറ്റികളെക്കാൾ എത്രയോ മടങ്ങുവരും പഞ്ചായത്തുകളുടെ എണ്ണം. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനശിലകളാണ് പഞ്ചായത്തുകൾ.1992 വരെ പഞ്ചായത്തുകളെ അവഗണിച്ചു കൊണ്ട് മുന്നോട്ടുപോകാനുള്ള ശ്രമമായിരുന്നു നാം നടത്തിയിരുന്നത്.

പഞ്ചായത്തിരാജ് ഭേദഗതികളിലൂടെ നാം ഈ തെറ്റ് തിരുത്താൻ ശ്രമിച്ചിരിക്കുന്നു. ആ ശ്രമം വിജയിപ്പിക്കേണ്ടതും നാംതന്നെയാണ്.

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കാലാവധി സുനിശ്ചിതമാക്കുന്നു. മേൽപറഞ്ഞ ഭരണഘടനാഭേദഗതിക്ക് മുമ്പും പഞ്ചായത്തുകൾ ഉണ്ടായിരുന്നു. അധികാരങ്ങൾ കുറഞ്ഞ ആ പഞ്ചായത്തുകളെക്കുറിച്ച് നിങ്ങൾക്ക് നേരിട്ടറിവുണ്ടാകില്ല. വീട്ടിൽചെന്ന് അച്ഛനോടും അമ്മയോടും അതേക്കുറിച്ച് ചോദിച്ചുനോക്കൂ. 1992-ന് മുമ്പുണ്ടായിരുന്ന പഞ്ചായത്തുകൾ എങ്ങനെയായിരുന്നുവെന്ന് മനസ്സിലാക്കുക. ഇപ്പോഴത്തെ പഞ്ചായത്തുകൾക്ക് അവയെ അപേക്ഷിച്ചുള്ള പ്രത്യേകതകൾ എന്തെല്ലാമാണ്? ഒരു അന്വേഷണം നടത്തിനോക്കൂ. ഒരു കുറിപ്പ് തയ്യാറാക്കി കൊണ്ടുവരൂ. മുമ്പത്തെ പഞ്ചായത്തുകളിൽ കൃത്യമായി തെരഞ്ഞെടുപ്പുകൾ നടക്കാറില്ലായിരുന്നു. ചില വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ രണ്ട് പതിറ്റാണ്ടുകളോളം തെരഞ്ഞെടുപ്പ് നടക്കാതിരുന്ന പഞ്ചായത്തുകൾ ഉണ്ടായിരുന്നു. ഇപ്പോൾ ആ സ്ഥിതി മാറി. പാർലമെൻറിൻെറയും സംസ്ഥാന നിയമസഭകളുടെയും കാലാവധി അഞ്ചുകൊല്ലമായി ഭരണഘടനയിൽ വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു. (അനുഛേദം 83, 172). അതിലപ്പുറം ആവരുത് എന്നും അതോടൊപ്പം പറയുന്നുണ്ട്. അതേ വാക്കുകളിൽതന്നെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കാലാവധിയും ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നു. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കാര്യത്തിൽ ഈ കാലാവധി കഴിയുന്നതിനുമുമ്പ് തെരഞ്ഞെടുപ്പുകൾ നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

## ധനകാര്യ കമ്മീഷൻ

പഞ്ചായത്തിരാജ് ഭേദഗതി മുഖേന ഒരു സംസ്ഥാന ധനകാര്യ കമ്മീഷൻകൂടി നിലവിൽവന്നിരിക്കയാണ്. 9, 9 എ ഭാഗങ്ങളിൽ ധനകാര്യകമ്മീഷനെ സംബന്ധിച്ച് പറയുന്നുണ്ട്. സംസ്ഥാനത്തിൻെറ നികുതിവരുമാനത്തിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ട വിഹിതവും സഹായധനവും എത്രയായിരിക്കണമെന്ന് ഗവർണർക്ക് ശുപാർശനൽകുകയാണ് കമ്മീഷൻെറ പ്രധാന ചുമതല. പഞ്ചായത്തുകളുടെയുംമുനിസിപ്പാലിറ്റികളുടെയും ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടികൾ ശുപാർശചെയ്യുന്നതും കമ്മീഷൻെറ ചുമതലയാണ്. ഭരണകാര്യങ്ങളിൽ എല്ലാ പൗരന്മാർക്കും അവസരം നൽകുന്നു.

1992-ലെ പഞ്ചായത്തിരാജ് ഭേദഗതി ഓരോ പൗരനും രാഷ്ട്രത്തിൻെറ കാര്യങ്ങൾ നേരിട്ട് കൈകാര്യംചെയ്യാൻ ഒരവസരമൊരുക്കുന്നുണ്ട്. അതാണ് ഗ്രാമസഭകൾ. ഒരു ഗ്രാമസഭയുടെ പ്രദേശത്തിൽ വോട്ടർപട്ടികയിൽ പേരുള്ള എല്ലാവരും ഗ്രാമസഭയിലെ അംഗങ്ങളാണ്. പുരാതനകാലത്ത് റോമൻ റിപ്പബ്ലിക്കിൽ അങ്ങനെയായിരുന്നു എന്നാണ് ചില ചരിത്രകാരന്മാർ പറയുന്നത്. ഒരു പ്രദേശത്തെ

ആളുകൾ ഒന്നിച്ചിരുന്ന് കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനമെടുത്ത് പ്രാവർത്തികമാക്കുന്ന ഒരു രീതി പുരാതന ഭാരതത്തിലും ഉണ്ടായിരുന്നതായി ചില ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

## ഗ്രാമസഭയുടെ ചുമതലകൾ

ഗ്രാമസഭകളുടെ ചുമതലകളെന്തെല്ലാമാണ്? കേരള പഞ്ചായത്തിരാജ് നിയമത്തിൽ അക്കാര്യം അക്കമിട്ട് പറഞ്ഞിരിക്കുന്നു.

1. ഗ്രാമത്തിൻെറ വികസനപദ്ധതികൾ തയ്യാറാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹായംനൽകുക. അവയുടെ നടത്തിപ്പിന് മേൽനോട്ടംവഹിക്കുക.
2. പഞ്ചായത്തിലെ വിവിധ ജനവിഭാഗങ്ങൾ തമ്മിൽ സൗഹൃദവും ഐക്യവും വളർത്തുക.
3. സാമൂഹികക്ഷേമ പരിപാടികൾക്കുവേണ്ടി ശ്രമദാനം സ്വീകരിക്കുക. സാധനങ്ങളോ പണമോ ആയിട്ടുള്ള സംഭാവനകൾ സമാഹരിക്കുക.
4. ഗ്രാമത്തെ സംബന്ധിച്ച വികസനപദ്ധതികളുടെ നിർവഹണത്തിൽ സഹായിക്കുക.
5. തങ്ങളുടെ പ്രദേശത്തെ സംബന്ധിച്ച് വികസനപദ്ധതികളുടെയും ക്ഷേമപദ്ധതികളുടെയും നിർവഹണത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ സഹായിക്കുക.
6. സാക്ഷരതാപ്രവർത്തനങ്ങളുടെ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും അവയുടെ നിർവ്വഹണത്തിന് സഹായിക്കുകയും ചെയ്യുക.

ഗ്രാമജീവിതത്തിൻെറ എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്നവയാണ് മേൽപ്പറഞ്ഞ ചുമതലകൾ എന്ന് കാണാൻ വിഷമമില്ല. ഗ്രാമസഭകളിൽ നിക്ഷിപ്തമായ ചുമതലകൾ കൂടി ജനങ്ങൾ സ്വന്തം കയ്യിൽ തന്നെ വെച്ചിരിക്കുന്ന ചുമതലകളാണ്. ഇന്ത്യൻ ഭരണഘടന രൂപകൽപ്പന ചെയ്യുന്ന ജനാധിപത്യസംവിധാനത്തിലെ ഉജ്ജ്വലമായ വഴിത്തിരിവാണ് ഇതുവഴി ഉണ്ടായിട്ടുള്ളത്. ഗ്രാമസഭകൾക്ക് പഞ്ചായത്തിരാജ് ഭേദഗതികൾ ഭരണഘടനാ പദവി നൽകുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്.

## വാർഡ് കമ്മിറ്റികൾ

മൂന്നുലക്ഷമോ അതിലധികമോ ജനസംഖ്യയുള്ള ഏതൊരു മുനിസിപ്പാലിറ്റിയിലും ഓരോ വാർഡിലും ഓരോ വാർഡ് കമ്മിറ്റി രൂപീകരിക്കണം. വാർഡ് കമ്മിറ്റിയിൽ താഴെപ്പറയുന്ന വിഭാഗത്തിൽനിന്ന് ഓരോ ആളെ നാമനിർദ്ദേശം ചെയ്യണം.

(1) വാർഡിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തലവന്മാർ.

(2) വാർഡിലെ ഹൗസിംഗ് കോളനികളിലെ താമസക്കാരുടെ സംഘടനകളുടെ പ്രസിഡൻറുമാർ.

(3) പിന്നോക്കവിഭാഗക്കാരുടെ വികസനസൊസൈറ്റികളുടെ പ്രസിഡൻറുമാർ.

(4) പ്രധാന വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ.

(5) വ്യാപാരി സംഘടനകളുടെ പ്രതിനിധികൾ.

(6) അംഗീകൃത തൊഴിലാളി യൂണിയനുകളുടെ പ്രതിനിധികൾ.

(7) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യൂണിയൻ ചെയർമാൻമാർ.

(8) കലാ കായിക സാംസ്ക്കാരിക സംഘടനകളുടെ പ്രതിനിധികൾ.

(9) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ.

(10) സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ.

(11) പൗരന്മാരുടെ മൂന്നു പ്രതിനിധികൾ.

ചെയർപേഴ്സൺ, വാർഡിലെ കൗൺസിലറുമായി ആലോചിച്ചുവേണം ഇങ്ങനെ നാമനിർദേശം ചെയ്യാൻ.

പഞ്ചായത്തുകളിലെ ഗ്രാമസഭകളുടെ അതേ ചുമതലകൾ മുനിസിപ്പാലിറ്റികളിലെ വാർഡു കമ്മിറ്റികൾക്കും നൽകിയിരിക്കയാണ്.

## ആസൂത്രണ കമ്മിറ്റിക്ക് ഭരണഘടനാ വ്യവസ്ഥ

ഒരു ധനകാര്യ കമ്മീഷന് വ്യവസ്ഥ ഭരണഘടനയിൽ നേരത്തെയുണ്ടായിരുന്നു. ഒരു സംസ്ഥാന ധനകാര്യ കമ്മീഷൻ കൂടി പഞ്ചായത്ത് മുനിസിപ്പാലിറ്റികൾക്ക് വ്യവസ്ഥ ചെയ്യപ്പെട്ടതായി നാം മനസ്സിലാക്കിയല്ലോ. ആസൂത്രണത്തെ സംബന്ധിച്ച ഒരു വ്യവസ്ഥ ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അതിപ്രകാരമാണ്: ''ഓരോ സംസ്ഥാനത്തിലും ഓരോ ജില്ലയിലേയും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന വികസനപദ്ധതികൾ ഒന്നിച്ചു ചേർത്ത് ജില്ലയ്ക്ക് മുഴുവനായി ഒരു വികസനപദ്ധതി തയ്യാറാക്കാൻ ജില്ലാതലത്തിൽ ഒരു ജില്ലാ ആസൂത്രണ കമ്മിറ്റി രൂപവൽക്കരിക്കണം''. നേരത്തെ ആസൂത്രണപദ്ധതികളെ സംബന്ധിച്ച് ഭരണഘടനയിൽ ഒന്നും പറഞ്ഞിരുന്നില്ല. എന്നാൽ ആസൂത്രണ കമ്മീഷൻ തുടർച്ചയായി രൂപീകരിക്കപ്പെടുകയുണ്ടായി. പഞ്ചവൽസര പദ്ധതികൾ ഒന്നിനു പുറകെ ഒന്നായി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി. ഇവയെല്ലാം കേന്ദ്രതലത്തിൽ നിന്നായിരുന്നുവെന്നു മാത്രം. പദ്ധതികൾക്ക് രൂപംകൊടുക്കുന്നതും അതിന് പണം കണ്ടെത്തുന്നതും സംസ്ഥാനങ്ങളുടെ വിഹിതം നിശ്ചയിക്കുന്നതും എല്ലാം യൂണിയൻ തലത്തിലായിരുന്നു. അധികാര കേന്ദ്രീകരണത്തിൻെറ ഉദാഹരണമാണത്. ആ പശ്ചാത്തലത്തിൽ നോക്കുമ്പോഴാണ് രാഷ്ട്ര പുനർനിർമ്മാണത്തിലെ മർമ്മപ്രധാനമായ വികസനമേഖലയിലും വികേന്ദ്രീകരണരംഗത്തും നാം

ഭരണഘടനാപരമായ ഒരു വിപ്ലവം നടത്തിയകാര്യം വ്യക്തമായി മനസ്സിലാവുക.

## വികസനം അടിത്തട്ടിൽനിന്ന്

പഞ്ചായത്ത് സംവിധാനത്തിൻെറ അടിത്തട്ടിലുള്ളതാണല്ലോ ഗ്രാമസഭകൾ. കേരള പഞ്ചായത്തിരാജ് നിയമത്തിൽ ഗ്രാമസഭകളുടെ ചുമതലകളിൽ അതത് പ്രദേശത്തിൻെറ വികസനാവശ്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നതായി നാം കണ്ടുവല്ലോ. ഗ്രാമസഭകൾ നൽകുന്ന നിർദ്ദേശങ്ങൾ സമാഹരിച്ച് ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും അടുത്ത വർഷത്തേക്കുള്ള വികസനപദ്ധതികൾക്ക് രൂപം നൽകണം. ഗ്രാമപഞ്ചായത്തുകളുടെ വികസനപദ്ധതികൾ സമാഹരിച്ച് ബ്ലോക്ക് പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളുടേത് സമാഹരിച്ച് ജില്ലാപഞ്ചായത്തുകളും വികസനപദ്ധതികൾക്ക് രൂപംകൊടുക്കണം. മുനിസിപ്പാലിറ്റി തലത്തിൽ ഒരു പദ്ധതി തയ്യാറാക്കണം. ജില്ലാപഞ്ചായത്തിൻെറയും ജില്ലയിലെ മുനിസിപ്പാലിറ്റികളുടെയും വികസനപദ്ധതികൾ സമാഹരിച്ച് ജില്ലയ്ക്ക് മുഴുവനായി ഒരു പദ്ധതിക്ക് രൂപംകൊടുക്കുകയാണ് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ ഭരണഘടനാപരമായ ചുമതല.

## വിവരാവകാശ നിയമം

സർക്കാർ ഓഫീസുകൾ, സർവകലാശാലകൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ഇതരപൊതുസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കാര്യങ്ങൾ രേഖാമൂലം അറിയുവാനുള്ള അവകാശം പൊതുജനങ്ങൾക്കുണ്ടെന്ന് പ്രഖ്യാപിക്കുന്ന വിവരാവകാശ നിയമം (ഞശഴവ േീ കിളീൃാമശേീി അരേ) 2005 ൽ നിലവിൽ വന്നു. കേന്ദ്ര നിയമമാണിത്. എന്തു വിധത്തിലുള്ള വിവരങ്ങളും രേഖകളുമാണ് വേണ്ടതെന്നു കാണിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിലെ ഇൻഫർമേഷൻ ഓഫീസർക്കാണ് ഹർജി കൊടുക്കേണ്ടത്. വിവരങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ നൽകാതിരുന്നാൽ ഉദ്യോഗസ്ഥർ പിഴയടയ്ക്കേണ്ടി വരും.

രേഖകളും വിവരങ്ങളും രഹസ്യമാക്കിവെച്ചുകൊണ്ട് അഴിമതിയും ക്രമക്കേടുകളും നടത്തുന്ന ദുഃസ്ഥിതിക്ക് വിരാമമിടുക എന്നതുകൂടി വിവരാവകാശ നിയമത്തിന്റെ ലക്ഷ്യമാണ്. സർക്കാരിനും ജനങ്ങൾക്കുമിടയിൽ രഹസ്യങ്ങൾ വേണ്ട എന്നതാണ് ഈ നിയമത്തിന്റെ പൊതുവായ നിലപാട്. എന്നാൽ രാജ്യ സുരക്ഷ, കേസന്വേഷണം, വ്യപാര രഹസ്യങ്ങൾ, കോടതി വിലക്കിയ കാര്യങ്ങൾ, വ്യക്തിയുടെ സ്വകാര്യത തുടങ്ങിയ ഒരുകൂട്ടം കാര്യങ്ങൾക്ക് വിവരാവകാശം ബാധകമല്ല. അത്തരം കാര്യങ്ങളിൽ വിവരങ്ങൾ ലഭിക്കാൻ പൗരന്മാർക്ക് അവകാശമുണ്ടവുകയില്ല എന്നർത്ഥം. നിയമത്തിന്റെ 8-ാം വകുപ്പിൽ ആണ് ഇവ പറഞ്ഞിട്ടുള്ളത്.

ഏറെ വിപ്ലവകരമായ ഒരു നിയമമാണിത്. നമ്മുടെ ജനാധിപത്യത്തിന്റെ സൂര്യ തേജസ്സ് !

**നിങ്ങൾക്ക് ചെയ്യാവുന്നവ:**

- നിങ്ങളുടെ നാട്ടിൽ ഗ്രാമസഭ കൂടുമ്പോൾ മുൻകൂട്ടി അനുവാദം വാങ്ങി അതിൽ പങ്കെടുക്കുക. അവിടെ നടക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. അവ രേഖപ്പെടുത്തി ഒരു കുറിപ്പു തയ്യാറാക്കുക. അത്തരം ഒരു സഭയിൽ, അനുവദിക്കപ്പെട്ടിരുന്നുവെങ്കിൽ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ഉന്നയിക്കുമായിരുന്നു?
- നിങ്ങളുടെ അയൽപക്കത്തുള്ള അഞ്ചോ പത്തോ കൂട്ടുകാരുമായി ചേർന്ന് ഗ്രാമസഭയുടെ രൂപത്തിൽ ഒരു 'ബാലസഭ' രൂപീകരിച്ചു നോക്കുക. സ്വന്തം പ്രദേശത്തിൻെറ വികസനത്തിനും പുരോഗതിക്കും ക്ഷേമത്തിനും സമാധാനത്തിനും വേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെപ്പറ്റി ഒരു കുറിപ്പു തയ്യാറാക്കുക. കുട്ടികളായ നിങ്ങൾക്ക് പ്രത്യേകമായി എന്തെല്ലാം ചെയ്യാനാകുമെന്ന് ആലോചിച്ച് ഒരു 'പ്രവർത്തനരേഖ' തയ്യാറാക്കുക. അധ്യാപകൻെറയും രക്ഷിതാക്കളുടെയും അനുമതിയോടെ അത് പ്രാവർത്തികമാക്കുക.

## പാഠം 9

# മനുഷ്യാവകാശങ്ങൾ

**ലോ**കപ്രസിദ്ധ സാഹിത്യകാരനും നോബൽസമ്മാന ജേതാവുമായ മാർക്വസിനെക്കുറിച്ച് കേട്ടിട്ടുണ്ടോ. മാർക്വസ് നോബൽസമ്മാനം സ്വീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു:

''ഒരാൾ എങ്ങനെ മരിക്കണമെന്ന് മറ്റൊരാൾക്ക് തീരുമാനിക്കാൻ കഴിയാത്ത ലോകം ഉണ്ടാകണം. അതാണ് എന്റെ സ്വപ്നം.''

എന്നുവച്ചാൽ യുദ്ധത്തിലാകട്ടെ, അക്രമത്തിലാകട്ടെ, ലഹളകളിലാകട്ടെ മനുഷ്യൻ മനുഷ്യനെ കൊല്ലുന്ന അവസ്ഥ ഇല്ലാതാകണം.

''കൊലചെയ്യരുത്'' എന്ന് ബുദ്ധനും ക്രിസ്തുവും മുതൽ ഗാന്ധിജി വരെയുള്ള മഹത്തുക്കൾ പറഞ്ഞു.

ജീവിക്കാനുള്ള മൗലികാവകാശത്തെക്കുറിച്ച് ഭരണഘടനയും പറയുന്നു. (അനുഛേദം 21)

അതൊരു മനുഷ്യാവകാശംകൂടിയാണ്. മൗലികാവകാശങ്ങൾ പലതും മനുഷ്യാവകാശങ്ങൾകൂടിയാണ്. എന്നാൽ മൗലികാവകാശങ്ങളെക്കാൾ വിപുലവും വിശാലവുമാണ് മനുഷ്യാവകാശങ്ങളുടെ മേഖല.

''മനുഷ്യാവകാശങ്ങൾ എന്നാൽ ജീവൻ, സ്വാതന്ത്ര്യം, സമത്വം, അന്തസ്സ് എന്നിവയെ സംബന്ധിച്ചും ഓരോ മനുഷ്യനും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ അഥവാ ഇന്ത്യയിലെ കോടതികൾക്ക് നടപ്പാക്കാവുന്ന അന്താരാഷ്ട്ര കരാറുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അവകാശങ്ങൾ എന്നാണ് അർത്ഥം.'' 1986-ലെ മനുഷ്യാവകാശ നിയമത്തിലെ നിർവചനമാണ് മേലുദ്ധരിച്ചത്. അമേരിക്കൻ ഐക്യനാടുകളിലെ ഭരണഘടനയിൽ ഇപ്രകാരമുള്ള ഏതാനും അവകാശങ്ങൾ വ്യവസ്ഥചെയ്തുവെച്ചിട്ടുണ്ട്, 'ബിൽ ഓഫ് റൈറ്റ്സ്' എന്ന പേരിൽ. അതിനുശേഷം നിർമിക്കപ്പെട്ട മറ്റുരാജ്യങ്ങളിലെ ഭരണഘടനകളിലും ഈ അവകാശങ്ങൾക്ക് പ്രാധാന്യംനൽകുന്നുണ്ട്. ബ്രിട്ടനിൽ ഒരു ലിഖിത ഭരണഘടനയില്ല. ബ്രിട്ടീഷ് ജനത രാജാവിനെക്കൊണ്ട് ഒപ്പിടുവിച്ച മാഗ്നക്കാർട്ടയിലുള്ളത് മനുഷ്യാവകാശങ്ങളാണ്.

ബ്രിട്ടനിലെനിയമവ്യവസ്ഥയുടെഅടിത്തറയായ സാമാന്യ നിയമങ്ങളിൽ മനുഷ്യാവകാശങ്ങൾ ഉൾപ്പെടും. ഇവയെ മറികടക്കാൻ രാജാവിനോ (രാജ്ഞിക്കോ) പാർലമെൻറിനോ അധികാരമില്ല. കീഴ്‌വഴക്കം ലംഘിക്കപ്പെട്ട ചരിത്രമില്ല. മനുഷ്യാവകാശങ്ങൾ എന്ന പേര് പ്രചാരണത്തിൽ വന്നത് ഐക്യരാഷ്ട്രസഭ പ്രവർത്തനമാരംഭിച്ചതോടെയാണ്. ഐക്യരാഷ്ട്രസഭയുടെ 1948-ലെ മനുഷ്യാവകാശ പ്രഖ്യാപനം മനുഷ്യാവകാശങ്ങളുടെ ഒരു ആധികാരിക രേഖയാണ്.

## 1993 – ലെ മനുഷ്യാവകാശ സംരക്ഷണ നിയമം

മിക്ക മനുഷ്യാവകാശങ്ങളെയും ഇന്ത്യൻ ഭരണഘടന മൗലികാവകാശങ്ങൾ എന്നനിലയിൽ സംരക്ഷിക്കുന്നുണ്ടെന്ന് നാം കണ്ടു. അക്കാര്യം ഉറപ്പുവരുത്താനുള്ള ബാധ്യത സുപ്രീംകോടതിക്കും ഹൈക്കോടതികൾക്കും ഉണ്ടെന്നും നാം കണ്ടു. ഇക്കാര്യത്തിൽ കോടതികൾ ജാഗരൂകരാണ്. ഇങ്ങനെയൊക്കെയുണ്ടെങ്കിലും മനുഷ്യാവകാശ ലംഘനങ്ങൾ ഏറിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ മാത്രമല്ല, ലോകമെമ്പാടും ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ നടന്ന പല സമ്മേളനങ്ങളിലും ഈ കാര്യത്തിൽ അംഗരാഷ്ട്രങ്ങൾക്കുള്ള ഉത്കണ്ഠ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യാവകാശങ്ങൾമാത്രം കൈകാര്യംചെയ്യാൻ അധികാരമുള്ള ഒരു സ്ഥാപനത്തിൻെറ ആവശ്യകത എല്ലാവർക്കും ബോധ്യപ്പെട്ടു. അക്കാര്യത്തിൽ ഇന്ത്യയുടെ ഒരു പ്രധാന കാൽവെപ്പാണ് 1993-ലെ മനുഷ്യാവകാശ നിയമം.

## മനുഷ്യാവകാശ കമ്മീഷനുകൾ

കേന്ദ്രസർക്കാർ ഒരു ദേശീയ മനുഷ്യാവകാശ കമ്മീഷൻ രൂപീകരിക്കണം. ഓരോ സംസ്ഥാന സർക്കാരും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ രൂപീകരിക്കണം. നിയമത്തിലെ ഈ അനുശാസനമനുസരിച്ച് രൂപവൽക്കരിക്കപ്പെട്ട ദേശീയ മനുഷ്യാവകാശ കമ്മീഷനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും ഇന്ന് സജീവമായി പ്രവർത്തിക്കുന്നു.

## അന്വേഷണത്തിനുശേഷം

അന്വേഷണത്തിൽ മനുഷ്യാവകാശലംഘനം നടന്നതായി കമ്മീഷന് ബോധ്യപ്പെട്ടാൽ തുടർന്നെടുക്കേണ്ട നടപടികൾ താഴെ പറയുന്നവയാണ്.

1. കുറ്റംചെയ്ത ആൾക്കെതിരെ കമ്മീഷൻ യുക്തമാണെന്ന് കരുതുന്ന നടപടിയെടുക്കാൻ ബന്ധപ്പെട്ട സർക്കാരിനോടോ അധികൃതരോടൊ ശുപാർശചെയ്യുക.
2. നിർദ്ദേശമോ ഉത്തരവോ തേടി സുപ്രീംകോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കുക.
3. ലംഘനത്തിനിരയായ വ്യക്തിക്ക് അഥവാ അയാളുടെ കുടുംബത്തിന് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്ന ഇടക്കാലാശ്വാസം

കൊടുക്കാൻ ബന്ധപ്പെട്ട സർക്കാരിനോടോ അധികൃതനോടോ ശുപാർശചെയ്യുക.

4. റിപ്പോർട്ടിന്റെ ഒരു കോപ്പി ബന്ധപ്പെട്ട സർക്കാരിനോ അധികൃതർക്കോ അയച്ചുകൊടുക്കുക. ഒരുമാസത്തിനുള്ളിൽ അതിന്മേൽ എടുത്ത നടപടിയെ സംബന്ധിച്ച് മറുപടി ആരായുക. മനുഷ്യാവകാശ ലംഘനം നടന്നാൽ ചോദിക്കാനാളുണ്ട് എന്ന ഒരവസ്ഥ ഇപ്പോഴുണ്ട്. ഇതുതന്നെ വലിയ ഒരു നേട്ടമാണ്.

## മനുഷ്യാവകാശ കോടതികൾ

മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട കുറ്റംമാത്രം കൈകാര്യംചെയ്യാൻ പ്രത്യേക കോടതികൾ പല സംസ്ഥാനങ്ങളിലും നിലവിൽ വന്നിട്ടുണ്ട്. ഒരു സെഷൻസ് ജഡ്ജിയെ അത്തരം കേസുകൾ കൈകാര്യംചെയ്യാൻ പ്രത്യേകമായി നിയോഗിക്കുകയാണ് ചെയ്യുന്നത്.

മഹാൻ പറഞ്ഞു:– ''ഒരാൾ മറ്റൊരാളുടെ വാക്കുകൾ സംഗീതം പോലെ ആസ്വദിക്കുന്ന കാലം വരണം.''

അതുതന്നെ, മനുഷ്യാവകാശങ്ങൾ പൂത്തുനിൽക്കുന്ന കാലവും.

## കുട്ടികളുടെ അവകാശങ്ങൾ

കുട്ടികളെ സ്നേഹിക്കുന്ന ഭരണഘടനയാണ് നമ്മുടേത്. അവർക്കുവേണ്ടി പ്രത്യേക വ്യവസ്ഥകൾ ആകാം എന്നു പറയുന്ന 15–ാം അനുഛേദത്തെക്കുറിച്ച് നാം പഠിച്ചു. 24–ാം അനുഛേദം ബാലവേല നിരോധിക്കുന്നു. നിർദ്ദേശകതത്ത്വങ്ങളിൽ ചിലത് കുട്ടികളുടെ ആത്മാഭിമാനവും സ്വാതന്ത്ര്യവും പരിര ക്ഷിക്കേണ്ടതിനെക്കുറിച്ച് പറയുന്നു. കൊച്ചുകുട്ടികളെ മുതിർന്നവർ തങ്ങളുടെ സങ്കുചിത ലക്ഷ്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തരുതെന്ന് 39 (ഇ) അനുഛേദത്തിൽ സൂചനയുണ്ട്.

1989–ൽ ബാലാവകാശങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര പ്രഖ്യാപനം ഉണ്ടായി. അതുവരെയുണ്ടായ പ്രഖ്യാപനങ്ങൾ പലതും അതിൽ ക്രോഡീകരിക്കപ്പെട്ടു. 1993–ലെ മനുഷ്യാവകാശങ്ങളെ സംബന്ധിച്ച വിയന്നാ കൺവെൻഷനും ബാലാവകാശങ്ങളെ അംഗീകരിച്ചു.

പൊതുവെ പറഞ്ഞാൽ, സംരക്ഷണത്തിനുള്ള അവകാശമാണ് കുട്ടികളുടെ പ്രാഥമികമായ അവകാശം. ബാലാവകാശങ്ങളെ സംബന്ധിച്ച അന്താരാഷ്ട്ര പ്രഖ്യാപനം ഇന്ത്യ 1992 ഡിസംബറിൽ അംഗീകരിച്ചു. പിന്നീട് ബാലനീതിക്കു വേണ്ടി നാമൊരു പ്രത്യേക നിയമംതന്നെ നിർമ്മിച്ചു – 2000–ലെ ബാല നീതിനിയമം.

സാധാരണ ക്രിമിനൽ നിയമവും ക്രിമിനൽ നടപടിക്രമവും അല്ല, കുട്ടികളുടെ കാര്യത്തിൽ വേണ്ടത് എന്ന് ഈ നിയമം പറയുന്നു.

കുട്ടിക്കുറ്റവാളികളുടെ കാര്യത്തിൽ പ്രത്യേക ബോർഡും നിരീക്ഷണഗൃഹങ്ങളും സ്ഥാപിക്കണമെന്ന് നിയമം പറയുന്നു. അതിലുപരി, ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്കുവേണ്ടി പ്രത്യേക കമ്മിറ്റികളും ബാലഭവനങ്ങളും ഏർപ്പെടുത്തണമെന്ന് നിയമം പറയുന്നു. അനാഥരായ കുട്ടികളെ അങ്ങനെ നിയമം സനാഥരാക്കുന്നു. ഒപ്പം രക്ഷാകർത്താക്കളുണ്ടായിട്ടും ചൂഷണം ചെയ്യപ്പെടുന്ന കുട്ടികളെയും കലാപങ്ങളിലും ദുരന്തങ്ങളിലും പെട്ടുപോകുന്ന കുട്ടികളെയും രക്ഷിക്കാൻ നിയമഹസ്തം നീളുന്നു. കുട്ടികളുടെ ശരിയായ പുനരധിവാസത്തെക്കുറിച്ചും സമൂഹവുമായി അവരെ കോർത്തിണക്കേണ്ടതിനെ ക്കുറിച്ചും നിയമം പറയുന്നു.

ഈ നിയമം വേണ്ടരീതിയിൽ പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് നിർഭാഗ്യകരമാണ്. തെരുവിൽ കാണുന്ന നമ്മുടെ കൊച്ചു സഹോദരങ്ങൾ അങ്ങനെയല്ലേ പറയുന്നത്?

2002 ഡിസംബർ 12-ാം തിയതി പാർലമെൻറ് ഭരണഘടന ഭേദഗതി ചെയ്ത് അതിൽ '21 എ' എന്ന ഒരു അനുച്ഛേദം മൂന്നാം ഭാഗത്തിൽ കൂട്ടിച്ചേർത്തു. '21 എ' വിദ്യാഭ്യാസത്തിനുള്ള അവകാശത്തെക്കുറിച്ചു പറയുന്നു.

6 വയസ്സിനും 14 വയസ്സിനും ഇടയ്ക്കുള്ള എല്ലാ കുട്ടികൾക്കും സൗജന്യവുംനിർബ്ബന്ധവുമായവിദ്യാഭ്യാസം രാഷ്ട്രം ഏർപ്പാടുചെയ്തുകൊടുക്കണം. അതെങ്ങിനെ വേണമെന്ന് രാഷ്ട്രത്തിന് നിയമം മുഖേന നിർണ്ണയിക്കാം. ഈ കാര്യത്തിലുള്ള വീഴ്ച ഇനിയും തുടരാവുന്നതല്ല.

## നിങ്ങൾക്ക് ചെയ്യാവുന്നത്

- മനുഷ്യാവകാശങ്ങളെക്കുറിച്ച് ഈ പാഠത്തിൽനിന്നും ഒരു ഏകദേശ ധാരണ ലഭിച്ചുവല്ലോ.

  രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധം ഏതെല്ലാംവിധത്തിലാണ് മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നത്?

  ചില ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ചെറിയ കുറിപ്പെഴുതാമോ?

- നിങ്ങളുടെ നാട്ടിലോ അടുത്ത പ്രദേശങ്ങളിലോ നടന്ന മനുഷ്യാവകാശലംഘനത്തെ സംബന്ധിച്ച് ഒരു കുറിപ്പു തയ്യാറാക്കാമോ? നേരിട്ടു ലഭിച്ചതോ പത്രങ്ങളിൽനിന്ന് ശേഖരിച്ചതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശ്രമിച്ചുനോക്കുക.

# ഭാഗം രണ്ട്

# ഐശ്വര്യ നിയമങ്ങൾ

## പാഠം 10

# നിയമങ്ങളിലേക്ക് ഒരെത്തിനോട്ടം

### നമ്മുടെ ഭരണഘടന

ഇന്ത്യ സംസ്ഥാനങ്ങളുടെ ഒരു യൂണിയനാണെന്ന് പറഞ്ഞു വല്ലോ.പൗരന്മാർക്കു ഭരണഘടന വളരെ വിലപ്പെട്ട ഒട്ടേറെ മൗലികാ വകാശങ്ങൾ ഉറപ്പുനൽകുന്നുണ്ടെന്നു നാം കണ്ടു. ഈ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുകയോ എടുത്തുകളയുകയോ ചെയ്യുന്ന ഒരു നിയമത്തി നും ഇന്ത്യയിൽ നിലനിൽപ്പില്ലെന്നും നാം മനസ്സിലാക്കി. നിയമനിർമ്മാ ണത്തിനുള്ള സംവിധാനവും അതിന്റെ നടപടിക്രമങ്ങളും നാം ചർച്ച ചെയ്തു. ഇതൊക്കെയാണ് ഭരണഘടനാ നിയമം. ഇനിയും ഒട്ടേറെ വ്യവസ്ഥകൾ ഭരണഘടനയിലുണ്ട്. ഭരണഘടനയിൽ എന്തെല്ലാം വ്യവസ്ഥചെയ്തിട്ടുണ്ടോ, അവയ്ക്ക് പൊതുവിലുള്ള പേരാണ് ഭരണഘടനാനിയമങ്ങൾ എന്നത്. നിയമനിർമ്മാണം എങ്ങനെ നടത്തണമെന്ന് നിർദ്ദേശിക്കുന്ന നിയമം ഭരണഘടനയിലാണുള്ളത്. നിയമനിർമ്മാണം ആരെ എങ്ങനെ ഏൽപ്പിക്കണമെന്നും പറയുന്നത് ഭരണഘടനയിലാണ്. ചുരുക്കിപ്പറഞ്ഞാൽ നിയമങ്ങളുടെ ഉറവിടം ഭരണഘടനയാണ്. നിയമങ്ങളുടെ സാധുത നിർണ്ണയിക്കാനുള്ള മാനദണ്ഡങ്ങളും ഭരണഘടനാനിയമങ്ങളാണ്. എല്ലാ നിയമങ്ങളുടെയും ആധികാരികത ഭരണഘടനയെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് ഭരണഘടനയെ നിയമങ്ങളുടെ നിയമമെന്നോ രാഷ്ട്രത്തിലെ അടിസ്ഥാന നിയമമെന്നോ വിശേഷിപ്പിക്കാവുന്നതാണ്.

### സിവിൽ, ക്രിമിനൽ നിയമങ്ങൾ

ഭരണഘടനാ നിയമങ്ങൾ കഴിഞ്ഞാൽപിന്നെയുള്ള നിയമങ്ങളെ സാമാന്യമായി സിവിൽ നിയമങ്ങൾ എന്നും ക്രിമിനൽ നിയമങ്ങൾ എന്നും രണ്ടായി തരംതിരിക്കാം.

### കടമകളും അവകാശങ്ങളും

അവസാന വിശകലനത്തിൽ അവകാശം, കടമ എന്നിവയാണ് എല്ലാ നിയമങ്ങളുടേയും അടിസ്ഥാനഘടകങ്ങൾ. ഇവ പരസ്പര പൂരകമാണ്.

ഭർത്താവിനെ കൂടാതെ ഭാര്യ എന്ന വാക്കിന് അർത്ഥമില്ലല്ലോ. അതുപോലെതന്നെയാണ് അച്ഛനും മകനും ഗുരുവും ശിഷ്യനും മറ്റും. ഇതുപോലെയാണ് അവകാശവും കടമയും. ഒരാളിൽ ഒരവകാശമിരിക്കുമ്പോൾ അനുപൂരകമായ കടമ മറ്റൊരാളിലുണ്ടാകും. അതുപോലെ, ഒരാളിൽ നിക്ഷിപ്തമായ കടമക്ക് അനുസൃതമായ അവകാശം മറ്റൊരാളിലും ഉണ്ടാകും. ഒരുദാഹരണമെടുക്കാം: ഒരാൾ മറ്റൊരാളോട് ഒരു തുക കടംവാങ്ങുന്നു. ആവശ്യപ്പെടുമ്പോൾ തിരിച്ചുകൊടുക്കാമെന്നേറ്റാണ് കടം വാങ്ങുന്നത്. ഇവിടെ പണം കടംകൊടുത്ത ആൾക്ക് തുക അയാൾ ചോദിക്കുമ്പോൾ തിരിച്ചുകിട്ടാനുള്ള അവകാശമുണ്ട്. കടംവാങ്ങിയ ആൾക്ക് തുകയുടെ ഉടമസ്ഥൻ ആവശ്യപ്പെടുമ്പോൾ തിരിച്ചുകൊടുക്കാനുള്ളകടമയും. മറ്റൊരുദാഹരണം: പൊതുനിരത്തുപയോഗിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. കാൽനടക്കാർക്കും വാഹനം ഓടിക്കുന്നവർക്കും എല്ലാം. വാഹനമോടിക്കുന്ന ആൾക്ക് തടസ്സമുണ്ടാക്കാതെ നിരത്തിൻെറ വലതുവശം ചേർന്ന് നടക്കാനുള്ള കടമ കാൽനടക്കാരനുണ്ട്. നടപ്പുവഴിയുണ്ടെങ്കിൽ അതിലൂടെ നടക്കുകയാണ് വേണ്ടത്. അതിൽ പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾഅധികമുണ്ടെങ്കിൽ അത് അപകടകരമാണ്. ഇവിടെ നടപ്പുവഴി അതുപയോഗിക്കുന്നവർക്ക് അപകടകരമല്ലാത്ത നിലയിൽ സൂക്ഷിക്കാനുള്ള കടമ ബന്ധപ്പെട്ട അധികൃതർക്കുണ്ട്. അങ്ങനെ സൂക്ഷിക്കണമെന്ന് നിഷ്ക്കർഷിക്കാനുള്ള അവകാശം പൗരന്മാർക്കുമുണ്ട്. വാഹനമോടിക്കുന്നവർക്കും കാൽനടക്കാർക്കും മറ്റു വാഹനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കാത്തത്ര ശ്രദ്ധാപൂർവ്വം ഓടിക്കുവാനുള്ള കടമയുണ്ട്. കടമകളുടെ പക്ഷത്തുനിന്ന് പറഞ്ഞാൽ കടമകൾ പാലിക്കാൻ ചുമതലയുള്ളവരെ നിർബന്ധിക്കാനുള്ളതാണ് നിയമം. അവകാശങ്ങളുടെ പക്ഷത്ത് നിന്നുകൊണ്ട് പറഞ്ഞാൽ അവകാശങ്ങൾക്ക് സംരക്ഷണം ലഭിക്കാനും അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോഴുള്ള നഷ്ടം വകവെച്ചുകിട്ടാൻ സഹായിക്കുന്നതാണ് നിയമം. നിയമം ഉറപ്പുനൽകുന്ന അവകാശങ്ങൾക്ക് നിയമപരമായ അവകാശങ്ങൾ എന്നുപറയും. പാലിക്കണമെന്ന് നിയമം നിഷ്ക്കർഷിക്കുന്ന കടമകൾ നിയമപരമായ കടമകൾ. ഒരാൾ ഒരുപകാരം ചെയ്താൽ നന്ദിപറയാനുള്ള കടമയുണ്ട്. പക്ഷേ, അത് നിയമപരമായ കടമയല്ല. ധാർമ്മികമായ കടമയാണ്.

നിയമപരമായ ഒരവകാശം ലംഘിക്കുകയോ നിയമപരമായ ഒരു കടമ നിർവ്വഹിക്കുന്നതിൽ ഉപേക്ഷ കാണിക്കുകയോ ചെയ്യുന്നത് നിയമപരമായ ഒരു തെറ്റാണ്. കടം വാങ്ങിയ പണം പറഞ്ഞ അവധിക്ക് തിരിച്ചുകൊടുക്കാതിരുന്നാൽ അത് നിയമപരമായ ഒരു തെറ്റാണ്. ആളുകൾക്ക് അപായം വരത്തക്കവിധത്തിൽ അശ്രദ്ധമായി പൊതുനിരത്തുകളിലൂടെ വാഹനമോടിക്കുന്നത് നിയമപരമായ ഒരു തെറ്റാണ്. കാരണം അത് നിയമം വിലക്കുന്ന ഒരു കൃത്യമാണ്. ഒരാളെ കത്തികൊണ്ട് കുത്തി മുറിവേൽപ്പിച്ചാലോ? അതൊരു നിയമപരമായ തെറ്റാണെന്ന് പറയേണ്ടതില്ലല്ലോ. കളവു നടത്തുന്നതും ഒരാളുടെ സ്ഥലത്ത് കയ്യേറുന്നതും പാലിൽ വെള്ളം ചേർത്ത് വിൽക്കുന്നതും

കൈക്കൂലി വാങ്ങുന്നതുമെല്ലാം നിയമപരമായ തെറ്റുകൾതന്നെ. ഇവയെല്ലാം കുറ്റങ്ങൾതന്നെ. ഇങ്ങനെ ചെറുതും വലുതുമായ തെറ്റുകളും കുറ്റങ്ങളും അവയുടെ പ്രതിവിധികളുമാണ് നിയമങ്ങളുടെ പ്രധാന വിഷയമെന്ന് കാണാൻ വിഷമമില്ല.

മേൽപ്പറഞ്ഞ ഉദാഹരണങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ അവയിൽ രണ്ടു വിഭാഗത്തിൽപ്പെട്ട തെറ്റുകളുള്ളതായി കാണാം. കടം വാങ്ങിയ പണം തിരിച്ചുകൊടുക്കാതിരിക്കുന്നത് തെറ്റാണ്. പക്ഷേ, കടം കൊടുത്ത ആൾക്ക് അതിൽ ആക്ഷേപമില്ലെങ്കിൽ പ്രതിവിധിയുടെ പ്രശ്നമില്ല. നേരേമറിച്ച് കടംകൊടുത്ത ആൾക്ക് പരാതിയുണ്ടെങ്കിൽ അയാൾക്ക് സിവിൽകോടതിയെ സമീപിക്കാം. തെളിവ് ഹാജരാക്കിയാൽ പലിശയടക്കംപണംതിരിച്ചുകൊടുക്കാൻ കടംവാങ്ങിയആൾക്കെതിരെ കോടതി വിധിക്കും. വിധിയനുസരിക്കാതിരുന്നാൽ അയാളുടെ സ്വത്ത് ലേലത്തിൽ വിൽപ്പിച്ച് കടംകൊടുത്ത ആളുടെ തുക കോടതി ഈടാക്കിച്ചുകൊടുക്കും. കളവിൻേറയും കൊലപാതകത്തിൻേറയും കാര്യം അങ്ങനെയല്ല. തെറ്റിനിരയായ ആൾക്ക്, കൊലപാതകത്തിൻെറ കാര്യത്തിൽ അയാളുടെ അനന്തരാവകാശികൾക്ക്, പരാതിയുണ്ടായാലും ഇല്ലെങ്കിലും തെറ്റു ചെയ്ത ആൾക്കെതിരെ നടപടി സ്വീകരിക്കും. പോലീസ് കേസെടുക്കും. അന്വേഷണം നടത്തും. തെളിവുകൾ ശേഖരിക്കും. കാര്യം ക്രിമിനൽ കോടതിയിലെത്തിക്കും. കോടതിയിൽ വിചാരണ നടക്കും. തെറ്റുചെയ്തതായി തെളിഞ്ഞാൽ തെറ്റ് ചെയ്തയാൾ ശിക്ഷിക്കപ്പെടും. ഇതിലൊന്നും തെറ്റിനിരയായ ആൾക്ക് ചെലവും അദ്ധ്വാനവുമൊന്നുമില്ല. കോടതിയിൽനിന്ന് സമൻസ് കിട്ടുമ്പോൾ ഹാജരായി തെളിവ് നൽകിയാൽമതി. അതിന് ബത്തയും കിട്ടും. കാരണം ഇത് ഭരണകൂടത്തിൻെറ – സർക്കാരിൻെറ – കൂടികാര്യമാണ്. സമൂഹത്തിന് പൊതുവിൽ ഉപദ്രവകരമായ തെറ്റുകൾ നിരുത്സാഹപ്പെടുത്തണം. അതാണ് തെറ്റുചെയ്തവർക്ക് ശിക്ഷ നൽകുന്നതിൻെറ ഉദ്ദേശ്യം. എന്നാൽ പോലീസ് കേസെടുക്കുന്നില്ലെങ്കിൽ സ്വകാര്യമായി ക്രിമിനൽ കോടതിയിൽ പരാതി നൽകാൻ പറ്റും.

നിയമങ്ങളിൽ എല്ലാ തെറ്റുകൾക്കും ശിക്ഷ വിധിക്കുന്നില്ല. ഒരു കുറ്റമായി, ഒരു നിയമത്തിൽ നിർവ്വചിക്കപ്പെടുകയും, ശിക്ഷ നിർദ്ദേശിക്കപ്പെടുകയും ചെയ്തിട്ടുള്ള തെറ്റുകൾക്ക് 'കുറ്റങ്ങൾ' എന്നാണ് പറയുക. കുറ്റങ്ങളെ സംബന്ധിച്ച നിയമമാണ് ക്രിമിനൽ നിയമങ്ങൾ. അഞ്ഞൂറ്റിപ്പതിനൊന്നോളം വകുപ്പുകളുള്ള ഇന്ത്യൻ ശിക്ഷാനിയമത്തിൽ ചെറുതും വലുതുമായ മുന്നൂറ്റിയമ്പതിലേറെ കുറ്റങ്ങളുടെ നിർവ്വചനങ്ങളും അവയ്ക്കുള്ള ശിക്ഷകളുമുണ്ട്. 1860–ൽ ബ്രിട്ടീഷ് ഭരണകാലത്ത് നടപ്പാക്കപ്പെട്ട പ്രസ്തുത നിയമം ഇന്നും ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ശിക്ഷാനിയമ സംഹിതയായി തുടരുന്നു. പിന്നീട് ഒട്ടേറെ ക്രിമിനൽ നിയമങ്ങൾ പാസ്സാക്കി നടപ്പാക്കിയിട്ടുണ്ട്. ക്രിമിനൽ നിയമങ്ങളെ മാറ്റിവെച്ചാൽ അവശേഷിക്കുന്ന മുഴുവൻ നിയമങ്ങളെയും പൊതുവിൽ സിവിൽനിയമങ്ങളെന്ന് വിശേഷിപ്പിക്കാവുന്നതാണ്. സിവിൽ നിയമങ്ങളുടെ ഭാഗങ്ങളാണ് തൊഴിൽനിയമങ്ങളും മറ്റും എന്നു പറയാം.

## പാഠം 11

# കുറ്റവും ശിക്ഷയും

## ഇന്ത്യൻ ശിക്ഷാനിയമം

"ഇന്ത്യൻ ശിക്ഷാനിയമം 304-ാം വകുപ്പുപ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തു". അല്ലെങ്കിൽ "ഇന്ത്യൻ ശിക്ഷാനിയമം 302-ാം വകുപ്പുപ്രകാരം ജീവപര്യന്തം തടവിന് ശിക്ഷിച്ചു" തുടങ്ങിയ വാർത്തകൾ പത്രങ്ങളിൽ മിക്കവാറും എല്ലാ ദിവസങ്ങളിലും കാണും. ഇന്ത്യൻ പീനൽകോഡ് എന്ന് ഇംഗ്ലീഷിൽ പറയും. ഒരാൾക്ക് കൈകൊണ്ടൊരടി കൊടുത്താൽമതി. അയാളെ വേദനിപ്പിക്കണമെന്ന ഉദ്ദേശത്തോടെയാണെങ്കിൽ അത് ശിക്ഷാർഹമായ ഒരു കുറ്റമാണ്. ഒരുവർഷം തടവോ ആയിരം രൂപ പിഴയോ ആണ് അതിന് പരമാവധി ശിക്ഷ. ഇന്ത്യൻ ശിക്ഷാനിയമം 323-ാം വകുപ്പിൽ ഇതാണ് പറഞ്ഞിരിക്കുന്നത്. കൈകൊണ്ടടിക്കുന്നതിനുപകരം മൂർച്ചയുള്ള ഒരു കത്തികൊണ്ട് കുത്തുന്നു. ഒരു ചെറിയ പോറലേറ്റാൽമതി അത് കുറെക്കൂടി ഗൗരവമുള്ള ഒരു കുറ്റമാണ്. ആയുധമുപയോഗിച്ച് നിസ്സാരമായ പരിക്കേൽപ്പിക്കൽ. ഇതിന് ശിക്ഷ പരമാവധി മൂന്നുവർഷം തടവും പിഴയുമാണ്. പരിക്ക് ഗുരുതരമായാലോ? അത് ആയുധമുപയോഗിച്ച് ഗുരുതരമായ പരിക്കേൽപ്പിക്കൽ എന്ന കുറ്റമാകും. പരമാവധി ഏഴുവർഷംവരെ തടവു നൽകാവുന്ന ഒരു കുറ്റമാണിത്. പരിക്കേൽപ്പിച്ചത് വസ്തു തട്ടിപ്പറിക്കാനാണെങ്കിൽ കുറ്റത്തിന് ഗൗരവം കൂടും. ശിക്ഷയും. അപ്പോൾ ശിക്ഷ പരമാവധി 10 വർഷംവരെ തടവാണ്.

അശ്രദ്ധമായി വാഹനമോടിക്കുന്നത് ശിക്ഷാർഹമാക്കുന്നത് ഇനി പറയുംപ്രകാരമാണ്. മനുഷ്യജീവിതത്തിന് അപകടകരമായ മട്ടിൽ അഥവാ മറ്റൊരാൾക്ക് പരിക്കുപറ്റുന്ന മട്ടിൽ അശ്രദ്ധമായി വാഹനം പൊതുനിരത്തിലൂടെ ഓടിച്ചാൽമതി. അത് ആറുമാസത്തെ തടവോ ആയിരം രൂപ പിഴയോ പരമാവധി ശിക്ഷയർഹിക്കുന്ന ഒരു കുറ്റമാണ്. അങ്ങനെ ഓടിച്ച് അതൊരാളുടെ മരണത്തിൽ കലാശിച്ചാൽ ശിക്ഷ പരമാവധി രണ്ടുവർഷം തടവോ പിഴയോ ആണ്. കൽപ്പിച്ചുകൂട്ടി കൊല നടത്തിയാൽ ജീവപര്യന്തം തടവോ, മരണശിക്ഷയോ നൽകാവുന്നതാണ്.

ഒരാളുടെ ഒരു കൃത്യം മറ്റൊരാളുടെ മരണത്തിൽ കലാശിക്കുന്നു എന്നതുകൊണ്ടുമാത്രം അയാൾ കുറ്റക്കാരനാവുകയില്ല. ഒരു വീട്ടമ്മയെ, വീട്ടിൽ അതിക്രമിച്ചു കയറിയ കള്ളൻ കൊല്ലാൻ ശ്രമിക്കുന്നുവെന്നു കരുതുക. അതു തടയാൻ അയാൾക്കെതിരെ അവൾക്ക് ബലം പ്രയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ട്. ബലപ്രയോഗം അയാളുടെ മരണത്തിൽ കലാശിച്ചാൽപോലും അവൾ കുറ്റക്കാരിയാവുകയില്ല. സ്വന്തം ജീവൻ അക്രമകാരിയിൽനിന്ന് രക്ഷിക്കുവാനുള്ള ന്യായമായ ശ്രമത്തിനിടയിൽ അക്രമിക്ക് മരണം സംഭവിച്ചാലും ആ കൃത്യം കുറ്റകരമാവുകയില്ല. ഈവക കാര്യങ്ങളും ഇന്ത്യൻ പീനൽ കോഡിൽ എഴുതിവെച്ചിട്ടുണ്ട്. അതായത് ആത്മരക്ഷയുടെ പേരിൽ ഒരാൾ ചെയ്യുന്ന ഒരു കൃത്യം കുറ്റകരമാവുകയില്ല.

ഇന്ത്യൻ പീനൽകോഡിൻെറ സാമാന്യ സ്വഭാവത്തിൻെറ ഒരു സൂചന നൽകുന്നവയാണ് മേലുദ്ധരിച്ച ഏതാനും ഉദാഹരണങ്ങൾ. ഒരു മനുഷ്യന് മറ്റൊരു മനുഷ്യനോടോ സമൂഹത്തോടോ, രാജ്യത്തോടോ, രാജ്യഭരണം നടത്തുന്ന സർക്കാരിനോടോ മറ്റോ ചെയ്യാവുന്ന മിക്കവാറും എല്ലാ കുറ്റകൃത്യങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്ന സമഗ്രവും സർവാശ്ലേഷിയുമായ ഒരു ക്രിമിനൽ നിയമസംഹിതയാണ് ഇന്ത്യൻ ശിക്ഷാനിയമം. ചെറുതും വലുതുമായ മുന്നൂറിലേറെ കുറ്റങ്ങളുടെ നിർവ്വചനങ്ങളും അവയ്ക്കുള്ള ശിക്ഷകളുമാണ് അതിന്റെ ഉള്ളടക്കം.

## 1973 – ലെ ക്രിമിനൽ നടപടി നിയമസംഹിത

സെഷൻസ് കോടതികൾ, മജിസ്ട്രേറ്റ് കോടതികൾ എന്നീ ക്രിമിനൽ കോടതികളെപ്പറ്റി ഇതിന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ക്രിമിനൽ കോടതികളെപ്പറ്റി വ്യവസ്ഥ ചെയ്തിരിക്കുന്നത് ക്രിമിനൽ നടപടി നിയമസംഹിതയിലാണ്.

ക്രിമിനൽ കേസുകളുടെ അന്വേഷണം, വിചാരണ, ശിക്ഷ, അപ്പീൽ എന്നിവയെ സംബന്ധിച്ച നിയമവും ക്രിമിനൽ നടപടി നിയമസംഹിതയിലാണുള്ളത്. ഇന്ന് പ്രാബല്യത്തിലുള്ളത് 1973–ൽ പാർലമെൻറ് പാസ്സാക്കിയതാണ്. അതിന് മുമ്പുണ്ടായിരുന്നത് 1898–ൽ ബ്രിട്ടീഷ് ഭരണകാലത്ത് നടപ്പാക്കിയ ക്രിമിനൽ നടപടി നിയമസംഹിതയായിരുന്നു. അതിലെ പ്രധാന വകുപ്പുകളിൽ പലതും പുതിയ നിയമത്തിലും ഉള്ളതായി കാണാം.

## പോലീസും കേസന്വേഷണവും

ഒരു പോലീസുദ്യോഗസ്ഥന് ഒരു കേസ് അന്വേഷണത്തോടനുബന്ധിച്ച് ആ കേസിനെപ്പറ്റി അറിയാമെന്ന് സംശയിക്കുന്ന ഏതൊരാളോടും സ്റ്റേഷനിൽ വരാൻ ആവശ്യപ്പെടാം. പക്ഷേ, അതോടൊപ്പം ഒരു പ്രധാനകാര്യം കൂടി പറയുന്നുണ്ട്. ആവശ്യപ്പെടുന്നത് രേഖാമൂലമായിരിക്കണം. 15 വയസ്സിൽ താഴെയുള്ള ആൺകുട്ടികളോടും സ്ത്രീകളോടും

സ്റ്റേഷനിൽ ഹാജരാകാൻ ആവശ്യപ്പെടരുത്. അപ്പോൾ അപ്രകാരമുള്ളവരിൽനിന്ന് തെളിവെടുക്കണമെങ്കിലോ? അവരുടെ താമസസ്ഥലത്ത് പോയി അവരെ ചോദ്യം ചെയ്യണമെന്നാണ് ക്രിമിനൽ നടപടി നിയമത്തിൽ പറഞ്ഞിരിക്കുന്നത്. ഇപ്രകാരം പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതായ പലതും നമ്മുടെ പല നിയമങ്ങളിലുമുണ്ട്.

## പൊതുശല്യത്തിനെതിരെ

ഇന്ത്യൻ പീനൽകോഡിൽ പൊതുജനശല്യത്തെ നിർവ്വചിച്ചിരിക്കുന്നത് "പൊതുജനങ്ങൾക്ക് പൊതുവിൽ അപകടമോ ശല്യമോ ഉണ്ടാക്കുന്ന ഒരു കൃത്യം അഥവാ കൃത്യവിലോപം" എന്നാണ്. പൊതുജനങ്ങൾ കുടിവെള്ളം ശേഖരിക്കാനും കുളിക്കാനും ഉപയോഗിക്കുന്ന ജലത്തിൽ വിഷം കലർത്തുന്നത് ഒരു പൊതുശല്യമാണ്. അന്തരീക്ഷവായുവിൽ വിഷം കലർത്തുന്നതും പൊതുശല്യമാണ്. അതുപോലെ ആളുകൾ വഴിനടക്കുന്ന ഇടവഴിയിലേക്കോ റോഡിലേക്കോ അഴുക്കുവെള്ളം ഒഴുക്കുന്നതും പൊതുശല്യമാണ്. നിയമപരമായി ഒരു കൃത്യം ചെയ്യാൻ കടമയുള്ള വ്യക്തിയോ സ്ഥാപനമോ അത് ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ അത് കൃത്യവിലോപമാണ്. നഗരശുചീകരണം മുനിസിപ്പാലിറ്റിയുടെ നിയമപരമായ ഒരു പ്രധാന കടമയാണ്.

ഒരു സംഭവം പറയാം: മധ്യപ്രദേശിലെ രത്‌ലം നഗരത്തിലെ മുനിസിപ്പാലിറ്റിയിൽ മേൽപറഞ്ഞ പ്രകാരമുള്ള ഒരു പ്രശ്നമുണ്ടായി. റോഡരികിൽ ഓടകളുടെ പണിപൂർത്തിയാക്കാതെ വിട്ടതുകാരണം അഴുക്കുവെള്ളം ഓടകളിൽനിന്ന് കവിഞ്ഞൊഴുകി റോഡുകളിൽ പലസ്ഥലങ്ങളിലും തളംകെട്ടിനിന്നു. കുടിലുകളിൽ താമസിക്കുന്ന പാവപ്പെട്ടവർ പൊതുകക്കൂസുകളില്ലാത്തതിനാൽ റോഡുവക്ക് മലമൂത്ര വിസർജ്ജനത്തിനുപയോഗിച്ചു. വീടുകളിൽനിന്നും ഹോട്ടലുകളിൽ നിന്നുമുള്ള പാഴ്‌വസ്തുക്കളും റോഡുകളിൽ വലിച്ചെറിയപ്പെട്ടു. അവ വലിച്ചെറിയുന്നതിനെതിരെ നടപടിയെടുക്കാനോ അവ സമയാ സമയങ്ങളിൽ നീക്കം ചെയ്യാനോ മുനിസിപ്പാലിറ്റി ഒരു നടപടിയുമെടുത്തില്ല.

പൊതുശല്യത്തിനെതിരെ നടപടിയെടുക്കാൻ സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് അധികാരം നൽകുന്ന ഒരു വകുപ്പ് (133) ക്രിമിനൽ നടപടി നിയമസംഹിതയിലുണ്ട്. പൊതുശല്യത്തെപ്പറ്റി ഒരു പരാതി കിട്ടിയാൽ എതിർകക്ഷിയെ സമൺസയച്ച് വരുത്തി തെളിവെടുത്ത് പരാതി സത്യമാണെന്ന് ബോധ്യപ്പെട്ടാൽ അത് നീക്കം ചെയ്യാൻ മജിസ്ട്രേറ്റിന് എതിർകക്ഷിയോട് കൽപ്പിക്കാൻ അധികാരമുണ്ട്. കൽപ്പന അനുസരിക്കുന്നതിൽ വീഴ്ച്ചവരുത്തിയാൽ നടപടിയെടുക്കാൻ പാകത്തിലുള്ള ഒരു വകുപ്പ് ഇന്ത്യൻ പീനൽകോഡിലുണ്ട്. അതനുസരിച്ച് ശിക്ഷാനടപടിയെടുക്കാം. ഇതാണ് പൊതുശല്യത്തെ സംബന്ധിച്ച ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകളുടെ രത്നച്ചുരുക്കം.

രത്‌ലം മുനിസിപ്പാലിറ്റിക്കെതിരെയുള്ള പരാതി സത്യമാണെന്ന് മജിസ്ട്രേറ്റിന് ബോധ്യപ്പെട്ടു. ഓടകൾ വൃത്തിയാക്കാനും, ഓടകളുടെ

പണി പൂർത്തിയാക്കുവാനും പാവങ്ങളുടെ ഉപയോഗത്തിന് പൊതുകക്കൂസുകൾ നിർമ്മിക്കാനും മജിസ്ട്രേറ്റ് മുനിസിപ്പാലിറ്റിയോട് കൽപ്പിച്ചു. പണമില്ലെന്നായിരുന്നു മുനിസിപ്പാലിറ്റിയുടെ ഒരു പ്രധാന വാദം. ശിക്ഷാനടപടിയിൽ നിന്നൊഴിവാകാൻ മുനിസിപ്പാലിറ്റി മജിസ്ട്രേറ്റിന്റെ ഉത്തരവിനെതിരെ സെഷൻസ് കോടതിയെ സമീപിച്ചു.അവിടന്ന് പ്രശ്നം ഹൈക്കോടതിയിലെത്തി. ഒടുവിൽ സുപ്രീംകോടതിയിലും. അപ്പോഴേക്കും വർഷങ്ങൾ ഏഴ് കഴിഞ്ഞിരുന്നു. ഒരു മുനിസിപ്പാലിറ്റി യുടെ പ്രാഥമിക കടമ നഗരശുചീകരണമാണെന്നും അതിൽനിന്ന് ഒഴിഞ്ഞു മാറുന്ന ഒരു മുനിസിപ്പാലിറ്റിക്ക് ആ പേരിനർഹതയില്ലെന്നും വിധിയിൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ രേഖപ്പെടുത്തി. സംസ്ഥാന സർക്കാരിനെ കേസിൽ കക്ഷിചേർത്ത് മുനിസിപ്പാലിറ്റിക്ക് ആവശ്യമുള്ള സാമ്പത്തികസഹായം നൽകാൻ നിർദ്ദേശിച്ചു. നിശ്ചിത സമയത്തിനുള്ളിൽ ശല്യം നീക്കം ചെയ്തിട്ടില്ലെങ്കിൽ ശിക്ഷണനടപടികളെടുക്കുമെന്ന താക്കീതും നൽകി.

## അറസ്റ്റ്, ജാമ്യം

ദൈനംദിനം കേട്ടും കണ്ടും പരിചയിച്ച ഒരു പദമാണ് അറസ്റ്റ്. പോലീസിനുപോലും പലപ്പോഴും നിയമവിധേയമായ അറസ്റ്റിനുശേഷമുള്ള നടപടികൾ ശരിയായ വിധത്തിൽ അറിയില്ല എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അറസ്റ്റ് എന്നാൽ കൈവിലങ്ങണിയിക്കൽ എന്നല്ല അർത്ഥം. അറസ്റ്റു ചെയ്യപ്പെടേണ്ടയാളിന്റെ ദേഹത്ത് സ്പർശിച്ച് "താങ്കൾ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു" എന്ന് അറസ്റ്റു ചെയ്യുന്ന പോലീസുദ്യോഗസ്ഥൻ പറഞ്ഞാൽ അത് നിയമാനുസൃതമായ അറസ്റ്റാണ്. അറസ്റ്റു ചെയ്യപ്പെട്ടയാൾ ഓടി രക്ഷപ്പെടുവാൻ സാധ്യതയുണ്ടെങ്കിലോ മറ്റു സുരക്ഷാ കാരണങ്ങളാലോ മാത്രമേ കൈവിലങ്ങ് അണിയിക്കാൻ പാടുള്ളൂ. അറസ്റ്റും കസ്റ്റഡിയും തെറ്റിദ്ധരിപ്പിക്കാവുന്ന സമാനതകളുള്ള പദങ്ങളാണ്. ഇത് പലപ്പോഴും മാറിയും മറിച്ചും ഉപയോഗിച്ചു വരുന്നു. എന്നാൽ ഒരാളെ കസ്റ്റഡിയിലെടുത്താൽ മാത്രം അയാൾ അറസ്റ്റിലാവുകയില്ല. കസ്റ്റഡിയിലെടുത്ത ആളിനെ പലപ്പോഴും ദിവസങ്ങളോളം അങ്ങനെ തന്നെ സൂക്ഷിച്ചതിനുശേഷമാവും പോലീസ് അറസ്റ്റിലുൾപ്പെടുത്തുക. ഇത് നിയമവിധേയമല്ല ഇത്തരത്തിൽ നിയമവിധേയമല്ലാത്ത കസ്റ്റഡി സൂക്ഷിപ്പുകൾ കൂടുതൽ വ്യാപകമാകുന്നതായി ബോധ്യപ്പെട്ടതുകൊണ്ടാണ് നമ്മുടെ പരമോന്നത നീതിപീഠം 1997–ൽ അറസ്റ്റിനെ സംബന്ധിച്ച ചില കർശന നിർദ്ദേശങ്ങൾ ഒരു വിധിയുടെ രൂപത്തിൽ നൽകിയിട്ടുള്ളത്. ആ മാർഗ്ഗനിർദ്ദേശങ്ങൾ ഈ അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.

അറസ്റ്റിനുള്ള അധികാരം നൽകിയിരിക്കുന്നത് ക്രിമിനൽ നടപടി നിയമത്തിലാണ്. ക്രിമിനൽ നടപടി നിയമം അഞ്ചാം അദ്ധ്യായത്തിൽ 41 മുതൽ അറുപതുവരെയുള്ള വകുപ്പുകൾ അറസ്റ്റിനെപ്പറ്റി പ്രതിപാദിക്കുന്നു. പോലീസിന് കേസ് രജിസ്റ്റർ ചെയ്യാവുന്ന വിധത്തിലുള്ള

കുറ്റം ചെയ്ത (Cognizable offence) ഒരാളെയോ അപ്രകാരമുള്ള കുറ്റം ചെയ്തിരിക്കാനിടയുണ്ടെന്ന് ന്യായമായി സംശയിക്കാവുന്ന ഒരാളെയോ പോലീസുദ്യോഗസ്ഥന് അറസ്റ്റു ചെയ്യാവുന്നതാണെന്നും അതിന് കോടതിയുടെ വാറന്റിന്റെ ആവശ്യമില്ലെന്നും ക്രി.ന.നി 41-ാം വകുപ്പിൽ പറയുന്നു. അതുപോലെതന്നെ ഭവനഭേദനത്തിന് ഉപയോഗിക്കാവുന്ന ആയുധസാമഗ്രികൾ കൈവശത്തിൽ കാണപ്പെടുന്ന ഒരാളെയും സ്ഥിരം കുറ്റവാളിയായ ഒരാളെയും കോടതിയുടെ വാറണ്ടു കൂടാതെതന്നെ പോലീസിന് അറസ്റ്റുചെയ്യാവുന്നതാണ്. സായുധസേനയിൽനിന്ന് ഒളിച്ച് പോന്ന ഒരാളെയും, കവർച്ചമുതൽ കൈവശം സൂക്ഷിച്ചിരിക്കുന്ന ആളെയും, അറസ്റ്റു ചെയ്യുന്നതിന് വാറണ്ടിൻെറ ആവശ്യമില്ല. ഒരു പോലീസുദ്യോഗസ്ഥൻ ഡ്യൂട്ടിയിലാണെങ്കിൽ അയാൾ നിയമാനുസൃതമായി പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവിനെയും അനുസരിക്കാതെ ഇരിക്കുന്നവരെയോ, ധിക്കരിയ്ക്കുന്നവരെയോ അറസ്റ്റു ചെയ്യാവുന്നതാണ് എന്ന് ക്രിമിനൽ നടപടി നിയമത്തിലും പോലീസ് ആക്റ്റിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സ്ഥിരം കുറ്റവാളിയായ ഒരാളെ പോലീസ് ഉദ്യോഗസ്ഥന് വാറണ്ടില്ലാതെ അറസ്റ്റു ചെയ്യുകയോ, അയാളെ അറസ്റ്റു ചെയ്യുന്നതിന് സാധാരണക്കാരനായ പൗരനോട് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. ഡ്യൂട്ടിയിലുള്ള ഒരു പോലീസുദ്യോഗസ്ഥൻ സംശയാസ്പദമായി കാണപ്പെടുന്ന ഒരാളോട് പേരും മേൽവിലാസവും ആവശ്യപ്പെട്ടാൽ, അത് തെറ്റായി പറയുകയോ, പറയാൻ വിമുഖത കാട്ടുകയോ ചെയ്താൽ അയാളെ പോലീസുദ്യോഗസ്ഥന് അറസ്റ്റു ചെയ്യാവുന്നതാണ്. ശരിയായ വിവരങ്ങൾ 24 മണിക്കൂറിനകം കിട്ടുന്നില്ലായെങ്കിൽകൂടി അയാളെ 24 മണിക്കൂറിനകം മജിസ്ട്രേറ്റു മുമ്പാകെ ഹാജരാക്കേണ്ടതാണ്.

## സാധാരണ പൗരന് അറസ്റ്റുചെയ്യാം!

കുറ്റവാളിയായ ഒരാളെ പോലീസുദ്യോഗസ്ഥന് അറസ്റ്റുചെയ്യാം എന്നതുപോലെ അങ്ങനെയുള്ള ഒരാളെ അറസ്റ്റുചെയ്യുന്നതിനുള്ള അധികാരം ഒരു സാധാരണ പൗരനും നിയമം അനുവദിച്ചു തരുന്നുണ്ട്. ഒരു പ്രഖ്യാപിത കുറ്റവാളിയെയും (Proclaimed offender) കുറ്റകൃത്യത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഒരാളെയും ഏതൊരു സാധാരണ പൗരനും നിയമവിധേയമായി അറസ്റ്റുചെയ്യാവുന്നതാണ്. അപ്രകാരം അറസ്റ്റു ചെയ്താൽ ഉടൻതന്നെ ആ കുറ്റവാളിയെ ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ ഹാജരാക്കേണ്ടതാണ്. എന്നാൽ അയാൾ ഒരു കുറ്റകൃത്യത്തിലും ഉൾപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാവുന്നപക്ഷം ഉടൻതന്നെ അയാളെ വിട്ടയ്ക്കേണ്ടതാണ്. മേൽപറഞ്ഞ രണ്ടു സാഹചര്യങ്ങളിൽ ഒരു സാധാരണപൗരൻ പോലീസ് ഉദ്യോഗസ്ഥന് തുല്യനാവുന്നു എന്നുള്ളതാണ് ക്രിമിനൽ നടപടിനിയമം 43-ാം വകുപ്പുകൊണ്ടുള്ള നേട്ടം. ഇപ്രകാരം അറസ്റ്റുചെയ്യപ്പെട്ടയാളെ പോലീസ് വീണ്ടും അറസ്റ്റ് (Re-arrest) ചെയ്യേണ്ടതുണ്ട്.

ഒരു മജിസ്ട്രട്ടിന്റെ മുമ്പിൽവച്ച് ഒരു കുറ്റകത്യം ചെയ്യുന്നയാളെ അദ്ദേഹത്തിനു തന്നെ അറസ്റ്റു ചെയ്യുകയോ മറ്റൊരാളോട് ആ കുറ്റവാളിയെ

അറസ്റ്റുചെയ്യുന്നതിന് ഉത്തരവു കൊടുക്കുകയോ ചെയ്യാവുന്നതാണ്.

അറസ്റ്റു ചെയ്യപ്പെടേണ്ടയാൾ അറസ്റ്റിനു കീഴ്പ്പെടുന്നില്ലായെങ്കിൽ എന്തുചെയ്യണമെന്നും നിയമം പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ അയാളുടെ ദേഹത്തുതൊട്ടോ ബന്ധനത്തിലാക്കിയോ അറസ്റ്റുചെയ്യേണ്ടതാണ്. ആവശ്യം വേണ്ടുന്നതായ ബലപ്രയോഗത്തെപ്പറ്റി ഇവിടെയാണ് സൂചനയുള്ളത്. അറസ്റ്റിനു കീഴ്വഴങ്ങാത്തയാളിനെ രക്ഷപ്പെടുവാനനുവദിക്കാതെ അറസ്റ്റു നടപ്പിലാക്കുന്നതിന് ആവശ്യം വേണ്ടതായ ബലപ്രയോഗം നടത്താവുന്നതാണ്.

## അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ

പോലീസ് കസ്റ്റഡിയിൽവെച്ചുള്ള പീഡനം തടയുന്നതിനായി അനുവർത്തിക്കേണ്ടതായ ചില നിർദേശങ്ങൾ ഡി.കെ.ബാസു എന്ന ആൾ പശ്ചിമബംഗാൾസർക്കാരിനെതിരെകൊടുത്ത കേസിൽ സുപ്രീംകോടതി നൽകുകയുണ്ടായി. അവ താഴെപ്പറയുംപ്രകാരമാണ്

1. അറസ്റ്റോ ചോദ്യംചെയ്യലോ നടത്തുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ അവരെ തിരിച്ചറിയത്തക്കവിധത്തിലുള്ള തിരിച്ചറിയൽ ചിഹ്നങ്ങളും പേരും ഉദ്യോഗപ്പേരുമുള്ള ടാഗും ധരിച്ചിരിക്കണം. അറസ്റ്റുചെയ്യപ്പെട്ടിട്ടുള്ള ആളിനെ ചോദ്യംചെയ്യുന്നതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥൻമാരുടേയും വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കണം.

2. അറസ്റ്റുനടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റുനടത്തുന്ന സമയത്ത് ഒരു മെമ്മോ തയ്യാറാക്കേണ്ടതും ആ മെമ്മോ അറസ്റ്റുചെയ്യപ്പെട്ട ആളിന്റെ കുടുംബത്തിലെ ഒരു അംഗമോ അറസ്റ്റുനടന്ന സ്ഥലത്തെ ബഹുമാന്യനായ ഒരു വ്യക്തിയോ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.

3. അറസ്റ്റുചെയ്യപ്പെടുകയോ തടഞ്ഞുവയ്ക്കപ്പെടുകയോ ചെയ്യുകയും പോലീസ്സ്റ്റേഷനിലോ ചോദ്യംചെയ്യൽകേന്ദ്രത്തിലോ ലോക്കപ്പിലോ കസ്റ്റഡിയിലായിരിക്കുകയുംചെയ്യുന്ന ആളിന് താൻ അപ്രകാരം അറസ്റ്റുചെയ്യപ്പെടുകയും തടഞ്ഞുവയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നതായി തന്റെ ഒരു സുഹൃത്തിനേയോ ബന്ധുവിനെയോ താൻ അറിയുന്നതോ തന്നിൽ താൽപ്പര്യമുള്ളതോ ആയ മറ്റൊരാളിനെയോ അറിയിക്കുവാൻ അവകാശമുണ്ട്. (എന്നാൽ മേൽപ്പറഞ്ഞ മെമ്മോ സാക്ഷ്യപ്പെടുത്തിയത് അത്തരം ഒരു സുഹൃത്തോ ബന്ധുവോ ആണെങ്കിൽ ഈ വ്യവസ്ഥ ബാധകമല്ല.)

4. അറസ്റ്റുചെയ്യപ്പെട്ട ആളിന്റെ സുഹൃത്തോ അടുത്തബന്ധുവോ ആ ജില്ലയ്ക്കോ പട്ടണത്തിനോ വെളിയിലാണെങ്കിൽ അറസ്റ്റുചെയ്ത സമയം, തീയതി, കസ്റ്റഡിയിൽവച്ചിരിക്കുന്ന ഇടം എന്നിവ അറസ്റ്റ് നടന്ന് 8 മണിക്കൂറിനും 12 മണിക്കൂറിനും ഇടയിൽ ജില്ലയിലെ നിയമസഹായസംഘടനയിലൂടെയും ബന്ധപ്പെട്ട പ്രദേശത്തെ പോലീസ്സ്റ്റേഷൻ മുഖേനയും വിഞ്ജാപനംചെയ്യിക്കേണ്ടതാണ്.

5. അറസ്റ്റുചെയ്യപ്പെട്ട ആളെ തന്റെ അറസ്റ്റിനെയോ തടഞ്ഞുവയ്ക്കലിനേയോപറ്റി മേൽപറഞ്ഞപ്രകാരം അറിയിക്കുവാനുള്ള അവകാശത്തെപ്പറ്റി ബോധവാനാക്കേണ്ടതാണ്.

6. തടങ്കലിൽവച്ചിട്ടുള്ള സ്ഥലത്ത് ഒരു ഡയറിയിൽ അറസ്റ്റിനെപ്പറ്റിയുള്ള ഒരു കുറിപ്പ് രേഖപ്പെടുത്തേണ്ടതും അതിൽ മേൽപ്പറഞ്ഞപ്രകാരം വിവരം അറിയിക്കപ്പെട്ട അടുത്ത സുഹൃത്തിന്റെയോ ബന്ധുവിന്റെയോ പേരും അറസ്റ്റ്ചെയ്യപ്പെട്ട ആളെ കസ്റ്റഡിയിൽവച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരും മറ്റുവിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്.

7. അറസ്റ്റ്ചെയ്യപ്പെടുന്ന ആൾ ആവശ്യപ്പെടുന്നപക്ഷം ആ സമയത്ത് അയാളുടെയോ അവളുടെയോ ശരീരത്തിലുള്ള ചെറുതും വലുതുമായ ക്ഷതങ്ങളും മുറിവുകളുംമറ്റും പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്. ഈ പരിശോധനാമെമ്മോയിൽ അറസ്റ്റുചെയ്യപ്പെട്ട ആളും പരിശോധന നടത്തിയ പോലീസ്ഉദ്യോഗസ്ഥനും ഒപ്പുവെയ്ക്കേണ്ടതാണ്. ഇതിന്റെ പകർപ്പ് അറസ്റ്റ്ചെയ്യപ്പെട്ട ആൾക്കും അറസ്റ്റുനടത്തിയ പോലീസ് ഉദ്യോഗസ്ഥനും നൽകേണ്ടതാണ്.

8. അറസ്റ്റുചെയ്യപ്പെട്ട ആളെ, അയാളെ കസ്റ്റഡിയിൽവച്ചിരിക്കുന്ന കാലയളവിൽ ഓരോ 48 മണിക്കൂറിലും സംസ്ഥാനസർക്കാരിന്റെ ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച ഡോക്ടർമാരുടെ പാനലിൽപ്പെട്ട ഒരു ഡോക്ടർ പരിശോധിക്കേണ്ടതാണ്.

9. മേൽപ്പറഞ്ഞ അറസ്റ്റു സംബന്ധിച്ച മെമ്മോ ഉൾപ്പെടെയുള്ള എല്ലാ രേഖകളുടെയും പകർപ്പ് തൽപ്രദേശത്ത് ആധികാരികതയുള്ള മജിസ്ട്രേറ്റിന് അദ്ദേഹത്തിന്റെ രേഖകളിൽ ഉൾക്കൊള്ളിക്കുന്നതിനായി അയച്ചുകൊടുക്കേണ്ടതാണ്.

10. ചോദ്യംചെയ്യൽസമയത്ത് തന്റെ അഭിഭാഷകനെ കാണുവാൻ അറസ്റ്റുചെയ്യപ്പെട്ട ആളെ അനുവദിക്കേണ്ടതാണ്. എന്നാൽ ചോദ്യം ചെയ്യുന്ന സമയം മുഴുവൻ ഇപ്രകാരം അനുവദിക്കണമെന്നില്ല.

11. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാനതലസ്ഥാനത്തും ഓരോ പോലീസ് കൺട്രോൾറൂമുകൾ ഏർപ്പെടുത്തേണ്ടതും ഒരു അറസ്റ്റുനടന്നു 12 മണിക്കുറിനുള്ളിൽ അതിനെ സംബന്ധിച്ച വിവരം അറസ്റ്റുനടത്തുന്ന ഉദ്യോഗസ്ഥൻ കൺട്രോൾറൂമിൽ അറിയിക്കേണ്ടതും അവിടെ അത് പ്രത്യക്ഷമായി കാണത്തക്കവിധം ഒരു നോട്ടീസ്ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. സ്ത്രീകളെ അറസ്റ്റുചെയ്യുമ്പോൾ സാധാരണഗതിയിൽ വനിതാപോലീസ് ഉണ്ടായിരിക്കണമെന്ന് പോലീസിന് നിർദ്ദേശമുണ്ടെങ്കിലും കുറ്റവാളി രക്ഷപ്പെടാനുള്ള സാധ്യത തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ പുരുഷനായ പോലീസുദ്യോഗസ്ഥനും സ്ത്രീയെ അറസ്റ്റുചെയ്യാം. അത്തരം സന്ദർഭങ്ങളിൽ പ്രത്യേക സാഹചര്യങ്ങൾ എന്തായിരുന്നുവെന്ന് ആ പോലീസുദ്യോഗസ്ഥൻ രേഖപ്പെടുത്തണം. സ്ത്രീയുടെ മാന്യത പാലിച്ചുകൊണ്ടുവേണം ആ സന്ദർഭങ്ങളിൽ പ്പോലും പോലീസ് അറസ്റ്റുചെയ്യേണ്ടത്.

## ജാമ്യം

അറസ്റ്റു ചെയ്തു കഴിഞ്ഞ ഒരാളെ 24 മണിക്കൂറിനകം കോടതി മുമ്പാകെ ഹാജരക്കാണ്ടതാണ് എന്ന് നേരത്തെ പറഞ്ഞുവല്ലോ. കേസുകൾ സാധാരണ ജാമ്യം കിട്ടാവുന്നതും അല്ലാത്തതുമായ രണ്ടുവിധത്തിലാണ് എടുക്കാറുള്ളത്. (Bailable and non bailable) ജാമ്യം ലഭിക്കാവുന്ന വിധത്തിലുള്ള കേസുകളിൽ പ്രതിയെ അഥവാ അറസ്റ്റു ചെയ്യപ്പെട്ടയാളിനെ പോലീസിനു തന്നെ ജാമ്യത്തിൽ വിടാവുന്നതാണ്. ജാമ്യം ലഭിക്കാവുന്ന കുറ്റത്തിന് അറസ്റ്റുചെയ്യപ്പെട്ടയാൾ ജാമ്യം എടുക്കുന്നതിന് തയ്യാറെങ്കിൽ അയാൾക്ക് ജാമ്യം ഒരു അവകാശമാണ്.

ജാമ്യം ലഭിക്കാനവകാശമില്ലാത്ത കേസുകളിൽ ചില നിബന്ധനകൾക്കു വിധേയമായി ചില പ്രത്യേക കേസുകളിൽ മജിസ്ട്രേട്ടിനുതന്നെ ജാമ്യമനുവദിക്കാവുന്നതാണ്. ഏതുതരം കേസുകൾക്കും ജാമ്യം അനുവദിക്കുന്നതിന് സെഷൻസ് കോടതികൾക്കും ഹൈക്കോടതികൾക്കും അധികാരമുണ്ട്. സാധാരണഗതിയിൽ ജാമ്യമനുവദിക്കാനാവാത്ത കേസുകളിൽ മജിസ്ട്രേട്ട് ജാമ്യമനുവദിക്കാറില്ല. അങ്ങനെവരുമ്പോൾ സെഷൻസ് കോടതിക്കോ, സെഷൻസ്കോടതി അനുവദിച്ചില്ലായെങ്കിൽ ഹൈക്കോടതി മുമ്പാകെയോ ജാമ്യപേക്ഷ കൊടുക്കാവുന്നതാണ്. ഈ കോടതികൾക്ക് സാഹചര്യങ്ങൾ പരിഗണിച്ച് ജാമ്യമനുവദിക്കുകയോ നിഷേധിക്കുകയോ ചെയ്യാവുന്നതാണ്.

## മുൻകൂർജാമ്യം എന്നാൽ

മുൻകൂർജാമ്യം അറസ്റ്റിൽ നിന്നുള്ള മുക്തിയല്ല. മുൻകൂർ ജാമ്യം കോടതി അനുവദിച്ചാൽ പ്രതിയെ അറസ്റ്റു രേഖപ്പെടുത്തി ജാമ്യത്തിൽ വിടണമെന്നാണ് നിയമം. അതായത് കേസിൽ നിന്നും തലയൂരുന്നതിനുള്ള ഒരു ഉപാധിയല്ല മുൻകൂർ ജാമ്യം. എല്ലാ സാഹചര്യത്തിലും മുൻകൂർ ജാമ്യം അനുവദനീയവുമല്ല. മയക്കുമരുന്ന് നിയമത്തിനോ, പോട്ട നിയമത്തിനോ, പട്ടികജാതി/വർഗ്ഗ പീഡനനിയമത്തിനോ മുൻകൂർജാമ്യമില്ല. ഇപ്പോൾ അബ്കാരി കേസുകളിലും മുൻകൂർ ജാമ്യം അനുവദിക്കാറില്ല.

മുൻകൂർ ജാമ്യം ലഭിക്കുന്നതിന് ഹൈക്കോടതിയെയോ സെഷൻസ് കോടതിയെയോ സമീപിക്കാവുന്നതാണ്.

മുൻകൂർ ജാമ്യത്തിനുള്ള അപേക്ഷ കേസിന്റെ വിചാരണയ്ക്ക് അധികാരമുള്ള കോടതിയിൽത്തന്നെ ഫയൽ ചെയ്യണമെന്നില്ല എന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. ഏതു സ്ഥലത്തുവച്ച് അറസ്റ്റു ചെയ്യാനിടയുണ്ടോ, അവിടുത്തെ കോടതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജാമ്യം അനുവദിച്ചത് തെറ്റായിട്ടാണെങ്കിൽ മേൽക്കോടതിക്ക് ആ ഉത്തരവു പരിശോധിച്ച് റദ്ദുചെയ്യാൻ അധികാരമുണ്ട്.

## ജാമ്യം എടുക്കുന്നത് എങ്ങനെ?

ക്രിമിനൽ കേസുകളിൽ ജാമ്യം കൊടുക്കാവുന്ന കേസുകളും ജാമ്യം കൊടുക്കുവനാവാത്ത കേസുകളും ഉണ്ടെന്ന് നേരത്തെ പറഞ്ഞല്ലോ.

അവയിൽ ജാമ്യം നൽകാവുന്ന കേസുകളിൽ പോലീസ് സ്റ്റേഷനിൽ നിന്നുതന്നെ ജാമ്യം നൽകാവുന്നതാണ് എന്നും അറിഞ്ഞുകഴിഞ്ഞു. മറ്റുള്ള കേസുകളിൽ ജാമ്യം അനുവദിക്കുന്നതിനുള്ള അധികാരം കോടതികൾക്കാണ്. മജിസ്ട്രേട്ടുകോടതിയിൽ നിന്നും ജാമ്യം ലഭിച്ചില്ലായെങ്കിൽ ജില്ലാകോടതിയിലോ അതുമല്ലങ്കിൽ ഹൈക്കോടതിയിലോ ജാമ്യാപേക്ഷ നൽകാവുന്നതാണ്. അബ്കാരി നിയമപ്രകാരമുള്ള കുറ്റത്തിന് പുതുക്കിയ നിയമപ്രകാരം ജാമ്യം നിയന്ത്രിതമാണ്. മയക്കുമരുന്നു സംബന്ധിച്ച കുറ്റങ്ങൾക്കും ഇതേ പോലെതന്നെയാണ് ജാമ്യത്തിന്റെ അവസ്ഥ. ടാഡ നിയമം നിലവിലുണ്ടായിരുന്നപ്പോൾ ജാമ്യം ലഭിക്കുന്നത് എളുപ്പമായിരുന്നില്ല. ഇപ്പോൾ നിലവിൽവന്ന പോട്ട (ഭീകര വിരുദ്ധ നിയമം) നിയമമനുസരിച്ചും ജാമ്യം ലഭിക്കുക എളുപ്പമല്ല. പൊതുമുതൽ നശിപ്പിക്കുന്നതു സംബന്ധിച്ച കുറ്റകൃത്യങ്ങളിൽ പബ്ലിക് പ്രൊസിക്യൂട്ടറുടെ വാദംകൂടി കേട്ടശേഷമേ കോടതി ജാമ്യം അനുവദിക്കുകയുള്ളൂ.

1977–ലെ സുപ്രീം കോടതി വിധിപ്രകാരം അറസ്റ്റുചെയ്യപ്പെട്ട വ്യക്തി നിയമത്തിന്റെ പിടിയിൽനിന്നും കുതറി രക്ഷപ്പെടുന്ന അവസ്ഥയില്ലായെങ്കിൽ ജാമ്യം അനുവിദിക്കണെമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ജാമ്യം നൽകാവുന്ന വിധത്തിലുള്ള കേസുകളിൽ ജാമ്യത്തിനുള്ള വ്യവസ്ഥകൾ തയ്യാറാണെങ്കിൽ ജാമ്യം ആ വ്യക്തിയുടെ അവകാശമാണ് എന്ന് കോടതികൾ പലതവണ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ജാമ്യം നൽകാവുന്ന കുറ്റങ്ങളിൽ ക്രിമിനൽ നടപടി നിയമം 436–ാം വകുപ്പുപ്രകാരവും ജാമ്യാഹർതയില്ലാത്ത കേസുകളിൽ 437–ാം വകുപ്പുനുസരിച്ചുമാണ് ജാമ്യമനുവദിക്കുന്നത്. എന്നാൽ ജീവപര്യന്തം തടവുശിക്ഷയോ വധശിക്ഷയോ വിധിക്കാവുന്ന വിധത്തിലുള്ള കുറ്റങ്ങൾക്ക് ഈ വകുപ്പുപ്രകാരം ജാമ്യം അനുവദിച്ചുകൂടാ. അതിന് ക്രിമിനൽ നടപടി നിയമം 439–ാം വകുപ്പാണ് ഉപയോഗിക്കേണ്ടത്. ജാമ്യം നൽകുന്നതിന് ചില വ്യവസ്ഥകൾ കോടതിക്ക് നിർദ്ദേശിക്കാവുന്നതാണ്.

അറസ്റ്റുചെയ്യപ്പെട്ട ആൾക്ക് ജാമ്യം നൽകുന്നത് സ്വന്തജാമ്യത്തിലും മറ്റു രണ്ടുപേരുടെ ജാമ്യത്തിലും ആയിരിക്കും. ജാമ്യം അനുവദിക്കുന്നത് ജാമ്യമില്ലാത്ത വകുപ്പുകളിൽപ്പെട്ട കുറ്റകൃത്യത്തിനാണെങ്കിൽ, പ്രതി കോടതിയിൽ ഹാജരാകുന്നതിൽ വീഴ്ചവരുത്താതെ ഇരിക്കുന്നതിനു വേണ്ടിയാണ് നിബന്ധനകൾ ഏർപ്പെടുത്തുന്നത്. ജാമ്യവ്യവസ്ഥ ലംഘിച്ചാൽ ജാമ്യം അസ്ഥിരപ്പെടുത്തിയശേഷം ജാമ്യത്തുക മുഴുവനായോ, ഭാഗികമായോ കണ്ടുകെട്ടുന്നതാണ്.

## കോടതി ക്രമം

മജിസ്ട്രേട്ടു കോടതികളാണ് ക്രിമിനൽ നിയമത്തിലെ അടിസ്ഥാന കോടതികൾ. സബ്ഡിവിഷണൽ മജിസ്ട്രേട്ട് (RDO), ജില്ലാ മജിസ്ട്രേട്ട് (കള്ക്ടർ) തുടങ്ങിയവരൊക്കെ ഉണ്ടെങ്കിലും ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടാണ് അടിസ്ഥാനതലത്തിലുള്ള ക്രിമിനൽ കോടതിയായി കരുതപ്പെടുന്നത്. എല്ലാ പോലീസ് കേസുകളും റിപ്പോർട്ടുകളും ആദ്യം

ഫയൽ ചെയ്യപ്പെടുന്നത് മജിസ്ട്രേട്ടുകോടതിയിലാണ്. മജിസ്ട്രേട്ടിനു വിചാരണ ചെയ്യുവാനാവാത്ത ക്രിമിനൽ കേസുകൾ മജിസ്ട്രേട്ടു കോടതിയിൽ നിന്ന് സെഷൻസ് കോടതിയിലേക്ക് അയ്ക്കുകയാണ് ചെയ്യേണ്ടത്. ഇപ്രകാരം സെഷൻസ് വിചാരണയ്ക്കുവേണ്ടി കേസുകൾ അയ്ക്കുന്നതിന് കമ്മിറ്റൽ പ്രൊസീഡിംഗ്സ് (Committal Proceedings) എന്നാണു പറയുക. ഇങ്ങനെ കമ്മിറ്റ് ചെയ്യപ്പെടുന്ന ലഭിക്കുന്ന കേസിൽ തുടർ നടപടികൾ സെഷൻസ് കോടതികളാണ് നടത്തുന്നത്.

ഒന്നാംക്ലാസ് മജിസ്ട്രേട്ടു കോടതികൾക്കു തൊട്ടുമുകളിലാണ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ സ്ഥാനം. മറ്റു ജുഡീഷ്യൽ മജിസ്ട്രേട്ടു കോടതികളുടെ മേൽനോട്ടം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ അധികാരത്തിൽ വരുന്നു.

ഇവകൂടാതെ സെഷൻസ് കോടതികളാണ് ഉള്ളത്. ജില്ലാ തലത്തിൽ ഒരു സെഷൻസ് കോടതിയുണ്ടാവും. സിവിൽ കേസുകളിലെ ജില്ലാ കോടതിയുടെ സ്ഥാനം തന്നെയാണ് ക്രിമിനൽ കേസുകളിൽ സെഷൻസ് കോടതിക്കുള്ളത്. സെഷൻസ് കോടതിക്ക് അഡീഷണൽ സെഷൻസ് കോടതികളും അഡീഷണൽ അസിസ്റ്റന്റ് സെഷൻസ് കോടതികളും ഉണ്ടാവും. ഈ കോടതികളിൽ മജിസ്ട്രേട്ടിന് വിചാരണ ചെയ്യാനാകാത്തതും ശിക്ഷ വിധിക്കുവാനാവാത്തതുമായ കേസുകൾ വിചാരണയ്ക്കു വരുന്നു.

സെഷൻസ് കോടതികൾക്കു മുകളിലുള്ള അപ്പീൽ കോടതി ഹൈക്കോടതിയാണ്. ഹൈക്കോടതിയ്ക്കു മുകളിൽ സുപ്രീംകോടതിയുമുണ്ട്.

സബ്ഡിവിഷണൽ മജസ്ട്രേട്ട് (RDO), ജില്ലാ മജിസ്ട്രേട്ട് (കളക്ടർ) തുടങ്ങിയ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാരുടെ കോടതികൾ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള ക്രിമിനൽ നിയമാധികാരങ്ങളാണ് ഉപയോഗിക്കാറുള്ളത്. മുഖ്യധാരാ ക്രിമിനൽ കോടതികളുമായി അല്പം വേറിട്ടു നിൽക്കുന്ന മട്ടിലാണ് ഇവയുടെ പ്രവർത്തനമെങ്കിലും എല്ലാ കാര്യങ്ങളിലും ഒരു ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെയോ അതിലും അല്പം താഴെയോ ആയ അധികാരങ്ങൾ ഈ കോടതികൾക്കുണ്ട്.

കുറ്റവിചാരണ ഏതുകോടതിയിൽ ആണു നടക്കേണ്ടത് എന്ന് ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്നുണ്ട്. ഓരോ കോടതികൾക്കും വിധിക്കാവുന്ന ശിക്ഷകളും മറ്റും അടിസ്ഥാനപ്പെടുത്തിയാണ് കുറ്റകൃത്യം ഏതുകോടതിയിൽ വിചാരണ നടത്തും എന്നു നിശ്ചയിക്കുന്നത്. ചാർജ്ജു ചെയ്തിട്ടുള്ള കുറ്റങ്ങൾക്ക് വിധിക്കാവുന്ന പരമാവധി ശിക്ഷയാണ് ഇതിന്റെ മാനദണ്ഡം. മജിസ്ട്രേട്ടു കോടതികളിൽ മൂന്നുവർഷംവരെ തടവും മറ്റു കോടതികളിൽ അതിനു മുകളിലുള്ള ശിക്ഷകളുമാണ് വിധിക്കാവുന്നതായി നിശ്ചയിച്ചിരിക്കുന്നത്. ഒരു കേസ് ഏതു കോടതിയിലാണ് വിസ്തരിക്കേണ്ടത് എന്ന് ക്രിമിനൽ നടപടി നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

## ക്രിമിനൽ കേസുകളുടെ വിചാരണ

ക്രിമിനൽ കോടതികളിൽ കേസു ഫയൽ ചെയ്യുന്നതും ഫയൽ ചെയ്ത കേസ്സുകൾ വിചാരണക്കെടുക്കുന്നതും മറ്റും എങ്ങനെയാണെന്നുള്ളത് സാമാന്യ ജനങ്ങൾക്ക് ഇന്നും അജ്ഞാതമാണ്. മജിസ്ട്രേട്ടു കോടതിയിലും സെഷൻസുകോടതിയിലുമൊക്കെ ഹാജരാകുന്ന കക്ഷികളും സാക്ഷികളും, കോടതി നടപടികൾ തങ്ങൾക്ക് അപ്രാപ്യമാണെന്നുള്ള ധാരണയാലോ എന്തോ, ദൂരെനിന്ന് നോക്കികാണുക മാത്രമെ ചെയ്യാറുള്ളൂ.

മജിസ്ട്രേറ്റ് കോടതിയിൽ കേസ്സു ഫയൽ ചെയ്യുന്നത് രണ്ടുവിധത്തിലാണ്. ഒരു കുറ്റകൃത്യം നടന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിലും ഒരുപോലീസ് റിപ്പോർട്ട് (ചാർജ്) ലഭിക്കുമ്പോഴും മജിസ്ട്രേട്ടുകോടതിക്ക് കേസ്സ്ഫയലിൽ സ്വീകരിക്കാവുന്നതാണെന്ന് ക്രമിനൽ നടപടി നിയമം 190–ാം വകുപ്പ് വിവക്ഷിച്ചിരിക്കുന്നു.

സ്വകാര്യവ്യക്തികൾ ഫയൽചെയ്യുന്ന പരാതികൾ (അന്യായം), ആവലാതിക്കാരന്റെ മൊഴി കോടതി രേഖപ്പെടുത്തിയശേഷം, ഫയലിൽ സ്വീകരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ മൊഴി രേഖപ്പെടുത്തുന്ന അവസരത്തിൽ മജിസ്ട്രേട്ടിന് ആവലാതി സംഗതിയെപ്പറ്റി പൂർണ്ണബോദ്ധ്യം വന്നിട്ടില്ലെങ്കിൽ സാക്ഷികളെ ഹാജരാക്കി മൊഴിരേഖപ്പെടുത്തിയതിനു ശേഷമൊ ഹർജി പോലീസ്സിലേക്കയച്ച് അതിലടങ്ങിയ വിവരങ്ങളെപ്പറ്റി പോലീസ് റിപ്പോർട്ട് വരുത്തിയതിനു ശേഷമൊ ഫയലിൽ സ്വീകരിച്ചാൽ മതി. ഈ പരിഗണനകൾക്കുശേഷം കേസ്സു ഫയലിൽ സ്വീകരിക്കുന്നതിന് മതിയായ കാരണങ്ങളില്ലെങ്കിൽ തള്ളിക്കളയുന്നതിന് മജിസ്ട്രേട്ടിനധികാരമുണ്ട്.

ഒരു സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ പേരിൽ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റുദ്യോഗസ്ഥന്റെ പേരിൽ അയാളുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ സംബന്ധിച്ചോ അതിനിടയ്ക്കുള്ള ചെയ്തികളെ സംബന്ധിച്ചോ ആണ് സ്വകാര്യ വ്യക്തിയുടെ അന്യായം എങ്കിൽ, അയാളെ നിയമിക്കുന്നതിനും അയാളുടെ പേരിൽ ശിക്ഷണനടപടി സ്വീകരിക്കുന്നതിനും അധികാരമുള്ള മേലുദ്യോഗസ്ഥന്റെയോ, ഗവൺമെന്റിന്റെയോ മുൻകൂട്ടിയുള്ള അനുവാദം (Sanction) ഉണ്ടെങ്കിൽ മാത്രമേ ഫയലിൽ സ്വീകരിയ്ക്കുന്നതിന് കോടതിക്കധികാരമുള്ളൂ.

കേസ്സ് ഫയലിൽ സ്വീകരിച്ചതിനുശേഷം പ്രതി ഹാജരാകുന്നതിന് കോടതിയിൽ നിന്നും സമൻസ് അയക്കണം. സമൻസു കിട്ടിയശേഷം പ്രതി കോടതിയിൽ ഹാജരാകുന്നതോടെയാണ് കേസ്സിന്റെ വിചാരണ തുടങ്ങുന്നത്. കേസു വിചാരണചെയ്യുന്നതിന് പ്രത്യേക നിബന്ധനകളുണ്ട്.

എല്ലാ ക്രിമിനൽ കേസുകളും വാറന്റ് കേസ്സുകൾ, സമൻസുകേസ്സുകൾ എന്ന് വേർതിരിച്ചിരിക്കുന്നു. രണ്ടുകൊല്ലത്തിനു മുകളിൽ ശിക്ഷ വരുന്നതായ, ജീവപര്യന്തതടവോ വധശിക്ഷയോ വരെ വിധിക്കാവുന്ന കേസ്സുകളെല്ലാം വാറന്റ് കേസ്സുകൾ എന്ന വിഭാഗത്തിലും, മറ്റുള്ളവയെ

സമൻസുകേസുകൾ എന്ന വിഭാഗത്തിലും പെടുത്തിയിരിക്കുന്നു. വാറന്റു കേസ്സുകളിൽതന്നെ പോലീസ് ചാർജ്ജുചെയ്ത കേസ്സുകൾക്കും സ്വകാര്യ അന്യായപ്രകാരമുള്ള കേസ്സുകൾക്കും വിഭിന്ന നടപടിക്രമങ്ങളാണ് സ്വീകരിയ്ക്കേണ്ടത്.

സ്വകാര്യ അന്യായം ഫയലിൽ സ്വീകരിച്ചശേഷം പ്രതി ഹാജരാകുമ്പോൾ സമൻസുകേസ്സുകളുടെ വിഭാഗത്തിൽപെടുന്നതാണെങ്കിൽ പ്രതി കുറ്റം സമ്മതിക്കുകയാണോ നിഷേധിക്കുകയാണോ ചെയ്യുന്നതെന്ന് മജിസ്ട്രേട്ട് ചോദിക്കണം. പ്രതി കുറ്റം സമ്മതിക്കുകയാണെങ്കിൽ അപ്പോൾ തന്നെ ശിക്ഷിക്കാം. നിഷേധിക്കുകയാണെങ്കിൽ തെളിവു ഹാജരാക്കുന്നതിന് അന്യായക്കാരനോട് ആവശ്യപ്പെട്ട്, വിചാരണ നടപടി സ്വീകരിച്ച്, വാദിഭാഗം ഹാജരാക്കുന്ന സാക്ഷികളെ വിസ്തരിച്ച്, ഇരുഭാഗത്തെയും വാദം കേട്ടതിനുശേഷം പ്രതി കുറ്റക്കാരനാണെന്നു കണ്ടാൽ ശിക്ഷിക്കുകയും കുറ്റംതെളിഞ്ഞിട്ടില്ലെങ്കിൽ പ്രതിയെ വെറുതെവിടുകയും ചെയ്യണം. ഇത്തരം സമൻസുകേസുകളിൽ നേരിട്ടു ഹാജരാകാതെതന്നെ അഭിഭാഷകൻ മുഖാന്തിരം ഹാജരായി വിചാരണയെ അഭിമുഖീകരിക്കുന്നതിന് പ്രതിക്കവകാശമുണ്ട്.

കുറ്റപത്രം കൊടുക്കുന്നതിന് മതിയായ തെളിവില്ലെങ്കിൽ പ്രതിയെ വിട്ടയക്കേണ്ടതാണ്. കുറ്റപത്രം കൊടുക്കുമ്പോൾ കുറ്റംചെയ്ത രീതി, സ്ഥലം, തീയതി ഇവ വിശദമായി പ്രതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കണമെന്നാണു നിയമം.

കുറ്റപത്രം നൽകുമ്പോൾ പ്രതി കുറ്റം നിഷേധിക്കുകയാണെങ്കിൽ പ്രതിക്കെതിരെ തെളിവു ഹാജരാക്കുന്നതിന് പ്രോസിക്യൂഷൻ ഭാഗത്തിന് അവസരം കൊടുക്കണം. അഥവാ പ്രതി കുറ്റം സമ്മതിക്കുകയാണെങ്കിൽ ആയതു സ്വമേധയാ ചെയ്യുന്നതാണോയെന്ന് ബോദ്ധ്യം വരുത്തിയശേഷം പ്രതിയെ ശിക്ഷിക്കാവുന്നതാണ്. പ്രോസിക്യൂഷൻ ഭാഗത്തുനിന്ന് ഹാജരാക്കുന്ന തെളിവുകൾ രേഖപ്പെടുത്തിയശേഷം തനിയ്ക്കെതിരായി ഹാജരാക്കിയിരിക്കുന്ന തെളിവുകളെപ്പറ്റി വിശദീകരണം നൽകുന്നതിന് സാക്ഷിമൊഴിയുടെ പ്രസക്തഭാഗങ്ങൾ പ്രതിയുടെ ശ്രദ്ധയിൽപ്പെടുത്തണം. പ്രതിയെചോദ്യം ചെയ്തതിനുശേഷം പ്രതിഭാഗത്തേക്ക് തെളിവു ഹാജരാക്കുന്നതിന് അവസരം നൽകിയിരിക്കണം.

## സെഷൻസ് കേസ്സുകളുടെ വിചാരണ

മജിസ്ട്രേട്ടു കോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന കേസ്സുകളിൽ സെഷൻസ്സുകോടതിമാത്രം വിചാരണചെയ്യേണ്ട കേസ്സുകൾ മജിസ്ട്രേട്ടുകോടതിയിൽ നിന്നും സെഷൻസുകോടതിയിലേക്ക് കമ്മിറ്റുചെയ്ത് അവിടെവേണം വിചാരണ തുടരേണ്ടത് എന്ന് നിയമം അനുശാസിക്കുന്നു. കൊലക്കുറ്റം, കൊലക്കുറ്റത്തോടുകൂടിയ ഭവനഭേദനം, കവർച്ച, രാജ്യദ്രോഹകുറ്റം, ബലാൽസംഗം, അബ്കാരിനിയമം അനുസരിച്ചുള്ള കേസ്സുകൾ, പട്ടികജാതി പട്ടികവർഗ്ഗ പീഡനം സംബന്ധിച്ച കേസ്സുകൾ,

സ്ത്രീധന മരണം (Dowry Death), വധശ്രമം തുടങ്ങി വളരെയേറെ കേസ്സുകൾ സെഷൻസുകോടതിയിൽ മാത്രം വിചാരണ ചെയ്യപ്പെടേണ്ട വയാണ്.

സെഷൻസുകേസ്സുകളിൽ വിചാരണ വരുമ്പോൾ എന്തിനെപ്പറ്റിയാണ് കേസ് എന്ന് കോടതിക്ക് രൂപം കിട്ടുന്നതിനുവേണ്ടി കേസ്സുരേഖകളെ പ്പറ്റി പ്രോസിക്യൂട്ടർ കോടതിയെ ബോദ്ധ്യപ്പെടുത്തണം. എല്ലാ സഷൻസു കേസ്സുകളും ഗവൺമെന്റിനുവേണ്ടി ഹാജരായി നടത്തുന്ന തിനുള്ള ചുമതല പബ്ലിക് പ്രോസിക്യൂട്ടർക്കാണ്. അതിനുശേഷം രേഖകൾ പരിശോധിച്ച് പ്രതിയുടെ പേരിൽ കുറ്റപത്രം നൽകേണ്ട താണ്. എന്നാൽ അതിനുമുൻപ് രേഖകളനുസരിച്ച് വിചാരണ ചെയ്യത്തക്ക ഒരു കുറ്റവും ഇല്ലെന്നു കണ്ടാൽ കോടതിക്ക് കുറ്റാരോപിതനെ വെറു തെ വിട്ടയ്ക്കാവുന്നതാണ്. കുറ്റപത്രം കൊടുക്കുന്ന കേസ്സുകളിൽ പ്രതി കുറ്റം നിഷേധിച്ചതിനുശേഷം വിചാരണതീയതി പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ കുറ്റപത്രം വായിച്ചുകേൾപ്പിക്കുമ്പോൾ പ്രതി കുറ്റം സമ്മതി യ്ക്കുകയാണെങ്കിൽ ആ കുറ്റസമ്മതം സ്വീകരിക്കുകയോ നിരാകരിക്കു കയോ ചെയ്യുന്നതിനുള്ള അധികാരം കോടതിയിൽ നിക്ഷിപ്തമാണ്.

## പാഠം 12

# നിയമവും പ്രകൃതി സംരക്ഷണവും

### പരിസ്ഥിതി നിയമങ്ങൾ

**ഈ** പാഠം നമുക്ക് ഒരു കാർട്ടൂണിനെക്കുറിച്ച് പറഞ്ഞുകൊണ്ടാരംഭിക്കാം. വർഷങ്ങൾക്കുമുമ്പ് റഷ്യയിലെ കുട്ടികൾചേർന്ന് വളരെ ലളിതമായ ഒരു ചിത്രം വരച്ചു, സ്പുട്നിക് എന്ന മാസികയിൽ അത് പിന്നീട് വളരെ പ്രസിദ്ധമായ ചിത്രമായി മാറി.

ഇത്രയേയുള്ളൂ ചിത്രം. ഗോളാകൃതിയിലുള്ള ഒരു രൂപം.

ഗോളത്തിനുതാഴെ കുട്ടികൾ എഴുതിവെച്ചു. ''ഇതല്ലാതെ മറ്റൊരു ഭവനമില്ല.''

ഗോളമെന്നാൽ ഭൂഗോളം. ഭൂമിയല്ലാതെ നമുക്ക് മറ്റൊരു ഭവനമില്ല. മനുഷ്യർക്കെന്നല്ല, സകല ചരാചരങ്ങൾക്കും ഒരൊറ്റ ഭവനം മാത്രമേയുള്ളൂ. അതാണ് ഭൂമി.

വനനശീകരണം, മലിനീകരണം, വിഭവശോഷണം എന്നിവതൊട്ട് ആസിഡുമഴയും ഓസോൺപാളിയിലെ വിള്ളലുണ്ടാകുന്നതുംവരെയുള്ള വിഷയങ്ങളെക്കുറിച്ച് നിങ്ങൾ ഇതിനകം താഴ്ന്ന ക്ലാസുകളിൽ പഠിച്ചുകാണും.

ഭൂമിയില്ലെങ്കിൽ നമ്മളില്ല. ജൈവമണ്ഡലത്തിലെ ജീവനുള്ളതും ഇല്ലാത്തതുമായ സകല ഘടകങ്ങളും പരിരക്ഷിക്കപ്പെടണം. വനനശീകരണം തടയണം. മരങ്ങൾ വെച്ചുപിടിപ്പിക്കണം. വായുവിലും വെള്ളത്തിലും മണ്ണിലും മാലിന്യം കലരാതെ നോക്കണം. ശബ്ദശല്യം കുറയ്ക്കണം. വിഭവങ്ങൾ പരമാവധി സൂക്ഷിച്ചുപയോഗിക്കണം. അവ അടുത്ത തലമുറയ്ക്ക് കൈമാറണം. പ്രകൃതി പൊന്മുട്ടയിടുന്ന താറാവിനെപ്പോലെയാണ്. അതിനെ കൊല്ലരുത്. ''നമ്മുടെ ആവശ്യങ്ങൾക്കുള്ളതെല്ലാം പ്രകൃതിയിലുണ്ട്. എന്നാൽ, നമ്മുടെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ പ്രകൃതിക്കും കഴിയില്ല.'' ഈ അർത്ഥംവരുന്ന വാക്കുകൾ ഗാന്ധിജിയുടേതാണ്. പ്രകൃതി നൽകിയ വരദാനങ്ങൾ നമുക്ക് സ്വന്തമല്ല. നാം അവയുടെ കാവൽക്കാർമാത്രം. അടുത്ത തല

മുറയിലേക്ക് അവയെ സുരക്ഷിതമായി ഏൽപ്പിക്കാൻ നമുക്ക് ബാധ്യത യുണ്ട്. ഈ ലക്ഷ്യത്തോടെയാണ് പരിസ്ഥിതി നിയമങ്ങൾ ഉണ്ടായത്.

## ലോക പരിസ്ഥിതി സമ്മേളനം

1972 ജൂലായ് 5-ാംതീയതി സ്വീഡണിലെ സ്റ്റോക്ക്ഹോമിൽ ഒരു ലോക പരിസ്ഥിതി സമ്മേളനം ചേർന്നു. ഐക്യരാഷ്ട്രങ്ങൾ വിളിച്ചു കൂട്ടിയ ആ സമ്മേളനത്തിൽ ഭൂരിപക്ഷം അംഗരാജ്യങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഇന്ത്യയെ പ്രതിനിധീകരിച്ചിരുന്നത് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയായിരുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഊന്നിപറഞ്ഞുകൊണ്ട് അവർ ആ സമ്മേളനത്തിൽ പ്രസംഗിക്കുകയും ചെയ്തു.

ലോകത്തിലെവിടെയും അനുഭവപ്പെടുന്ന പരിസ്ഥിതി പ്രശ്നങ്ങളെ ആഴത്തിൽ വിലയിരുത്തിക്കൊണ്ടുള്ള ഒരു പ്രഖ്യാപനം പ്രസ്തുത സമ്മേളനം അംഗീകരിച്ചു. പ്രശ്നപരിഹാരത്തിൽ ഓരോ രാഷ്ട്രവും അതിലെ പൗരന്മാരും എടുക്കേണ്ട മുൻകരുതലുകൾ അതിൽ വിശദീകരിക്കുന്നുണ്ട്.

## പരിസ്ഥിതി അവബോധം വ്യാപകമാകുന്നു

മേൽപറഞ്ഞ സമ്മേളനം എല്ലാ രാജ്യങ്ങളിലും പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടി. രാഷ്ട്രങ്ങൾ മറ്റു നിയമനടപടികൾ എടുത്തു. സന്നദ്ധസംഘടനകൾ രംഗത്തുവന്ന് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച അവബോധം ജനങ്ങളിൽ സൃഷ്ടിച്ചു. കേരളത്തിൽ സൈലൻറ്വാലി വനങ്ങൾക്ക് നാശം സംഭവിക്കുമായിരുന്ന വൈദ്യുതപദ്ധതി പരിസ്ഥിതി പ്രവർത്തകരുടെ ശക്തമായ എതിർപ്പുമൂലം സർക്കാരിന് ഉപേക്ഷിക്കേണ്ടിവന്നു.

## ഇന്ത്യ നടപ്പാക്കിയ പ്രധാന പരിസ്ഥിതി നിയമങ്ങൾ

1974-ൽ പാർലമെൻറ് ജല (മലിനീകരണ നിരോധന നിയന്ത്രണ) നിയമം പാസാക്കി. 1981-ൽ വായു (മലിനീകരണ നിരോധന നിയന്ത്രണ) നിയമം പാസാക്കി. ഭരണഘടന നടപ്പാക്കപ്പെടുന്ന സമയത്ത് വനം, വന്യജീവികൾ ഇവ രണ്ടു വിഷയങ്ങളും സംസ്ഥാന ലിസ്റ്റിലായിരുന്നു. 1976-ൽ ഒരു ഭരണഘടനാ ഭേദഗതി മുഖേന സംയുക്ത ലിസ്റ്റിലേക്ക് മാറ്റി. അതോടെ പ്രസ്തുത വിഷയങ്ങളിൽ കേന്ദ്രത്തിനും നിയമനിർമാണാധികാരം നൽകപ്പെട്ടു. അതിനുമുമ്പ് 1972-ൽ വന്യജീവി സംരക്ഷണ നിയമം പാസാക്കിയിരുന്നു. 1991-ൽ പ്രസ്തുത നിയമത്തിൽ ഭേദഗതി കൊണ്ടുവരികയും വന്യമൃഗവേട്ടയ്ക്ക് ലൈസൻസ് കൊടുക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തു. 1980-ൽ പാർലമെൻറ് വനസംരക്ഷണ നിയമം പാസാക്കി. 1986-ൽ പരിസ്ഥിതി സംരക്ഷണനിയമവും പാസാക്കി. അങ്ങനെ ജൈവമണ്ഡലത്തിന്റെ എല്ലാ ഘടകങ്ങൾക്കും സംരക്ഷണം നൽകാൻ പര്യാപ്തമായ നിയമങ്ങൾ ഇന്ത്യയും നിർമിച്ച് നടപ്പിലാക്കി.

## പരിസ്ഥിതി എന്നാൽ?

1986-ലെ പരിസ്ഥിതി നിയമത്തിൽ 'പരിസ്ഥിതി'യെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ''പരിസ്ഥിതി എന്നതിൽ ജലം, വായു, ഭൂമി എന്നിവയും ജലം, വായു, ഭൂമി, വസ്തുക്കൾ എന്നിവക്കിടയിൽ നിലനിൽക്കുന്ന അന്യോന്യ ബന്ധങ്ങളും ഉൾപ്പെടും.''

ജലം, വായു, ഭൂമി എന്നിവയും ഭൂമിയിൽനിന്നും ജലത്തിൽനിന്നും ലഭിക്കുന്ന വസ്തുക്കളെയും ആശ്രയിച്ചാണല്ലോ മനുഷ്യനും സസ്യങ്ങളും ജന്തുക്കളും എല്ലാം ജീവൻ നിലനിർത്തുന്നത്. 'പരിസ്ഥിതി പ്രശ്നം' ഉന്നയിക്കപ്പെട്ടപ്പോഴൊക്കെ ജീവിതത്തിനുള്ള അവകാശവുമായി ബന്ധപ്പെടുത്തിയാണ് അക്കാര്യം സുപ്രീംകോടതി പരിഗണിച്ചത്. ശുദ്ധവായുവും ശുദ്ധജലവും ആരോഗ്യകരമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്.അതുകാരണം വായു മലിനീകരണവും ജലമലിനീകരണവും ജീവിക്കാനുള്ളഅവകാശത്തിൻെറ നിഷേധമായിട്ടാണ് സുപ്രീംകോടതി കണ്ടത്. ആളുകൾ താമസിക്കുകയോ ജോലി ചെയ്യുകയോ പോക്കുവരവിനുപയോഗിക്കുകയോ ചെയ്യുന്നസ്ഥലം മലിനീകരിക്കപ്പെട്ടാലും മതി അത് ജീവിക്കാനുള്ള അവകാശത്തിൻെറ നിഷേധമായിട്ടുവേണം കാണാൻ. പരിസ്ഥിതി സംരക്ഷണകാര്യത്തിൽ സുപ്രീംകോടതിയുടെ ഭാഗത്തുനിന്നുണ്ടായ ഏറ്റവും വിലപ്പെട്ട സംഭാവന മേൽപറഞ്ഞ പ്രകാരമുള്ള സമീപനംതന്നെയാണ് എന്ന് പൊതുവെ പറയാം.

## ജലമലിനീകരണത്തിനെതിരെയുള്ള നിയമം

ജലമലിനീകരണത്തിനെതിരെ പാർലമെൻറ് പാസാക്കിയ നിയമത്തെ ചുരുക്കത്തിൽ 1974-ലെ ജലനിയമം (വാട്ടർ ആക്ട്) എന്ന് പറയാം. ബ്രാക്കറ്റിൽ നിയമത്തിൻെറ ഉദ്ദേശ്യംകൂടി പേരിനോടു ചേർത്തിട്ടുണ്ടെന്നുമാത്രം. അങ്ങനെയാണ് അതിൻെറ പേര് 1974-ലെ ജല (മലിനീകരണ നിരോധന നിയന്ത്രണ) നിയമമായത്. ഇതേമട്ടിൽതന്നെയാണ് 1981-ലെ വായു നിയമത്തിൻെറ കാര്യം. 1981-ലെ വായു (മലിനീകരണ നിരോധന നിയന്ത്രണ) നിയമം എന്നാണതിൻെറ പൂർണമായ പേര്. ജലനിയമം എന്നും വായുനിയമം എന്നും പറയുന്നതായിരിക്കും സൗകര്യം. ജലനിയമത്തിനും വായുനിയമത്തിനും പൊതുവിലുള്ളതാണ് മലിനീകരണ നിയന്ത്രണ ബോർഡുകൾ. ജലനിയമപ്രകാരം രൂപവൽക്കരിച്ച മലിനീകരണ നിയന്ത്രണബോർഡുകൾക്കുതന്നെയാണ് വായുനിയമപ്രകാരമുള്ള അധികാരവും. ഇതേ ബോർഡുകൾതന്നെ പിന്നീടുവന്ന പരിസ്ഥിതി സംരക്ഷണ നിയമത്തിൻെറയും പരിധിയിൽ വരുന്നു. ഒരു കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡും സംസ്ഥാന മലിനീകരണ നിരോധന ബോർഡുകളും സ്ഥാപിക്കണമെന്നാണ് നിയമങ്ങളിലെ നിർദ്ദേശം. അതനുസരിച്ച് സ്ഥാപിച്ച ബോർഡുകൾ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉണ്ട്.

ബോർഡിൻെറഅനുവാദമില്ലാതെഒരാളും ഒരുജലപ്രവാഹത്തിലും മലിനജലം ഒഴുക്കരുത് എന്നാണ് നിയമം അനുശാസിക്കുന്നത്. നേരിട്ട്

ഒഴുക്കുന്നതിനുമാത്രമല്ല നിരോധനം. ഭൂമിയിലേക്ക് ഒഴുക്കി അത് ജലത്തിലെത്താൻ ഇടയായാൽ മതി. സുപ്രീംകോടതിയിലെത്തിയ ഒരു കേസിൽ ഒരു രാസവ്യവസായശാല മലിനജലം ഒരു കുന്നിൻ മുകളിൽ പമ്പ്ചെയ്ത് എത്തിക്കുകയായിരുന്നു ചെയ്തത്. മഴപെയ്തപ്പോൾ അത് മഴവെള്ളത്തിൽ കലർന്ന് നദികളിലെത്തി. നദീജലം മലിനീകരിച്ചു. ഇത് ജലനിയമത്തിൻെറ നിരോധനത്തിൻെറ പരിധിയിൽപ്പെടും. സുപ്രീംകോടതി മലിനീകരണത്തിനെതിരെ വിധിപറഞ്ഞു.

ജലനിയമത്തിലെ മറ്റൊരു വിലക്ക് വ്യവസായങ്ങളെ സംബന്ധിച്ചാണ്. മലിനീകരണബോർഡിൻെറമുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ ജലം ഉപയോഗിക്കുകയും ഉപയോഗിച്ച ജലം പുറന്തള്ളുകയും ചെയ്യുന്ന ഒരു വ്യവസായം തുടങ്ങാൻ പാടില്ല. ഒരു നദിയിൽനിന്ന് വ്യവസായശാല എടുക്കുന്ന ജലത്തിൻെറ തോതനുസരിച്ച് നികുതി കൊടുക്കണം. ഉപയോഗിച്ചുകഴിഞ്ഞ മലിനീകരിക്കപ്പെട്ട ജലം ശുദ്ധീകരിച്ച് ബോർഡ് നിർദ്ദേശിക്കുന്ന നിലവാരമുള്ളതാക്കിയശേഷമേ പുറംതള്ളാൻ പാടുള്ളൂ. പുറംതള്ളുന്നത് ബോർഡ് നിർദ്ദേശിക്കുന്ന സ്ഥലത്തുമാത്രമേ പാടുള്ളൂ.

മേൽപ്പറഞ്ഞ നിബന്ധനകൾ ലംഘിക്കുന്ന വ്യവസായശാലകൾക്കെതിരെ നടപടിയെടുക്കാൻ ബോർഡിന് വിപുലമായ അധികാരങ്ങളുണ്ട്. മജിസ്ട്രേറ്റ് കോടതിയിൽ പരാതികൊടുത്ത് നിരോധന ഉത്തരവ് നേടാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ചുരുക്കി പറഞ്ഞാൽ നദികളും തടാകങ്ങളും മറ്റു ജലപ്രവാഹങ്ങളും മലിനീകരിക്കുന്നതിനെതിരെ നടപടിയെടുക്കാൻ വിപുലമായ അധികാരങ്ങൾ ബോർഡുകൾക്കുണ്ട്. ഒരു വ്യവസായത്തിൻെറ പ്രവർത്തനം നിർത്തിവെയ്ക്കാൻവരെ ബോർഡിന് കൽപ്പിക്കാം.

## വായുമലിനീകരണത്തിനെതിരെയുള്ള നിയമം

ഏതാണ്ട് ജലനിയമത്തിൻെറ അതേ ചട്ടക്കൂട്ടിലാണ് വായുനിയമവും രൂപപ്പെടുത്തിയിരിക്കുന്നത്. വായുമലിനീകരണത്തിൽ ശബ്ദമലിനീകരണവും ഉൾപ്പെടുത്തിയിരിക്കുകയാണ്. പ്രധാനമായും വ്യവസായശാലകളുടെ പ്രവർത്തനത്തെയാണ് വായുനിയമം നിയന്ത്രിക്കുന്നത്. പുകക്കുഴൽ ആവശ്യമുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് ബോർഡിൻെറ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണം. വാതകം പുറത്തുവിടുന്നതിനുമുമ്പ് ബോർഡ് നിർദ്ദേശിക്കുന്ന രൂപത്തിൽ ശുദ്ധീകരിച്ച് ബോർഡ് നിർദ്ദേശിക്കുന്ന നിലവാരമുള്ളതാക്കണം.

വായുമലിനീകരണത്തെ സംബന്ധിച്ച് ഇന്ത്യയിലുണ്ടായിട്ടുള്ള ഏറ്റവുംവലിയകേസഭോപ്പാൽ വാതക ദുരന്തം സംബന്ധിച്ചതായിരുന്നു. ദുരന്തത്തിനിരയായ അവിടുത്തെ യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ നിന്നുള്ള വിഷവാതക ചോർച്ച കാരണം ആയിരക്കണക്കിനാളുകളാണ് മരണപ്പെട്ടത്.അവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ അമേരിക്കയിലുള്ള കമ്പനി മേധാവികൾ സമ്മതിക്കുകയാണുണ്ടായത്.

മോട്ടോർവാഹനങ്ങളാണ് വായുമലിനീകരണ കാര്യത്തിൽ വ്യവസായങ്ങളെക്കാൾ മുന്നിൽ. മോട്ടോർവാഹന ചട്ടങ്ങളിൽതന്നെ അത് നിയന്ത്രിക്കാൻ എടുക്കേണ്ട മുൻകരുതൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പുക പരിശോധിക്കാനുള്ള സംവിധാനവുമുണ്ട്. അതിനുപുറമെ മലിനീകരണ ബോർഡിനും വാഹനങ്ങൾ പുറത്തുവിടുന്ന പുകയുടെ നിലവാരം നിർദ്ദേശിക്കാൻ അധികാരമുണ്ട്. ഇപ്പോൾ പുകവലിക്കെതിരെയും നടപടികൾക്ക് വ്യവസ്ഥയുണ്ട്.

## സമഗ്ര നിയമം '86ൽ

ജലം, വായു നിയമങ്ങൾക്കുശേഷം എല്ലാവിധ മലിനീകരണങ്ങളെയും കണക്കിലെടുക്കുന്ന ഒരു നിയമം ഉണ്ടായത് 1986-ലാണ്. അതാണ് പരിസ്ഥിതി സംരക്ഷണ നിയമം. മണ്ണിന്റെ മലിനീകരണകാര്യം ഉദാഹരണമായെടുക്കുക. രാസപദാർത്ഥങ്ങളുടെ (വളം, കീടനാശിനി) അമിതമായ ഉപയോഗം മണ്ണിനെ മലിനീകരിക്കും. ആണവ മലിനീകരണമാണ് മാരകമായ മറ്റൊരു വിപത്ത്. ഇതെല്ലാം പരിസ്ഥിതി സംരക്ഷണനിയമത്തിന്റെ പരിധിയിൽ വരും. പരിസ്ഥിതി ലബോറട്ടറികൾ സ്ഥാപിക്കാൻ '86-ലെ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഉത്തരവുകളും നിർദ്ദേശങ്ങളും ലംഘിച്ച് മലിനീകരണം തുടരുന്ന വ്യവസായങ്ങൾ പൂട്ടിയിടാൻ നിയമത്തിലെ 15ാം വകുപ്പനുസരിച്ച് മലിനീകരണ നിയന്ത്രണബോർഡിന് അധികാരമുണ്ട്.

## വനസംരക്ഷണ നിയമം

1980-ലെ വനസംരക്ഷണ നിയമം നടപ്പാക്കുന്നതുവരെ സംസ്ഥാന നിയമങ്ങളായിരുന്നു വനസംരക്ഷണത്തിന്റെ ചുമതല നിർവഹിച്ചിരുന്നത്. കേരളത്തിൽ റിസർവ് വനങ്ങൾ മുഖേനയായിരുന്നു വനങ്ങൾ സംരക്ഷിക്കപ്പെട്ടിരുന്നത്. റിസർവ് വനത്തിൽ പ്രവേശിക്കുന്നതും മരം മുറിച്ചുകടത്തുന്നതും വനവിഭവങ്ങൾ ശേഖരിക്കുന്നതുംമറ്റും കേരള വനനിയമംനിരോധിക്കുന്നുണ്ട്. റിസർവ് വനങ്ങൾ ഇല്ലാതാക്കാൻ സംസ്ഥാന സർക്കാർ ഒരു തീരുമാനമെടുത്താൽ മതിയായിരുന്നു. എന്നിട്ട് ഒരു വിജ്ഞാപനവും പുറപ്പെടുവിക്കണം. 1980 -ലെ വനസംരക്ഷണ നിയമത്തിലെ പ്രധാന വ്യവസ്ഥ, റിസർവ് വനം റിസർവ് വനമല്ലാതാക്കാൻ കേന്ദ്രത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്നതാണ്. വനം ഏതൊരു ആവശ്യങ്ങൾക്കുപയോഗിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ സമ്മതം വാങ്ങണം. ഇങ്ങനെ ഇന്ത്യയിൽ അവശേഷിച്ച വനങ്ങൾക്കും കേന്ദ്രസർക്കാരിന്റെ സംരക്ഷണം നൽകുന്ന ഒരു നിയമമാണ് 1980-ലെ വനസംരക്ഷണ നിയമം.

## വന്യജീവി സംരക്ഷണ നിയമം

1972-ലെ വന്യജീവി സംരക്ഷണ നിയമം വന്യജന്തുക്കൾക്കും വനസസ്യങ്ങൾക്കും സംരക്ഷണംനൽകുന്നു. സംരക്ഷണം നൽകുന്ന വന്യജന്തുക്കളുടെ പട്ടികകളും വനസസ്യങ്ങളുടെ ഒരു പട്ടികയും പ്രസ്തുത നിയമത്തിലുണ്ട്. ഓരോ പട്ടികയിലും ധാരാളം ജന്തുക്കളു

ടെ പേരുകളുണ്ട്. ആന, സിംഹം, മാൻ, പലയിനം കുരങ്ങുകൾ, കണ്ടാമൃഗം, മയിൽ, തത്ത, വേഴാമ്പൽ മുതലായ പക്ഷിമൃഗാദികളും മൂർഖൻ മുതലായ ഉരഗങ്ങളും പട്ടികയിൽ ഉൾപ്പെടും. പട്ടികയിലെ മൃഗങ്ങളുടെ ശരീരഭാഗങ്ങൾ. ഉദാ: ആനക്കൊമ്പ്, ആനവാൽ, പുലിനഖം മുതലായവ ക്രയവിക്രയംചെയ്യുന്നത് പരിപൂർണമായും നിരോധിച്ചിരിക്കുകയാണ്. വാരിക്കുഴിവെച്ച് ആനപിടുത്തം ഇനി പാടില്ല.

## വന്യമൃഗ സങ്കേതങ്ങൾ

ഗീർവനം പ്രസിദ്ധമാണ്. 150 ഓളം സിംഹങ്ങൾക്ക് സംരക്ഷണം നൽകിയിരിക്കുന്നത് അവിടെയാണ്. കാസിരംഗയിലെ കണ്ടാമൃഗങ്ങളുടെ സങ്കേതവും പ്രസിദ്ധമാണ്. പല സംസ്ഥാനങ്ങളിലും വന്യമൃഗ സങ്കേതങ്ങളുണ്ട്. അവ സംരക്ഷിക്കാനുള്ള കർശനമായ വ്യവസ്ഥകളുമുണ്ട്. വന്യമൃഗസങ്കേതങ്ങളിൽ വനങ്ങൾക്കും പൂർണ സംരക്ഷണനിയമം ഉറപ്പുനൽകുന്നുണ്ട്. മൃഗങ്ങൾക്ക് വംശനാശംവരാതെ നോക്കാനുള്ള ബാധ്യത വിവേകബുദ്ധിയുള്ള മനുഷ്യനുണ്ട്. പരിരക്ഷണം കിട്ടാത്തതുകൊണ്ട് എത്രയോ ജീവികൾ വംശനാശഭീഷണി നേരിടുന്നു. 'ഭീമൻപാണ്ട'യെക്കുറിച്ച് കേട്ടിട്ടുണ്ടോ? കരടിയുടെ മുഖഛായയുള്ള ഈ മൃഗം വാസ്തവത്തിൽ ചെറിയതാണ്. ഇവ വംശനാശഭീഷണിയിലാണ്. ഇത്തരം ജീവികൾക്കായി പ്രത്യേക സംരക്ഷണപദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ട്. 'പ്രൊജക്ട് ടൈഗർ' എന്നത് കടുവകളെ സംരക്ഷിക്കാനുള്ള പദ്ധതിയാണ്. കടലാമകളെ സംരക്ഷിക്കാനും സമാനപദ്ധതി നിലവിലുണ്ട്.

ഭൂമിയിൽ ഓരോ ജീവിയും പ്രധാനപ്പെട്ടതാണ്. ഒരു ജീവി ഇല്ലാതായാൽ അതിൻെറ ഭവിഷ്യത്തുകൾ നമുക്ക് മുൻകൂട്ടി കാണാനാകാത്തതിലും അപ്പുറമാകും. കടുവ ഇല്ലാതായാൽ മാനുകൾ പെരുകം. അവ സസ്യങ്ങളെ നശിപ്പിക്കും അപ്പോൾ വന വ്യവസ്ഥയുടെ സന്തുലനം തകരും. ഇങ്ങനെ പലതും.

ചൈനക്കാർക്കിടയിൽ ഒരു പഴമൊഴിയുണ്ട്. ''ഉണ്ടാക്കാൻ കഴിയാത്തതിനെ നിങ്ങൾ ഇല്ലാതാക്കരുത്.'' എത്ര ശരി! നാം വിചാരിച്ചാൽ ഒരു കുഞ്ഞുറുമ്പിനെപ്പോലും ഉണ്ടാക്കാൻ കഴിയില്ലല്ലോ!

## പാഠം 13

# ഉപഭോക്താവും നിയമവും

**ഷോ**പ്പിംഗ് അനിവാര്യമായ ഒരു ജീവിതചര്യയാണിന്ന് എല്ലാവർക്കും. അത്രയധികം സാധനങ്ങൾ ഓരോരുത്തർക്കും ആവശ്യമുണ്ട്. അവ ഉൽപ്പാദിപ്പിക്കാൻ ഉൽപ്പാദകർ, അവ വിതരണം ചെയ്യാൻ കച്ചവടക്കാർ. ആവശ്യമുള്ള സാധനങ്ങൾ വീട്ടിലെത്തിച്ചുതരുന്ന വിതരണക്കാരുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുകയാണ്. അങ്ങാടികളിൽ എവിടേയും ആദായവിൽപ്പനയുടെ പരസ്യങ്ങളാണ്. വിതരണക്കാർ വെച്ചുനീട്ടുന്ന വിലക്കിഴിവുകളും സമ്മാനങ്ങളും തവണപദ്ധതികളും ആവശ്യമില്ലാത്ത സാധനങ്ങൾ ആവശ്യമില്ലാത്ത അളവിൽ വാങ്ങിക്കൂട്ടുവാൻ ആളുകളെ പ്രേരിപ്പിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ സാധനങ്ങൾ വാങ്ങുന്നവരായി മാറിയിരിക്കയാണ് എല്ലാവരും. അതുകാരണം സാധന ഉൽപ്പാദകരെയും വിതരണക്കാരെയും എല്ലാ കാര്യങ്ങളിലും എപ്പോഴും ആശ്രയിക്കാൻ എല്ലാവരും നിർബന്ധിതരാകുന്നു. ഉൽപ്പാദകരുടെയും വിതരണക്കാരുടെയും സാമ്രാജ്യം വളർന്നുകൊണ്ടിരിക്കുന്നു. ഈ സ്ഥിതിവിശേഷമാണ് ഉപഭോക്തൃസംസ്ക്കാരം.

വീട്ടിലും ജോലിസ്ഥലത്തും യാത്രയ്ക്കിടയിലും ടെലിഫോൺ സൗകര്യം പലർക്കും ഒഴിച്ചുകൂടാത്ത ഒരാവശ്യമായിത്തീർന്നിരിക്കുന്നു. വാഹനങ്ങൾ പെരുകിപ്പെരുകി പൊതുനിരത്തുകൾ മനുഷ്യജീവന് ഏറ്റവും വലിയ ഭീഷണിയായി മാറിയിരിക്കയാണ്. നിരത്ത് സൗകര്യമുള്ള പ്രദേശങ്ങളിലെല്ലാം നിരന്തരമായ കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത് കാണാം. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ കെട്ടിയുയർത്തുന്നതിൽ മത്സരിച്ചുകൊണ്ടിരിക്കയാണ് എല്ലാവരും. കെട്ടിടങ്ങളുടെ ചുറ്റുമതിലുകൾക്കും ചുമരുകൾക്കും മറ്റും വർണ്ണശബളിമ കൊടുക്കാൻ പലതരം ചായങ്ങളും പോളിഷുകളും ലഭ്യമാണ്. കെട്ടിട ഉടമകളുടെ കീശ കാലിയാക്കുന്നതോടൊപ്പം അവ കെട്ടിടത്തിനകത്തെ വായു മലിനമാക്കുകയും ചെയ്യുന്നുണ്ട് എന്നത് മറ്റൊരു കാര്യം. പണവും പണ്ടവും വീടുകളിൽ സൂക്ഷിക്കുന്നത് ആപൽക്കരമാണ്. ബാങ്കുകളെ ആശ്രയിക്കാതെ ജീവിക്കുക സാധ്യമല്ല. ഇങ്ങനെ എത്രയോ കാര്യങ്ങൾക്ക് മറ്റുള്ളവരുടെ സേവനം ഓരോരുത്തർക്കും ആവശ്യമാണ്. സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ ഉപയോ

ഗപ്പെടുത്തുമ്പോഴും ഉപഭോക്താക്കൾ വഞ്ചിക്കപ്പെടുന്നതിനെതിരെയുള്ള നിയമങ്ങളാണ് ഉപഭോക്തൃ സംരക്ഷണനിയമങ്ങൾ.

പ്രവർത്തിക്കാത്ത വാച്ച് വിറ്റ ഒരു വ്യാപാരിക്കെതിരെ കോടതിയിൽ കേസ് കൊടുത്ത ഒരാൾക്ക് ഹൈക്കോടതിവരെ പോകേണ്ടിവന്ന ഒരുദാഹരണം നിയമ റിപ്പോർട്ടുകളിലുണ്ട്. വാച്ചിന്റെ വില തിരിച്ചു കിട്ടാൻ വിധി കിട്ടി. പക്ഷേ, അതിന് ഏഴുകൊല്ലം പിടിച്ചു. വാച്ചിന്റെ വിലയുടെ എത്രയോ ഇരട്ടി പണം അയാൾക്ക് മുടക്കേണ്ടതായും വന്നു. ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടാൻ പാകത്തിലുള്ള നടപടികളാണ് 1986-ലെ ഉപഭോക്തൃ സംരക്ഷണനിഉപഭോയമത്തിൽ.

## ഉപഭോക്തൃ തർക്ക പരിഹാര വേദികൾ

ദേശീയതലത്തിൽ ഒരു ഉപഭോക്തൃ തർക്കപരിഹാര നാഷണൽ കമ്മീഷൻ. സംസ്ഥാനതലത്തിൽ ഓരോ ഉപഭോക്തൃ തർക്കപരിഹാര സംസ്ഥാന കമ്മീഷൻ. ജില്ലകൾതോറും ഉപഭോക്തൃ തർക്ക പരിഹാര ജില്ലാ ഫോറങ്ങൾ. ഇങ്ങനെ മൂന്നുതരം സ്ഥാപനങ്ങളാണ് ഈ നിയമപ്രകാരമുള്ളത്.

ഇരുപത് ലക്ഷം രൂപയിൽ കവിയാത്ത തർക്കങ്ങൾക്ക് പരാതി കൊടുക്കേണ്ടത് ജില്ലാ ഫോറത്തിൽ. ഇരുപത് ലക്ഷത്തിലധികവും ഒരു കോടിയിൽ കവിയാത്തതുമാണെങ്കിൽ സംസ്ഥാന കമ്മീഷനിൽ. ഒരു കോടിയിൽ അധികമാണെങ്കിൽ ദേശീയ കമ്മീഷനിൽ ആണ് പരാതി കൊടുക്കേണ്ടത്.

പരാതി എഴുതിക്കൊടുക്കണമെന്ന് മാത്രമേ നിയമം നിഷ്ക്കർഷിക്കുന്നുള്ളൂ. നിശ്ചിതമാതൃകയൊന്നും ഇല്ല.അഭിഭാഷകനെ ഏർപ്പെടുത്തണമെന്ന് നിർബന്ധമില്ല. എതിർകക്ഷിയുടെ മേൽവിലാസം എഴുതണം. തർക്കവിഷയം 100 ഗ്രാം ചായപ്പൊടിയാണെന്ന് വിചാരിക്കുക. ആരോട് വാങ്ങിയെന്നും വില എത്ര കൊടുത്തെന്നും എന്ന് വാങ്ങിയെന്നും പരാതിയിലെഴുതണമെന്ന് പറയേണ്ടതില്ലല്ലോ. മായം ചേർത്തതായി കണ്ടതാണെങ്കിൽ അതെഴുതണം. തൂക്കക്കുറവാണ് പരാതിയെങ്കിൽ ആ വിവരമാണ് എഴുതേണ്ടത്. ജില്ലാഫോറം പരാതി കച്ചവടക്കാരന് അയച്ചു കൊടുക്കും. ഒരുമാസത്തിനുള്ളിൽ മറുപടി ബോധിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് മറുപടിയുടെ ഒരു പകർപ്പ് പരാതിക്കാരന് നേരിട്ടയക്കാനും നിർദ്ദേശിക്കും. കച്ചവടക്കാരൻ മറുപടിയയച്ചാലും ഇല്ലെങ്കിലും 30 ദിവസത്തെ അവധി കഴിഞ്ഞാൽ തർക്കവിചാരണക്ക് ഒരു തീയതി നിശ്ചയിച്ച് ഇരുകക്ഷികൾക്കും നോട്ടീസയക്കും. നിശ്ചിതദിവസം വിചാരണ നടക്കും. പരാതികൊടുത്ത ആൾക്ക് പറയാനുള്ളത് നേരിട്ട് ഫോറം മുമ്പാകെ പറഞ്ഞാൽമതി. എതിർകക്ഷി ഹാജരുണ്ടെങ്കിൽ അയാൾ പറയുന്നതും കേൾക്കും. മറ്റു തെളിവുകളുണ്ടെങ്കിൽ അതും ഹാജരാക്കാം. ഹാജരാക്കാമെന്ന് പറഞ്ഞാൽ അങ്ങ് കൊടുത്താൽമതി. കേസ് വിധി പറയാൻ ഒരുദിവസം നിശ്ചയിക്കും. നിശ്ചിതദിവസം വിധിപറയും. വിധി എതിർകക്ഷിക്കെതിരാണെങ്കിൽ അതനുസരിക്കാതിരുന്നാൽ അറസ്റ്റ് ചെയ്ത്

ജയിലിലാക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് വിധി അനുസരിക്കാൻ എതിർകക്ഷികൾ നിർബന്ധിതരാകും.

ഇരുപത് ലക്ഷത്തിലധികം വിലയുള്ള ഒരു മോട്ടോർകാറാണ് തർക്കവിഷയമെന്ന് വിചാരിക്കുക. അതിന് പരാതി സംസ്ഥാന കമ്മീഷനിൽ കൊടുക്കണം. പരീക്ഷണശാലയുടെ പരീക്ഷണ റിപ്പോർട്ട് ആവശ്യമാണെങ്കിൽ അത് വരുത്തും. അതിനുള്ള സമയം കൂടുതൽ വേണ്ടിവരും. അതാവശ്യമില്ലാത്ത പരാതികൾ മൂന്നുമാസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കണ മെന്നാണ് ചട്ടം. ഉപഭോക്തൃവേദികൾക്ക് മറ്റു കോടതികളുമായുള്ള ഒരു പ്രധാന വ്യത്യാസം തെളിവ് കാര്യത്തിലുള്ള സമീപനമാണ്. തെളിവ് നിയമം എന്ന ഒരു പ്രത്യേക നിയമമുണ്ട്. ആ നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള തെളിവുകൾ വേണമെന്ന് നിഷ്ക്കർഷിക്കേണ്ട ആവശ്യം ഉപഭോക്തൃ തർക്കപരിഹാരവേദികൾക്കില്ല. കേസ് കേൾക്കുന്ന അതിന്റെ പ്രസിഡന്റിനും അംഗങ്ങൾക്കും ബോധ്യപ്പെട്ടാൽമതി.

ജില്ലാ ഫോറത്തിന്റെ പ്രസിഡന്റ് ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആളായിരിക്കണം. പ്രസിഡന്റിന് പുറമെ രണ്ടംഗങ്ങളുള്ളവർക്ക് പ്രത്യേക യോഗ്യതകളൊന്നും നിശ്ചയിച്ചിട്ടില്ല. ഉപഭോക്തൃ പ്രശ്നങ്ങളെ സംബന്ധിച്ച് അറിവും അവയിൽ താൽപ്പര്യവും ഉണ്ടായാൽമതി. സംസ്ഥാന കമ്മീഷന്റെ പ്രസിഡന്റ് ഉദ്യോഗത്തിലിരിക്കുന്നതോ റിട്ടയർ ചെയ്തതോ ആയ ഒരു ഹൈക്കോടതി ജഡ്ജിയായിരിക്കണം. ദേശീയ കമ്മീഷന്റെ ചെയർമാൻ സുപ്രീം കോടതി ജഡ്ജിയോ റിട്ടയർ ചെയ്ത സുപ്രീംകോടതി ജഡ്ജിയോ ആയിരിക്കണം.

## പാഠം 14

# മോട്ടോർ വാഹന നിയമങ്ങൾ

ബ്രിട്ടീഷ് ഭരണകാലത്ത് 1939-ൽ ഒരു മോട്ടോർ വാഹന നിയമം പാസാക്കി നടപ്പാക്കിയിരുന്നു. 1989-ൽ ഒരു പുതിയ മോട്ടോർ വാഹന നിയമം പാർലമെൻറ് പാസാക്കി. അതനുസരിച്ച് 1939-ലെ മോട്ടോർ വാഹന നിയമം പിൻവലിക്കപ്പെട്ടു. കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ചട്ടങ്ങൾ നിർമിക്കാൻ അധികാരം നൽകുന്ന ഒട്ടേറെ വ്യവസ്ഥകൾ മോട്ടോർ വാഹന നിയമത്തിലുണ്ട്. കേന്ദ്ര സർക്കാർ 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ നിർമിച്ചു നടപ്പാക്കി. കേരള സർക്കാർ 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളും. 1989-ലെ മോട്ടോർ വാഹന നിയമത്തിലെയും 1989-ലെ കേന്ദ്ര മോട്ടോർ വാഹനചട്ടങ്ങളിലെയും വ്യവസ്ഥകൾ ഇന്ത്യയിലെ എല്ലാ പ്രദേശങ്ങൾക്കും ബാധകമാണ്. കേരള മോട്ടോർ വാഹന ചട്ടങ്ങൾക്ക് കേരള സംസ്ഥാനത്തിൽ മാത്രമേ പ്രാബല്യമുള്ളൂ. മറ്റു സംസ്ഥാനങ്ങളിലും ഇതേപോലത്തെ മോട്ടോർ വാഹന ചട്ടങ്ങളുണ്ട്. അവയെല്ലാം ഏറെക്കുറെ ഒരേപോലെയാണ്. മോട്ടോർ വാഹനങ്ങളുടെ നിർമാണംമുതൽ അത് നിരത്തിലുപയോഗിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾവരെയുള്ള എല്ലാ കാര്യങ്ങളും മോട്ടോർവാഹന നിയമങ്ങളിൽ വിസ്തരിച്ചു പറയുന്നുണ്ട്. നിർമാണത്തെ സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലുള്ള നിർദ്ദേശങ്ങൾ ആധുനിക സാങ്കേതിക ശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ രൂപംകൊടുത്തവയാണ്. സാങ്കേതികശാസ്ത്രം പുരോഗമിക്കുന്നതിനനുസരിച്ച് ചട്ടങ്ങളിൽ മാറ്റംവരുത്താവുന്നതാണ്. ചട്ടങ്ങളിൽ മാറ്റംവരുത്താൻ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ മതിയല്ലോ.

## പല തരം മോട്ടോർ വാഹനങ്ങൾ

മോട്ടോർ വാഹനങ്ങൾക്ക് അവയുടെ ആക്സിൽ ഭാരം, ഉപയോഗം എന്നിവയുടെ അടിസ്ഥാനത്തിൽ പല പേരുകളും മോട്ടോർ വാഹന നിയമത്തിലുണ്ട്. ആളുകളെ കയറ്റാനുള്ളവയെ കയറ്റാവുന്ന

ആളുകളുടെ എണ്ണമനുസരിച്ചും തരംതിരിച്ചിരിക്കുന്നു. ഭാരംകയറ്റാനു ള്ളത് ഗുഡ്സ്വാഹനവും ആളുകളെ കയറ്റാനുള്ളത് പാസഞ്ചർ വാഹനങ്ങളുമാണ്. ഓരോ സംസ്ഥാനത്തിനും നിർത്തി യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്തുകൊണ്ട് ഒരു നിശ്ചിത സ്ഥലം മുതൽ മറ്റൊരു സ്ഥലംവരെ ഓടുന്ന വാഹനങ്ങൾക്ക് സ്റ്റേജ് കാര്യേജ് എന്നാണ് പേര്. കല്യാണാവശ്യങ്ങൾക്കും വിനോദയാത്ര പോകാനും വാടകയ്ക്കെടുക്കുന്നവ കോൺട്രാക്ട് ക്യാരേജുകൾ പൊതുജനങ്ങൾ ക്കുവേണ്ടി വാടകയ്ക്കോടുന്നവ പബ്ലിക് സർവീസ് വാഹനങ്ങൾ നിശ്ചിത റൂട്ടിലോടുന്ന ബസുകളും ടാക്സികളും ഓട്ടോറിക്ഷകളും പബ്ലിക് സർവീസ് വാഹനങ്ങൾ. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധ കമായ പ്രത്യേകം വ്യവസ്ഥകളനുസരിച്ച് ഉപയോഗിക്കാവുന്നവയാണ്. വിദ്യാഭ്യാസ സ്ഥാപന ബസുകൾ ഇങ്ങനെ നിയമം മോട്ടോർ വാഹനങ്ങളെ പലയിനങ്ങളായി തരംതിരിക്കുന്നുണ്ട്.

## രജിസ്ട്രേഷനും ഡ്രൈവിംഗ് ലൈസൻസും

രജിസ്ട്രേഷനില്ലാതെ ഒരു മോട്ടോർവാഹനവും ഒരു പൊതുനിര ത്തിൽ ഉപയോഗിച്ചുകൂടാ. പൊതുനിരത്തുകളിൽ ഓടിക്കുന്നവർക്ക് ലൈസൻസും നിർബന്ധമാണ്. 18 വയസ്സ് പൂർത്തിയായാലേ ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുകയുള്ളൂ. മോട്ടോർ വാഹനം ഓടിക്കു ന്നവർ പാലിക്കേണ്ട നിരത്തുനിയമങ്ങൾ ഉണ്ട്. അവ പഠിച്ച് ഒരു ടെസ്റ്റ് എഴുതി പാസായിരിക്കണം. എങ്കിലേ ലൈസൻസ് കിട്ടുകയുള്ളൂ. വാഹനം ഓടിച്ച് കാണിച്ചുകൊടുക്കുകയും വേണം. ഡ്രൈവിംഗ് ലൈസൻസിനുള്ള പരീക്ഷയുടെ മാതൃകാ ചോദ്യങ്ങൾവരെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലുണ്ട്.

## റോഡുനിയമങ്ങൾ

മോട്ടോർ വാഹന നിയമങ്ങളുടെ ഒരു പ്രധാന ഭാഗമായ റോഡു നിയമങ്ങൾ (Rules of the Road) എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. റോഡ് നിയമങ്ങൾ അനുസരിക്കുമ്പോൾ ഒരാൾ രാജ്യത്തിൻെറതന്നെ നിയമങ്ങളാണ് അനുസരിക്കുന്നതെന്ന് പറയാറുണ്ട്. കാൽനടക്കാർ റോഡിൻെറ വശംചേർന്ന് നടക്കണം. ഫുട്പാത്തുണ്ടെങ്കിൽ അതിലൂടെ മാത്രം നടക്കണം. തിരക്കുള്ള റോഡുകൾ മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കണം. പ്രത്യേകം മാർക്ക്ചെയ്ത സ്ഥലങ്ങളുണ്ടെങ്കിൽ അവയി ലൂടെ മാത്രമേ റോഡ് മുറിച്ചുകടക്കാവൂ. വാഹനങ്ങൾ ഓടിക്കുന്നവരും നിയമങ്ങൾ അനുസരിക്കണം. അവയിൽ ചിലവയുടെ ചുരുക്കം താഴെ കൊടുക്കുന്നു.

1. കഴിയുന്നത്ര ഇടതുവശം ചേർന്ന് ഓടിക്കണം.
2. എതിർവശത്തുനിന്നു വരുന്ന വാഹനങ്ങളെ വലതുവശത്തുകൂടെ കടന്നുപോകാൻ അനുവദിക്കണം.
3. ഒരേ ദിശയിലോടുന്ന വാഹനങ്ങളിൽ ഒന്ന് മറ്റൊന്നിനെ

മറികടക്കുന്നത് വലതുവശത്തുകൂടെ വേണം.

4. മറ്റു വാഹനങ്ങൾക്ക് അസൗകര്യമാണെന്നു കണ്ടാൽ ഒരു വാഹനം അതേ ദിശയിലോടുന്ന മറ്റൊരു വാഹനത്തെ മറികടക്കരുത്.

5. വളവ്, മൂല, കയറ്റത്തിൻെറ ഉച്ചി എന്നിവയെ സമീപിക്കുമ്പോൾ മറികടക്കരുത്.

6. പിന്നിലുള്ള വാഹനം തൻെറ വാഹനത്തെ മറികടക്കാൻ തുടങ്ങിയാൽ മുന്നിലുള്ള വാഹനത്തിൻെറ ഡ്രൈവർ മറ്റൊരു വാഹനത്തെ മറികടക്കരുത്.

7. മുന്നിലുള്ള വാഹനത്തിൻെറ ഡ്രൈവർ സമ്മത ആംഗ്യം കാണിച്ചെങ്കിലേ മറികടക്കാവൂ.

8. ഒരു വാഹനം തൻെറ വാഹനത്തെ മറികടക്കുമ്പോഴോ കടന്നു പോകുമ്പോഴോ വാഹനത്തിൻെറ വേഗം വർധിപ്പിക്കരുത്.

9. ഫയർ സർവീസ് വാഹനങ്ങൾ, ആംബുലൻസ് എന്നിവയ്ക്ക് മറികടക്കാനും കടന്നുപോകാനും പാകത്തിൽ നിരത്തിൻെറ വശത്തേക്ക് മാറിക്കൊടുക്കണം.

10. വേഗം കുറയ്ക്കുക, നിർത്തുക, വശങ്ങളിലേക്ക് തിരിയുക ഇതൊക്കെ ചെയ്യുന്നതിന് മുമ്പ് നിയമപ്രകാരം ആംഗ്യങ്ങൾ കാണിക്കണം. അല്ലെങ്കിൽ സിഗ്നൽ കൊടുക്കണം.

11. വാഹനം നിരത്തിൽ നിർത്തിയിടുന്നത് നിരത്തുപയോഗിക്കുന്ന മറ്റുള്ളവർക്ക് അസൗകര്യം ഉണ്ടാകാത്തവിധത്തിലായിരിക്കണം.

12. നിരത്തിലുള്ള ട്രാഫിക് അടയാളങ്ങളിലെ സൂചന അനുസരിക്കണം.

13. നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽമാത്രമേ പെട്ടെന്ന് ബ്രേക്കിടാൻ പാടുള്ളൂ.

14. കയറ്റംകയറുന്ന വാഹനങ്ങൾക്ക് പരിഗണന കൊടുക്കണം.

15. വാഹനം പിന്നോട്ട് എടുക്കുന്നതിനുമുമ്പ് സുരക്ഷിതത്വം ഉറപ്പുവരുത്തണം.

16. അനാവശ്യമായി ഹോണടിക്കരുത്.

## നിങ്ങൾ ചെയ്യേണ്ടത്:

ഈ നിയമങ്ങളൊന്ന് ശ്രദ്ധിച്ച് വായിച്ച് മനസ്സിലാക്കുക. എന്നിട്ട് വാഹനത്തിൽ സഞ്ചരിക്കുമ്പോൾ ഡ്രൈവർ ഇവ പാലിക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കുക. ഓടുന്ന വാഹനങ്ങളിൽ വെറുതെയിരിക്കുമ്പോൾ ചെയ്യാവുന്ന ഒരു ജോലിയാണിത്. ഡ്രൈവർ ഈ നിയമം ശ്രദ്ധിക്കാതെയാണ് ഓടിക്കുന്നതെന്നുകണ്ടാൽ ഉടനെ ഇടപെടുക. നിങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നിങ്ങൾക്ക് അവകാശമുണ്ട്. അത് ഒരു ഡ്രൈവറുടെ ഇഷ്ടാനിഷ്ടത്തിന് വിട്ടുകൊടുക്കേണ്ട കാര്യമല്ല. വാഹനങ്ങൾ കൂട്ടിയിടിച്ചാണ് അധികം അപകടങ്ങളും ഉണ്ടാകുന്നത്.

കൂട്ടിയിടിക്കുന്നത് ഈ നിയമങ്ങൾ ലംഘിക്കുന്നതുകൊണ്ടും. അതുകൊണ്ട് അത് ഒഴിവാക്കാൻ ആവശ്യമാണെന്ന് നിങ്ങൾ തോന്നുന്ന മുന്നറിയിപ്പ് നൽകാൻ മടിക്കേണ്ടതില്ല. നിയമം എല്ലാവർക്കും വേണ്ടിയാണ്. അത് പാലിക്കാൻ ആവശ്യപ്പെടാൻ അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് മാത്രമല്ല അവകാശം. അതിന്റെ ഗുണഭോക്താക്കൾക്കുമുണ്ട്.

## ചിഹ്നങ്ങൾ ശ്രദ്ധിക്കുക

റോഡിലൂടെ യാത്രചെയ്യുമ്പോൾ വശങ്ങളിലായി കാണുന്ന അടയാളങ്ങളോടുകൂടിയ ബോർഡുകൾ നിങ്ങൾ കണ്ടിട്ടുണ്ടാകും. സ്കൂൾ കുട്ടി ഓടുന്ന ചിത്രം, എയർഹോൺ വരച്ച് അത് ഒരിരട്ടവരകൊണ്ട് ക്രോസ്ചെയ്ത ചിത്രം, ക്രോസ്ചെയ്യാത്ത എയർഹോണിന്റെ ചിത്രം എന്നിങ്ങനെ പലതും നിങ്ങൾ കണ്ടിട്ടുണ്ടാകും. മുമ്പിൽ വിദ്യാലയങ്ങൾ ഉണ്ടെന്നും അതിനാൽ ഡ്രൈവർ പതുക്കെ ഓടിക്കണം എന്നുമുള്ള സൂചനയാണ് സ്കൂൾ കുട്ടിയുടെ ചിത്രം നൽകുന്നത്. ക്രോസ്ചെയ്ത എയർഹോണിന്റെ അർത്ഥം എയർഹോൺ അടിക്കരുത് എന്നാണ്. വനങ്ങൾക്കിടയിലൂടെ പോകുന്ന റോഡുകളിൽ ഇടയ്ക്കിടെ ഇത്തരം ബോർഡുകൾ കാണാം. ക്രോസ്ചെയ്യാത്ത ഹോണിന്റെ അർത്ഥം നിർബന്ധമായും ഹോൺ അടിക്കണം എന്നാണ്.

മേൽപറഞ്ഞവിധത്തിലുള്ള ഒട്ടേറെ ചിഹ്നങ്ങൾ 1988-ലെ മോട്ടോർ വാഹന നിയമത്തിന്റെ 10ംപട്ടികയിലുണ്ട്. ഇനി യാത്രചെയ്യുമ്പോൾ റോഡരുകിൽ ഇത്തരം ബോർഡുകൾ ഉണ്ടോ എന്ന് നോക്കുക.

## പാഠം 15

# റാഗിങ്ങ് നിരോധന നിയമം

## (ദി കേരള പ്രൊഹിബിഷൻ ഓഫ് റാഗിങ്ങ് ആക്ട് 1998 )

1. റാഗിങ്ങ് തടയുന്നതിനു വേണ്ടി കേരളത്തിൽ നിലവിലുള്ള മേൽ പറഞ്ഞ നിയമം ഒരു ദ്വിതല സംവിധാനമാണ് ഉണ്ടാക്കിയിരിക്കുന്നത്.സംവിധാനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവനിൽ ചില ചുമതലകൾ നിക്ഷിപ്തമാണ്.അദ്ദേഹം തനിക്ക് ലഭിച്ച റാഗിങ്ങ് സംബന്ധമായ പരാതിയിൻമേൽ നടത്തുന്ന അന്വേഷണം വളരെ പ്രധാനപ്പെട്ടതാണ്.അന്വേഷണത്തിൽ പരാതി കഴമ്പുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടാൽ പരാതി പോലീസിന് കൈമാറുകയും ബാക്കി അന്വേഷണത്തിനും തുടർന്നുള്ള കോടതി നടപടികൾക്കും പോലീസാണ് ചുമതല വഹിക്കുന്നത്.

2. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് മാനസികമോ ശാരീരികമോ ആയ ഉപദ്രവം ഉണ്ടാക്കുകയോ ആ വിദ്യാർത്ഥിയിൽ ഭീതിയോ ജാള്യതയോ,വേവലാതിയോ,നാണക്കേടോ ഉണ്ടാക്കുന്നരീതിയിൽ പെരുമാറിയാൽ അയാളെ റാഗ് ചെയ്തതായി പറയാം. ഒരു വിദ്യാർത്ഥിയെ കളിയാക്കുക,ആക്ഷേപിക്കുക,അയാളെ പരിഹാസപാത്രമാക്കുന്ന രീതിയിലുള്ള തമാശകൾ കാണിക്കുക,അയാൾ സാധാരണഗതിയിൽ ചെയ്യാത്ത കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടുക മുതലായവ എല്ലാം റാഗിങ്ങിന്റെ നിർവചനത്തിൽ വരുന്ന പ്രവർത്തികളാണ്.റാഗിങ്ങ് വിദ്യാഭ്യാസ സ്ഥാപനത്തിനുള്ളിൽ വച്ചോ, പുറത്ത്വച്ചോ എവിടെവച്ച് നടന്നാലും നിയമവിരുദ്ധമായ നടപടിയാണ്.

3. റാഗിങ്ങ് നടത്തുന്ന വ്യക്തിക്ക് രണ്ട് കൊല്ലം വരെ തടവുശിക്ഷയും പതിനായിരം രൂപവരെ പിഴയും ലഭിക്കാവുന്നതാണ്.കൂടാതെ ആ വിദ്യാർത്ഥിയെ അയാൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസസ്ഥാപനത്തിൽ നിന്നും ഡിസ്മിസ് ചെയ്യുന്നതും അയാൾക്ക് മറ്റേതൊരു സ്ഥാപനത്തിലും അടുത്ത മൂന്ന് കൊല്ലത്തേക്ക് പ്രവേശനം ലഭിക്കാത്തതുമാണ്.

4. ഏതെങ്കിലും ഒരു വിദ്യാർത്ഥിയോ,രക്ഷകർത്താവോ,മാതാപിതാക്കളോ,അദ്ധ്യാപകരോ, റാഗിങ്ങ് സംബദ്ധിച്ച് രേഖാമൂലം പരാതി ഉന്നയിച്ചാൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവൻ ആ പരാതിയിൻമേൽ പരാതി ലഭിച്ച് ഏഴ് ദിവസത്തിനകം അന്വേഷണം നടത്തേണ്ടതാണ്.പരാതിയിൽ പറഞ്ഞ കാര്യങ്ങളിൽ കഴമ്പുണ്ടെങ്കിൽ കുറ്റാരോപിതനായ വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്യുകയും റാഗിങ്ങ് സംബദ്ധിച്ചുള്ള പരാതി പോലീസിന് കൈമാറുകയും ചെയ്യണം.പരാതിയിൽ കഴമ്പില്ലെങ്കിൽ പരാതി ഉന്നയിച്ച വിദ്യാർത്ഥിയെ രേഖാമൂലം അക്കാര്യം അറിയിക്കേണ്ടതുമാണ്.മേൽപറഞ്ഞ രീതിയിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവൻ പ്രവർത്തിച്ചില്ലെങ്കിൽ അദ്ദേഹം റാഗിങ്ങിന് പ്രേരകമായരീതിയിൽ പ്രവർത്തിച്ചതായി ഗണിച്ചുകൊണ്ട് റാഗിങ്ങ് നടത്തിയ വ്യക്തിക്ക് നൽകാവുന്ന തടവുശിക്ഷയ്ക്കും പിഴയ്ക്കും അർഹനാകുന്നതാണ്.

5. കേരള റാഗിങ്ങ് നിരോധന നിയമം കൂടാതെ റാഗിങ്ങ് തടയുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി Viswa Jagrati Mission Vs. Central Government എന്ന കേസിന്റെ വിധിന്യായത്തിൽ ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.റാഗിങ്ങ് ഉണ്ടായതിനു ശേഷം അച്ചടക്ക നടപടി എടുക്കുന്നതിനേക്കാൾ റാഗിങ്ങിന് എതിരായുള്ള വികാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിരന്തരമായ കർമ്മ പരിപാടികളിലൂടെ വളർത്തിയെടുക്കണമെന്നാണ് സുപ്രീം കോടതി നിർദ്ദേശിച്ചിരിക്കുന്നത്.കൂടാതെ റാഗിങ്ങ് തടയുന്ന കാര്യത്തിൽ നിഷ്ക്രിയമായ സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദ് ചെയ്യുകയും സാമ്പത്തിക സഹായം നിർത്തലാക്കുന്നതിനെപ്പറ്റിയും സുപ്രീം കോടതി നിർദ്ദേശങ്ങളിൽ പരാമർശമുണ്ട്.

റാഗിങ്ങ് സംബന്ധമായ നിയമസഹായത്തിന് ലീഗൽ സർവീസസ് അതോറിറ്റിക്കും യു.ജി.സിക്കും ഹെൽപ്ലൈൻ ലഭ്യമാണ്.

**വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

കേരളാ സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി
നിയമസഹായ ഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്,
എറണാകുളം, കൊച്ചി – 682031.
ടെലി/ഫാക്സ് : 0484 – 2396717
ഇ-മെയിൽ : kelsakerala@gmail.com , website : www.kelsa.nic.in

**കെൽസയുടെ 24 മണിക്കൂർ ഹെൽപ്ലൈൻ – 9846 700 100**

**യു.ജി.സി യുടെ 24 മണിക്കൂർ ഹെൽപ്ലൈൻ – 1800 180 5522**

ഇ-മെയിൽ: helpline@antiragging.net

## പാഠം 16

# വിവരസാങ്കേതിക നിയമം

വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം സുരക്ഷിതവും ഭദ്രവും ആക്കുവാനും നിയന്ത്രിക്കുവാനും വേണ്ടി ഇന്ത്യൻ പാർലമെന്റിൽ 2000 -ൽ നടപ്പാക്കിയ നിയമമാണ് വിവരസാങ്കേതിക നിയമം 2000(IT Act 2000)

സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കർശനമായ നിയമനടപടികളും ശിക്ഷയും ഉറപ്പാക്കുന്ന നിയമങ്ങൾ ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമത്തിലെ IX-ാം അദ്ധ്യായത്തിലും XI-ാം അദ്ധ്യായത്തിലും വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ പ്രകാരം കുറ്റം ചെയ്യുന്നവർക്ക് 3 വർഷം വരെ കഠിനതടവും 2 ലക്ഷം രൂപ വരെ പിഴയും അതുമല്ലെങ്കിൽ ഇവയിൽ ഏതെങ്കിലും ഒന്ന് ശിക്ഷ വിധിക്കാം എന്ന് പറയുന്നുണ്ട്.

മറ്റൊരാളുടെ കമ്പ്യൂട്ടർ സംവിധാനത്തിലേയ്ക്കോ ഫയലിലേയ്ക്കോ പ്രോഗ്രാം വഴി അതിക്രമിച്ചു കയറി അത് തനിയെ മറ്റു ഫയലുകളിലേയ്ക്കോ ശൃംഖലയിലുള്ള മറ്റു കമ്പ്യൂട്ടറുകളിലേയ്ക്കോ പ്രവേശിക്കുകയും അതിലുള്ള വിവരങ്ങൾ നശിപ്പിക്കുകയോ മാറ്റി മറിക്കുകയോ ചെയ്യുന്നത് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരം 3 വർഷം വരെ കഠിനതടവോ 2 ലക്ഷം രൂപ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ ശിക്ഷ വിധിക്കാവുന്ന കുറ്റമാകുന്നു.

അശ്ലീലം കലർന്ന ഉള്ളടക്കം ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് 3 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും ശിക്ഷ വിധിക്കാവുന്ന കുറ്റകൃത്യമാണ്. കുറ്റവാളി ഇത്തരത്തിലുള്ള കുറ്റകൃത്യത്തിലേർപ്പെടുന്നത് ആദ്യത്തെ തവണയാണെങ്കിൽ മേൽപ്പറഞ്ഞ ശിക്ഷയും തുടർന്നും പ്രസ്തുത കുറ്റകൃത്യം ആവർത്തിക്കുകയാണെങ്കിൽ 5 വർഷംവരെ തടവും 10 ലക്ഷം രൂപ വരെ പിഴയും എന്ന നിലയിലേക്ക് ശിക്ഷയുടെ പരിധി വർദ്ധിക്കുന്നതുമാണ്.

IT നിയപ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുണ്ടെന്ന് ഒരു പോലീസ്

ഉദ്യോഗസ്ഥനോ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ന്യായമായ സംശയം തോന്നുന്ന പക്ഷം പ്രസ്തുത ഉദ്യോഗസ്ഥന് പൊതുസ്ഥലങ്ങളിൽ പ്രവേശിച്ച് കുറ്റവാളികൾക്കായി തിരച്ചിൽ നടത്തുന്നതിനും വാറന്റില്ലാതെ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

രാജ്യത്തിന്റെ സുരക്ഷയും സാമ്പത്തിക ഭദ്രതയും പൊതുസംവിധാനങ്ങളും ഉറപ്പുവരുത്തുന്ന ഈ നിയമത്തിലെ 70-ാം വകുപ്പിൽപ്പറയുന്ന സുരക്ഷാസംവിധാനങ്ങൾക്ക് ക്ഷതം സംഭവിക്കുന്ന രീതിയിലുള്ള സൈബർ അതിക്രമങ്ങളും സൈബർ ഭീകരാക്രമണങ്ങളും നടത്തി സമൂഹത്തിൽ ജനങ്ങൾക്ക് മരണമോ മരണത്തിനു കാരണമായേക്കാവുന്ന തരത്തിലുള്ള മാരകമായ മുറിവുകളോ, അടിയന്തിര സർവ്വീസുകൾ നശിപ്പിച്ച് ജനജീവിതം തന്നെ ദുഃസ്സഹമാക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങളോ ചെയ്യുന്നവർക്ക് ജീവപര്യന്തം ശിക്ഷ ഉറപ്പാക്കുന്ന നിയമങ്ങളും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

## വിവര വിനിമയ സാങ്കേതിക വിദ്യകളുടെ സുരക്ഷിതമായ ഉപയോഗം

കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇ-മെയിൽ, മൊബൈൽ ഫോൺ, ഫോൺക്യാമറ, ചാറ്റിങ്ങ് ഇവയൊക്കെ ഇന്ന് നമ്മുടെ ദൈനംദിനജീവിതത്തിന്റെയും സംഭാഷണങ്ങളുടെയും ഭാഗമാണ്. വിവര-വിനിമയ രംഗത്തുണ്ടായ ഈ കുതിച്ചുചാട്ടം ലോകത്തെ തന്നെ ഒരു ഗ്രാമമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഭരണം, വിദ്യാഭ്യാസം, സാമ്പത്തിക രംഗം, ആരോഗ്യം തുടങ്ങിയ ഒട്ടേറെ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ നമുക്ക് കാണാനാവും. എന്നാൽ എല്ലാ കാര്യങ്ങളുടേതുംപോലെ ഈ നവസാങ്കേതിക വിദ്യകളും നമ്മുടെ ജീവിതങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ തെറ്റായി ഉപയോഗിക്കപ്പെടുന്നു. മനുഷ്യബന്ധങ്ങളിൽ നവസാങ്കേതിക വിദ്യകൾ മാറ്റംകൊണ്ടുവന്നിട്ടുണ്ടെന്ന് പറയുമ്പോഴും ഇവയുടെ തെറ്റായ ഉപയോഗം കൊണ്ട് സ്വകാര്യതയിൽ കടന്നുകയറ്റം ഉണ്ടാവുകയും സുരക്ഷിതത്വം നഷ്ടമാവുകയും ചെയ്യുന്നതായി നമുക്ക് കാണാം.

## സൈബർ കുറ്റകൃത്യങ്ങൾ

വിവര വിനിമയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചോ അവയെ ലക്ഷ്യംവച്ചോ നടത്തുന്ന കുറ്റകൃത്യങ്ങളെയാണ് സൈബർ കുറ്റകൃത്യങ്ങൾ എന്നു പറയുന്നത്. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ക്യാമറകൾ തുടങ്ങിയവയാണ് സൈബർ കുറ്റകൃത്യങ്ങളിലെ ഉപകരണങ്ങൾ.

ഇന്റർനെറ്റും, മൊബൈൽ ഫോണുമൊക്കെ പല കുറ്റകൃത്യങ്ങൾക്കായും ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ പോലുള്ള നൂതനസാങ്കേതിക

ഉപകരണങ്ങളുടെ ഒരു പ്രത്യേകത, ചെറിയ ഇടത്തിൽ ധാരാളം വിവരം ശേഖരിച്ചു വയ്ക്കാൻ കഴിയും എന്നതാണ്. അങ്ങനെ ശേഖരിച്ചുവച്ചിരിക്കുന്ന വിവരങ്ങൾ ചോർത്തിയെടുക്കാനും സാധിക്കുന്നു.

വിവരസാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നവരിൽ സ്ത്രീകളും കുട്ടികളും പ്രായമായവരും ഉണ്ടാകും. ഇവയുടെ സങ്കീർണ്ണതകൾ വ്യക്തമായി മനസ്സിലാക്കാത്ത ധാരാളം പേർ ഇവരിൽ ഉണ്ടാകും. അതുകൊണ്ടുതന്നെ, സൈബർ കുറ്റകൃത്യങ്ങൾക്ക് പെട്ടെന്ന് ഇരകളാകുന്നത് കൂടുതലും ഈ വിഭാഗത്തിൽ പെടുന്നവരായിരിക്കും. സൈബർ ലോകത്ത് വ്യക്തിപരമായ വിവരങ്ങൾ എളുപ്പം ലഭ്യമാണ്. ഓർക്കുട്ട്, ഫെയ്സ്ബുക്ക് തുടങ്ങിയ സാമൂഹിക ശൃംഖലകൾ വഴി ഇത്തരം വ്യക്തിപരമായ വിവരങ്ങളും ഫോട്ടോകളും ആർക്കും ലഭ്യമാകും. ഇവയും സൈബർ കുറ്റകൃത്യങ്ങൾക്ക് വളമാകുന്നു.

## പ്രധാനപ്പെട്ട ചില സൈബർ കുറ്റകൃത്യങ്ങൾ

സൈബർ കുറ്റകൃത്യങ്ങളെ പല രീതികളിൽ തരംതിരിക്കാറുണ്ട്.

1. വ്യക്തികൾക്കെതിരായുള്ള കുറ്റങ്ങൾ(സൈബർ അതിക്രമം).
2. സാമ്പത്തിക കുറ്റങ്ങൾ (ക്രെഡിറ്റ് കാർഡ് വിവര മോഷണം മുതലായവ).
3. ഭരണകൂടത്തിനെതിരെ (സൈബർ ഭീകരാക്രമണം, നിയമപരമല്ലാത്ത പ്രവൃത്തികൾ).

## ഇന്റർനെറ്റ്/മൊബൈൽ ഫോൺ ഇവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കമ്പ്യൂട്ടർ നെറ്റ്‌വർക്കിൽ കഴിയുന്നതും അപരിചിതരുമായി ചാറ്റ് ചെയ്യുന്നതും മെയിലുകൾക്ക് മറുപടി നൽകുന്നതും ഒഴിവാക്കുക. ഈ ആളുകൾ ആരൊക്കെയാണെന്ന് നമുക്കറിയില്ല. സ്ത്രീയുടെ പേരിൽ മെയിൽ അയയ്ക്കുന്നത് പുരുഷനാകാം. പുരുഷന്റെ പേരിൽ സ്ത്രീയുമാകാം. ഓൺലൈനിൽ ഒരാൾക്ക് എങ്ങിനെ വേണമെങ്കിലും സ്വയം അവതരിപ്പിക്കാം.

ചാറ്റിങ്ങിലൂടെ പരിചയപ്പെടുന്നവരോട് നിങ്ങളുടെ പേര്, അഡ്രസ്സ്, സ്കൂളിന്റെ പേര്, ഫോൺ നമ്പർ തുടങ്ങിയ വ്യക്തിപരമായ വിവരങ്ങൾ ഒരു കാരണവശാലും വെളിപ്പെടുത്തരുത്.

യാതൊരു കാരണവശാലും നിങ്ങളുടെ ഫോട്ടോ അയക്കുകയോ മുതിർന്നവരെ അറിയിക്കാതെ ആരെയെങ്കിലും നേരിൽ കാണാൻ ശ്രമിക്കുകയോ അരുത്.

വൃത്തികെട്ടതും അശ്ലീലം നിറഞ്ഞതുമായ സന്ദേശങ്ങൾ, ഭീഷണിപ്പെടുത്തുന്ന സന്ദേശങ്ങൾ തുടങ്ങി നിങ്ങൾക്ക് പ്രയാസം ഉണ്ടാക്കുന്ന

അനാവശ്യമെന്ന് തോന്നുന്ന ഒരു സന്ദേശങ്ങൾക്കും മറുപടി അയയ്ക്കരുത്. ഇവ ആവർത്തിച്ചാൽ മുതിർന്നവരുടെ ശ്രദ്ധയിൽപ്പെടുത്തുക.

മൊബൈൽ ക്യാമറ ഉപയോഗിച്ച് അനുവാദം കൂടാതെ ആരുടെയും ഫോട്ടോ എടുക്കാൻ പാടില്ല. അതു മറ്റൊരാളുടെ സ്വകാര്യതയുടെ ലംഘനമാണ്.

അശ്ലീല ചിത്രങ്ങൾ, വാചകങ്ങൾ തുടങ്ങിയവ മെസ്സേജ് ആയി അയയ്ക്കരുത്.

അശ്ലീല സന്ദേശങ്ങൾ/ ഫോട്ടോകൾ മുതലായവ അയയ്ക്കുന്നത് IT നിയമപ്രകാരം ശിക്ഷാർഹമാണ്. 3 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും ശിക്ഷയായി ലഭിക്കാം.

അപരിചിതരുടെ മെസ്സേജുകൾക്ക് (sms/mms) മറുപടി അയയ്ക്കാതിരിക്കുക.

ചാറ്റ് ചെയ്യുമ്പോൾ ലഭിച്ചതോ ആരുടെയെങ്കിലും പ്രൊഫൈലുകളിൽ കാണുന്നതോ ആയ അപരിചിതരുടെ നമ്പറുകളിൽ വിളിക്കരുത്.

കോപ്പിറൈറ്റ് ഉള്ള കമ്പ്യൂട്ടർ പ്രോഗ്രാമുകൾ (സോഫ്റ്റ് വെയറുകൾ)മോഷ്ടിക്കരുത്. ഇന്റർനെറ്റിൽ കയറി അവ പകർത്താൻ ശ്രമിക്കുന്നത് മോഷ്ടിക്കുന്നതിന് തുല്യമാണ്.

ഇന്റർനെറ്റിൽ ഉള്ള ലേഖനങ്ങളും മറ്റും പകർത്തി അവ നിങ്ങൾ രചിച്ചതെന്ന രീതിയിൽ ഉപയോഗിക്കരുത്. ഒരു പുസ്തകത്തിലെയോ മാസികയിലെയോ ലേഖനത്തിന്റെ ഉടമസ്ഥത( authorship) നിങ്ങൾ കൈവശപ്പെടുത്തുന്നതുപോലെയാണത്. നിങ്ങൾ കണ്ടുപിടിക്കപ്പെടാം. നിങ്ങളുടെ അദ്ധ്യാപകർക്കും മറ്റു വിദ്യാർത്ഥികൾക്കും അതേ ലേഖനം ഇന്റർനെറ്റിൽ ലഭ്യമാണെന്നോർക്കുക.

ഇൻർനെറ്റിൽ നിന്നും പ്രോഗ്രാമുകൾ ഡൗൺലോഡ് ചെയ്യുന്നതിനു മുമ്പ് അവയിൽ വൈറസ് ഉണ്ടോ എന്ന് പരിശോധിക്കുക. ചില പ്രോഗ്രാമുകളിൽ നിങ്ങളുടെ കംപ്യൂട്ടറിനെ നശിപ്പിക്കാൻ ശേഷിയുള്ള വൈറസുകൾ ഉണ്ടാകാം.

## ഉത്തരവാദിത്തങ്ങൾ

ഇത്തരം ആശയവിനിമയോപാധികൾ ഉപയോഗിക്കുമ്പോൾ നമുക്കും ചില ഉത്തരവാദിത്തങ്ങളുണ്ടെന്ന് ഓർക്കുക.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം കർശനമായി നിരോധിച്ചിട്ടുണ്ടെന്നുള്ള വസ്തുത നിങ്ങൾക്കറിയാമല്ലോ. ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് നിങ്ങളുടെ നന്മയ്ക്കാണെന്ന കാര്യം വിസ്മരിക്കരുത്.

ആശുപത്രികൾ, മീറ്റിംഗ് ഹാളുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മൊബൈൽ ഫോൺ കഴിയുന്നതും ഉപയോഗിക്കാതിരിക്കുക. അത്യാവ

ശ്യമെങ്കിൽ സൈലന്റ് മോഡിൽ മാത്രമിടുക. സംസാരിക്കാനുണ്ടെങ്കിൽ മറ്റാരെയും ശല്യപ്പെടുത്താതെ പുറത്തിറങ്ങി സംസാരിക്കുക.

നിങ്ങൾക്കാരുടെയെങ്കിലും ഫോട്ടോ എടുക്കണമെങ്കിൽ അനുവാദം വാങ്ങി മാത്രം അപ്രകാരം ചെയ്യുക.

മൊബൈൽഫോണിന് ബ്ലൂടൂത്ത് ഉണ്ടെങ്കിൽ അത് ഓപ്പൺ ആക്കി വയ്ക്കരുത്. ഫോണിലെ വിവരങ്ങൾ ചോർത്തപ്പെടാനും അശ്ലീല/അനാവശ്യ സന്ദേശങ്ങളും ചിത്രങ്ങളും ലഭിച്ചേക്കാനും സാധ്യതയുണ്ട്.

കമ്പനികൾ അധികാരപ്പെടുത്തിയിട്ടുള്ള സർവ്വീസ് സെന്ററുകളിൽ മാത്രമേ ഫോൺ സർവ്വീസിങ്ങിന് നൽകാവൂ. അല്ലെങ്കിൽ അതിലെ വിവരങ്ങൾ ചോർത്തി ദുരുപയോഗപ്പെടുത്തിയേക്കാം.

## പാഠം 17

# പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്ന നിയമം

### ( ദി പ്രിവെൻഷൻ ഓഫ് ഡാമേജ് റ്റു പബ്ളിക് പ്രോപ്പർട്ടി ആക്റ്റ് 1984 )

1. സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും മറവിൽ വ്യാപകമായി പൊതുമുതൽ നശീകരണം പലപ്പോഴും നടക്കാറുണ്ട്. ഇത്തരം നശീകരണ പ്രവർത്തനങ്ങൾ മൂലം നികുതിദായകന്റെ പണം കൊണ്ട് ഉണ്ടാക്കിയെടുത്തതും പൊതുനന്മക്കായി ഉപയോഗിക്കാവുന്നതും ആയ ആസ്തികളാണ് നശിക്കുന്നത്.നശിപ്പിക്കപ്പെട്ട ആസ്തികൾ പുന:സൃഷ്ടിക്കാനോ നന്നാക്കാനോ ഭീമമായ തുകകൾ വേണം. വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തുകകൾ അങ്ങനെ ഉണ്ടായിരുന്ന ആസ്തികൾ പുന:സൃഷ്ടിക്കാനോ നന്നാക്കാനോ വഴിമാറി ചിലവിടേണ്ടിവരുമ്പോൾ നഷ്ടം പൊതുജനത്തിനുതന്നെയാണ്.

2. പൊതുമുതൽ നശീകരണം ആണ് സർക്കാരിനോടുള്ള പ്രതിഷേധം രേഖപ്പെടുത്താനുള്ള മാർഗ്ഗം എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരമുള്ള പ്രവർത്തികളിൽ ആളുകൾ സാധാരണയായി ഏർപ്പെടുന്നത്.ഇത്തരം പ്രവർത്തികളുടെ തിക്തഫലം പൗരന്മാർ തന്നെയാണ് അനുഭവിക്കേണ്ടി വരുന്നത് എന്നതിനാൽ അത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നവർക്ക് മാതൃകാപരമായ ശിക്ഷ നൽകി അവ തടയേണ്ട ആവശ്യകത ഉടലെടുത്തു.

3. 1984 ലെ നിയമപ്രകാരം പൊതുമുതലിന്റെ നിർവചനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ കോർപ്പറേഷനുകളുടെയും സർക്കാർ കമ്പനികളുടെയും കൈവശത്തിലോ അധീനതയിലോ ഉള്ള സ്ഥാവരജംഗമവസ്തുക്കൾ എല്ലാം ഉൾപ്പെടും.ജലം,വൈദ്യുതി,ഊർജ്ജം എന്നിവയുടെ ഉൽപ്പാദനത്തിനും,വിതരണത്തിനും ആവശ്യമായ കെട്ടിട

ങ്ങൾ, വ്യവസായശാലകൾ,ഖനികൾ,പൊതുഗതാഗത സംവിധാന ത്തിന്റെ ഭാഗമായ ആസ്തികൾ,എണ്ണ ഉല്പാദനശാലകൾ എന്നിവ യെല്ലാം പൊതുമുതലായാണ് പരിഗണിക്കപ്പെടുന്നത്.

4. പൊതുമുതൽ നശീകരണം ഏതുരീതിയിൽ നടത്തി എന്നതിന്റെ അടിസ്ഥാനത്തിൽ അത്തരം പ്രവർത്തികളെ രണ്ടായി തരം തിരിച്ചി ട്ടുണ്ട്.അഗ്നിയോ,സ്ഫോടകവസ്തുക്കളോ ഉപയോഗിച്ച് പൊതുമുതൽ നശിപ്പിക്കുന്നതിനുള്ള ശിക്ഷ ഒരു കൊല്ലത്തിനും പത്തു കൊല്ല ത്തിനും ഇടയിലുള്ള കഠിനതടവാണ്.മിനിമം ശിക്ഷ ഒരു കൊല്ലം കഠിനതടവാണെങ്കിൽ പോലും കോടതിക്ക് തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ അതിലും ലഘുവായ ശിക്ഷ നൽകാനും അധികാ രമുണ്ട്. അഗ്നിയും, സ്ഫോടകവസ്തുക്കളും ഉപയോഗിക്കാതെ നടത്തുന്ന പൊതുമുതൽ നശീകരണത്തിന് സാധാരണഗതിയിൽ അഞ്ചു കൊല്ലം വരെയുള്ള തടവുശിക്ഷയും പിഴയും ലഭിക്കാവുന്ന താണ്. എന്നാൽ നശീകരണ പ്രവർത്തനം ജലം,വൈദ്യുതി, ഊർജ്ജം എന്നിവയുടെ ഉൽപ്പാദനത്തിനും,വിതരണത്തിനും ആവശ്യമായ കെട്ടിടങ്ങൾ,വ്യവസായശാലകൾ,ഖനികൾ,പൊതുഗതാ ഗത സംവിധാനത്തിന്റെ ഭാഗമായ ആസ്തികൾ,എണ്ണ ഉല്പാദനശാ ലകൾ എന്നിവക്കെതിരാണെങ്കിൽ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾക്കു ആറ് മാസം മുതൽ അഞ്ചു കൊല്ലം വരെ യുള്ള കഠിനതടവു ശിക്ഷ ലഭിക്കുന്നതാണ്. മിനിമം ശിക്ഷ ആറ് മാസം കഠിനതടവാണെങ്കിൽ പോലും കോടതിക്ക് തക്കതായ കാരണങ്ങൾ ഉണ്ടെങ്കിലും അതിലും ലഘുവായ ശിക്ഷ നൽകാനും അധികാരമുണ്ട്. ഏതു തരത്തിലുള്ള നശീകരണപ്രവർത്തനം ആയാലും തടവുശിക്ഷയോടൊപ്പം പിഴചുമത്താനും കോടതിക്ക് അധികാരമുണ്ട്.

5. പൊതുമുതൽ നാശം സംബന്ധിച്ചുള്ള കേസ് പ്രതികൾക്ക് ജാമ്യം ലഭിക്കാവുന്ന കേസുകളുടെ ഗണത്തിൽപ്പെട്ടതാണ്.എന്നാൽ നശീകരണം സംബന്ധമായ കേസ് ജാമ്യം നൽകുന്നതിന് മുമ്പ് പ്രോസിക്യൂട്ടർക്ക് ജാമ്യം നൽകുന്നതിനെ എതിർക്കാനുള്ള അവസരം നൽകേണ്ടതാണെന്ന് നിയമത്തിൽ അനുശാസിച്ചിട്ടുണ്ട്.

6. പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതോടൊപ്പം, പൊതുമുതൽ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തവും പൗരധർമ്മം എന്ന നിലയിൽ നാം ഓർക്കേണ്ടതാണ്.

## പാഠം 18

# പൊതുസ്ഥലങ്ങളിലെ പുകവലി ശിക്ഷാർഹമാണ്

**പു**കവലിയും പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗവും അതിഗുരുതരമായ ആഘാതമാണ് മനുഷ്യശരീരത്തിന് ഏൽപ്പിക്കുന്നത്.പൊതുസ്ഥലങ്ങളിലുള്ള പുകവലി ഒരു വ്യക്തിയുടെ ആരോഗ്യത്തെമാത്രമല്ല സഹജീവിയുടെ കൂടി ആരോഗ്യത്തെ ഹനിക്കുന്നതാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.അതിനാൽ ഇതു സംബന്ധിച്ച് ഒരു അവബോധം ഉയർന്ന് വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുന്നു.

പൊതുസ്ഥലങ്ങളിലെ പുകവലിയും പ്രായപൂർത്തിയാകാത്തവരുടെ പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗവും നിയമം മൂലം നിരോധിച്ചിരിക്കുന്ന രാജ്യമാണ് നമ്മുടേത്. 2003-ലെ സിഗരറ്റിന്റെയും മറ്റു പുകയില ഉൽപ്പന്നങ്ങളുടെയും പരസ്യം ചെയ്യൽ നിരോധനവും വ്യാപാരവും മറ്റും നിയന്ത്രിക്കൽ നിയമത്തിലെ നാലാം വകുപ്പ് പ്രകാരം പൊതുസ്ഥലങ്ങളിലെ പുകവലി നിരോധിച്ചിട്ടുണ്ട്. നിയമത്തിലെ ആറാം വകുപ്പ് പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും ,വിൽപ്പന പരസ്യം ചെയ്യുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 150 മീറ്റർ ചുറ്റളവിൽ അത്തരം ഉൽപ്പന്നങ്ങളുടെ വിൽപ്പനയും പരസ്യം ചെയ്യലും ശിക്ഷാർഹമായ കുറ്റമാണ്.

മുരളിദേവ്റ കേസിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയും രാമകൃഷ്ണൻ കേസിലെ ബഹുമാനപ്പെട്ട കേരളാഹൈക്കോടതി വിധിയും പൊതുസ്ഥലങ്ങളിലെ പുകവലി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന പൊതുശല്യമായിട്ടാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

2008 ഒക്ടോബർ 2-ാം തിയതി ഗാന്ധിജയന്തി ദിനത്തിൽ നടപ്പിൽവന്ന പൊതുസ്ഥലങ്ങളിലെ പുകവലി നിരോധിക്കൽ ചട്ടങ്ങൾ 2003 -ലെ പുകയില ഉൽപ്പന്നങ്ങളെ സംബന്ധിച്ചുള്ള കേന്ദ്രനിയമത്തിന്റെ വകുപ്പുകൾ ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

പൊതുജനങ്ങൾക്ക് പ്രവേശനം സാധ്യമായ ഏതു സ്ഥലവും പൊതു സ്ഥലം എന്നതിന്റെ നിർവ്വചനത്തിൽ വരും. ഓഡിറ്റോറിയം,ആശുപത്രി, റെയിൽവെ വിശ്രമകേന്ദ്രങ്ങൾ, വിനോദകേന്ദ്രങ്ങൾ, ഹോട്ടലുകളും പൊതുഭക്ഷ്യകേന്ദ്രങ്ങളും, പൊതു ഓഫീസുകൾ, കോടതികെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, ബസ്, ട്രെയിൻ തുടങ്ങി പൊതുഗതാഗതമാർഗ്ഗങ്ങൾ,ജോലിസ്ഥലങ്ങൾ,വ്യാപാരസമുച്ചയങ്ങൾ,സിനിമാഹാളുകൾ തുടങ്ങിയവ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദനീയമായ പൊതുസ്ഥലങ്ങളാണ്. എന്നാൽ നിയമത്തിൽ അനുശാസിക്കുന്ന തരത്തിൽ ചിട്ടപ്പെടുത്തിയ പുകവലി അനുവദനീയമായ സ്ഥലങ്ങളും പൊതുജനസാന്നിദ്ധ്യമില്ലാത്ത തുറസ്സായ സ്ഥലങ്ങളും പുകവലി നിരോധിത സ്ഥലങ്ങളായി കണക്കാക്കപ്പെടുന്നില്ല.

പൊതുസ്ഥലങ്ങളുടെയോ പൊതുസ്ഥാപനങ്ങളുടെയോ നടത്തിപ്പുകാരും ചുമതലപ്പെട്ടവരും ഇത്തരത്തിൽ പുകവലി നിരോധനം ഉറപ്പുവരുത്താൻ ബാദ്ധ്യസ്ഥരാണ്. കൂടാതെ പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിത ബോർഡുകൾ സ്ഥാപിക്കുവാനും ഇവർക്ക് ബാദ്ധ്യതയുണ്ട്.

നിയമത്തിൽ പുകവലി അനുവദനീയമായ സ്ഥലങ്ങൾ (smoking area) എങ്ങനെ സജ്ജീകരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. പുകവലി അനുവദനീയസ്ഥലങ്ങൾ (smoking area) എന്ന് ഇംഗ്ലീഷിലും പ്രാദേശികഭാഷയിലും രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ച് നാലു ഭാഗത്തും ഭിത്തി പണിത് വേർതിരിച്ച ഇത്തരം സ്ഥലങ്ങളിൽ സാധാരണയായി അടഞ്ഞുകിടക്കുന്ന സ്വയം നിയന്ത്രിത വാതിലും വായുസഞ്ചാരം പ്രാപ്യമാക്കുന്ന സാങ്കേതിക സംവിധാനങ്ങളും ഏർപ്പെടുത്താൻ നിയമം നിഷ്കർഷിക്കുന്നു. പൊതുസ്ഥലങ്ങളിലെ പുകവലിയും നിയമവിരുദ്ധമായ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പനയും 200 രൂപ വരെ പിഴശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

പൊതുസ്ഥലങ്ങളിലെ പുകവലി കണ്ടെത്തി പിഴ ചുമത്താൻ താഴെ പറയുന്ന ഉദ്യോഗസ്ഥൻമാരെ അവരുടെ അധികാര പരിധിയിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര-സംസ്ഥാന നികുതി വകുപ്പുകളിലെയും ആരോഗ്യം,ഗതാഗതം എന്നീ വകുപ്പുകളിലെയും ഇൻസ്പെക്ടർ പദവിയിലോ അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥൻമാർ അവരുടെ പരിധിയിലുള്ളപൊതു സ്ഥലങ്ങളിൽ.
2. റെയിൽവെസ്റ്റേഷനുകളിലും പരിധിയിലും ബന്ധപ്പെട്ട സ്റ്റേഷൻമാസ്റ്റർ, അസിസ്റ്റന്റ് സ്റ്റേഷൻമാസ്റ്റർ,സ്റ്റേഷൻ ചുമതലയുള്ള മറ്റ് ഉദ്യോഗസ്ഥൻമാർ.
3. കേന്ദ്ര-സംസ്ഥാന സർക്കാർ സർവീസിലെ ഗസറ്റഡ് പദവിയോ, അതിനു മുകളിലോ ഉള്ള ഉദ്യോഗസ്ഥർ,തുല്യപദവിയിൽ സ്വയംഭരണ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ, ബന്ധപ്പെട്ട സർക്കാർ, സ്വയംഭരണ / പൊതുമേഖലാസ്ഥാപനങ്ങളുടെ പരിധിയിൽ.

4. സർക്കാർ-സ്വകാര്യആശുപത്രികളിൽ അതിന്റെ ഡയറക്ടർ/മെഡിക്കൽ സൂപ്രണ്ട് അല്ലെങ്കിൽ ആശുപത്രി ഭരണാധികാരി.

5. പോസ്റ്റ് ഓഫീസുകളിൽ പോസ്റ്റ് മാസ്റ്ററോ അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥൻമാർ.

6. സ്വകാര്യസ്ഥാപനങ്ങളിലും മറ്റ് ജോലിസ്ഥലങ്ങളിലും അവിടുത്തെ സ്ഥാപനമേധാവി/ഉന്നതാധികാരി അല്ലെങ്കിൽ മാനേജർ (മനുഷ്യവിഭവം).

7. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അദ്ധ്യാപകർ.

8. ഗ്രന്ഥശാലകളിലും വായനശാലകളിലും ലൈബ്രേറിയൻ/അസിസ്റ്റന്റ് ലൈബ്രേറിയൻ/ഭരണചുമതലയുള്ള മറ്റ് ജീവനക്കാർ.

9. വിമാനത്താവളങ്ങളിലും വിമാനങ്ങളിലും വിമാനത്താവള മാനേജർ/എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യാ ഉദ്യോഗസ്ഥർ, വിമാനക്കമ്പനികളുടെയും വിമാനത്താവളങ്ങളിലേയും ഉദ്യോഗസ്ഥർ, കൂടാതെ പൊതുജനാരോഗ്യം അല്ലെങ്കിൽ ആരോഗ്യസേവനവകുപ്പുകളിലെ ഡയറക്ടർമാർ, കേന്ദ്ര-സംസ്ഥാന സർക്കാരിൽ ഭരണചുമതലയുള്ള ഉദ്യോഗസ്ഥർ, പുകയില വിരുദ്ധസെല്ലിന്റെ ജില്ലാ സംസ്ഥാനതലത്തിലുള്ള നോഡൽ ഓഫീസർമാർ എന്നിവർ പ്രത്യേക അധികാരപരിധികളില്ലാതെ എല്ലാ പൊതുസ്ഥലങ്ങളിലും അധികാരപരിധിയുള്ളതും പുകവലി നിരോധന നടപടികൾക്കും പിഴചുമത്തുന്നതിനും ചുമതലപ്പെട്ടവരുമാണ്.

ഇത്തരത്തിലുള്ള ഉദ്യോഗസ്ഥൻമാരോട് നിസ്സഹകരിക്കുന്നവരേയും സ്വന്തം പേരോ മേൽവിലാസമോ വെളിപ്പെടുത്തുവാൻ വിസ്സമ്മതിക്കുന്നവരേയും തടഞ്ഞുവച്ച് ഉടനടി അടുത്തുള്ള മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി നിയമനടപടികൾക്ക് വിധേയമാക്കാനും ഈ ഉദ്യോഗസ്ഥൻമാർക്ക് അധികാരമുണ്ട്.

## പാഠം 19

# മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ജിവനാംശത്തിനും ക്ഷേമത്തിനുമായുള്ള നിയമം, 2007

'**വാ**ർദ്ധക്യം' ഇന്ന് സമൂഹത്തിലെ പ്രധാന വെല്ലുവിളികളിലൊന്നാണ്.വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ബഹുമാനത്തിനും ഊന്നൽ നൽകുന്ന പരമ്പരാഗത മൂല്യങ്ങളും നിയമങ്ങളും ആർഷഭാരത പൈതൃകമാണ്.എന്നാൽ അണുകുടുംബങ്ങളുടെ ആവിർഭാവത്തോടെ കൂട്ടുകുടുംബങ്ങൾക്കുണ്ടായ തകർച്ചയും അപ്രത്യക്ഷമാകലും ഈ മുല്യവ്യവസ്ഥിതിയിൽ ഉലച്ചിലുണ്ടാക്കി.നിരവധി വയോജനങ്ങൾ ഇന്ന് ആരും സംരക്ഷിക്കാനില്ലാതെ ശാരീരികവും വൈകാരികവും സാമ്പത്തികവുമായ ക്ലേശങ്ങൾ മൂലം അവരുടെ ജീവിത സായാഹ്നത്തിൽ കടുത്ത ഏകാന്തതയിലും ദുരിതത്തിലുമാണ്.

ഈ സാമൂഹ്യപ്രശ്നം പരിഹരിക്കാനും മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ജീവനാംശവും ക്ഷേമവും ഭരണഘടനാപരമായ അവകാശങ്ങളും ഉറപ്പുവരുത്താനുമായി രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്, മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ജീവനാംശത്തിനും ക്ഷേമത്തിനുമായുള്ള നിയമം 2007 (The Maintenance and Welfare of Parents and Senior Citizens Act 2007). 1973 – ലെ ക്രിമിനൽ നടപടി നിയമപ്രകാരം മാതാപിതാക്കൾക്കും മുതിർന്നവർക്കും മക്കളിൽനിന്ന് ജീവനാംശം ലഭിക്കുമെങ്കിലും അതിലും കുറഞ്ഞ സമയദൈർഘ്യത്തിലും സാമ്പത്തിക ചിലവിലും നടപ്പാക്കാവുന്ന വ്യവസ്ഥകളാണ് പുതിയ നിയമത്തിലുള്ളത്. സ്വന്തമായി വരുമാനമോ സമ്പാദ്യമോ ഇല്ലാത്തതും അറുപത് വയസ്സിന് മുകളിലുള്ള അപ്പൂപ്പനും അമ്മൂമ്മയുമൊക്കെയായ മുതിർന്ന പൗരൻമാർക്കും മാതാപിതാക്കൾക്കും അറുപത് വയസ്സിന് മുതിർന്നവരല്ലെങ്കിൽപ്പോലും ആവശ്യമായ പരിരക്ഷയും മികച്ച ചികിത്സാ സൗകര്യങ്ങൾ നൽകാനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും അതിലേക്കായി

ജില്ലകൾതോറും വൃദ്ധജനസദനങ്ങൾ സ്ഥാപിക്കാനുമാണ് ഈ നിയമം ലക്ഷ്യം വയ്ക്കുന്നത്. മുതിർന്ന പൗരൻമാരെയും മാതാപിതാക്കളെയും സംരക്ഷിക്കാനുള്ള ബാദ്ധ്യത അനന്തരാവകാശികൾ എന്ന നിലയിൽ അവരുടെ മക്കൾക്കുള്ളതാണ്.മാതാപിതാക്കൾ എന്ന നിർവചനത്തിൽ രണ്ടാനച്ഛനും രണ്ടാനമ്മയും അല്ലെങ്കിൽ ദത്തെടുത്തിട്ടുള്ള മാതാപിതാക്കളും ഉൾപ്പെടുന്നുണ്ട്.സന്താനങ്ങളില്ലാത്ത ഒരു വ്യക്തിയെ സംബന്ധിച്ച് ആ ബാദ്ധ്യത അവരുടെ സ്വത്തിന്റെ അനന്തരാവകാശിയായ ബന്ധുവിന്റെതാണ്. അനന്തരാവകാശികളായ മക്കളും ബന്ധുക്കളും ഒന്നിലധികമാവുമ്പോൾ ബാദ്ധ്യത തുല്യമായിരിക്കും.സാധാരണ ജീവിതചിലവു പോലും മക്കളോ ബന്ധുക്കളോ നൽകുന്നില്ലെങ്കിൽ മുതിർന്നവർക്കോ മാതാപിതാക്കൾക്കോ മെയിന്റനൻസ് ട്രൈബ്യൂണലിൽ ജീവനാംശത്തിനായി പരാതി നൽകാം.നേരിട്ട് പരാതി നൽകാൻ അവർക്ക് കഴിയില്ലെങ്കിൽ അവർ അധികാരപ്പെടുത്തുന്ന ഒരു വ്യക്തിക്കോ അല്ലെങ്കിൽ സംഘടനയ്ക്കോ മെയിന്റനൻസ് ഓഫീസർക്കോ അവർക്ക്വേണ്ടി ട്രൈബ്യൂണലിൽ പരാതി നല്കാം.ട്രൈബ്യൂണലിന് സ്വമേധയായും നടപടിയെടുക്കാവുന്നതുമാണ്.പരാതി ലഭിച്ചാൽ മക്കൾക്ക് അല്ലെങ്കിൽ ബന്ധുക്കൾക്ക് ട്രൈബ്യൂണൽ നോട്ടീസ് കൊടുക്കുകയും അവരുടെ ഭാഗം വിശദീകരിക്കാൻ അവസരം നൽകുകയും ചെയ്യും.ഈ നടപടിക്രമങ്ങൾക്കിടയിൽ തന്നെ ഒരു ഇടക്കാല ജീവനാംശം നൽകാൻ ട്രൈബ്യൂണലിന് മക്കളോടോ ബന്ധുക്കളോടോ ആവശ്യപ്പെടാം.ജീവനാംശം ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതി മക്കൾ അല്ലെങ്കിൽ ബന്ധുക്കൾ ആർക്കെതിരെയാണോ അവർ താമസിക്കുന്നതോ അല്ലെങ്കിൽ അവസാനം താമസിച്ചിരുന്നതോ ആയ ജില്ലയിലുള്ള മെയിന്റനൻസ് ട്രൈബ്യൂണലിലാണ് സമർപ്പിക്കേണ്ടത്.ഈ പരാതി പ്രകാരം ബന്ധപ്പെട്ടവരോട് ഹാജരാകാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസയക്കുന്ന ട്രൈബ്യൂണലിന് ഈ കാര്യത്തിൽ 1973- ലെ ക്രിമിനൽ നടപടി നിയമ പ്രകാരം ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിനുള്ള എല്ലാ അധികാരങ്ങളും ഉണ്ട്.ജീവനാംശം നൽകേണ്ട മക്കളോ ബന്ധുക്കളോ ഇന്ത്യയ്ക്ക് പുറത്താണെങ്കിൽ കേന്ദ്രസർക്കാർ ഔദ്യോഗിക വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന അതോറിറ്റി വഴി സമൻസ് അയക്കുന്നതാണ്.സമൻസ് ലഭിക്കുന്ന  മക്കളോ ബന്ധുക്കളോ ട്രൈബ്യൂണലിൽ മന:പൂർവ്വം ഹാജരാകാതിരുന്നാൽ അവരെ കൂടാതെ ട്രൈബ്യൂണലിന് വാദം കേട്ട് തീർപ്പു കൽപ്പിക്കാം.സ്വയം സംരക്ഷിക്കാൻ പ്രാപ്തിയില്ലാത്ത ഒരാളെ സംരക്ഷിക്കുന്നതിന് മക്കളോ ബന്ധുക്കളോ വിസമ്മതം പ്രകടിപ്പിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നുവെന്ന് വ്യക്തമായാൽ ട്രൈബ്യൂണൽ തന്നെ അയാളുടെ സംരക്ഷണത്തിലേക്കായി പതിനായിരം രൂപയിൽ കൂടാത്ത ഒരു തുക നിശ്ചയിക്കുകയും അത് മാസം തോറും നൽകാൻ ഉത്തരവിടുന്നതുമാണ്. ഇങ്ങനെയുള്ള ഉത്തരവ് വസ്തുതാപരമായ തെറ്റുമൂലമോ തെറ്റിദ്ധരിക്കപ്പെട്ടതു മൂലമോ ആണെന്ന് തെളിഞ്ഞാൽ ഇതിൽ മാറ്റം വരുത്താനും ട്രൈബ്യൂണലിന് കഴിയും.

മക്കളോ ബന്ധുക്കളോ മതിയായ കാരണങ്ങളില്ലാതെ ട്രൈബ്യൂ

ണൽ ഉത്തരവിന് എതിരായി ജീവനാംശം കൊടുത്തില്ലെങ്കിൽ ട്രൈബ്യൂണൽ വാറണ്ട് പുറപ്പെടുവിക്കുകയും ഉത്തരവ് ലംഘനത്തിനും തുകയും കുടിശികയുള്ള മാസങ്ങളിലെ ജീവനാംശവും നടപടിക്രമങ്ങളുടെ ചിലവും ഈടാക്കും.മുഴുവൻ പണവും ഈടാക്കാനില്ലെങ്കിൽ ആ പണം അടക്കുന്നത് വരെയോ അല്ലെങ്കിൽ ഒരു മാസം വരെയോ തടവുശിക്ഷയ്ക്കും വിധിക്കാവുന്നതാണ്. എന്നാൽ ജീവനാംശ തുക മുടക്കം വരുത്തി മൂന്നുമാസത്തിനുള്ളിൽ കുടിശിക ഈടാക്കുന്നതിനുള്ള പരാതി ട്രൈബ്യൂണലിൽ സമർപ്പിക്കേണ്ടതുണ്ട്. ട്രൈബ്യൂണലിന്റെ ഉത്തരവിൽ അറുപത് ദിവസങ്ങൾക്കുള്ളിൽ അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ നൽകാവുന്നതാണ്. എന്നാൽ ഈ കാലയളവിലും ജീവനാംശം നൽകേണ്ടതാണ്. ട്രൈബ്യൂണലിലോ അപ്പലേറ്റ് ട്രൈബ്യൂണലിലോ പരാതിക്കാരെ പ്രതിനിധീകരിക്കാൻ അഭിഭാഷകർക്ക് അവകാശമില്ല. നിയമത്തിന്റെ 18-ാം വകുപ്പു പ്രകാരം സർക്കാർ നിയോഗിച്ചിട്ടുള്ള ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസറോ അതിന് തുല്യ പദവിയുള്ളയാളോ പരാതിക്കാരന്റെ താൽപര്യപ്രകാരം മാത്രം പരാതിക്കാരനെ പ്രതിനിധീകരിച്ച് ട്രൈബ്യൂണലിലോ അപ്പലേറ്റ് ട്രൈബ്യൂണലിലോ ഹാജരാകാവുന്നതാണ്.

## പാഠം 20

# നിയമവും സാമൂഹ്യ പരിഷ്ക്കരണവും

'ഇന്നലെ ചെയ്തോരബദ്ധം മൂഢർക്കിന്നത്തെയാചാരമാകാം' എന്ന് മഹാകവി കുമാരനാശാൻ പാടുകയുണ്ടായി. സമൂഹത്തിലെ പല ആചാരങ്ങളും ഈ മാനദണ്ഡമനുസരിച്ച് അനാചാരങ്ങളാണെന്ന് കാണാൻ കഴിയും. അനാചാരങ്ങളിൽനിന്നും സമൂഹത്തെ മോചിപ്പിക്കുന്നതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച മഹാന്മാർ എല്ലാ രാജ്യത്തും എല്ലാകാലത്തുമുണ്ടായിട്ടുണ്ട്. അനാചാരങ്ങളെ എതിർത്തുകൊണ്ടായിരുന്നു എല്ലാ മതങ്ങളും മുന്നേറിയത്. പിന്നീട് അതേ മതങ്ങൾതന്നെ അനാചാരങ്ങൾ സ്ഥാപിച്ച് അവയ്ക്ക് സംരക്ഷണം നൽകിയിട്ടുണ്ട് എന്നതും ചരിത്രസത്യമാണ്. സാമൂഹ്യപരിഷ്ക്കരണത്തിനുള്ള ഫലപ്രദമായ ഒരുപാധിയായി നിയമം ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കയാണ്.

### അടിമത്വവും തൊട്ടുകൂടായ്മയും

അടിമത്വം എന്ന മനുഷ്യത്വഹീനമായ അനാചാരം അവസാനിപ്പിച്ചത് നിയമനിർമ്മാണത്തിലൂടെയാണ്. ഇന്ത്യയിൽ തൊട്ടുകൂടായ്മ എന്ന അനാചാരത്തിനെതിരെ ഭരണഘടനയിൽ അതിശക്തമാ ഭാഷയിലുള്ള ഒരു വ്യവസ്ഥയുണ്ട്. തൊട്ടുകൂടായ്മയുടെ ആചരണം ശിക്ഷാർഹമായ ഗുരുതരമായ ഒരു കുറ്റമാക്കുന്ന നിയമവും ഇന്ത്യയിൽ പ്രാബല്യത്തിലുണ്ട്. വിധവാവിവാഹം നിയമവിധേയമാക്കാൻ നിയമം നിർമ്മിക്കുകയാണ് ചെയ്തത്. സതി നിരുത്സാഹപ്പെടുത്താൻ സതിയുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ആചാരങ്ങളും ആഘോഷങ്ങളും കഠിനശിക്ഷയർഹിക്കുന്ന കുറ്റമാക്കുന്ന ഒരു നിയമം അടുത്തയിടെ ഇന്ത്യയിൽ നടപ്പാക്കുകയുണ്ടായി.

### ശൈശവവിവാഹം

ശൈശവവിവാഹത്തെ നിരുത്സാഹപ്പെടുത്തേണ്ടതിന്റെ ആവശ്യകത സാമൂഹ്യപരിഷ്കർത്താക്കൾ നിരന്തരമായി എടുത്തുപറയാറുള്ള ഒരുവിഷയമായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ സാമൂഹ്യപരിഷ്ക്കർത്താക്കളുടെ പ്രയത്നഫലമായി ശൈശവവിവാഹ നിരോധനിയമം

നടപ്പാക്കപ്പെടുകയുണ്ടായി. 1929-ൽ നിയമം നടപ്പാക്കപ്പെടുന്ന സമയത്ത് വരന് 15 വയസ്സും വധുവിന് 13 വയസ്സും ആയിരുന്നു അതിൽ നിഷ്ക്കർ ഷിച്ചിരുന്ന പ്രായം. അന്ന് അതുതന്നെ പുരോഗമനപരമായ ഒരു കാൽ വെയ്പ്പായിരുന്നു. പിന്നീടത് ഒന്നിലധികം തവണ മാറ്റിയെഴുതി, ഇപ്പോൾ വരന് 21-ഉം വധുവിന് 18-ഉം ആണ് വിവാഹപ്രായം. ഈ പ്രായപരിധി പാലിക്കാത്ത വിവാഹങ്ങൾ ശിക്ഷാർഹമായ കുറ്റമാണ്. വധൂവര ന്മാരുടെ രക്ഷിതാക്കളും അത് നടത്തിച്ചുകൊടുക്കുന്നവരും വരനും കുറ്റക്കാരാണ്. വിവാഹം നടക്കുന്നതിന് മുമ്പ് വിവരമറിയിച്ചാൽ കോടതിക്ക് തടയുകയും ചെയ്യാം.

ഇവിടെ മറ്റൊരു കാര്യംകൂടി പറയാം. പ്രായപൂർത്തിയായിക്കഴി ഞ്ഞാലും രണ്ടുപേർ ചേർന്ന് ഒരു കരാറിൽ എഴുതി ഒപ്പിട്ടാൽ നിയമപ്ര കാരമുള്ള വിവാഹം ആകില്ല. അതിന് ചടങ്ങുകളും പിന്നീടുള്ള രജിസ്ട്രേഷനും മറ്റും ആവശ്യമാണ്.

## 1961–ലെ സ്ത്രീധന നിരോധന നിയമം

സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും ശിക്ഷാർഹമാക്കുന്ന ഒരു നിയമമാണ് 1961-ലെ സ്ത്രീധനനിരോധന നിയമം.

ഈ കുറ്റം ചെയ്യുന്നവർക്കുള്ള ശിക്ഷ അഞ്ചുവർഷത്തിൽ കുറയാത്ത തടവും പതിനയ്യായിരം രൂപയോ സ്ത്രീധന തുകയോ ഏതാണ് കൂടുതലെങ്കിൽ അത്രയും രൂപ പിഴയും ആണ്. എന്താണ് സ്ത്രീധനം? അത് ആർ ആർക്ക് കൊടുക്കുന്നതാണ്? വിവാഹസമയത്ത് വധുവിനെ സർവാഭരണവിഭൂഷിതയായിട്ടാണല്ലോ വരന്റെ കയ്യിൽ ഏൽ പ്പിക്കാറ്. പുടവ കൊടുക്കലും നടക്കാറുണ്ട്. പുടവയോടൊപ്പം പണവും പതിവുണ്ട്. ഇതൊക്കെ സ്ത്രീധനമാകുമോ? ഇവയൊന്നും സ്ത്രീ ധനമല്ലെന്ന് നിർവ്വചനത്തിൽ പ്രത്യേകം പറയുന്നുണ്ട്. ഇങ്ങനെ കൊടുക്കുന്നത് വിവാഹം കഴിക്കുന്നതിന് പ്രതിഫലമായിട്ടാകരുത് എന്നുമാത്രം. പിന്നെന്താണ് സ്ത്രീധനം എന്നല്ലേ. വിവാഹത്തിന് മുമ്പോ വിവാഹസമയത്തോ അതിനുശേഷമോ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന സ്വത്താണ് സ്ത്രീധനം. വാങ്ങുന്നത് വധൂ വരന്മാരിലൊരാളായിരിക്കണം. കൊടുക്കുന്നത് അവരിലൊരാളോ, ഒരാളുടെ മാതാപിതാക്കളോ മറ്റൊരാളോ ആകാം. ഇങ്ങനെയൊക്കെ നിയമത്തിലുണ്ടായിരുന്നിട്ടും സ്ത്രീധനമരണങ്ങൾ കൂടിക്കൊണ്ടിരി ക്കുന്നതായിട്ടാണ് പത്രറിപ്പോർട്ടുകൾ പറയുന്നത്.

## സ്ത്രീധന മരണം

1860-ൽ നടപ്പിലാക്കിയ ഇന്ത്യൻ ശിക്ഷാനിയമത്തിൽ അടുത്തയി ടെ ഏതാനും പുതിയ കുറ്റങ്ങൾ കൂടി ചേർക്കുകയുണ്ടായി. അവയി ലൊന്നാണ് സ്ത്രീധനവുമായി ബന്ധപ്പെട്ട മരണം. പൊള്ളലേറ്റോ മറ്റു വിധത്തിൽ ശാരീരികമായ പരിക്കുകളേറ്റോ ഒരു സ്ത്രീ വിവാഹശേഷം ഏഴുവർഷത്തിനുള്ളിൽ മരിക്കുന്നു. മരണത്തിന് മുമ്പ് അവളുടെ ഭർ

ത്താവോ, ഭർത്താവിൻെറ ബന്ധുക്കളോ സ്ത്രീധനം ആവശ്യപ്പെട്ടു കൊണ്ട് അവളെ ശല്യം ചെയ്തതിന് തെളിവുണ്ട് എന്ന് വിചാരിക്കുക. ഇങ്ങനെ വന്നാൽ അവളുടെ മരണം സ്ത്രീധന മരണമാണ്. ഭർത്താവോ, ഭർത്താവിൻെറ ബന്ധുക്കളോ അവളുടെ മരണത്തിന് കാരണക്കാരാണെന്ന് കരുതപ്പെടും. ഈ കുറ്റം തെളിഞ്ഞാൽ കുറഞ്ഞത് ഏഴു വർഷം തടവുശിക്ഷ നൽകണമെന്നാണ് നിയമം. പരമാവധി ജീവപര്യന്തം തടവുവരെ നൽകാം.

## ഗാർഹിക പീഢന സംരക്ഷണ നിയമം

അച്ഛനും, അമ്മയും, മുത്തച്ഛനും, മുത്തശ്ശിയും, മക്കളും എല്ലാമടങ്ങുന്ന സന്തുഷ്ടമായ, സുന്ദരമായ ഒരു സംഘമാണ് വീട് എന്നതാണ് നമ്മുടെയൊക്കെ സങ്കൽപ്പം. എന്നാൽ, യഥാർത്ഥത്തിൽ അനവധി പീഢനങ്ങളുടെയും നിശ്ശബ്ദ സഹനങ്ങളുടെയും സാക്ഷിയായി എരിഞ്ഞടങ്ങുന്ന ചിതപോലെയുള്ള ഒരു കെട്ടിടം മാത്രമാണ് ഈ വീടുകളിൽ പലതും. മദ്യപിച്ചു ലെക്കുകെട്ടുവന്നു ഭാര്യയെ വഴക്കുപറയുകയും, തല്ലുകയും ചെയ്യുന്ന ഭർത്താവ്, സ്ഥിരം വഴക്കടിക്കുന്ന അമ്മായിഅമ്മയും, മരുമകളും, പ്രായമായ മാതാപിതാക്കളെ അവഗണിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്യുന്ന മക്കൾ, ഇതിനെല്ലാം ഭയപ്പാടോടെ മൂകസാക്ഷികളായി നിൽക്കേണ്ടിവരികയും ചിലപ്പോൾ മാതാപിതാക്കളുടെ രണ്ടുപേരുടെയും തമ്മിലുള്ള പകയുടെ ബലിയാടുകളാകേണ്ടിയും വരുന്ന നിഷ്കളങ്കരായ കുഞ്ഞുങ്ങൾ – ഇതും ഒരു വീടിന്റെ ചിത്രമാണ്.

ഇത്തരം പ്രശ്നങ്ങൾക്ക് നിയമപരമായ പരിഹാരം ഉറപ്പുവരുത്തുന്നതിനായാണ് ഗാർഹികപീഢനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം (Protection of Women from Domestic Violence Act, 2005) പാസാക്കപ്പെട്ടത്. പേരു സൂചിപ്പിക്കുന്നതുപൊലെ ഒരു കുടുംബത്തിലെ പുരുഷനോ പുരുഷന്മാരോ, സ്ത്രീയോടു ചെയ്യുന്ന പീഢനം മാത്രമാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നത്. എന്നാൽ പീഢിപ്പിക്കുന്ന വ്യക്തി ഒരു സ്ത്രീയുടെ ഭർത്താവിന്റെ ബന്ധുക്കളാണെങ്കിൽ, അക്കൂട്ടത്തിലെ സ്ത്രീകൾ/ സ്ത്രീ മറ്റൊരു സ്ത്രീക്കെതിരെ കാണിക്കുന്ന പീഢനങ്ങളും ഈ നിയമ പരിധിക്കുള്ളിൽ വരും (ഉദാ: അമ്മായിഅമ്മ നാത്തൂൻ തുടങ്ങിയ സ്ത്രീകൾ). ഈ നിയമപ്രകാരം കുടുംബത്തിലെ ഒരു സ്ത്രീയ്ക്ക് മാനസികവും, ശാരീരികവും, സാമ്പത്തികവും, ലൈംഗികവുമായ പീഢനം ഏൽക്കേണ്ടിവരുന്നുവെങ്കിൽ, പരിഹാരത്തിനായി കോടതിയെ സമീപിക്കാവുന്നതാണ്.

പീഢനം തുടരുന്നതിൽ നിന്നു പീഢിപ്പിക്കുന്ന വ്യക്തിയെ വിലക്കുക, സ്ത്രീയെ പീഢനം അനുഭവിക്കുന്ന വീട്ടിൽനിന്നു മാറ്റിത്താമസിപ്പിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുക, പീഢനത്തിനിരയായ സ്ത്രീക്ക് നഷ്ടപരിഹാരം നൽകുക, തുടങ്ങിയ ഉത്തരവുകൾ കോടതിയിൽ നിന്നും ലഭിക്കാവുന്നതാണ്. ഈ ഉത്തരവുകൾ പീഢിപ്പിക്കുന്നയാൾക്ക് ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവരുന്ന തരത്തിലല്ലെങ്കിലും, ഉത്തരവുകൾ ലംഘിക്കുന്നത് ജയിൽ ശിക്ഷ അനുഭവിക്കാനിടയാകാവുന്ന കുറ്റകൃത്യമാണ്.

## കേരള കർഷക കടാശ്വാസ കമ്മീഷൻ നിയമം

കാർഷിക ആവശ്യങ്ങളഅ്ക്കായി ബാങ്കിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണം കടം കൊടുക്കുന്നവരിൽ നിന്നും വായ്പയെടുത്ത് കടബാധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൽ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശുപാർശ നൽകുന്നതിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിച്ചുകൊണ്ട് 2006ൽ ഉണ്ടാക്കിയിട്ടുള്ള ഒരു നിയമമാണിത്. കടബാധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് സങ്കടപരിഹാരത്തിന് കമ്മീഷന് നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ നൽകാവുന്നതാണ്. കമ്മീഷന് ന്യായമായ പലിശ നിരക്കു നിശ്ചയിക്കാനും പണം തിരിച്ചടക്കുന്നത് നിശ്ചിത കാലയളവിലേക്ക് നിർത്തിവയ്ക്കാനും ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാരമുണ്ട്. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ, ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ,വികാസ് ഭവൻ , തിരുവനന്തപുരം എന്നാണ് വിലാസം.

## പാഠം 21

# ബാലനീതി നിയമം

**ഒ**രു രാഷ്ട്രത്തിന്റെ ഭാവി കുട്ടികളിലാണ്. കുട്ടികളെ സംരക്ഷിക്കുകയും അവരുടെ സർവതോന്മുഖമായ വികാസം ഉറപ്പുവരുത്തുകയും ചെയ്യാനുള്ള ബാധ്യത സമൂഹത്തിനുണ്ട്. നമ്മുടെ ഭരണഘടനയിലെ അനുച്ഛേദങ്ങൾ കുട്ടികളുടെ കാര്യത്തിൽ ഭരണകൂടത്തിനുള്ള ഉത്തരവാദത്തിന് അടിവരയിടുന്നു. അന്താരാഷ്ട്ര കൺവെൻഷനുകളും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ രാഷ്ട്രങ്ങൾക്ക് ബാധ്യതയുണ്ടെന്ന് പ്രഖ്യാപിച്ചു. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ പാർലമെന്റ് 2000-ത്തിൽ ബാലനീതിനിയമം പാസാക്കിയത്. 1986-ലെ ബാലനീതിനിയമത്തെ നാം സമഗ്രമായി പൊളിച്ചെഴുതി. 2015ൽ ബാലനീതി (ശ്രദ്ധയും പരിചരണവും) നിയമം നിലവിൽ വന്നു.

ബാലനീതി ബോർഡുകൾ സ്ഥാപിക്കാനും വഴിതെറ്റിപ്പോകുന്ന കുട്ടികൾക്കായി നിരീക്ഷണനിലയങ്ങൾ സ്ഥാപിക്കാനും ബാലക്ഷേമസമിതികൾ രൂപവൽക്കരിക്കാനും നിയമം വ്യവസ്ഥചെയ്യുന്നു. കുട്ടികൾ കുറ്റം ചെയ്താൽ അവരെ സാധാരണ പോലീസ് അറസ്റ്റുചെയ്ത് സാധാരണ കോടതിയിൽ വിചാരണചെയ്തുകൂടാ. അവർക്കുവേണ്ടി പ്രത്യേക പോലീസ് ഉണ്ടാവണം. അവരെ വിചാരണചെയ്യേണ്ടത് ബാലനീതി ബോർഡാണ്. അവരെ നിയമം കുട്ടിക്കുറ്റവാളികൾ എന്നുപോലുമല്ല വിശേഷിപ്പിക്കുന്നത്. നിയമവുമായി സംഘർഷത്തിലുള്ള കുട്ടി (Child in confict with law) എന്നുമാത്രമാണ്. അറസ്റ്റുചെയ്യപ്പെട്ടാൽ, അതെത്ര വലിയകുറ്റമായാലും കുട്ടികൾ ജാമ്യത്തിനർഹരാണ്. ആ വിവരം രക്ഷിതാക്കളെ അറിയിക്കണം. കൗൺസലിംഗ്, സാമൂഹികസേവനം, നല്ലനടപ്പ്, പ്രത്യേകഭവനത്തിലെ താമസം, സുരക്ഷിതമായിടത്ത് പാർപ്പിക്കൽ തുടങ്ങിയവയ്ക്ക് ഉത്തരവിട്ടുകൊണ്ടാണ് വഴിതെറ്റുന്ന കുട്ടികളെ കൈകാര്യം ചെയ്യേണ്ടത്. 2015-ലെ നിയമപ്രകാരം കടുത്ത കുറ്റകൃത്യത്തിലേർപ്പെടുന്ന 16-18 വയസ്സുള്ള കുട്ടികളെ മുതിർന്നവരായി കണക്കാക്കി വിചാരണ നടത്തുന്നതാണ്.

കുറ്റംചെയ്തതോ പീഡനത്തിന് ഇരയായതോ ആയ കുട്ടികളുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്ന മാധ്യമങ്ങൾ കുറ്റംചെയ്തതായി പരിഗണിക്കപ്പെടും. അതിന് 1000 രൂപവരെ പിഴ ശിക്ഷയാകാം എന്നും നിയമം പറയുന്നു.

കുട്ടികളോട് ക്രൂരതകാണിക്കുന്നതിനെതിരെയും അവരെ സംരക്ഷിക്കാതിരിക്കുന്നതിനും അവരെ യാചകവൃത്തിക്കുപയോഗിക്കുന്നതിനെതിരെയും അവർക്ക് മയക്കുമരുന്നുംമറ്റും നൽകുന്നതിനെതിരെയും അവരെക്കൊണ്ട് ജോലിചെയ്യിക്കുന്നതിനെതിരെയും നിയമത്തിൽ വ്യവസ്ഥകളുണ്ട്. ദത്തെടുക്കൽ പ്രക്രിയ സുഗമമാക്കുവാൻ സെൻട്രൽ അഡോപ്ഷൻ റിസോർസ് ഏജൻസിക്ക് (CARA) പ്രത്യേക അധികാരങ്ങൾ നൽകിയിട്ടുണ്ട്.

## പാഠം 22

# തർക്കങ്ങൾ പറഞ്ഞുതീർക്കൽ

മനുഷ്യർ ഭിന്ന സ്വഭാവക്കാരാണ്. ഭിന്നാഭിപ്രായക്കാരും. തർക്കങ്ങളും കലഹങ്ങളും അവർക്കിടയിൽ ഉണ്ടാവുക സ്വാഭാവികം. പ്രാചീന കാലത്ത് ഗോത്രങ്ങൾക്കിടയിൽ തർക്കങ്ങൾ കലാപങ്ങളായി മാറുക പതിവായിരുന്നു. പിന്നീട് ഗോത്രസഭകളും മറ്റും ഉണ്ടായി. പിൽക്കാലത്ത് കോടതികൾ രൂപപ്പെട്ടു. ഭരണരീതിയും സംസ്കാരവും മാറുന്നതിനനുസരിച്ച് നിയമങ്ങളും കോടതികളും മാറിമാറി വന്നു.

എന്നാൽ, കേസുകൾ പരസ്പരം പറഞ്ഞുതീർക്കുക എന്നതിൻെറ പ്രാധാന്യം ഇതുകൊണ്ടൊന്നും കുറയുന്നില്ല. നീണ്ടുനിൽക്കുന്ന വ്യവഹാരങ്ങളുടെ ഫലമായി സാമ്പത്തികമായും മാനസികമായും ഭൗതികമായും തകർന്ന എത്രയോ ആളുകളുണ്ട്. പറഞ്ഞുതീർക്കാവുന്ന നിസ്സാരപ്രശ്നങ്ങൾപോലും കോടതികളിൽ എത്തിക്കുകയും അവിടെ വർഷങ്ങൾ നീണ്ടുനിൽക്കുന്ന വ്യവഹാരങ്ങളിൽ ഏർപ്പെടുകയുംചെയ്യുന്ന പ്രവണത ആകാവുന്നത്ര കുറക്കേണ്ടിയിരിക്കുന്നു.

ഇവിടെ ഗാന്ധിജിയെക്കുറിച്ച് ചിലത് പറയാം. ഗാന്ധിജി തുടക്കത്തിൽ അഭിഭാഷകനായിരുന്നുവല്ലോ. നിയമബിരുദം എടുത്തതിനുശേഷം അദ്ദേഹം ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലും അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടു. തൊഴിലിലും അദ്ദേഹം സത്യസന്ധത കാണിച്ചു. ആവുന്നത്ര കേസുകൾ പറഞ്ഞുതീർക്കാനാണ് അദ്ദേഹം ശ്രമിച്ചത്. തൻെറ അഭിഭാഷകവൃത്തിക്കിടയിൽ ഏതാണ്ട് നൂറോളം കേസുകൾ ഒത്തുതീർത്തതായി ഗാന്ധിജി ആത്മകഥയിൽ പറയുന്നുണ്ട്.

### മദ്ധ്യസ്ഥത അഥവാ മീഡിയേഷൻ

കോടതികളിൽ നിലവിലുള്ളതും ഒത്തുതീർപ്പാക്കാവുന്നതുമായ തർക്കങ്ങൾ ഇരുകക്ഷികളും പരസ്പരം ആശയ വിനിമയം നടത്തി ഇരുകൂട്ടർക്കും ഗുണകരമായ രീതിയിൽ ഒത്തുതീർപ്പിലെത്തുന്ന ഇതര തർക്കപരിഹാര മാർഗ്ഗമാണ് മദ്ധ്യസ്ഥത അഥവാ മീഡിയേഷൻ. കോടതികളോടനുബന്ധിച്ചുള്ള മീഡിയേഷൻ സെൻ്ററുകളിൽ പരിശീലനം

സിദ്ധിച്ച മീഡിയേറ്റർന്മാരാണ് തർക്കപരിഹാരത്തിന് സഹായിക്കുന്നത്.

കേസുകൾ ഒത്തുതീർപ്പാവുന്നതോടെ സമയലാഭം, ധനലാഭം സർവ്വോപരി ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനും സഹായിക്കുന്നു. മദ്ധ്യസ്ഥത തികച്ചും സൗജന്യമാണ് ഒത്തുതീർപ്പായാൽ അടച്ച കോർട്ട് ഫീസ് പൂർണ്ണമായും തിരികെ ലഭിക്കും. മദ്ധ്യസ്ഥതയിലൂടെയുണ്ടാവുന്ന ഒത്തുതീർപ്പ് പ്രകാരമുണ്ടാവുന്ന വിധി അന്തിമമായിരിക്കും.

## കുടുംബകോടതികൾ

നിസ്സാര കാരണത്തിനായിരിക്കും ഭാര്യഭർത്താക്കന്മാർ പിണങ്ങുക. അത് കോടതിയിലെത്തിയാലോ? വീറും വാശിയുമുള്ള പോരാട്ടമായി മാറും. ഉള്ളതും ഇല്ലാത്തതും രണ്ടുപേരും കോടതിയിൽ എഴുതി ബോധിപ്പിക്കുകയും പറയുകയും ചെയ്യും. പിന്നീട് ഒരിക്കലും ഒന്നിച്ച് ജീവിക്കാൻ പറ്റാത്തവിധത്തിൽ അവർ അകലുകയുമായിരിക്കും ഫലം. ഈ തിരിച്ചറിവാണ് സാധാരണ കോടതികളിലെ മത്സരനടപടികൾ കുടുംബകാര്യങ്ങൾക്ക് പറ്റിയതല്ല എന്ന നിഗമനത്തിൽ നമ്മുടെ നിയമനിർമാതാക്കളെ എത്തിച്ചത്. കുടുംബതർക്കങ്ങളിൽ ഒത്തുതീർപ്പിന്റെ മാർഗമാണ് തർക്കപരിഹാരത്തിന് ഏറ്റവും അനുയോജ്യം. അതുകൊണ്ട് ഒത്തുതീർപ്പിന് മുൻഗണന നൽകുന്ന ഒരു നിയമംതന്നെ നടപ്പാക്കപ്പെട്ടു. അതാണ് 1984-ലെ കുടുംബകോടതി നിയമം. ഈ നിയമമനുസരിച്ചുള്ള കോടതികളാണ് കുടുംബകോടതികൾ. അവിടെ കക്ഷികൾ നേരിട്ടുചെന്ന് ഹർജികൊടുക്കണം. മധ്യസ്ഥശ്രമം നടത്താൻ കഴിവുള്ള വിദഗ്ധന്മാരുടെ ഒരു ലിസ്റ്റ് കുടുംബകോടതിയിലുണ്ടാകും. മനഃശാസ്ത്രജ്ഞന്മാരും സാമൂഹ്യപ്രവർത്തകരും മറ്റും ഉൾക്കൊള്ളുന്ന ഒരു ലിസ്റ്റ്. ഹർജി അവർക്ക് കൈമാറും. അവർ അന്വേഷണം നടത്തും. കക്ഷികളുടെ കുടുംബപശ്ചാത്തലംവരെയുള്ള കാര്യങ്ങൾ അവർ അന്വേഷിച്ചു മനസ്സിലാക്കും. ഒത്തുതീർപ്പിലെത്താൻ കക്ഷികളെ സഹായിക്കും. ഒത്തുതീർപ്പിലെത്തിയാൽ കോടതി അതനുസരിച്ച് കേസ് വിധിക്കും. അതിനുശേഷം സ്വീകരിക്കുന്ന നടപടിക്രമങ്ങളും മറ്റ് കോടതികളെ അപേക്ഷിച്ച് ലളിതമാണ്. ആ ഘട്ടത്തിൽ ആവശ്യമാണെന്ന് കോടതി കരുതുന്നപക്ഷം അഭിഭാഷകരെ വെക്കാൻ കക്ഷികളെ അനുവദിക്കും. സാധാരണ കോടതികളിൽ എല്ലാവരും കേൾക്കേയാണ് വിചാരണകൾ നടക്കാറ്. കുടുംബകോടതികളിൽ കഴിയുന്നതും പരസ്യ വിചാരണ ഒഴിവക്കും.

## നിയമ സേവന അതോറിറ്റി നിയമം

നിയമത്തിന്റെ മുമ്പിലെ തുല്യതയും നിയമത്തിന്റെ തുല്യപരിരക്ഷയും പൗരന്മാരുടെ മൗലിക അവകാശമാണ്. ഭരണകൂടത്തിന്റെയും പൗരന്മാരുടെയും ബന്ധത്തിൽ എല്ലാമേഖലകളിലും തുല്ല്യ നിയമപരിരക്ഷയും, തുല്ല്യ സമീപനങ്ങളും നിർബന്ധമാണ്. നീതി ലഭ്യമാകുന്നതിൽ (access to justice) നിന്ന് ഏതൊരു കാരണംകൊണ്ടായാലും ഒരു വ്യക്തി പിന്തള്ളപ്പെട്ടുപോകരുത്. എന്നിരിക്കിലും സാമ്പത്തികവും

സാമൂഹ്യവും വിദ്യാഭ്യാസപരവും വ്യക്തിഗതവുമായ കാരണങ്ങളാൽ ന്യായാസനങ്ങളെ സമീപിക്കുവാനും നീതിന്യായ അവകാശം സ്ഥാപിച്ചെടുക്കുവാനും പലർക്കും കഴിയാറില്ല. ഇത് പരിഹരിക്കുവാനാണ് ഇന്ത്യൻ പാർലമെന്റ് 1987ൽ നിയമസേവന അഥോറിറ്റി നിയമം (Legal Services Authorities Act) കൊണ്ടുവന്നത്.

നിയമ സേവന അഥോറിറ്റി നിയമം നടപ്പിലാക്കുന്നതിനായി വിവിധ അഥോറിറ്റികളെ നിയമിക്കാൻ നിയമം അനുശാസിക്കുന്നു. കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അഥോറിറ്റി പ്രവർത്തിക്കുന്നു. സുപ്രീംകോടതി നിയമസേവനസമിതി, ഹൈക്കോടതി നിയമസേവനസമിതി, താലൂക്ക് നിയമസേവനസമിതി എന്നിങ്ങനെ വിവിധ സമിതികളും നിലവിൽവന്നിട്ടുണ്ട്. ജില്ലാഅതോറിറ്റിയും താലൂക്ക് കമ്മിറ്റികളും പ്രവർത്തിക്കുന്നത് അതത് ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലെ കോടതികളുമായി ചേർന്നാണ്. സംസ്ഥാനത്തെ നിയമ സേവനപ്രക്രിയകൾ നടപ്പിലാക്കുന്നത് സംസ്ഥാന നിയമസേവന അതോറിറ്റിയുടെ നേതൃത്വത്തിലാണ്.

ഈ നിയമത്തിന്റെ 12-ാം വകുപ്പുപ്രകാരം താഴെ പറയുന്ന വിഭാഗങ്ങൾക്ക് സൗജന്യ നിയമസഹായവും നിയമസേവനവും ലഭിക്കുന്നതാണ്.

1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക്
2. യാചകവൃത്തി, പെൺവാണിഭം, അടിമവേല, മുതലായവയ്ക്കായി അനധികൃത കൈമാറ്റത്തിന് വിധേയരാകുന്നവർക്ക്.
3. സ്ത്രീകൾക്കും കുട്ടികൾക്കും.
4. വികലാംഗക്ഷേമ നിയമപരിധിയിൽപ്പെട്ടവർക്ക്.
5. പ്രകൃതിദുരന്തം, സാമുദായികകലാപം, മതവർഗ്ഗീയ കലാപം, ഭൂകമ്പം, വ്യാവസായിക ദുരന്തം, മുതലായവയ്ക്ക് ഇരയായവർക്ക്.
6. വ്യാവസായിക തൊഴിലാളികൾക്ക്.
7. പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ ജുവനൈൽ ഹോമുകളിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവടങ്ങളിലെ അന്തേവാസികൾ മുതലായവർക്ക്.

ജില്ലാനിയമസേവന അഥോറിട്ടികൾ അതാത് പ്രദേശങ്ങളിൽ കഴിവുറ്റ വക്കീലൻമാരുടെ പാനൽ നിശ്ചയിച്ചിട്ടുണ്ട്. അവരിലൂടെയാണ് ജില്ലാകോടതികൾ വരെയുള്ള കീഴ്ക്കോടതികളിൽ ആവശ്യമായ സൗജന്യ നിയമസേവനം എത്തിക്കുന്നത്. ഹൈക്കോടതികളിലും സുപ്രീംകോടതിയിലും കേസ് നടത്താൻ ആവശ്യമായ സൗജന്യ നിയമനടപടികൾക്ക് അർഹതപ്പെട്ടവർ അതതു സമിതി മുമ്പാകെ അപേക്ഷകൾ സമർപ്പിച്ചാൽ മതി. ഉയർന്ന വാർഷിക കുടുംബവരുമാനം 3,00,000/- രൂപയിൽ കുറവുള്ളവർക്ക് സൗജന്യ നിയമസേവനത്തിനർഹതയുണ്ട്. സുപ്രീംകോടതിയിൽ സൗജന്യ നിയമസഹായം ലഭിക്കാൻ 125000 രൂപയ്ക്കുതാഴെ വാർഷിക വരുമാനമുള്ളവരായിരിക്കണം.

## നിയമ സാക്ഷരത

സൗജന്യ നിയമസേവനങ്ങൾക്കും സഹായങ്ങൾക്കുംപുറമെ നിയമസേവന അഥോറിറ്റികൾ നിയമസാക്ഷരതാക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. ഹൈസ്കൂളിലും കോളേജുകളിലും, ഗ്രാമങ്ങൾതോറും ഇത്തരം ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. കേരള സംസ്ഥാന നിയമസേവന അഥോറിട്ടി അഥവാ KeLSA (Kerala State Legal Services Authority) സംസ്ഥാനത്തിനകത്ത് 9-ാംക്ലാസ്സ് വിദ്യാർത്ഥികൾക്ക് നിയമ സാക്ഷരതാ പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സ്ത്രീശാക്തീകരണം നിയമബോധനത്തിലൂടെ എന്ന ലക്ഷ്യം വച്ചുകൊണ്ട് കേരളത്തിലെ കുടുംബശ്രീമിഷനിലെ അംഗങ്ങളായ സ്ത്രീകൾക്കും നിയമസാക്ഷരതാ ക്ലാസുകൾ നടത്തുന്നുണ്ട്.

നിയമാവബോധം വളർത്തുന്നതു വഴി ഓരോരുത്തരെയും അവകാശങ്ങളെയും കടമകളെയും കുറിച്ച് ബോധവാന്മാരാക്കാനും തർക്കങ്ങൾ രമ്യമായി പരിഹരിക്കാനും അതുവഴി വ്യവഹാരങ്ങൾ കുറയ്ക്കാനും കഴിയും.

## സംസ്ഥാന നിയമ സേവന അഥോറിറ്റി

സംസ്ഥാനങ്ങളിലെ നിയമസഹായ സേവനപ്രവർത്തനങ്ങൾക്ക് നേതൃത്വംനല്കി നടപ്പാക്കാനായി അതത്സംസ്ഥാനങ്ങളിൽ നിയമ സേവന അഥോറിറ്റിക്ക് രൂപംനല്കാൻ സംസ്ഥാനസർക്കാരുകൾക്ക് അധികാരമുണ്ട്.

**സംസ്ഥാന അഥോറിട്ടിയുടെ ചുമതലകൾ**

1. കേന്ദ്ര അഥോറിട്ടി നിയമസേവന സഹായമേഖലയിൽ രൂപംനൽകുന്ന നയപരിപാടികൾ നടപ്പാക്കുക.
2. അർഹരായവർക്ക് നിയമസഹായവും നിയമസേവനവും ലഭ്യമാക്കുക. ഹൈക്കോടതിയിലുൾപ്പെടെ നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കാനായി ലോക്അദാലത്തുകൾ സംഘടിപ്പിക്കുക.
3. കേന്ദ്ര അഥോറിട്ടിയുമായി ആലോചിച്ച് മറ്റ് കൃത്യങ്ങൾ നിർവ്വഹിക്കുകയും ചട്ടവ്യവസ്ഥകൾ രൂപപ്പെടുത്തുകയും ചെയ്യുക.
4. സംസ്ഥാനത്ത് നിയമസേവന സഹായപ്രവർത്തനം നടത്തുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുകയും ഉദ്ഗ്രഥിതപ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക.

## ജില്ലാ നിയമ സേവന അഥോറിറ്റി

ഹൈക്കോടതി ചീഫ്ജസ്റ്റീസുമായി കൂടിയാലോചിച്ച് ജില്ലാടിസ്ഥാനത്തിലുള്ള നിയമസേവന അഥോറിട്ടികൾക്ക് രൂപംനൽകാനുള്ള അധികാരം സംസ്ഥാന സർക്കാരിനുണ്ട്.

## ലോക് അദാലത്ത്

കോടതികളിലൂടെ എല്ലായ്പ്പോഴും എല്ലാതരം കേസുകളും പരിപൂർണ്ണമായും തീർപ്പുകല്പിക്കപ്പെടുക സാധ്യമല്ല. ഒരു വ്യവഹാരമോ, ക്രിമിനൽകേസോ തുടർന്നുപോവുന്നത് വർഷങ്ങളോളമാണ്. അതിന്റെ പ്രധാന കാരണം ജനസംഖ്യാവർദ്ധനവും കോടതികളുടെ എണ്ണക്കുറവും മറ്റും ആണ്. നിയമസാക്ഷരതയ്ക്കും നിയമസഹായത്തിനുംപുറമേ വിവിധതലങ്ങളിൽ നീതിന്യായ തർക്കങ്ങൾ പരിഹരിക്കാനായി ഏർപ്പെടുത്തുന്ന ലോക്അദാലത്തുകളാണ് നിയമസേവന അഥോറിട്ടിയുടെ സവിശേഷമായ പ്രവർത്തന മേഖല.

ലോക് അദാലത്തിന്റെ പരിധിയിൽ താഴെപ്പറയുന്നവ വരുന്നുണ്ട്:-

1. ഏതെങ്കിലും കോടതിയിൽ നിലവിലുള്ള തർക്കങ്ങൾ
2. ഏതെങ്കിലും കോടതിയുടെ പരിധിയിൽവരാവുന്ന തർക്കങ്ങൾ
3. നിലവിലുള്ള നിയമപ്രകാരം കോമ്പൗണ്ട്ചെയ്യാവുന്ന ക്രിമിനൽ കുറ്റകൃത്യങ്ങൾ

അദാലത്തിന്റെ പരിഗണനയിൽ സാധാരണയായി ഒരു കേസ് എത്തുന്നത് തർക്കത്തിൽപ്പെട്ട ഏതെങ്കിലും കക്ഷിയുടെയോ അല്ലെങ്കിൽ ഇരുകക്ഷികളുടെയും സംയുക്ത അപേക്ഷയിൻമേലോ അതുമല്ലെങ്കിൽ കോടതി സ്വമേധയാ തീരുമാനിച്ചപ്രകാരമോ ആണ്.

ലോക് അദാലത്തിന്റ നടപടിക്രമം വളരെ ലളിതമാണ്. അപേക്ഷ ലഭിച്ചാൽ തർക്കക്കക്ഷികൾക്ക് സ്വീകാര്യവും സംയോജിതവും രമ്യവുമായ പരിഹാരത്തിന് അദാലത്ത് ശ്രമം നടത്തും. സാമാന്യനീതിയുടെയും നീതിപൂർവ്വകമായ സമത്വത്തിന്റെയും വിവേചന ബുദ്ധിയുടെയും അടിസ്ഥാനത്തിലാണ് പരസ്പര ധാരണയിലൂടെ ഒരു തീരുമാനത്തിൽ എത്തിച്ചേരുക. ലോക് അദാലത്തിന്റെ തീർപ്പ് പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞാൽ ആ തീർപ്പിന് ഒരു സിവിൽ കോടതി വിധിയുടെ മൂല്യവും നിർവ്വഹണ ക്ഷമതയും ലഭ്യമാകും. കോടതികളിൽ നിലവിലുള്ള കേസുകൾ ലോക് അദാലത്തിലൂടെ ഒത്തുതീർന്നാൽ അടച്ചിട്ടുള്ള കോർട്ട് ഫീസ് തിരികെകിട്ടും.

സാക്ഷികളെയും ഹരജിക്കാരെയും വിളിച്ചുവരുത്തുവാനും സാന്നിദ്ധ്യം ഉറപ്പാക്കാനും കോടതികൾക്ക് തെളിവുകൾ ശേഖരിക്കുവാനും അധികാരമുള്ളതുപോലെ ലോക് അദാലത്തിനും ഇത്തരം അധികാരങ്ങളുണ്ട്.

## പെർമനന്റ് ലോക് അദാലത്ത്

പൊതുജനോപയോഗ സേവന മേഖലകളായ (1) ട്രാൻസ്പോർട്ട് സർവ്വീസ് (വായു, കര, ജലം എന്നിവ മുഖേനയുള്ള സഞ്ചാരവും ചരക്ക് കടത്തും), (2) പോസ്റ്റൽ, ടെലഗ്രാഫ്, ടെലിഫോൺ സർവ്വീസ്, (3) വൈദ്യുതി, വെളിച്ചം, വെള്ളം എന്നിവയുടെ വിതരണം, (4) പൊതുജനാരോഗ്യ സംരക്ഷണവും ശുചീകരണവും, (5) ആശുപത്രികൾ, ഡിസ്പൻസറികൾ ഇവയുടെ സേവനം, (6) ഇൻഷുറൻസ് സേവനം, (7) റിയൽ

എസ്റ്റേറ്റ്, (8) വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനായി 1987–ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട്, 2002–ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് അമന്റ്മെന്റ് ആക്ട് എന്നിവ പ്രകാരം സ്ഥാപിതമായ സംവിധാനമാണ് പെർമനന്റ് ലോക് അദാലത്ത് (പി. എൽ. എ.). ഒരു കോടി രൂപ വരെ മതിപ്പുതുക വരുന്ന സേവനങ്ങളെ സംബന്ധിച്ചുള്ള തർക്കങ്ങൾ, മറ്റേതെങ്കിലും കോടതിയുടെ പരിഗണനയ്ക്ക് വരുന്നതിനുമുൻപ് പെർമനന്റ് ലോക് അദാലത്തിൽ സമർപ്പിക്കാം. പി.എൽ.എ.യിൽ പരാതി സമർപ്പിച്ചാൽ ആ തർക്കവുമായി ബന്ധപ്പെട്ട കക്ഷികൾ മറ്റേതെങ്കിലും കോടതിയിൽ പ്രസ്തുത തർക്കം ഉന്നയിക്കാൻ പാടില്ല. കൂടുതൽ പൊതുജനോപയോഗ സേവനങ്ങൾ സ്ഥിരം ലോക് അദാലത്തിന്റെ അധികാരപരിധിയിൽ നോട്ടിഫിക്കേഷൻ മുഖാന്തിരം കൊണ്ടുവരാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ട്.

പി.എൽ.എ.യിൽ ലഭിക്കുന്ന പരാതികളിൽ, അനുരഞ്ജനം സാദ്ധ്യമാകുന്ന തർക്കങ്ങൾ ഉഭയകക്ഷി സമ്മതപ്രകാരം തീർപ്പുകൽപ്പിക്കുകയോ അനുരഞ്ജനം സാദ്ധ്യമല്ലാതെ വരുന്ന തർക്കങ്ങളിൽ കൂടുതൽ തെളിവുകൾ ശേഖരിച്ച് തീർപ്പുകൽപ്പിക്കുകയോ ചെയ്യുന്നു. പി.എൽ.എ. പുറപ്പെടുവിക്കുന്ന തീർപ്പുകൾ ‘അവാർഡ്’ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇപ്രകാരം പാസ്സാക്കുന്ന അവാർഡുകൾ അന്തിമവും എല്ലാ കക്ഷികൾക്കും ബാധകവും കോടതി വിധി എന്ന പോലെ നടപ്പാക്കേണ്ടതും മറ്റ് കോടതികളിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

കേരളത്തിൽ, നിലവിൽ മൂന്ന് മേഖലകളിൽ പി.എൽ.എ.യുടെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകൾ അധികാരപരിധിയായി തിരുവനന്തപുരം ആസ്ഥാനമായി 2006 മുതൽ പി.എൽ.എ. പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകൾ അധികാരപരിധിയായിട്ടുള്ള എറണാകുളം മേഖലയിൽ 2011–ൽ പി.എൽ.എ.സ്ഥാപിതമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയോടു ചേർന്നുള്ള കെട്ടിട സമുച്ചയത്തിലാണ് എറണാകുളം മേഖലയിലെ പി.എൽ.എ. പ്രവർത്തിക്കുന്നത്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ അധികാര പരിധി ആയിട്ടുള്ള കോഴിക്കോട മേഖലയിൽ 2013–ൽ പി.എൽ.എ.സ്ഥാപിതമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**നിങ്ങൾക്ക് ചെയ്യാവുന്നവ:**

സ്വന്തം പ്രദേശത്ത് നിങ്ങൾക്ക് പരിചയമുള്ള ആരെങ്കിലും വർഷങ്ങളായി കേസുകൾ നടത്തുന്നതായുണ്ടോ എന്നന്വേഷിക്കുക. എന്താണ് തർക്കവിഷയം എന്നും അത് നിങ്ങളുടെ അഭിപ്രായത്തിൽ എങ്ങനെ പരിഹരിക്കാമെന്നും കാണിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

ഗാന്ധിജിയുടെ ആത്മകഥ വായിക്കുക. അതിൽ അദ്ദേഹത്തിൻെറ അഭിഭാഷകവൃത്തിയെക്കുറിച്ചുള്ള ഭാഗങ്ങൾ വായിച്ച് അതേപ്പറ്റി നിങ്ങൾക്കുള്ള അഭിപ്രായങ്ങൾ വിവരിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക.

## പാഠം 23

# വിനോദയാത്രയ്ക്ക് ഒരുങ്ങുമ്പോൾ

**പ**ഠനയാത്രകൾ വിനോദപ്രദവും വിജ്ഞാനദായകവുമാണ്. എന്നാൽ യാത്രാവേളയിൽ ഉണ്ടാകാവുന്ന ചെറിയ അശ്രദ്ധകൾ പോലും വൻ ദുരന്തങ്ങൾക്ക് കാരണമായേക്കാം. പഠനയാത്രയ്ക്കായി പോയ 18ഓളം വിദ്യാർത്ഥികളുടെ ജീവൻ നഷ്ടപ്പെട്ടതിനു കാരണമായ തട്ടേക്കാട് 'ബോട്ടുദുരന്തം' എന്നും നൊമ്പരപ്പെടുത്തുന്ന ഓർമ്മയാണ്. ഇതിനെത്തുടർന്ന് സ്ക്കൂൾ പഠനയാത്ര സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ലർക്കാർ പുറപ്പെടുവിച്ചു.

1. പഠനയാത്രയ്ക്കായി തെരഞ്ഞെടുക്കുന്ന സ്ഥലം, യാത്രാ പരിപാടികൾ, താമസം എന്നിവ സ്ക്കൂൾ അഡ്വൈസറി പി.ടി.എ. എക്സിക്യൂട്ടീവിൽ മുൻകൂട്ടി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

2. വിനോദയാത്രാ സംഘം സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സവിശേഷതകൾ, സുരക്ഷാ സംവിധാനം എന്നിവയെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കേണ്ടതാണ്. ഇതിനായി ആ പ്രദേശത്തെ അധികാരികളിൽ നിന്ന് ആവശ്യമെങ്കിൽ മുൻകൂർ അനുമതി രേഖാമൂലം വാങ്ങിയിരിക്കണം.

3. പഠനയാത്രക്കുള്ള പരിപാടി തയ്യാറാക്കുമ്പോൾ വിദ്യാഭ്യാസ പരമായ പ്രസക്തിയും ഉദ്ദേശ്യവും പരിഗണിച്ചുകൊണ്ട് യാത്രയ്ക്കുള്ള സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ തെരഞ്ഞെടുക്കേണ്ടതാണ്.

4. പഠനയാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളിൽ നിന്നും സമ്മതപത്രം കാലേക്കൂട്ടി വങ്ങി സൂക്ഷിക്കേണ്ടതാണ്.

5. പഠനയാത്രയ്ക്ക് പുറപ്പെടുന്ന വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് മുൻകൂട്ടി ഉറപ്പാക്കിയിരിക്കേണ്ടതാണ്.

6. പ്രഥമാദ്ധ്യാപകനോ, സീനിയർ അസിസ്റ്റന്റോ, യാത്രാസംഘത്തെ

അനുഗമിക്കേണ്ടതാണ്.

7. പഠനയാത്രാ സംഘത്തിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1 : 15 എന്ന് നിഷ്കർഷിക്കേണ്ടതാണ്. വിദ്യാർത്ഥിനികളുണ്ടെങ്കിൽ 15 പേർക്ക് ഒരാൾ വീതം അദ്ധ്യാപികമാർ ഉണ്ടായിരിക്കണം. കൂടാതെ അദ്ധ്യാപകരോ രക്ഷിതാക്കളോ അല്ലാത്തവർ കുട്ടികളോടൊപ്പം യാത്രാസംഘത്തിൽ ഉണ്ടായിരിക്കാൻ പാടില്ല.

8. തികച്ചും സുരക്ഷിതമായിട്ടുള്ള വാഹനം മാത്രമേ യാത്രയ്ക്കായി തെരഞ്ഞെടുക്കാവൂ. അതുപോലെ വാഹനത്തിന്റെ അമിത വേഗത നിയന്ത്രിക്കേണ്ടതും ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്നു ഉറപ്പു വരുത്തേണ്ടതുമാണ്. ബസ്, ബോട്ട്, മുറ്റു വാഹനങ്ങൾ എന്നിവയിൽ നിയമപ്രകാരം അനുവധിച്ച എണ്ണം ആളുകളെ മാത്രമേ കയറ്റുന്നുള്ളുവെന്ന് ഉറപ്പാക്കേണ്ടത് സംഘം തലവന്റെ ചുമതലയും ബാദ്ധ്യതയുമാണ്.

9. ജലയാത്രകൾ, വനത്തിലൂടെയുള്ള യാത്രകൾ, വന്യമൃഗ സങ്കേതങ്ങൾ എന്നിവിടങ്ങളിലേക്ക് സന്ദർശനം നടത്തുമ്പോൾ ബന്ധപ്പെട്ട അധികാരികളെ മുൻകൂട്ടി അറിയിച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കുകയും അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചാണ് സന്ദർശനം നടത്തുന്നത് എന്നുറപ്പാക്കുകയും വേണ്യ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ അംഗീകൃത ഗൈഡുകളുടെ സേവനം ഉപയോഗിക്കേണ്ടതാണ്.

10. പാർക്കുകൾ, മ്യൂസിയം, അണക്കെട്ടു പ്രദേശങ്ങൾ എന്നിവ സന്ദർശിക്കുമ്പോൾ വൈദ്യുത സംവിധാനം ഉപയോഗിച്ചുള്ള റോപ്പ് വേ, അമ്യൂസ്മെന്റ് സംവിധാനങ്ങൾ എന്നിവ കഴിവതും ഒഴിവാക്കേണ്ടതാണ്.

11. യാത്രാസംഘത്തിന്റെ താമസം, ഓരോ ദിവസവും സന്ദർശിക്കുന്ന സ്ഥലം, ഓരോ ദിവസവും താമസസ്ഥലത്തു നിന്നും പുറപ്പെടുന്നതും തിരിച്ചെത്തുന്നതുമായ സമയം എന്നിവ യാത്രാസമയത്ത് വിനോദയാത്രാ സംഘത്തിന്റെ തലവൻ സൂക്ഷിക്കേണ്ടതും പകർപ്പ് സ്ക്കൂളുകളിലും ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും മുൻകൂർ സമർപ്പിച്ചിരിക്കേണ്ടതുമാണ്.

12. വിനോദയാത്രയ്ക്കിടയിൽ സുരക്ഷിതവും, നിലവാരമുള്ളതുമായ താമസസൗകര്യം ക്രമീകരിക്കുന്നതിനും ശുചിത്വം പാലിക്കുന്നതിനും ആരോഗ്യകരമായ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

13. രാത്രി 9 മണിക്ക് ശേഷമുള്ള യാത്രയും രാവിലെ 6 മണിക്കു മുമ്പുള്ള യാത്രയും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

14. ആധുനിക ആശയവിനിമയ സംവിധാനങ്ങൾ (മൊബൈൽ ഫോൺ പോലുള്ളവ) കരുതിവേണം യാത്രയ്ക്ക് പുറപ്പെടേണ്ടത്.

15. യാത്രാവസാനം വിദ്യാർത്ഥികൾ രക്ഷകർത്താക്കളുടെ സമീപം സുരക്ഷിതമായി എത്തിച്ചേർന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ജില്ല്/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

16. പഠനയാത്രയ്ക്കായി പലപ്പോഴും വളരെ അകലെയുള്ള സ്ഥലങ്ങളാണ് തെരഞ്ഞെടുക്കാറുള്ളത്. ആയതുകൊണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഇതിൽ പങ്കാളികളാകാൻ പലപ്പോഴും സാധിക്കാറില്ല. അതിനാൽ ഇത്തരം കുട്ടികൾക്ക് കൂടി സാമ്പത്തികമായി താങ്ങാവുന്ന സ്ഥലങ്ങൾ മാത്രമേ ഇതിനായി തെരഞ്ഞെടുക്കുന്നുള്ളൂവെന്ന് ഉറപ്പാക്കേണ്ടതാണ്.

## പാഠം 24

# ലൈംഗീകാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം 2012

സമൂഹത്തിലെ മർമ്മ സ്ഥാനീയരായ പൗരന്മാരായ കുഞ്ഞുങ്ങൾക്ക് ഹിംസാരഹിതവും ഭയരഹിതവുമായൊരു ജീവിതം നൽകാൻ നാം കടപ്പെട്ടിരിക്കുന്നു. കുഞ്ഞുങ്ങളോടുള്ള പെരുമാറ്റത്തിനേക്കാൾ നന്നായി ഒരു സമൂഹത്തിന്റെ ആത്മാവിനെ വെളിപ്പെടുത്താവുന്ന മറ്റൊന്നുമില്ല. സുരക്ഷിതത്വവും ഭദ്രതയും സംഭവിക്കുന്നവയല്ല; മറിച്ച് അവ കൂട്ടായ സമ്മതത്തിന്റെയും പൊതുനിക്ഷേപത്തിന്റെയും ഫലമാണ്.

**നെൽസൺ മണ്ടേല**

ബാല്യവും, കൗമാരവുമെല്ലാം ജീവിതത്തിലെ ഏറ്റവും അനുഗ്രഹീതവും നിർണ്ണായകവുമായ കാലഘട്ടമാണ്. പൂമൊട്ടുകൾ നാളെയുടെ സുന്ദര പുഷ്പങ്ങളായി തീരുന്നത് പോലെ കുഞ്ഞുങ്ങളാണ് നാളെയുടെ പൗരന്മാരും രാജ്യത്തിന്റെ സമ്പത്തും. അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിരവധി നിയമങ്ങൾ രാജ്യം നിർമ്മിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയും അന്താരാഷ്ട്ര പ്രമാണങ്ങളും ഈ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നു. ദൗർഭാഗ്യവശാൽ നിയമത്തിന്റെ സംരക്ഷണ വലയത്തിൽ ആയിരിക്കുമ്പോഴും നിരവധിയായ ചൂഷണങ്ങൾക്ക് കുഞ്ഞുങ്ങൾ വിധേയരാകേണ്ടി വരുന്നു. കുഞ്ഞുങ്ങളെ മാനസികവും ശാരീരികവുമായി ഏറെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ് ബാലലൈംഗീക ചൂഷണം. ഈ പശ്ചാത്തല ത്തിൽ നിലവിലുള്ള നിയമങ്ങളെ ശക്തിപ്പെടുത്താനും കുട്ടികൾക്ക് ഫലപ്രദമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കുറ്റവാളികൾക്ക് കടുത്ത ശിക്ഷ നൽകുന്നതിലേക്കുമായി ഇന്ത്യൻ പാർലമെന്റ് 'ലൈംഗീകാതിക്രമങ്ങളിൽനിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം 2012' എന്ന പേരിൽ (Protection of Children from sexual offences Act, 2012) നിയമത്തിന് 2012 ജൂൺ 19ന് രൂപം കൊടുക്കുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു.

കുട്ടികൾക്ക് എതിരെയുള്ള ലൈംഗീക കുറ്റകൃത്യങ്ങൾക്ക് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ പ്രകാരമായിരുന്നു ശിക്ഷ നൽകിയിരുന്നത്. എന്നാൽ ഈ വകുപ്പുകൾക്ക് ചില അപര്യാപ്തതകൾ ഉണ്ടായിരുന്നു. ഇവ പൂർണ്ണമായും കുട്ടികൾക്ക് നേരെയുള്ള ലൈംഗീക ചൂഷണം മാത്രമല്ല മുതിർന്നവർക്ക് കൂടി ബാധകമാകുന്ന വിധത്തിലായിരുന്നു വിഭാവനം ചെയ്തിരുന്നത്. വ്യവസ്ഥകളിൽ പലതും സ്ത്രീകളെ മാത്രം ഉദ്ദേശിച്ചുള്ളവയായിരുന്നു. എന്നാൽ ആൺ-പെൺ വ്യത്യാസമില്ലാതെ ബാല ലൈംഗീക ചൂഷണത്തിന് ഇരയാകുന്ന കുട്ടികൾക്ക് നിയമസംരക്ഷണവും നീതിയും ഉറപ്പാക്കുന്ന രീതിയിലാണ് ഇന്ത്യൻ പാർലമെന്റ് 2012ൽ 'ലൈംഗീകാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം' നിർമ്മിച്ചിട്ടുള്ളത്.

പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കാണ് ഈ നിയമപ്രകാരമുള്ള സംരക്ഷണം നൽകുന്നത്. ലൈംഗീകാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക, കുറ്റവാളികൾക്ക് കഠിനശിക്ഷ നൽകുക, കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കുക, നടപടിക്രമങ്ങളിൽ ശിശു സൗഹാർദ്ദ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഈ നിയമത്തിന്റെ പ്രത്യേകതകൾ. ഈ നിയമത്തിൽ ആൺ-പെൺ വ്യത്യാസമില്ലാതെ 'കുട്ടി' (Child) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ലൈംഗീകമായ ഏഴ് കുറ്റകൃത്യങ്ങളാണ് ഈ നിയമത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്. ലൈംഗീകമായി കുട്ടികളെ ഉപയോഗിക്കുകയോ അവരുടെ ശരീരഭാഗങ്ങളിൽ വടിയോ കൂർത്ത വസ്തുക്കളോ പ്രവേശിപ്പിക്കുകയോ ചെയ്യുന്നത് ഏഴ് വർഷത്തിൽ കുറയാത്തതും പരമാവധി ജീവപര്യന്തം തടവു ശിക്ഷയും പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. ലൈംഗീക ചിന്തയോടെ കുട്ടിയുടെ ശരീരത്തിലെ സ്വകാര്യഭാഗങ്ങളിൽ സ്പർശിക്കുക; അല്ലെങ്കിൽ ലൈംഗീക ചിന്തയോടെ കുട്ടികളെ തങ്ങളുടെ ശരീരത്തിലെ സ്വകാര്യഭാഗങ്ങളിൽ സ്പർശിപ്പിക്കുകയോ അല്ലെങ്കിൽ സ്പർശിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നത് ലൈംഗീകാതിക്രമമാണ്. മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവ് ശിക്ഷയും പിഴയും കിട്ടാവുന്ന കുറ്റകൃത്യമാണിത്. കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ പലപ്പോഴുമുണ്ടാകുന്നത് അവരുടെ സംരക്ഷണാ ചുമതലയുള്ളവരിൽ നിന്നു തന്നെയാണ് എന്നതാണ് ഏറെ ഖേദകരമായിട്ടുള്ള ഒരു യാഥാർത്ഥ്യം. അനാഥാലയങ്ങൾ, ചിൽഡ്രൻസ് ഹോമുകൾ, പ്രൊട്ടക്ഷൻ ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ നടത്തിപ്പുകാർ പോലീസ് ഉദ്യോഗസ്ഥർ സർക്കാർ ഉദ്യോഗസ്ഥർ മറ്റു ബന്ധുമിത്രാദികൾ ആരുമാകട്ടെ കുട്ടികളെ ലൈംഗീകമായി ഉപയോഗിക്കുന്നതോ അതിന് ശ്രമിക്കുന്നതോ ചുരുങ്ങിയത് പത്ത് വർഷം മുതൽ ജീവപര്യന്തം വരെ തടവു ശിക്ഷയും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. മാനസിക-ശാരീരിക വൈകല്യമുള്ള കുട്ടികളെ ലൈംഗീകമായി ഉപയോഗിക്കുകയോ അതിന് ശ്രമിക്കുകയോ ചെയ്യുന്നതിനും ചുരുങ്ങിയത് ജീവപര്യന്തം വരെ തടവുശിക്ഷയും

ലഭിക്കാവുന്നത്. കുട്ടികളിൽ എച്ച്.ഐ.വി. അണു ബാധയ്ക്ക് കാരണമാവുകയോ പെൺകുട്ടിയാണെങ്കിൽ ഗർഭിണിയാ വുകയോ ചെയ്യുന്ന സംഭവങ്ങളിലും ചുരുങ്ങിയത് ജീവപര്യന്തം തടവു ശിക്ഷയും പിഴയും നിയമം ഉറപ്പാക്കുന്നു.

ബാലസൗഹാർദ്ദപരമായ നടപടിക്രമങ്ങളാണ് ഈ നിയമത്തിന്റെ പ്രധാനസവിശേഷതകളിലൊന്ന്. കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യ ങ്ങൾക്കുള്ള വിചാരണ വേഗത്തിൽ തീർപ്പാക്കാനും ബാലസൗഹൃദ അന്തരീക്ഷത്തിൽ നടത്താനുമായി പ്രത്യേക സെഷൻസ് കോടതികൾ സ്ഥാപിക്കാനോ അല്ലെങ്കിൽ കുട്ടികൾക്കായുള്ള മറ്റേതെങ്കിലും കോടതികൾ പ്രത്യേക കോടതിയായി പരിഗണിക്കാനോ നിയമം അനുശാ സിക്കുന്നു. കുട്ടികളുടെ വ്യക്തിത്വം വെളിപ്പെട്തുതന്ന വിധത്തിലുള്ളതും കുട്ടിയുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാകുന്ന വിധത്തിലുള്ള മാധ്യമ റിപ്പോർട്ടുകളും നിയമം വിലക്കുന്നു. കുട്ടിയുടെ മൊഴി രേഖപ്പെടുത്തൽ അന്വേഷണം വിചാരണ എന്നിവയും തികച്ചും ബാലസൗഹാർദ്ദ അന്തരീ ക്ഷത്തിൽ സജ്ജീകരിക്കേണ്ടതുണ്ട്. മൊഴി രേഖപ്പെടുത്തുന്നത് കുട്ടിയുടെ വീട്ടിലോ അല്ലെങ്കിൽ കുട്ടിക്ക് കൂടുതൽ അഭികാമ്യമെന്ന് തോന്നുന്ന മറ്റേതെങ്കിലും സ്ഥലത്ത് വച്ചോ ആയിരിക്കണം. കഴിവതും സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിത പോലീസ് ഉദ്യോഗസ്ഥയെ മൊഴി രേഖപ്പെടുത്താൻ ചുമതലപ്പെടുത്തുന്നതാണ് അഭികാമ്യമെന്ന് നിയമം പറയുന്നു. കുട്ടിയെ യാതൊരു കാരണവശാലും പോലീസ് സ്റ്റേഷനിൽ രാത്രി നിർത്താൻ പാടുള്ളതല്ല. മൊഴി രേഖപ്പെടു ത്തുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കാൻ പാടുള്ള തല്ല. മൊഴിയെടുക്കുമ്പോൾ കുറ്റവാളിയുമായി കുട്ടിക്ക് യാതൊരു വിധത്തിലുള്ള സമ്പർക്കത്തിലേർപ്പെടേണ്ടി വരുന്ന സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കാൻ കരുതലുണ്ടാകണമെന്ന് നിയമം നിഷ്കർഷിക്കുന്നു. കുട്ടി പറയുന്ന കാര്യങ്ങൾ മൊഴിയായി രേഖപ്പെടുത്തണം. ആവശ്യ മെങ്കിൽ ഒരു വ്യാഖ്യാതാവിന്റെയോ പരിഭാഷകന്റെയോ വിദഗ്ധന്റെയോ സഹായം കുട്ടിയുടെ മൊഴി രേഖപ്പെടുത്തുന്നതിന് തേടാവുന്നതാണ്. വൈകല്യങ്ങൾ ഉള്ള കുട്ടിയാണെങ്കിൽ കുട്ടിയുടെ വിനിമയ രീതികൾ തിരിച്ചറിയാൻ സാധിക്കുന്ന ആരുടെയെങ്കിലും അല്ലെങ്കിൽ സ്പെഷ്യൽ അധ്യാപകരുടെയോ സഹായം തേടേണ്ടതാണ്. മെഡിക്കൽ പരിശോധന നടത്തേണ്ടത് മാതാപിതാക്കളുടെയോ അല്ലെങ്കിൽ കുട്ടിക്ക് വിശ്വാസമുള്ള ആരുടെയെങ്കിലും സാന്നിദ്ധ്യത്തിലായിരിക്കണം. ആക്രമണത്തിന് ഇരയായത് പെൺകുട്ടിയാണെങ്കിൽ ഒരു വനിത ഡോക്ടർ ആയിരി ക്കണം മെഡിക്കൽ പരിശോധന നടത്തേണ്ടത്. കുട്ടിയെക്കു റിച്ചുള്ള വിവരങ്ങളും മറ്റു വിശദാംശങ്ങളും കുട്ടിയുടെ ഭാവിയേയും താല്പര്യങ്ങളേയും വിരുദ്ധമായി ബാധിക്കുന്ന വിധത്തിൽ മാധ്യമങ്ങ ളിലൂടെ വരുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും പോലീസ് ഉദ്യോഗസ്ഥരാണ്.

മുപ്പത് ദിവസത്തിനുള്ളിൽ കുട്ടിയുടെ മൊഴി രേഖപ്പെടുത്തേ ണ്ടതുണ്ട്. കോടതി കുറ്റ വിചാരണ ഒരു വർഷത്തിനുള്ളിൽ പൂർത്തി യാക്കും. ഏതെങ്കിലും ഒരു കാര്യം തെളിയിക്കുന്നതിലേക്കായി നിരന്തരം

കുട്ടി വിളിച്ചു വരത്തെപ്പെടുന്നില്ല എന്ന് കോടതി ഉറപ്പാക്കും. ആക്രമണ സ്വഭാവത്തോടുകൂടിയുള്ള ചോദ്യങ്ങളും സ്വഭാവഹത്യയും കുട്ടി നേരിടുന്നില്ല എന്നും ഉറപ്പാക്കേണ്ടത് കോടതിയുടെ ചുമതലയാണ്. രഹസ്യ സ്വഭാവമുള്ള ഇൻ കാമറ നടപടിക്രമങ്ങളിലൂടെയായിരിക്കും കോടതി വിചാരണ നടത്തുക.

കുറ്റകൃത്യങ്ങൾക്ക് മാത്രമല്ല കുറ്റം ചെയ്യാനുള്ള ശ്രമങ്ങൾക്കും ഈ നിയമം ശിക്ഷ നൽകുന്നു. കുറ്റകൃത്യം ചെയ്തില്ല എന്ന കാരണത്താൽ കുറ്റം ചെയ്യാനുള്ള ശ്രമത്തിനുള്ള ശിക്ഷയിൽ നിന്ന് ഒഴിവാകില്ല. കുറ്റകൃത്യത്തിന് പ്രേരിപ്പിക്കുന്നവർക്കെതിരെയും നിയമം കടുത്ത ശിക്ഷ ശുപാർശ ചെയ്യുന്നു. കുറ്റകൃത്യത്തിൽ ഏർപ്പെട്ടയാൾക്ക് പ്രായപൂർത്തിയായിട്ടില്ലെങ്കിൽ ബാലനീതി നിയമപ്രകാരമുള്ള വിചാരണയും ശിക്ഷയുമായിരിക്കും നൽകുക. ബാലലൈംഗീക ചൂഷണം ഇന്ന് ഒരു ദുഃഖകരമായ യാഥാർത്ഥ്യവും നമ്മുടെ സമൂഹത്തിനും സംസ്കാരത്തിനുമുണ്ടായ ധാർമ്മികാധപതനത്തിനു നേർക്കുള്ള ചൂണ്ടുപലകയുമാണ്. അമൂല്യവും പകരം വയ്ക്കാനില്ലാത്തതുമായ ബാല്യം കുഞ്ഞുങ്ങൾക്ക് ഉറപ്പാക്കുകയും സംരക്ഷിക്കുകയും ചെയ്യുകയെന്ന സമൂഹത്തിന്റെ കടമയുടെ പ്രതിഫലനമാണ് 'ലൈംഗീകാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം 2012'.

## പാഠം 25

# സേവനാവകാശനിയമം

**കു**ട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി മാതാപിതാക്കൾ സർക്കാരോഫീസുകളിൽ കയറിയിറങ്ങുന്നത് നിങ്ങളിൽ ചിലരെങ്കിലും കണ്ടിരിക്കും. വരുമാനസർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കാനായി ഉദ്യോഗസ്ഥർക്ക് 'കൈമടക്ക്' നൽകിയ സംഭവങ്ങളും നിങ്ങൾ കേട്ടിരിക്കും. സർക്കാരോഫീസുകളിലെ ചുവപ്പുനാടയും, കെടുകാര്യസ്ഥതയും അഴിമതിയും അവസാനിപ്പിക്കാൻ പാർലമെന്റ് 2005-ൽ വിവരാവകാശ നിയമം നിർമ്മിച്ചു. ഈ നിയമത്തിന്റെ ചുവടുപിടിച്ചാണ് കേരള നിയമസഭ സേവനാവകാശ നിയമം പാസ്സാക്കിയത്. 2012 നവംബർ 1 മുതൽ ഈ നിയമം സംസ്ഥാനത്ത് നടപ്പിലായതോടെ സേവനം പൗരന്റെ അവകാശമാക്കിക്കൊണ്ടുള്ള നിയമം നിർമ്മിച്ച 13-ാമത്തെ സംസ്ഥാനമായി കേരളം മാറി. സേവനാവകാശം ഇന്ത്യയിൽ ആദ്യമായി പാസ്സാക്കിയ സംസ്ഥാനം മധ്യപ്രദേശ് ആണ്. 2010-ൽ

## പൗരാവകാശരേഖ

പൗരനും സർക്കാരും തമ്മിലുള്ള ഉടമ്പടിയാണ് പരാവകാശ രേഖ (Citizen Charter) സർക്കാർ സേവനങ്ങൾ സമയബന്ധിതമായി നൽകുക എന്നത് സർക്കാരുദ്യോഗസ്ഥന്റെ ചുമതലയാണ്. ഗുണനിലവാരമുള്ള സേവനം സമയബന്ധിതമായി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ യാണ് 1991-ൽ ബ്രിട്ടനിൽ സിറ്റിസൺ ചാർട്ടർ പ്രോഗ്രാം ആവിഷ്കരിച്ചത്. 1997-ൽ ഈ പരിഷ്കാരം ഇന്ത്യയും സ്വീകരിച്ചു.

കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകളും ഏജൻസികളും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന് 1999 ഡിസംബർ 21ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പൗരാവകാശ രേഖയിൽ വിളംബരം ചെയ്ത ഒരു സേവനം സമയപരിധിക്കകം അപേക്ഷകന് നൽകാൻ കഴിഞ്ഞില്ലെങ്കിൽ അത് വാഗ്ദത്ത ലംഘനമായി കണക്കാക്കും. എന്നാൽ വാഗ്ദാനം ലംഘിച്ച ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ കഴിയുമായിരുന്നില്ല. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് സേവനത്തിൽ വീഴ്ച

വരുത്തിയ ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ കൂടിയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് സേവനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയത്. സേവനാവകാശ നിയമപ്രകാരം അപേക്ഷ നൽകേണ്ടത് അതാത് ഓഫീസിൽ തന്നെയാണ്. ഉദാഹരണത്തിന് വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ വില്ലേജ് ഓഫീസിലാണ് നൽകേണ്ടത്. വില്ലേജ് ഓഫീസറാണ് ഡസിഗ്നേറ്റ് ഓഫീസർ. അദ്ദേഹം അപേക്ഷ സ്വീകരിച്ച ഉടനെ രസീത് അപേക്ഷകന് നൽകണം. ആറ് ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകണം. വില്ലേജ് ഓഫീസറുടെ ഒന്നാം അപ്പീൽ അധികാരി തഹസിൽദാരാണ്. രണ്ടാം അപ്പീൽ അധികാരി ആർ.ഡി.ഒ. നിശ്ചിത ദിവസത്തിനകം സേവനം ലഭിച്ചില്ലെങ്കിലാണ് അപ്പീൽ.

അതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോദ്ധ്യപ്പെട്ടാൽ 500/- രൂപ മുതൽ 5000/- രൂപ വരെ പിഴ ചുമത്താം. ന്യായമായ കാരണമില്ലാതെ ഉദ്യോഗസ്ഥൻ വിവരം നിഷേധിച്ചാലും ഈ ശിക്ഷ ലഭിക്കും. സേവനം നൽകുന്നതിൽ ഉദ്യോഗസ്ഥൻ കാലതാമസം വരുത്തുകയാണെങ്കിൽ സേവനം വൈകിക്കുന്ന ഓരോ ദിവസത്തിനും 250/- രൂപ നിരക്കിൽ പരമാവധി 5000/- രൂപ വരെ പിഴ ചുമത്താൻ കഴിയും. ഇതേ വീഴ്ച ഒന്നാം അപ്പീൽ അധികാരിയാണ് വരുത്തുന്നതെങ്കിലും 500/- രൂപ മുതൽ 5000/- വരെ പിഴ ചുമത്താം.

സേവനത്തിനായുള്ള അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോദ്ധ്യമായാൽ സർവ്വീസ് ചട്ടപ്രകാരം അച്ചടക്ക് നടപടിക്ക് ശുപാർശ ചെയ്യാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ എന്നിവ സേവന അവകാശ ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരികൾ എന്നിവർ ആരൊക്കെയെന്ന് ആറുമാസത്തിനകം വിജ്ഞാപനം ചെയ്യണം. സേവനത്തിന്റെ സമയപരിധിയും വകുപ്പുകൾ വിജ്ഞാപനം ചെയ്യണം. (ഇതു പ്രകാരം നിരവധി വകുപ്പുകൾ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) ആവശ്യപ്പെട്ട സേവനം നൽകാൻ നിർവ്വാഹമില്ലെങ്കിൽ ഇക്കാര്യം രേഖാമൂലം നിശ്ചിത സമയത്തിനം തന്നെ ഉദ്യോഗസ്ഥൻ അപേക്ഷകനെ അറിയിക്കണം.

അപേക്ഷ നിരസിക്കപ്പെട്ടാൽ ഒന്നാം അപ്പീലധികാരി മുമ്പാകെ 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കണം. യഥാസമയം അപ്പീൽ സമർപ്പിക്കാതിരുന്നതിന് തക്കതായ കാരണങ്ങളുണ്ടെങ്കിൽ അപ്പീൽ അധികാരിക്ക് ബോദ്ധ്യമായാലും അപേക്ഷ പരിഗണിക്കാം.

ന്യായമായ കാരണമില്ലാതെയാണ് ഉദ്യോഗസ്ഥൻ സമയപരിധിക്കുള്ളിൽ സേവനം നൽകാതിരുന്നതെന്ന് ബോദ്ധ്യമായാൽ ശിക്ഷ വിധിക്കാൻ രണ്ടാം അപ്പീൽ അധികാരിക്കും കഴിയും. അപ്പീൽ

അധികാരിയുടെ നിർദ്ദേശം ഉദ്യോഗസ്ഥൻ നടപ്പിലാക്കാതിരുന്നാൽ ഒന്നാം അപ്പീൽ സമർപ്പിക്കാതെ തന്നെ നേരിട്ട് രണ്ടാം അപ്പീൽ അധികാരിയെ അപേക്ഷകന് സമീപിക്കാം. ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിയോ സേവന അവകാശ നിയമപ്രകാരമുള്ള ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമായാൽ വകുപ്പുതല ശിക്ഷാ നടപടികൾക്ക് ശുപാർശ ചെയ്യാനും അധികാരമുണ്ട്.

## സേവനാവകാശ നിയമത്തിന്റെ സവിശേഷതകൾ

1. സമൂഹത്തിന്റെ സുസ്ഥിരമായ വികാസത്തിന് അനിവാര്യമാണ് കാര്യക്ഷമമായ ഭരണം. സുതാര്യതയും പ്രതിബദ്ധതയും പ്രതികരണ സ്വഭാവവും ജനാധിപത്യത്തിന്റെ അവശ്യഘടകങ്ങളാണ്.
2. ഭരണരംഗത്തെ സുതാര്യതയാണ് വിവരാവകാശ നിയമത്തിന്റെ ലക്ഷ്യമെങ്കിൽ ഉദ്യോഗസ്ഥരുടെ പ്രതിബദ്ധതയും പ്രതികരണവുമാണ് സേവനാവകാശ നിയമം ഉറപ്പുവരുത്തേണ്ടത്.
3. ഫലപ്രദവും സമയബന്ധിതവുമായ സേവനം പൗരന് ഉറപ്പുനൽകുന്നു.
4. അപേക്ഷ നിരസിച്ചാൽ അതിനുള്ള കാരണം എഴുതി നൽകണം. അക്കാര്യം അപേക്ഷകനെ അറിയിച്ചിരിക്കണം.
5. അപേക്ഷയ്ക്ക് രസീത് നൽകിയിരിക്കണം ഏതെങ്കിലും രേഖ അപേക്ഷകൻ ഹാജരാക്കേണ്ടതുണ്ടെങ്കിൽ അക്കാര്യവും വ്യക്തമാക്കിയിരിക്കണം.
6. വിവരം നൽകേണ്ട സമയപരിധിയിൽ നിന്നു പൊതുഅവധി ദിവസങ്ങൾ ഒഴിവാക്കിയിരിക്കുന്നു.
7. എന്തെല്ലാം സേവനങ്ങൾ എത്ര ദിവസത്തിനുള്ളിൽ ലഭ്യമാക്കുമെന്നും അത് ലഭ്യമാക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങളും വ്യക്തമാക്കുന്ന ബോർഡ് ഓഫീസിൽ പ്രദർശിപ്പിക്കണം.
8. 30 ദിവസത്തിനുള്ളിൽ ഒന്നാം അപ്പീൽ.
9. അപ്പീലുകൾ ഫയൽ ചെയ്യുന്നതിന് ഫീസില്ല.
10. 60 ദിവസത്തിനകം രണ്ടാം അപ്പീൽ.
11. രേഖ ലഭ്യമാക്കേണ്ട സമയപരിധിതന്നെയാണ് രണ്ടാം അപ്പീലുകൾ തീർപ്പുകൽപ്പിക്കേണ്ടത്.
12. അപ്പീൽ അധികാരികൾക്ക് സിവിൽ കേടതിയുടെ അധികാരമുണ്ട്.

<u>പാഠം 26</u>

# ക്രിമിനൽ നിയമ ഭേദഗതികൾ

## 2013 – ലെ ഭേദഗതികൾ

ഇന്ത്യൻ ശിക്ഷാനിയമ ഭേദഗതികൾ (IPC)

1) സ്വയം പ്രതിരോധം (Private defence) ഏതെല്ലാം സാഹചര്യങ്ങളിൽ അവകാശമായി ഉന്നയിക്കാം എന്നു പ്രഖ്യാപിക്കുന്ന Indian Penal Code-ലെ നൂറാം വകുപ്പിലാണ് ആദ്യ ഭേദഗതി. ആസിഡ് ഉപയോഗിച്ചുള്ള ആക്രമണത്തെ ഇതിലെ ഏഴാം സാഹചര്യമായി ഭേദഗതി മുഖേന പുതിയതായി ഉൾപ്പെടുത്തിയിരിക്കുന്നു. ആസിഡ് ഒഴിച്ച് ദാരുണമായ ക്ഷതമേൽപ്പിക്കപ്പെടുമെന്ന സാഹചര്യത്തിൽ സ്വയം പ്രതിരോധാവകാശം ഉന്നയിക്കാമെന്ന് ഇത് അനുശാസിക്കുന്നു.

2) സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ ജീവനക്കാരുടെ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് 166-ാം വകുപ്പിലാണ് അടുത്ത ഭേദഗതി. ഇതിലെ 166-A അനുസരിച്ച് ഒരു അന്വേഷണത്തിന്റെ ഭാഗമായി നിയമപരമായി വിലക്കപ്പെട്ട ഒരു സ്ഥലത്ത് പ്രവേശിക്കുകയോ പ്രസ്തുത അന്വേഷണം നടത്തുന്നതു സംബന്ധിച്ച് നിയമവിലക്കുകൾക്കെതിരെ പ്രവർത്തിക്കുകയോ, വകുപ്പ് 326A, 326B, 354, 354B, 370, 370A, 376, 376A, 376B, 376C, 376D, 376E, 509 വകുപ്പുകൾ പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്താൻ വിസമ്മതിക്കുകയോ ചെയ്ത പബ്ലിക് ഓഫീസർക്ക് 6 മാസം മുതൽ 2 വർഷം വരെ കഠിന തടവും പിഴയും ശിക്ഷ ലഭിക്കും എന്നതാണ് ഭേദഗതി.

3) ബലാൽസംഗ കേസുകളിൽ ഇരയുടെ വ്യക്തിത്വം പുറത്തുവിടുന്ന മാധ്യമങ്ങൾക്കുള്ള ശിക്ഷയെ സംബന്ധിച്ച വകുപ്പിന്റെ പരിധിക്കുള്ളിൽ Section 376Eകൂടി ഉൾപ്പെടുത്തുന്നതാണ് അടുത്ത ഭേദഗതി. 376E ആവർത്തിച്ച് ബലാൽസംഗ കുറ്റങ്ങൾ നടത്തുന്നതിനെക്കുറിച്ചാണ്.

4) ദാരുണമായ ക്ഷതങ്ങളെ സംബന്ധിച്ച 326 IPC വകുപ്പിനു ശേഷം 326 A, 326 B എന്നിവ കൂട്ടിച്ചേർത്താണ് അടുത്ത ഭേദഗതി. ആസിഡ് ഉപയോഗിച്ച് ദാരുണമായ ക്ഷതങ്ങളേൽപ്പിക്കുന്ന കുറ്റത്തിന് പത്തു

വർഷത്തിൽ കുറയാത്ത തടവും പിഴയും ശിക്ഷ ഈ ഭേദഗതി പ്രഖ്യാപിക്കുന്നു. പിഴ ഇരയുടെ ചികിത്സാ ചെലവിന് പര്യാപ്തമാണെന്നും ഉറപ്പു വരുത്തണമെന്നും പിഴ ഇരയ്ക്കു നേരിട്ടു നൽകണമെന്നും ഈ വകുപ്പ് പറയുന്നു. ദാരുണമായ ക്ഷതമേൽപ്പിക്കണമെന്ന് ഉദ്ദേശ്യത്തോടെ ആസിഡ് എറിയുന്ന കുറ്റത്തിനും അഞ്ചുവർഷത്തിൽ കുറയാത്തതും ഏഴുവർഷത്തിൽ കൂടാത്തതുമായ തടവും പിഴയും ഭേദഗതി നിർദ്ദേശിക്കുന്നു.

5) സ്ത്രീയുടെ ചാരിത്ര്യത്തെ നശിപ്പിക്കണമെന്ന് ഉദ്ദേശ്യത്തോടെ നടത്തുന്ന കയ്യേറ്റം സംബന്ധിച്ച 354 IPCയിലാണ് അടുത്ത ഭേദഗതി. ഇതിന്റെ ശിക്ഷ രണ്ടുവർഷത്തിൽനിന്ന് അഞ്ചുവർഷം തടവും പിഴയുമായി വർദ്ധിപ്പിച്ചിരിക്കുന്നു. കൂടാതെ 354 A, B, C, D എന്നീ വകുപ്പുകൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് പുരുഷന്റെ താഴെ പറയുന്നവയിൽ ഏതെങ്കിലും പ്രവർത്തി പീഢനമാകുന്നു.

(1) സ്ത്രീയോട് അവരുടെ ഇഷ്ടത്തിനെതിരായി ശാരീരികമായി തൊടുകയോ, ലൈംഗിക ചെയ്തികൾ നടത്തുകയോ ചെയ്യുക;

(2) ലൈംഗിക കാര്യങ്ങൾ ചെയ്യുവാൻ അവളോടാവശ്യപ്പെടുക;

(3) അവളുടെ താല്പര്യത്തിനെതിരായി അശ്ലീലസാഹിത്യം കാണിക്കുക;

(4) ലൈംഗിക ചുവയുള്ള സംഭാഷണങ്ങൾ നടത്തുക;

(1) മുതൽ (3) വരെയുള്ള ലൈംഗിക പീഢനങ്ങൾക്ക് മൂന്നുവർഷം വരെ കഠിന തടവും പിഴയും (4)-ാം പീഢനത്തിന് ഒരു വർഷം വരെ തടവും പിഴയും ശിക്ഷ.

354 B വകുപ്പു പ്രകാരം ഒരു പുരുഷൻ കുറ്റകരമായ സമ്മർദ്ദം ചെലുത്തി സ്ത്രീയെ വിവസ്ത്രയാക്കുവാൻ ശ്രമിച്ചാൽ മൂന്നു മുതൽ ഏഴ് വർഷം വരെ തടവും പിഴയും ശിക്ഷ നിഷ്കർഷിക്കുന്നു.

354 Cഒളിഞ്ഞുനോട്ടം. സ്ത്രീയുടെ രഹസ്യകാര്യങ്ങളെ ഒളിഞ്ഞു നോക്കുകയോ ഫോട്ടോയെടുക്കുകയോ ചെയ്യുന്ന പുരുഷന് ആദ്യതവണ ഒരു വർഷത്തിൽ കുറയാത്ത മൂന്നുവർഷം വരെയുള്ള തടവും പിഴയും ശിക്ഷ ലഭിക്കാവുന്നതുമാകുന്നു. ഇപ്രകാരം ചെയ്യുന്നതിന് സ്ത്രീയുടെ സമ്മതം വാങ്ങിയിട്ടുണ്ടെങ്കിൽ പോലും മൂന്നാമതൊരാളെ അതു കാണുന്നതിന് അവർ സമ്മതിച്ചിട്ടില്ലെങ്കിൽ അപ്രകാരം കാണിക്കുന്നതും ഈ വകുപ്പിനു കീഴിൽ ശിക്ഷാർഹമാണ്.

354 D സ്ത്രീയുടെ ഇഷ്ടത്തിന് വിരുദ്ധമായി അവളെ പിന്തുടരുകയും അവളുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്, അല്ലെങ്കിൽ അവളെ ഇമെയിൽ, ഇന്റർനെറ്റ്, മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖേന പിന്തുടരുന്നത് എന്നിവ കുറ്റകരമാക്കി. ആദ്യതവണ മൂന്നു വർഷം വരെ തടവും പിഴയും ആവർത്തിച്ചാൽ അഞ്ചു വർഷം

വരെ തടവും പിഴയും ശിക്ഷ ലഭിക്കാം. എന്നാൽ ഈ ചെയ്തി ഏതെങ്കിലും കുറ്റം തടയുന്നതിനോ കണ്ടുപിടിക്കുന്നതിനോ ആയിരുന്നു വെന്നും ഏതെങ്കിലും നിയമം അനുശാസിക്കുന്ന രീതിയിൽ പിന്തുടർന്നു വെന്നും പ്രത്യേക സാഹചര്യത്തിൽ ഈ പിന്തുടരൽ പ്രായോഗികവും നീതിയുക്തവുമായിരുന്നുവെന്നും തെളിയിക്കാനായാൽ കുറ്റവാളിക്ക് രക്ഷപെടാം.

(6) മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട 370 IPC വകുപ്പിലാണ് അടുത്ത ഭേദഗതി. ചൂഷണം, നിയമനം, കടത്തൽ, അഭയം നൽകൽ, സ്വീകരിക്കൽ എന്നീ ഉദ്ദേശ്യങ്ങളോടെ ഭീഷണി, ബലം, ചതി, വഞ്ചന, അധികാര ദുർവിനിയോഗം പണം നൽകൽ എന്നിവ ഉപയോഗിച്ച് മനുഷ്യരെ കടത്തി യാൽ 7 മുതൽ 10 വർഷം വരെ തടവും പിഴയും ചുമത്താവുന്ന കുറ്റമാണ്. എന്നാൽ ഒന്നിൽ കൂടുതൽ ആളുകളെ കടത്തുന്നത് പത്തുവർഷം മുതൽ ജീവപര്യന്തം കഠിനതടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്. കടത്തുന്നത് മൈനറിനെയാണെങ്കിൽ ശിക്ഷ പത്തുവർഷം മുതൽ ജീവപര്യന്തം വരെയും, പിഴയും, ഒന്നിൽ കൂടുതൽ മൈനറാണെങ്കിൽ പതിനാലു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെയുമുള്ള കഠിനതടവും പിഴയുമാകുന്നു. ഈ കുറ്റം ആവർത്തിച്ചാൽ ജീവപര്യന്തംവരെ തടവും പിഴയും ലഭിക്കും. പൊതുസേവകനോ പോലീസ് ഓഫീസറോ ഈ കുറ്റം ചെയ്താൽ മേൽപറഞ്ഞ ജീവിതാന്ത്യം വരെ തടവും പിഴയും ശിക്ഷ. കടത്തിയ മൈനറിനെ ലൈംഗിക ചൂഷണത്തിനു വിധേയമാക്കിയാൽ അഞ്ചുമുതൽ ഏഴുവർഷം വരെ കഠിനതടവും പിഴയും ശിക്ഷ ലഭിക്കും. കടത്തിയ വ്യക്തിയെ ലൈംഗിക ചൂഷണത്തിന് വിധേയമാക്കിയാൽ മൂന്നു മുതൽ അഞ്ചുവർഷം വരെ കഠിനതടവും പിഴയും ശിക്ഷ.

(7) ബലാൽസംഗവുമായി ബന്ധപ്പെട്ട 375, 376 IPC വകുപ്പുകളിലാണ് അടുത്ത ഭേദഗതി. ഒരു പുരുഷൻ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഒരു സ്ത്രീയെ ബലാൽസംഗം ചെയ്തതായി പറയാം.

(A) അവന്റെ ലിംഗം ഏതെങ്കിലും അളവിൽ അവളുടെ യോനി, വായ, മൂത്രനാളി, മലദ്വാരം എന്നിവയിൽ പ്രവേശിക്കുമ്പോൾ അല്ലെങ്കിൽ അവളെ കൊണ്ട് അപ്രകാരം അവനോടോ മറ്റൊരാളോടോ ചെയ്യിപ്പി ക്കുമ്പോൾ

(B) അവന്റെ ലിംഗം അല്ലാതെ മറ്റേതെങ്കിലും ശരീരഭാഗമോ വസ്തുവോ അവളുടെ മേൽപ്പറഞ്ഞ അവയവങ്ങളിൽ ഏതെങ്കിലും അളവിൽ പ്രവേശിപ്പിക്കുമ്പോഴോ, അല്ലെങ്കിൽ അവളെക്കൊണ്ടോ അപ്രകാരം അവനോടോ മറ്റൊരാളോടോ ചെയ്യിപ്പിക്കുമ്പോൾ

(C) അവളുടെ ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗം കൃത്രിമമായി രൂപപ്പെടുത്തി അതിലേയ്ക്കോ, യോനി, മൂത്രനാളി, മലദ്വാരം അല്ലെങ്കിൽ മറ്റേതെങ്കിലും ശരീരഭാഗത്തേക്കോ പ്രവേശിപ്പിക്കുകയോ അവളെ ക്കൊണ്ട് അവനോടോ മറ്റൊരാളോടോ അപ്രകാരം ചെയ്യിക്കുമ്പോൾ.

(D) അവന്റെ വായ, അവളുടെ യോനി, മലദ്വാരം, മൂത്രനാളി എന്നിവയിൽ ചെലുത്തുകയോ അവളെക്കൊണ്ട് അപ്രകാരം അവനോടോ മറ്റൊരാളോടോ ചെയ്യിക്കുമ്പോൾ മേൽപ്രകാരം ചെയ്യുന്നത്.

അവളുടെ സമ്മതത്തിനു വിരുദ്ധമാകുമ്പോഴോ, അവളുടെ സമ്മതമില്ലാതെയോ മരണഭയം മൂലമോ ദേഹോപദ്രവഭയം മൂലമോ അല്ലെങ്കിൽ അവൾക്കു താല്പര്യമുള്ള വ്യക്തിവഴിയോ അവളുടെ സമ്മതം വാങ്ങിയിട്ടോ, അവൻ അവളുടെ ഭർത്താവല്ലാതായിരിക്കുകയും എന്നാൽ അവളെ താൻ അവളുടെ ഭർത്താവാണെന്നു തെറ്റിദ്ധരിപ്പിച്ചോ സമ്മതം വങ്ങിയിട്ടോ, സ്ഥിര ബുദ്ധിയില്ലാതെയോ, മദ്യമോ മയക്കു മരുന്നോ നൽകി കാര്യഗൗരവം ബോധ്യപ്പെടുത്താതെ അവളിൽ നിന്നും സമ്മതത്തോടെയോ അല്ലാതെയോ അവൾക്കു സമ്മതം അറിയിക്കാൻ കഴിയാത്ത സാഹചര്യത്തിലോ ആണെങ്കിൽ ബലാൽസംഗം എന്ന കുറ്റം അയാൾ ചെയ്തതായും അതിനു ഏഴുവർഷം മുതൽ ജീവപര്യന്തം വരെ കഠിനതടവും പിഴയും ശിക്ഷ ലഭിക്കാവുന്നതുമാകുന്നു.

ഈ കൃത്യം ചെയ്യുമ്പോൾ സ്ത്രീ ശാരീരികമായി എതിർത്തിരുന്നില്ല എന്നതുകൊണ്ടുമാത്രം അവളുടെ സമ്മതം ക്രിയയ്ക്കുണ്ടായിരുന്നു എന്നു സ്ഥാപിക്കാൻ കഴിയുകയുമില്ല. യോനി എന്നത് യോനിക്കു പുറമെയുള്ള Labia Majore എന്ന ഭാഗവും ഉൾപ്പെടുന്നതാകുന്നു. ഇപ്രകാരം ചെയ്യുന്നതു വൈദ്യപരിശോധനയുടെ ഭാഗമായിട്ടാണെങ്കിൽ കുറ്റമാകുന്നില്ല. ഭർത്താവ് ഭാര്യയോട് ഈ ക്രിയ ചെയ്യുമ്പോൾ ഭാര്യയ്ക്ക് 15 വയസ്സിൽ കൂടുതലുണ്ടെങ്കിൽ അതും കുറ്റമാകുന്നില്ല.

376(2) വകുപ്പനുസരിച്ച് ഒരു പോലീസ് ഓഫീസർ, ഒരു പബ്ലിക്ക് സെർവെന്റ്, ഒരു സായുധ സേനാംഗം എന്നിവരോ ഒരു ആശുപത്രി മാനേജ്മെന്റോ ജീവനക്കാരോ, ജയിൽ, റിമാന്റ് ഹൗസ് എന്നിവയിലെ അധികാരികളോ ജീവനക്കാരോ ബന്ധുവോ, രക്ഷകർത്താവോ, ടീച്ചറോ, വിശ്വാസവും അധികാരവും ഉള്ളയാളോ ഒരു സ്ത്രീയെ ബലാൽസംഗം ചെയ്താൽ അതിന്റെ ഗൗരവം കൂടുതലായതിനാൽ ശിക്ഷ 10 വർഷം മുതൽ ജീവിതാവസാനം വരെ കഠിന തടവും പിഴയുമായിരിക്കും. ഇതേ ശിക്ഷ ഒരു ഗർഭിണിയോ 16 വയസ്സിൽ താഴെയുള്ളവളെയോ, സമ്മതം നൽകാൻ ശേഷിയില്ലാത്തവളെയോ കീഴ്പ്പെടുത്തിയോ മാനസിക ശാരീരിക വൈകല്യമുള്ളവളെയോ വർഗ്ഗീയ ലഹളയിലോ ബലാൽസംഗം ചെയ്യുന്നവർക്കും ലഭിക്കും. സ്ത്രീയെ ശാരീരികമായി ക്ഷതമേൽപ്പിക്കുകയോ അംഗവൈകല്യം വരുത്തുകയോ ജീവനു ഭീഷണിയാകത്തക്ക രീതിയിലോ ബലാൽസംഗം ചെയ്താലും ഇതേ ശിക്ഷ ലഭിക്കും.

376 A വകുപ്പനുസരിച്ച് ബലാൽസംഗത്തിനിടയിൽ സ്ത്രീയെ അക്രമിച്ച് വധിക്കുകയോ, ജീവച്ഛവമാക്കുകയോ ചെയ്താൽ 20 വർഷം മുതൽ ജീവിതാന്ത്യം വരെ കഠിനതടവോ വധശിക്ഷയോ ലഭിക്കാവുന്നതാണ്.

376 B പ്രകാരം കോടതി വിധി അനുസരിച്ചോ അല്ലാതെയോ

വേർപിരിഞ്ഞു കഴിയുന്ന ഭാര്യയുമായി സംഭോഗം നടത്തിയാൽ രണ്ടു മുതൽ ഏഴു വർഷം വരെ തടവും പിഴയും ശിക്ഷ ലഭിക്കാം. സംഭോഗം എന്നാൽ 375-ാം വകുപ്പിലെ (a) to (b) വിഭാഗങ്ങളിൽ ഉൾപ്പെടും.

376 C തന്റെ അധികാരം ദുർവിനിയോഗം ചെയ്തു ഒരു പബ്ലിക് സെർവന്റ് അല്ലെങ്കിൽ മറ്റു അധികാര സ്ഥാനത്തുള്ളയാൾ തന്റെ ഓഫീസിലുള്ളതോ പരിസരത്തുള്ളതോ ആയ സ്ത്രീയുമായി സംഭോഗത്തിലേർപ്പെട്ടാൽ അത് 5 മുതൽ 10 വർഷം വരെ കഠിന തടവും പിഴയും ലഭിക്കാവുന്ന ശിക്ഷയാണ്.

376 D കൂട്ടബലാൽസംഗം: ഒന്നിൽ കൂടുതൽ ആളുകൾ പൊതു ഉദ്ദേശ്യത്തോടെ ഒരു സ്ത്രീയെ ബലാൽസംഗം ചെയ്താൽ 20 വർഷം മുതൽ ജീവിതാന്ത്യം വരെ കഠിന തടവും പിഴയും ശിക്ഷ ലഭിക്കാം. ഇതിലെ പിഴ ഇരയുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും വിനിയോഗിക്കണം.

376 E ആവർത്തിച്ച് ബലാൽസംഗ കുറ്റം ചെയ്യുന്നവർക്ക് മരണം വരെ കഠിനതടവോ വധശിക്ഷയോ  പിഴയും ശിക്ഷ ലഭിക്കും.

(8) സ്ത്രീയെ വാക്കുകൊണ്ടോ ആംഗ്യം കൊണ്ടോ അപമാനിക്കുന്നവരെ സംബന്ധിച്ച 509 IPC യിൽ ഭേദഗതിവഴി ശിക്ഷ മൂന്നുവർഷം വരെ തടവും പിഴയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ക്രിമിനൽ നടപടിക്രമങ്ങളിലെ ഭേദഗതികൾ

1) 26-ാം വകുപ്പിൽ കോടതികളുടെ വിചാരണാധികാരം വിവരിച്ചിട്ടുള്ളതിനാൽ പുതുതായി രൂപീകരിച്ച ബലാൽസംഗം സംബന്ധിച്ച 376, 376 A, 376 B, 376 C, 376 D, 376 E IPC എന്നിവ കൂടി ഉൾപ്പെടുത്തി.

2) 54 A വകുപ്പിന്റെ ഭേദഗതിപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവനെ തിരിച്ചറിയുന്ന വ്യക്തി ശാരീരികമോ മാനസികമോ ആയി വൈകല്യമുള്ളവരോ ആണെങ്കിൽ പ്രസ്തുത തിരിച്ചറിയൽ മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ വേണമെന്നും അയാൾക്ക് തികച്ചും സൗകര്യപ്രദമായ രീതിയിൽ തിരിച്ചറിയിൽ നടത്തണമെന്നും ഇത് വീഡിയോയിൽ ചിത്രീകരിച്ചിരിക്കണമെന്നും അനുശാസിക്കുന്നു.

3) സ്ത്രീകൾക്കെതിരെ 326A, 326B, 354, 354 A, 354B, 354C, 354D, 376, 376A, 376B, 376C, 376C, 376D, 376E, 509 IPC അനുസരിച്ച് കുറ്റങ്ങൾ നടന്നതായോ ശ്രമിച്ചതായോ റിപ്പോർട്ടാൽ പ്രസ്തുത വിവരം വനിതാ പോലീസ് ഓഫീസർ റിക്കാർഡ് ചെയ്യണമെന്നും പ്രസ്തുത കേസിലെ ഇര ശാരീരികമായും മാനസികമായും വൈകല്യമുള്ളയാളെങ്കിൽ വിവരം ഇരയുടെ വസതിയിലെത്തിയോ അല്ലെങ്കിൽ ഇരയ്ക്കു സൗകര്യപ്രദമായ സ്ഥലത്തെത്തിയോ വ്യാഖ്യാതാവിന്റെയോ പ്രത്യേക പഠിതാവിന്റെയോ സാന്നിദ്ധ്യത്തിൽ വീഡിയോഗ്രാഫ് ചെയ്ത് റിക്കാർഡ് ചെയ്യണമെന്നും അപ്രകാരമുള്ള ഇരയുടെ സ്റ്റേറ്റ്മെന്റ്

എത്രയും വേഗം മജിസ്ട്രേറ്റ് മുമ്പാകെ എടുക്കണമെന്നും വകുപ്പ് 154-ന്റെ ഭേദഗതി അനുശാസിക്കുന്നു.

4) പോലീസ് ഓഫീസർ മുമ്പാകെ സാക്ഷികളെ ഹാജരാക്കുവാൻ അനുശാസിക്കുന്ന 160-ാം വകുപ്പിന്റെ PROVISO ഭേദഗതി ചെയ്ത് പതിനഞ്ചു വയസ്സിൽ താഴെയോ 65 വയസ്സിന് മുകളിലോ പ്രായമുള്ള ആണുങ്ങളേയും വനിതകളേയും മാനസികവും ശാരീരികവുമായ വൈകല്യമുള്ളവരെയും ഇപ്രകാരം ഹാജരാകുന്നതിൽ നിന്നൊഴി വാക്കിയിട്ടുണ്ട്.

5) കുറ്റമേറ്റു പറയുന്നതും സ്റ്റേറ്റുമെന്റുകൾ മജിസ്ട്രേറ്റ് രേഖപ്പെടുത്തുന്നതുമായ 164-ാം വകുപ്പ് ഭേദഗതി ചെയ്ത് IPC 354, 354 A, 354B, 354C, 354D, 375 (1) and (2) 376A, 376B, 376 C, 376 D, 376 E, 509 എന്നീ വകുപ്പുകളിൽ കുറ്റം ചെയ്തുവെന്നു പോലീസിന് നോട്ടീസ് കിട്ടിയാലുടൻ ഇരയുടെ സ്റ്റേറ്റ്മെന്റ് മജിസ്ട്രേറ്റ് രേഖപ്പെടുത്തണമെന്നും ഇര മാനസികമോ ശാരീരികമോ ആയി വൈകല്യമുള്ളയാളാണെങ്കിൽ വ്യാഖ്യാതാവ്, പ്രത്യേക ടീച്ചർ എന്നിവരുടെ സാന്നിദ്ധ്യത്തിലും വീഡിയോഗ്രാഫ് ചെയ്ത് വേണം പ്രസ്തുത രേഖപ്പെടുത്തൽ നടത്തുവാനെന്നും അനുശാസിക്കുന്നു.

6) പൊതുസേവകനെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാൻ അനുമതിപത്രം ആവശ്യമാണെന്നു 197-ാം വകുപ്പ് ഭേദഗതി വരുത്തി IPC 166 A, 166 B, 354, 354 A, 354 B, 354 C, 354 D, 370, 375, 376 P, 376 A, 376, C, 376 D, 509 എന്നീ വകുപ്പുകളിൽ കീഴിൽ കുറ്റം ചെയ്ത പൊതുസേവകനെതിരെ ക്രിമിനൽ നടപടിയെടുക്കാൻ യാതൊരുവിധ അനുമതിയും ആവശ്യമില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്.

7) ഭാര്യ ഭർത്താവിനെതിരെ നൽകിയ പരാതിയിൻമേൽ സ്ഥാപിച്ച കുറ്റമൊഴികെയുള്ള സാഹചര്യങ്ങളിൽ ഭർത്താവിനെതിരെ വിവാഹ ബന്ധം നിലനിൽക്കുമ്പോൾ 376 B പ്രകാരമുള്ള കുറ്റത്തിന്റെ വിചാരണാധികാരം വിനിയോഗിക്കുവാൻ കോടതികൾക്ക് സാധ്യമാവുകയില്ല എന്ന് വകുപ്പ് 198 ബിയുടെ ഭേദഗതി അനുശാസിക്കുന്നു.

8) പ്രതിയുടേതോ വക്കീലിന്റെയോ സാന്നിദ്ധ്യത്തിലെ തെളിവെടുക്കാവൂ എന്ന 273-ാം വകുപ്പിൽ ഭേദഗതി വരുത്തി ബലാൽസംഗത്തിനോ മറ്റു ലൈംഗിക കുറ്റങ്ങൾക്കോ വിധേയമായ 18 വയസ്സിൽ താഴെയുള്ള പെൺകുട്ടിയുടെ തെളിവെടുക്കുമ്പോൾ അവളെ ഒരിക്കലും പ്രതിയുമായി അഭിമുഖത്തിൽ വരാതിരിക്കണമെന്നും എന്നാൽ എതിർ വിസ്താരത്തിനുള്ള അവസരം നിലനിർത്തണമെന്നും അനുശാസിക്കുന്നു.

9) 309-ാം വകുപ്പ് ഭേദഗതി ചെയ്ത് 376, 376 A, 376 B, 376 C, 376 D എന്നീ വകുപ്പുകളിൽ കീഴിലുള്ള കുറ്റങ്ങൾ ചാർജ്ജ് ഷീറ്റ് നൽകി രണ്ടു മാസത്തിനുള്ളിൽ വിചാരണ പൂർത്തീകരിക്കണമെന്ന് അനുശാസിക്കുന്നു. ബലാൽസംഗ കേസിൽ അടിയന്തിരമായി കോടതി നടപടികൾ പൂർത്തീകരിച്ച് ഇരയ്ക്ക് നീതിവേഗത്തിലാക്കുക എന്നതാണ് ഇതിന്റെ

ഉദ്ദേശ്യം.

10) ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് 357-ാം വകുപ്പ് ഭേദഗതി ചെയ്ത് IPC 326A, 376, 376 A, 376 B, 376 C, 376 D, 376 E വകുപ്പുകളിലെ കുറ്റങ്ങളിലുൾപ്പെട്ട ഇരകൾക്ക് സൗജന്യ വൈദ്യ സഹായം എല്ലാ ആശുപത്രികളും നല്കണമെന്ന് നിഷ്കർഷിക്കുകയും 326A, 376 D വകുപ്പുകൾ പ്രകാരം പിഴയടയ്ക്കുന്നത് ഇരയ്ക്കു നൽകണമെന്നും ഈ തുക 357 A പ്രകാരമുള്ള നഷ്ടപരിഹാരത്തിനു പുറമെയായിരിക്കണമെന്നും അനുശാസിക്കുന്നു.

## ഇന്ത്യൻ തെളിവു നിയമത്തിലെ ഭേദഗതികൾ

1. കുറ്റവാളിയുടെ മുൻസ്വഭാവം ക്രിമിനൽ കേസുകളിൽ പ്രസക്തമാണ്. 53-ാം വകുപ്പിലേക്ക് 53A ആയി പുതിയ വകുപ്പ് ചേർക്കുകയും അതനുസരിച്ച് IPC 354, 354 A, 354 B, 354 C, 354 D, 376, 376 A, 376 B, 376 C, 376 D വകുപ്പുകളിലെ കുറ്റങ്ങളോ കുറ്റം ചെയ്യുവാനുള്ള ശ്രമമോ സംബന്ധിച്ച കേസുകളിൽ ഇരയുടെ സമ്മതത്തെ സംബന്ധിച്ച ചോദ്യമുയരുമ്പോൾ പ്രതിയുടെ മുൻസ്വഭാവമോ മുൻ ലൈംഗിക അനുഭവമോ അപ്രസക്തമാണെന്നും അനുശാസിക്കുന്നു.

2. 114 A വകുപ്പ് ഭേദഗതി ചെയ്ത് ബലാൽസംഗ കേസുകളിൽ ലൈംഗികബന്ധം തെളിയിക്കപ്പെടുകയും എന്നാൽ അത് സ്ത്രീയുടെ സമ്മതമില്ലാതെയായിരുന്നു എന്ന തർക്കത്തിൽ തന്റെ അനുമതി ഇല്ലാ എന്ന് സ്ത്രീ തെളിവ് നൽകിയാൽ, സമ്മതം ഇല്ലായിരുന്നു എന്നു കോടതിക്ക് അനുമാനിക്കാം എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

3. മൂക സാക്ഷികളെക്കുറിച്ചുള്ള 119-ാം വകുപ്പ് ഭേദഗതി ചെയ്തു അപ്രകാരമുള്ള സാക്ഷികളുടെ തെളിവെടുക്കുമ്പോൾ വ്യാഖ്യാതാവിന്റേയോ, പ്രത്യേക ടീച്ചറുടെയോ സേവനം ഉപയോഗപ്പെടുത്തി സ്റ്റേറ്റ്മെന്റ് എടുക്കുകയും വീഡിയോഗ്രാഫി എടുക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നു.

3. 146-ാം വകുപ്പ് ഭേദഗതി ചെയ്തു ബലാൽസംഗ കേസുകളിൽ ഇരയുടെ സമ്മതം സംബന്ധിച്ചു തർക്കമുയരുമ്പോൾ ക്രോസ് വിസ്താരത്തിൽ ഇരയുടെ പൊതു അസാന്മാർഗിക സ്വഭാവം, മുൻ ലൈംഗിക അനുഭവം എന്നിവ സംബന്ധിച്ച ചോദ്യങ്ങൾ അനുവദനീയമല്ല എന്നു അനുശാസിക്കുന്നു.

## ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി (357 A സി.ആർ.പി.സി.)

ക്രിമിനൽ നടപടി നിയമത്തിൽ വരുത്തിയ ഭേദഗതിയിലൂടെ ക്രിമിനൽ കേസിലെ ഇരകൾക്കോ ആശ്രിതർക്കോ നഷ്ടപരിഹാരം നൽകുന്നതിനായി ഒരു പദ്ധതി സംസ്ഥാനസർക്കാരുകൾ കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് നടപ്പിലാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതനുസരിച്ച് ലീഗൽ സർവ്വീസസ് അതോറിറ്റിക്ക്

ഇരയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലോ, ബന്ധപ്പെട്ട കോടതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലോ ആവശ്യമായ അന്വേഷണം നടത്തി ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാരിനോട് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കാം. അപേക്ഷ/ശുപാർശ ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ലീഗൽ സർവ്വീസസ് അതോറിറ്റി ടി അപേക്ഷ/ശുപാർശയിൻമേൽ തീരുമാനം എടുക്കേണ്ടതാണ്. ഇരകൾക്ക് ആവശ്യമായ അടിയന്തിര ചികിത്സയും മറ്റും സൗജന്യമായി നൽകാനും ഉത്തരവിടാൻ ലീഗൽ സർവ്വീസസ് അതോറിറ്റികൾക്ക് അധികാരമുണ്ട്. കേസിൽ ഉൾപ്പെട്ട പ്രതിയെ കോടതി കുറ്റവിമുക്തനാക്കിയാൽ പോലും അർഹതപ്പെട്ടതാണ് എങ്കിൽ ഇരയ്ക്ക് നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റിനോട് ശുപാർശ ചെയ്യാൻ ലീഗൽ സർവ്വീസ് അതോറിറ്റികൾക്ക് ഈ പുതിയ നിയമഭേദഗതി മൂലം അധികാരം ഉണ്ട്. എല്ലാ സംസ്ഥാന ഗവൺമെന്റുകളും ഇത്തരം പരാതികൾക്കുള്ള നഷ്ടപരിഹാര തുക നൽകുന്നതിനു വേണ്ടി പ്രത്യേക പദ്ധതി രൂപീകരിക്കണമെന്നും ഈ ഭേദഗതിയിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. കേരള വിക്ടിം കോമ്പൻസേഷൻ പദ്ധതി 2014ൽ നിലവിൽ വരികയും 2017ൽ ഭേദഗതി ചെയ്യുകയും ചെയ്തു. ഈ പദ്ധതി പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്.

## 2018ലെ ക്രിമിനൽ നിയമ ഭേദഗതി

12 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗത്തിനിരയാക്കിയാൽ വധശിക്ഷ നടപ്പിലാക്കുന്നതിനും, ബലാത്സംഗത്തിനുള്ള മറ്റ് ശിക്ഷാനടപടികൾക്കും ഒരു ഓർഡിനൻസ് ഏർപ്പെടുത്തി.

ക്രിമിനൽ നിയമ ഭേദഗതി ഓർഡിനൻസ്, 2018 പ്രകാരം ഇന്ത്യൻ ശിക്ഷാനിയമം, ക്രിമിനൽ നടപടിക്രമം, ഇന്ത്യൻ തെളിവ് നിയമം, ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

## ഉത്തരവുകളുടെ പ്രാധാന്യം

1. ബലാത്സംഗത്തിനുള്ള കുറഞ്ഞ ശിക്ഷ 10 വർഷം.
2. 16 വയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്ത ഒരു വ്യക്തിക്ക് ലഭിക്കുന്ന കുറഞ്ഞ ശിക്ഷ 20 വർഷം.
3. 12 വയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്താൽ 20 വർഷത്തെ കഠിനതടവോ, പരമാവധി ശിക്ഷ വധശിക്ഷയോ / ജീവപര്യന്തം തടവോ ലഭിക്കാം.
4. പിഴ തുക ഇരയുടെ മെഡിക്കൽ ചെലവുകൾക്കും പുനരധിവാസം നേടുന്നതിനും നീതിപൂർവവും ന്യായയുക്തവുമായിരിക്കണം.
5. ബലാത്സംഗക്കേസിൽ ഉൾപ്പെടുന്ന പോലീസ് ഓഫീസർ കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ 10 വർഷത്തേക്ക് കഠിന തടവ് ലഭിക്കുന്നതാണ്.
6. ബലാത്സംഗ കേസുകളുടെ അന്വേഷണം രണ്ടുമാസത്തിനുള്ളിൽ

പൂർത്തിയാക്കണം.

7. 16 വയസ്സിൽ താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്തെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിക്ക് മുൻകൂർ ജാമ്യം നൽകാനാവില്ല.
8. 6 മാസത്തിനുള്ളിൽ ബലാത്സംഗ കേസുകൾ തീർപ്പാക്കണം.

## ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഭേദഗതികൾ

1. 376–ാം വകുപ്പ് പ്രകാരം ബലാത്സംഗത്തിനുള്ള ഏറ്റവും കുറഞ്ഞ ശിക്ഷ 7 വർഷത്തിൽനിന്ന് 10 വർഷമാക്കി. ഏഴ് വർഷങ്ങൾക്ക് മുമ്പാണ് അത്.
2. 376–ാം വകുപ്പിൽ ഒരു പുതിയ ഉപവകുപ്പ് (3) ചേർത്തിട്ടുണ്ട്. പതിനാറ് വയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്യുന്ന ഒരാൾക്ക് 20 വർഷത്തെ കുറഞ്ഞ ശിക്ഷയാണ് ഇത് നൽകുന്നത്.
3. 12 വയസ്സിന് താഴെയുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്യുന്ന വ്യക്തിക്ക് ഇരുപത് വർഷത്തെ കഠിന തടവിനുള്ള ശിക്ഷ നൽകുന്നത് 376 AB എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തു.
4. 16നും, 12നും താഴെ പ്രായമുള്ള പെൺകുട്ടികളെ കൂട്ട ബലാത്സംഗത്തിനിരയാക്കിയവർക്ക് 376 DA, 376 DB എന്നീ വകുപ്പുകളനുസരിച്ച് കുറഞ്ഞ ശിക്ഷ ജീവപര്യന്തം തടവാണ്.
5. 12 വയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയെ കൂട്ട ബലാത്സംഗം ചെയ്തിരിക്കുന്ന വ്യക്തികൾക്ക് വധശിക്ഷ ലഭിക്കുന്നതാണ്.
6. ഈ വകുപ്പുകളിൽ നൽകിയിട്ടുള്ള പിഴചുമത്തേണ്ടതാണ്. അത് ചികിത്സാ ചെലവുകൾക്കും ഇരയുടെ പുനരധിവാസത്തിനും ന്യായമായും നീതിയുക്തവുമായതായിരിക്കണം. കൂടാതെ ചുമത്തപ്പെട്ട പിഴ ഇരയ്ക്ക് (victim)ന് നൽകേണ്ടതാണ്.

## ക്രിമിനൽ നടപടി നിയമഭേദഗതി

1. എല്ലാ ബലാത്സംഗ കേസുകളും, പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ വിവരങ്ങൾ രേഖപ്പെടുത്തിയതു മുതൽ മൂന്നു മാസത്തിനകം അന്വേഷണം പൂർത്തിയാക്കും.
2. ബലാത്സംഗ കേസുകളിൽ ആറുമാസത്തിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതുണ്ട്.
3. പതിനാറ് വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്തെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിക്ക് യാതൊരു മുൻകൂർ ജാമ്യവും നൽകാനാവില്ല.
4. 439–ാം വകുപ്പിൽ ഒരു പുതിയ ഉപ വകുപ്പ് ചേർത്തിട്ടുണ്ട്. 16 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിയുടെ ജാമ്യത്തിനുള്ള അപേക്ഷ പരിഗണിക്കുന്ന സമയത്ത് കുറ്റകൃത്യത്തെക്കുറിച്ച് വിവരം നല്കിയ ആളിന്റേയോ, പ്രതിനിധിയുടേയോ സാന്നിദ്ധ്യമുണ്ടെന്ന് ഉറപ്പുവരുത്തുക.

## പോക്സോ ആക്ടിലെയും എവിഡൻസ് ആക്ടിലേയും ഭേദഗതി

പോക്സോ നിയമത്തിലെ സെക്ഷൻ 42, പുതുതായി ചേർക്കപ്പെട്ട ഐപിസി വകുപ്പുകൾ വിഭാഗം 376എബി, വിഭാഗം 376ഡിഎ, 376ഡിബി എന്നിവ ഉൾപ്പെടുത്തി ഭേദഗതി ചെയ്തു. ചില സന്ദർഭങ്ങളിൽ പ്രസക്തമല്ലാത്ത അല്ലെങ്കിൽ മുൻകാല ലൈംഗികാനുബന്ധത്തിന്റെ തെളിവുകൾ കൈകാര്യം ചെയ്യുന്ന എവിഡൻസ് ആക്ടിന്റെ സെക്ഷൻ 53എ, ചില സന്ദർഭങ്ങളിൽ പ്രസക്തമല്ലാത്ത അല്ലെങ്കിൽ മുമ്പത്തെ ലൈംഗിക അനുഭവത്തിന്റെ തെളിവുകൾ കൈകാര്യം ചെയ്യുന്ന ആക്ടിലെ 146 വകുപ്പ് ഉൾപ്പെടെ പുതിയ പരിഷ്കാരങ്ങൾ സെക്ഷൻ 376എബി, 376ഡിഎ, 376 ഡിബി

## പാഠം 27

# വിവരാവകാശ നിയമം

**രാ**ജസ്ഥാനിലെ നിരക്ഷരരായ ഗ്രാമീണ സ്ത്രീ തൊഴിലാളികൾ സംഘടിതമായി നടത്തിയ പോരാട്ടമാണ് വിവരാവകാശത്തെക്കുറിച്ചുള്ള ദേശീയ സംവാദത്തിന് തുടക്കം കുറിച്ചത്.

വിവരാവകാശം എന്നത് ഭരണഘടനയുടെ 21-ാം അനുഛേദപ്രകാരമുള്ള ജീവിക്കാനുള്ള അവകാശത്തിൽ ഉൾപ്പെടുന്നതാണെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനയുടെ 19-ാം അനുഛേദം ആശയപ്രകാശന സ്വാതന്ത്ര്യം പൗരന് നൽകുന്നുണ്ട്. ഈ മൗലികാവകാശം ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ യഥാർത്ഥ വിവരങ്ങൾ അറിയണം. അതിനാൽ അറിയാനുള്ള അവകാശം 19-ാം അനുഛേദത്തിൽ അന്തർലീനമാണ്.

## വിവരാവകാശ നിയമത്തിന്റെ ചരിത്രം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലാണ് ബ്രിട്ടീഷുകാർ തങ്ങളുടെ താൽപര്യ സംരക്ഷണാർത്ഥം ഔദ്യോഗിക രഹസ്യ നിയമം നിർമിച്ചത്. 1923-ൽ സ്വാതന്ത്ര്യസമരത്തെ അടിച്ചൊതുക്കാൻ ഉപയോഗിച്ച ഈ നിയമം സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും നിലനിന്നു. രാജ്യസുരക്ഷയെ ഹനിക്കാത്ത സർക്കാർ വിവരങ്ങൾ പോലും ഔദ്യോഗിക രഹസ്യനിയമത്തിന്റെ മറയിൽ ജനങ്ങൾക്ക് നിഷേധിക്കപ്പെട്ടു. 1997ൽ ഗോവ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലും പിന്നീട് രാജസ്ഥാൻ, മഹാരാഷ്ട്ര, കർണ്ണാടക, ഡൽഹി, ജമ്മുകാശ്മീർ, ആസ്സാം, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും നിയമം പ്രാബല്യത്തിൽ വന്നു. വിവര സ്വാതന്ത്ര്യ നിയമം 2002 ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുകയും രാഷ്ട്രപതി അതിൽ ഒപ്പുവയ്ക്കുകയും ചെയ്തുവെങ്കിലും ഔദ്യോഗിക വിജ്ഞാപനം ചെയ്യാതിരുന്നതിനാൽ നിയമം രാജ്യത്ത് നടപ്പായില്ല. തുടർന്ന് 2005ൽ സർക്കാർ വിവരാവകാശനിയമം നടപ്പിലാക്കി.

ഈ നിയമം കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കു മാത്രമല്ല സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്. ജമ്മുകാശ്മീർ ഒഴികെ ഇന്ത്യ മുഴുവൻ ഈ നിയമത്തിന് പ്രാബല്യമുണ്ട്.

വിവരം എന്നാൽ രേഖകൾ, പ്രമാണങ്ങൾ, പത്രക്കുറിപ്പുകൾ, അറിയിപ്പുകൾ, ഉദ്യോഗസ്ഥരുടെ യാത്രാരേഖ, കരാറുകൾ, മാതൃകകൾ, പകർപ്പുകൾ എന്നിങ്ങനെ ഏതു വസ്തുതകളും ഉൾപ്പെടുന്നു. സർക്കാർ ഓഫീസുകളിലും പൊതുസ്ഥാപനങ്ങളിലും കയറിച്ചെന്ന് രേഖകളും പ്രമാണങ്ങളും പരിശോധിക്കാനും വസ്തുതകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭിക്കുവാനും വിവരാവകാശനിയമം പൗരന് അവകാശം നൽകുന്നു. എന്ത് ആവശ്യത്തിനാണ് വിവരം ചോദിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതില്ല. ഉദാഹരണത്തിന്, പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പോയി നിങ്ങളുടെ നാട്ടിൽ നിർമ്മിക്കുന്ന ഒരു പാലത്തിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ സാമ്പിളുകളും കരാറിന്റെ പകർപ്പും സാക്ഷ്യപ്പെടുത്തി വാങ്ങാം. നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന സാമഗ്രികൾ നിശ്ചിത അനുപാതത്തിലുള്ളതാണോയെന്ന് നിങ്ങൾക്കു പരിശോധിക്കാം. ക്രമക്കേട് കണ്ടെത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ, കോൺട്രാക്ടറോ ഇതിനു സമാധാനം പറയേണ്ടിവരും. ഉദ്യോഗസ്ഥൻ ഔദ്യോഗിക വാഹനം ദുരുപയോഗിച്ചോയെന്നറിയാൻ ലോഗ്ബുക്കുകൾ പരിശോധിക്കാം.

## ഒഴിവാക്കപ്പെട്ടവ

പരമാവധി വിവരങ്ങൾ നൽകുകയും വളരെ കുറച്ചു വിവരങ്ങൾ മാത്രം വെളിവാക്കാതിരിക്കുകയും ചെയ്യുന്ന സമീപനമാണ് നിയമത്തിൽ സ്വീകരിച്ചിരിക്കുന്നത്. വിവരങ്ങൾ അറിയുവാനുള്ള പൗരന്റെ അവകാശം പോലെതന്നെ പ്രധാനമാണ് രാഷ്ട്രത്തിന്റെ സുരക്ഷയും. അതിനാൽ രാജ്യസുരക്ഷയേയും അഖണ്ഡതയെയും ബാധിക്കുന്ന വിവരങ്ങൾ ലഭിക്കാൻ പൗരന് അവകാശമില്ല. വിദേശരാജ്യങ്ങളുമായുള്ള ബന്ധങ്ങളെ ബാധിക്കുന്ന വിവരങ്ങൾ, കുറ്റകൃത്യങ്ങളിലേയ്ക്കു നയിക്കപ്പെടാവുന്ന വിവരങ്ങൾ, കോടതി ഉത്തരവു മുഖേന നിരോധിക്കപ്പെട്ട വിവരങ്ങൾ, കോടതിയലക്ഷ്യത്തിനു കാരണമായേക്കാവുന്ന കാര്യങ്ങൾ, വ്യാപാര രഹസ്യങ്ങൾ, പാർലമെന്റിന്റെയോ നിയമസഭയുടെയോ സവിശേഷ അവകാശത്തെ ഹനിക്കുന്ന വിവരങ്ങൾ, കുറ്റാന്വേഷണം സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ ലഭിക്കാൻ പൗരന് അവകാശമില്ല. പൊതുതാൽപ്പര്യമില്ലാത്തതും തികച്ചും വ്യക്തിപരവും ഒരാളുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ വിവരവും നിയമപരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. വിവരങ്ങൾ ലഭിക്കാനായി അപേക്ഷ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ് നൽകേണ്ടത്. ഇതിനായി ഇൻഫർമേഷൻ ഓഫീസറെ ഓരോ സർക്കാർ ഓഫീസിലും ചുമതലപ്പെടുത്തിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ് അപേക്ഷകരെങ്കിൽ ഫീസ് നൽകുന്നതിൽനിന്നും അവരെ ഒഴിവാക്കിയിരിക്കുന്നു. നിരക്ഷരനാണ് അപേക്ഷകനെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അയാളെ സഹായിക്കാൻ ബാദ്ധ്യസ്ഥനാണ്. അപേക്ഷകന്റെ ആവശ്യം ചോദിച്ചറിഞ്ഞ് ഉദ്യോഗസ്ഥൻ തന്നെ അപേക്ഷ തയ്യാറാക്കി അയാളെ വായിച്ചു കേൾപ്പിച്ചശേഷം അപേക്ഷയിൽ ഒപ്പുവയ്ക്കേണ്ടതുമാണ്.

അപേക്ഷ കിട്ടിയാൽ കഴിയുന്നതും വേഗത്തിൽ പരമാവധി 30 ദിവസത്തിനകം ഓഫീസർ വിവരം രേഖാമൂലം അപേക്ഷകനു നൽകണം. അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണവും രേഖാമൂലം നൽകണം. മറ്റേതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നാണ് വിവരം ലഭ്യമാക്കേണ്ടത്. എങ്കിൽ അപേക്ഷ പ്രസ്തുത വകുപ്പിലേയ്ക്ക് 5 ദിവസത്തിനകം കൈമാറുകയും അക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിക്കുകയും വേണം. ഒരു വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബന്ധപ്പെട്ട വിവരമാണെങ്കിൽ 48 മണിക്കൂറിനകം വിവരം നൽകിയിരിക്കണം. ഉദാഹരണമായി ഒരാളെ പോലീസ് പിടിച്ചുകൊണ്ടുപോയാൽ അയാളുടെ അറസ്റ്റ് സംബന്ധിച്ച വിവരങ്ങൾ 48 മണിക്കൂറിനകം അപേക്ഷകന് നൽകിയിരിക്കണം.

## അപ്പീൽ

ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനം പ്രതികൂലമാണെങ്കിൽ അപ്പീൽ ബോധിപ്പിക്കാം. 30 ദിവസത്തിനകം അപേക്ഷയിൽ തീരുമാനം എടുക്കാതിരിക്കുകയോ അപേക്ഷ നിരസിക്കുകയോ തെറ്റിദ്ധരിപ്പിക്കുകയോ അപൂർണ്ണമായ വിവരങ്ങൾ നൽകുകയോ ചെയ്താൽ അപ്പീലിലൂടെ പരിഹാരം തേടാവുന്നതാണ്. എന്നിട്ടും പരിഹാരം ലഭിച്ചില്ലെങ്കിൽ ഇൻഫർമേഷൻ കമ്മീഷനെ സമീപിക്കാം. ശരിയായ വിവരം നൽകുന്നതുവരെ ദിവസം ഒന്നിന് 250 രൂപ വീതം പരമാവധി 25,000 രൂപ വരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പിഴശിക്ഷ വിധിക്കാൻ കമ്മീഷന് അധികാരമുണ്ട്. മാത്രമല്ല, വകുപ്പുതല ശിക്ഷണ നടപടികളും ഉണ്ടാകാം.

## നിങ്ങൾ ചെയ്യേണ്ടത്

നിങ്ങളുടെ സമീപത്തുള്ള സർക്കാർ ഓഫീസുകളിൽ പോയി അവിടെ വിവരാവകാശ നിയമപ്രകാരമുള്ള ഇൻഫർമേഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കുക. അപ്രകാരം ചെയ്തിട്ടില്ലെങ്കിൽ നിങ്ങളുടെ അദ്ധ്യാപകന്റെ സഹായത്തോടെ തലസ്ഥാനത്തുള്ള വിവരാവകാശ കമ്മീഷനെ ഇക്കാര്യം അറിയിക്കുക.

## കേരള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ വിലാസം

സെക്രട്ടറി
കേരള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ
തിരുവനന്തപുരം – 696 039
ഫോൺ: 0471 - 2320920
ഫാക്സ്: 0471 - 2330920

## പാഠം 28

# മയക്കുമരുന്നിനും ലഹരിവസ്തുക്കൾക്കുമെതിരെയുള്ള നിയമം

ഇന്ത്യയിൽ 1985 വരെ മയക്കുമരുന്നുകളുടെ ഉപയോഗം നിയമപരമായി നിരോധിക്കപ്പെട്ടിരുന്നില്ല. 1985 സെപ്തംബർ 16ന് ലോകസഭ പാസ്സാക്കിയ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസ് ആക്ട് പ്രകാരം മയക്കുമരുന്നുകളുടെ ഉപയോഗം ഗവൺമെന്റിന്റെ നിയന്ത്രണത്തിന് വിധേയമാക്കി. ഈ നിയമത്തിൽ മയക്കുമരുന്നുകളുടെ ദുരുപയോഗത്തിനും ക്രയവിക്രിയകൾക്കും കർശനമായ വ്യവസ്ഥകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആരോഗ്യ-ശാസ്ത്രഗവേഷണ രംഗത്തെ ഉപയോഗത്തിന് ഒഴികെയുള്ള മയക്കുമരുന്നുകളുടെ ഉല്പാദനം, നിർമ്മാണം, വില്പന, സൂക്ഷിച്ചു വെയ്ക്കുക, ഉപയോഗം ഇതരസംസ്ഥാനങ്ങളിലേക്കും ഇതര രാജ്യങ്ങളിലേക്കും ഉള്ള കയറ്റുമതി ഇറക്കുമതി തുടങ്ങിയവയാണ് ഈ നിയമം മൂലം നിരോധിച്ചിട്ടുള്ളത്. ഈ നിയമത്തിലെ വകുപ്പുകൾ പ്രകാരം ശിക്ഷയുടെ കാലാവധി നിശ്ചയിച്ചിരിക്കുന്നത് മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടാണ്.

കുറഞ്ഞ അളവ്; വാണിജ്യപരമായ ഉപയോഗത്തിനേക്കാൾ കുറഞ്ഞ അളവ്; വാണിജ്യപരമായ ഉപയോഗത്തിനുള്ള അളവ്.

കുറഞ്ഞ അളവ് മയക്കുമരുന്ന് കൈവശം വെയ്ക്കുന്നതിന് ഏറ്റവും കുറഞ്ഞ ശിക്ഷ 6 മാസം കഠിന തടവും കൂടിയ അളവിൽ കൈവശം വെയ്ക്കുന്നതിന് കുറഞ്ഞത് 20 വർഷം കഠിനതടവും നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു.

മയക്കുമരുന്നുകൾ ദുരുപയോഗം ചെയ്യുന്നവർ അത് ആവർത്തിക്കുന്നതായി കാണുന്നതിനാൽ ഇത്തരം കേസുകളിൽ രണ്ടാമത് പിടിക്കപ്പെട്ടാൽ പരമാവധി ശിക്ഷയും അതിന്റെ ഒന്നര ഇരട്ടി കാലയളവ് കഠിന തടവോ വധശിക്ഷയോ നൽകാവുന്നതാണ് എന്ന് ഈ നിയമം നിഷ്കർഷിക്കുന്നു.

## പാഠം 29

# നാഷണൽ ട്രസ്റ്റ് ആക്ട്

**ദി**വാസ്വപ്ന പ്രകൃതിയും മസ്തിഷ്കതളർവാതവും ബുദ്ധി മാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിന് വേണ്ടിയുള്ള ദേശീയ ട്രസ്റ്റ് ആക്ട്, ഡിസംബർ 1999ലാണ് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയത്. ഈ നിയമപ്രകാരം ന്യൂഡൽഹി ആസ്ഥാനമായി ഒരു ട്രസ്റ്റ് ആരംഭിക്കുകയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ട്രസ്റ്റിന്റെ കീഴിൽ ആഫീസുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ആക്ടിൽ താഴെ പറയുന്ന വൈകല്യങ്ങളെ നിർവ്വചിച്ചിട്ടുണ്ട്.

1. **ദിവാസ്വപ്ന പ്രകൃതം** (Autism) എന്നാൽ ആവർത്തിച്ചുള്ളതും കർമ്മാനുഷ്ഠാന പ്രധാനമായതുമായ ശീലം പ്രകടമാക്കുന്ന പ്രധാനമായും ഒരാളുടെ ആശയവിനിമയപരവും സാമൂഹികവുമായ കഴിവുകളെ ബാധിക്കുന്ന, ക്രമരഹിതമായ ബുദ്ധിവികാസത്തിന്റെ ഒരു അവസ്ഥ എന്നർത്ഥമാക്കുന്നു.
2. **മസ്തിഷ്ക തളർവാതം** (Cerebral Palsy) എന്നാൽ മസ്തിഷ്കത്തിന്റെ ക്രമരഹിതമായ പ്രവർത്തനത്തിനാലോ ജനനത്തിന് മുൻപോ ജനനവുമായി ബന്ധപ്പെട്ടോ വളർച്ചയുടെ ശൈശവ ദശയിലോ സംഭവിച്ച മസ്തിഷ്ക ക്ഷതത്താലോ മുറിവിനാലോ ഉളവാകുന്ന അസാധാരണമായ മോട്ടോർ കൺട്രോൾ പോസ്ചർ എന്ന് വിശേഷിപ്പിക്കാവുന്ന ഒരാളുടെ വളർച്ചരഹിതാ വസ്ഥയുടെ ഒരു ഗണം എന്നർത്ഥമാക്കുന്നു.
3. **ബുദ്ധിമാന്ദ്യം** എന്നാൽ ഒരാളുടെ വിഘാതമായ അല്ലെങ്കിൽ അപൂർണ്ണമായ മാനസിക വികാസം, പ്രത്യേകിച്ച് അത് സാധാരണത്വത്തിലും കുറഞ്ഞബുദ്ധി എന്ന് വിശേഷിപ്പിക്കാവുന്ന ഒരവസ്ഥ എന്നർത്ഥമാകുന്നു.
4. **ബഹുവിധ വൈകല്യങ്ങൾ** (Multiple Disabilities) എന്നാൽ വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്ട്, 1995 (1996ലെ–1) 2–ാം

വകുപ്പിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള രണ്ടോ അതിലധികമോ വൈകല്യങ്ങളുടെ സംയോജനം എന്നർത്ഥമാകുന്നു.

## നാഷണൽ ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ

(ക) വൈകല്യമുള്ള ആളുകളെ അവർ ഉൾപ്പെടുന്ന സമൂഹത്തിനുള്ളിലും അതിന് അടുത്തു കഴിയുന്നിടത്തോളം സ്വതന്ത്രമായും പൂർണ്ണമായും ജീവിക്കുന്നതിന് സാദ്ധ്യമാക്കുകയും ശാക്തീകരിക്കുകയും ചെയ്യുക.

(ഖ) വൈകല്യമുള്ള ആളുകൾക്ക് അവരുടെ സ്വന്തം കുടുംബങ്ങളിൽ ജീവിക്കുന്നതിന് സഹായം നൽകുന്നതിനുള്ള സൗകര്യങ്ങൾ പ്രബലപ്പെടുത്തുക.

(ഗ) വൈകല്യമുള്ള ആളുകളുടെ കുടുംബത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ ആവശ്യമനുസരിച്ചുള്ള സേവനങ്ങൾ നൽകുന്നതിന് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് സഹായം നൽകുക.

(ഘ) കുടുംബ സംരക്ഷണം ഇല്ലാത്ത വൈകല്യമുള്ള ആളുകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക.

(ങ) വൈകല്യമുള്ള ആളുകളുടെ മാതാപിതാക്കളുടെയോ രക്ഷകർത്താവിന്റെയോ മരണം സംഭവിക്കുന്നപക്ഷം അവരുടെ പരിരക്ഷണത്തിനും സംരക്ഷണത്തിനും വേണ്ട നടപടികൾ പ്രോത്സാഹിപ്പിക്കുക.

(ച) അങ്ങനെയുള്ള സംരക്ഷണം ആവശ്യപ്പെടുന്ന വൈകല്യമുള്ള ആളുകൾക്കുവേണ്ടി രക്ഷകർത്താക്കളുടെയും ട്രസ്റ്റികളുടെയും നിയമനത്തിനു വേണ്ട നടപടിക്രമം ആവിഷ്ക്കരിക്കുക.

(ഛ) വൈകല്യമുള്ള ആളുകളുടെ തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും സാദ്ധ്യമാക്കൽ എളുപ്പമാക്കുക.

(ജ) മുകളിൽ പറഞ്ഞ ഉദ്ദേശ്യങ്ങൾക്ക് സാന്ദർഭികമായ മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുക എന്നിവ ആയിരിക്കുന്നതാണ്.

ഈ നിയമപ്രകാരം ബോർഡിന്റെ കീഴിൽ രൂപവൽക്കരിക്കപ്പെട്ട പ്രാദേശി കമ്മിറ്റികൾക്ക് മേൽപ്പറഞ്ഞ വൈകല്യങ്ങളുള്ള ആളുകൾക്ക് രക്ഷാധികാരിയെ നിയമിക്കുവാനുള്ള അധികാരം ഉണ്ട്. വൈകല്യമുള്ള ആളിന്റെ രക്ഷാകർത്താക്കൾക്കോ, ബന്ധുവിനോ അല്ലെങ്കിൽ രക്ഷാകർത്താക്കളുടെ സമ്മതപ്രകാരം ഏതെങ്കിലും രജിസ്റ്റേർഡ് സംഘടനയ്ക്കോ രക്ഷാകർതൃത്തത്തിനായി പ്രാദേശിക കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. പ്രാദേശിക കമ്മിറ്റികളാൽ നിയമിതനായ രക്ഷകർത്താവിന് വൈകല്യമുള്ള ആളെയും അയാളുടെ വസ്തുവകകളുടേയും പരിപാലനത്തിന് പരിപൂർണ്ണമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വൈകല്യമുള്ള ആളിന്റെ ആസ്തികളേയും ബാധ്യതകളേയും കുറിച്ചുള്ള കണക്കുകൾ രക്ഷകർത്താവ് പ്രാദേശിക കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ടതുമാണ്.

# കേരളത്തിലെ ജില്ലാ നിയമ സേവന അതോറിറ്റികളുടെ വിലാസം

**തിരുവനന്തപുരം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ. സെന്റർ, ജില്ലാ കോടതി സമുച്ചയം
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ: 0471 - 2467700

**തൃശ്ശൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, സിവിൽ ലൈൻ
എ.ഡി.ആർ. സെന്റർ, അയ്യന്തോൾ, തൃശ്ശൂർ
ഫോൺ: 0487 - 2363770

**കൊല്ലം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം
കൊല്ലം
ഫോൺ: 0474 - 2791399

**പാലക്കാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
പാലക്കാട്
ഫോൺ: 0491 - 2505665

**പത്തനംതിട്ട**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം
പത്തനംതിട്ട
ഫോൺ: 0468 - 2220141

**മലപ്പുറം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
മഞ്ചേരി, മലപ്പുറം
ഫോൺ: 04833 - 244151

**കോട്ടയം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ. സെന്റർ, മലങ്കര ക്വാർട്ടേഴ്സിന്
സമീപം, മുട്ടമ്പലം പി.ഒ., കോട്ടയം
ഫോൺ: 0481 - 2572422

**കോഴിക്കോട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കോഴിക്കോട്
ഫോൺ: 0495 - 2366044

**ആലപ്പുഴ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം
ആലപ്പുഴ
ഫോൺ: 0477 - 2262495

**വയനാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കൽപ്പറ്റ, വയനാട്,
ഫോൺ: 04936 - 207800

**ഇടുക്കി**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തൊടുപുഴ, ഇടുക്കി
ഫോൺ: 04862 - 255383

**കണ്ണൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തലശ്ശേരി, കണ്ണൂർ,
ഫോൺ: 0490 - 2344666

**എറണാകുളം**
ജില്ലാ നിയമസഹായ അതോറിറ്റി
ജില്ലാ കോടതി അനക്ഷർ സമുച്ചയം
എ.ഡി.ആർ. സെന്റർ, കലൂർ, എറണാകുളം,
ഫോൺ: 0484 - 2344223

**കാസർഗോഡ്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കാസർഗോഡ്
ഫോൺ: 04994 - 256189

**സാകേതം (നിയമ സഹായ കേന്ദ്രം): 0484 – 2396817**
**സാകേതം ഹെൽപ് ലൈൻ: 1516 (ഓഫീസ് സമയങ്ങളിൽ)**
**കെൽസ ഹെൽപ് ലൈൻ: 9846700100 (24 മണിക്കൂർ)**

Printed and Published from Kochi by Kerala State Legal Services Authority, Kochi.
Printed at KBPS, Kakkanad, Kochi-30